Vol. 10 വാല്യം – 10 Issue - 3 ലക്കം – 3

# ക്ഷാത്രസ്പന്ദനം

## KSHATRA SPANDANAM

### ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

July 2024 ജൂലായ് 2024 1199 Karkkidakam 1199 കർക്കിടകം



# ബാഷ്പാഞ്ജലി



## ചിറ്റോത്തിടത്തിൽ മാധവൻ (79)

**Rtd. Assistant General Manager, BSNL Kannur**

**'മാധവം', ഇ.എം.എസ്. വായനശാല റോഡ്, അടുത്തില**

**ഭാര്യ: ഇന്ദിര മാധവൻ** (Rtd. Teacher)

**മക്കൾ: മനോജ് മാധവൻ** (Senior Transmission Specialist@Ericsson India Pvt. Ltd. Kochi)
**വിനോദ് മാധവൻ** (Senior Director@Honeywell International, Charlotte, USA)
**പ്രശാന്ത് മാധവൻ** (Software Architect@Mobicip Tech LLC, Chennai)
**മരുമക്കൾ: സൗമ്യ മനോജ്** (Singer), **സിമി വിനോദ്** (Dancer). **ചെറുമകൻ: മാധവ് മനോജ്**
**പരേതരായ ചിറ്റോത്തിടത്തിൽ രാമചന്ദ്രൻ, പത്മിനി, ഉണ്ണികൃഷ്ണൻ, ശ്രീധരൻ എന്നിവർ സഹോദരങ്ങളാണ്.**

**പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്**
**ഭാര്യ, മക്കൾ, മരുമക്കൾ, ചെറുമകൻ, മറ്റ് ബന്ധുമിത്രാദികൾ**
**MOB: 9995890587, 9591386275**

Kshatraspandanam
News Magazine of Kshatriya Kshema Sabha
July 2024
M.E.1199 Karkkadakam
Volume 10 Issue 3

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ജൂലായ് 2024
കൊ.വ.1199 കർക്കടകം
വാല്യം 10 ലക്കം 3

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)



# വിഷയവിവരം

**REACT** ...................................................... 05

**പത്രാധിപക്കുറിപ്പ്** ........................................ 08

**കേന്ദ്രസഭാ വാർത്തകൾ** ..................................... 10

**കിളിമാനൂരിന്റെ സ്വന്തം 'വൈയാസകി'** .................. 14
കൃഷ്ണകുമാരി കെ.

**ഒരു രാത്രിയുടെ ഓർമ്മയ്ക്ക്** ............................ 16
കെ.എൽ. ശ്രീകൃഷ്ണദാസ്

**ഹാ പുഷ്പങ്ങളേ** (കവിത) ...................................... 19
കുട്ടി അനിയൻ രാജ

**രാജർഷിയെ കൊച്ചിക്കാർക്ക് മറക്കാമോ** ................ 21
അനുജൻ എസ്.

**ശതായുഷ്മാൻ ശൈലാബ്ധേശൻ** ...................... 25
സംഗമേഷ് വർമ്മ ആർ.

**അന്തഃപുരത്തിൽ ജീവിച്ച് അറിവിന്റെ കൊടുമുടികൾ** ... 26
പ്രൊഫ. എ. ഇന്ദിരാകുമാരി

**എന്റെ വീട്** (കവിത) ............................................ 30
പ്രൊഫ. കെ.എൻ.എസ്. വർമ്മ

**കുലശേഖര ആഴ്വാർ** ............................................ 31
വിനോദ് വർമ്മ

**ഗീതോപദേശം – പുരുഷസൂക്തം** ........................... 33
കെ.സി. രാമവർമ്മ രാജ

**മഴയും മരണവും** (കവിത) .................................... 38
പ്രദീപ് കെ. വർമ്മ

**എന്റെ മാധവിക്കുട്ടിക്ക്** ................................... 39
ടി.എം. ശ്രീകുമാർ

**ചിറകൊടിഞ്ഞ മോഹം** (കവിത) ............................. 42
ധനഞ്ജയ വർമ്മ (ദേവനന്ദൻ)

**ഇതിഹാസ സ്മരണകളുമായി ഒരല്പനേരം...** .......... 44
ഡോ. കെ.സി. മനോരമ തമ്പുരാട്ടി

**വർണ്ണാക്ഷരങ്ങൾ** (കവിത) ..................................... 60
ജ്യോതി വർമ്മ എൽ.ആർ.

**സ്നേഹമാം തലോടൽ** ............................................ 61
ഹൈമവതി വർമ്മ

**മനസ്സ്** (കവിത) ................................................... 67
മധുകുമാർ വർമ്മ വി.കെ.

**പാം ബീച്ച് ഒബ്സർവേറ്ററിയും ആസ്ട്രോ ക്ലബ്ബും** ....... 68
മഹേഷ് രവിവർമ്മ

**മഹാരാഷ്ട്രത്തിലൂടെ – 3** ...................................... 71
സുധീരൻ

**തെച്ചി മുത്തശ്ശി** (കവിത) ....................................... 74
ഉഷാ രാജ പി.കെ.

**കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം** ................... 75
വേലൂർ പരമേശ്വരൻ നമ്പൂതിരി

**കരുത്തു പകരാൻ** (കവിത) .................................... 76
ലളിത കെ. വർമ്മ

**Whither Our Democracy?** ..................................... 77
E. Ravi Varma Raja

**ക്ഷത്രിയ ക്ഷേമസഭ യൂത്ത് ഫുട്ബാൾ ടൂർണ്ണമെന്റ്** .... 79

**ബാലവേദി/വളരുന്ന പ്രതിഭകൾ**
**The Two Tigers** ................................................... 81
Gouri Varma

**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ..................... 86

**ശ്രദ്ധാഞ്ജലി** ..................................................... 98

**വൈവാഹികം** ..................................................... 101

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: ക്ഷത്രിയ ക്ഷേമസഭ തിരുവല്ലയിൽ നടത്തിയ ആദ്യ യൂത്ത് ഫുട്ബോൾ ടൂർണ്ണമെന്റിന്റെ ദൃശ്യങ്ങൾ**

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ



## വായനക്കാരുടെ കത്തുകൾ



'ക്ഷാത്രസ്പന്ദനം' ത്രൈമാസിക (ഏപ്രിൽ ലക്കം) വായിച്ചു. ധാരാളം നല്ല ലേഖനങ്ങൾ ഉൾക്കൊണ്ടതായിരുന്നു അത്.

അതിൽ കേണൽ ഗോദവർമ്മ രാജയുടെ മരണവും, വിമാനാപകടം നടന്ന കുളു താഴ്‌വരയിൽ നിന്ന് മൃതദേഹം തിരുവനന്തപുരത്തേക്ക് കൊണ്ടുവന്ന അനുഭവത്തെയും കുറിച്ച് അദ്ദേഹത്തിന്റെ അനന്തരവൻ പി.കെ.വി. രാജ, വിശദമായി എഴുതിയ 'ഒരു തീർത്ഥയാത്ര' എന്ന ലേഖനം അതീവ ഹൃദയസ്പർശിയായി അനുഭവപ്പെട്ടു.

ശശിവർമ്മയെ അനുസ്മരിച്ച് പലരും എഴുതിയ ലേഖനങ്ങളും പ്രാധാന്യമർഹിക്കുന്നതുതന്നെ.

കൂടാതെ വയലാറിനെക്കുറിച്ചുള്ള കെ.എൽ. ശ്രീകൃഷ്ണദാസിന്റെ ലേഖനം, ചെറുകഥ, സതീഷ് കുമാറിന്റെ 'നിഴലിനോട്' എന്ന കവിത അങ്ങനെ പലതും ആസ്വാദ്യകരമായിതോന്നി.

'ക്ഷാത്രസ്പന്ദന'ത്തിന് എല്ലാ ആശംസകളും നേരുന്നു

**കൃഷ്ണകുമാരൻ തമ്പുരാൻ**
ഭദ്രാലയം പാലസ്, കോട്ടയ്ക്കകം
തൃപ്പൂണിത്തുറ.

കഴിഞ്ഞ ലക്കം 'ക്ഷാത്രസ്പന്ദന'ത്തിൽ ശശിവർമ്മയുടെ അതിമനോഹരമായ കവർ ചിത്രവും തുടർന്ന് സ്വന്തം കുടുംബാംഗങ്ങളും മറ്റുള്ളവരും എഴുതിയ അനുസ്മരണങ്ങളും വായിച്ചപ്പോൾ എന്റെ ചിരകാല സുഹൃത്തായ ശശിയെക്കുറിച്ച് ചില ഓർമ്മകൾ പങ്കുവയ്ക്കണമെന്നു തോന്നി.

കുടുംബങ്ങളിൽ ഉയർന്ന സ്ഥാനങ്ങളിൽ എത്തിയവരിൽ വിരളം ആളുകളേ കുടുബാംഗങ്ങൾക്കോ വീട്ടുകാർക്കോ നാട്ടുകാർക്കോ ഏതെങ്കിലും രീതിയിൽ ഉപകാരം ചെയ്തിട്ടുള്ളൂ. ശശിയെ ആരെങ്കിലും സഹായത്തിനു സമീപിച്ചാൽ ആരായാലും അവന്റെ പരിധിയിൽ ഇരുന്നുകൊണ്ട് സഹായിക്കാൻ പറ്റുന്നതൊക്കെ ചെയ്തുകൊടുക്കും. എനിക്ക് പറയാൻ ധാരാളം അനുഭവങ്ങൾ ഉണ്ട്. എന്നെപ്പോലെ അനുഭവമുള്ളവർ വേറെ പലരും ഉണ്ടാകും. വളരെ മാന്യമായി ആളുകളോട് പെരുമാറാനും കാര്യങ്ങൾ വേണ്ട രീതിയിൽ അവതരിപ്പിക്കാനും പറഞ്ഞു ഫലിപ്പിക്കാനും ഉള്ള കഴിവ് അപാരമായിരുന്നു. നല്ലൊരു സംഘാടകനായിരുന്നു, പ്രാസംഗികനായിരുന്നു, സഹപ്രവർത്തകർക്കിടയിലും മേലധികാരികളുടെ ഇടയിലും നല്ലൊരു മതിപ്പുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ ക്ഷത്രിയ ക്ഷേമസഭ വികസിപ്പിക്കാനും പുതിയ യൂണിറ്റുകൾ സ്ഥാപിക്കാനും പ്രയത്നിച്ച വ്യക്തികളിൽ ശശിയുടെ പങ്ക് വളരെ വലുതാണ്. പന്തളം പാലസ്സ് ക്ലബ്ബിന്റെ ആദ്യകാല മെമ്പർമാരിൽ ഒരു വ്യക്തിയായിരുന്നു. പന്തളം പാലസ്സ് ക്ലബ്ബിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചിരുന്നു.

ശശിയോടൊപ്പം കുട്ടിക്കാലം മുതൽ സുഖത്തിലും ദുഃഖത്തിലും മാത്രമല്ല എല്ലാ കാര്യങ്ങളിലും ഒരുമിച്ചു ജീവിച്ച സഹപാഠികളിൽ ഒരാളായിരുന്നു ഞാൻ. അതുകൊണ്ട് ഞങ്ങൾ ഇടക്കിടയ്ക്ക് ഫോണിൽ ബന്ധപ്പെടാറുണ്ടായിരുന്നു. കഴിഞ്ഞ വർഷം തിരുവാഭരണം പോയിക്കഴിഞ്ഞ ദിവസം രാത്രി എന്നെ വിളിച്ചുപറഞ്ഞു. "എന്താ തിരുവാഭരണത്തിന് വരാഞ്ഞത്? പന്തളം കൊട്ടാരത്തിന് പെലയായതുകൊണ്ട് ഈ പ്രാവശ്യം തിരുവാഭരണം കയറ്റിവിടുന്ന ചുമതല നിന്നെയും മോഹനനെയും ഏൽപ്പിക്കണം എന്ന് വലിയ മോഹം എനിക്കുണ്ടായിരുന്നു. നിങ്ങൾ രണ്ടുപേരും വന്നില്ല."

"എല്ലാ കാര്യങ്ങളും ഭഗവാന്റെ തിരുമാനമനുസരിച്ചല്ലേ നടക്കുകയുള്ളു" എന്നു ഞാനും പറഞ്ഞു.

"ഞാൻ റിട്ടയർ ചെയ്ത ശേഷം അധികം താമസിക്കാതെ നിർവ്വാഹക സംഘത്തിന്റെ ചുമതല പ്രസിഡന്റ് എന്ന നിലയിൽ എനിക്ക് ഏൽക്കേണ്ടിവന്നു. ഇനിയുള്ള കാലം പന്തളം കൊട്ടാരത്തിനു വേണ്ടി എന്തെങ്കിലും കഴിയുന്നപോലെ ചെയ്യാം എന്നു കരുതി. അതിനിടയിൽ ശബരിമലയിൽ സ്ത്രീകൾ മലകയറുന്ന പ്രശ്നവുമായി ഇടപെടേണ്ടിവന്നു. ആ കാര്യത്തിൽ എന്നെ വളർത്തിയ എന്റെ പാർട്ടിയുമായി ഇടയേണ്ടി വന്നു. പന്തളം കൊട്ടാരത്തിലെ പ്രശ്ന

*ശേഷം 97 ൽ*

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2024 മെയ് മുതൽ 2024 ജൂലായ് വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING MAY TO JULY 2024

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Mani Varghese, Kochi | 2,00,000.00 |
| 2 | Shanta Rajeswary, Vennala, Kochi | 80,000.00 |
| 3 | R. Sasikumar Varma, Thiruvananthapuram | 30,000.00 |
| 4 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 5 | Valsala Ravi Varma Raja, Thiruvananthapuram | 30,000.00 |
| 6 | P.K. Mohana Varma, Pilathara | 25,000.00 |
| 7 | M.R. Kamalam, Krishnavilasam Kottaram, Mavelikkara | 25,000.00 |
| 8 | Nalini Thampuratty, Thiruvalla | 10,000.00 |
| 9 | K.A. Thampuran, Thiruvananthapuram | 10,000.00 |
| 10 | Jayanthi Kochanujan, Tripunithura | 10,000.00 |
| 11 | Chalakkudy Kshatriya Kshema Sabha, Chalakkudy | 8,000.00 |
| 12 | Rajeev R, Budhanoor | 6,000.00 |
| 13 | Rohini Varma K, Chennai | 5,000.00 |
| 14 | Sreedevi R Varma, Keezhvaipur | 3,000.00 |
| 15 | P.K. Ravi Varma Raja, Cherthala | 3,000.00 |
| 16 | V.K. Subhashini, Kottayam | 2,000.00 |
| 17 | Divya R Varma, Bangalore | 2,000.00 |
| 18 | Ravi Varma Thampuran, Pandalam | 1,500.00 |
| | **Total** | **4,80,500.00** |

**(Rupees Four lakhs eighty thousand five hundred only)**

## FINANCIAL ASSISTANCE DURING MAY TO JULY 2024

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational aid etc. - Monthly | 78,000.00 |
| 2 | Financial aid to Poor/ Medical Aid/Education Aid. | 7,52,200.00 |
| | **Total** | **8,30,200.00** |

**(Rupees Eight Lakh Thirty Thousand Two Hundred only)**

ഇതുവരെ (18-07-2008 മുതൽ 31-7-2024 വരെ) ₹ 1,97,88,692/- (ഒരു കോടി തൊണ്ണൂറ്റിയേഴു ലക്ഷത്തി എൺപത്തിയെട്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005

Canara Bank, Fort Branch, Thiruvananthapuram - 695023

### അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 7, 12 കാണുക)*



# റിയാക്ടിന്... സ്നേഹപൂർവ്വം



തന്റെ തൊണ്ണൂറാം പിറന്നാളിനോടനുബന്ധിച്ച് തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി നളിനിത്തമ്പുരാട്ടി റിയാക്ടിലേക്ക് നൽകിയ സംഭാവന റിയാക്ട് സെക്രട്ടറി പി.കെ. രഘു വർമ്മ സ്വീകരിക്കുന്നു.



മാവേലിക്കര കൃഷ്ണവിലാസം കൊട്ടാരത്തിലെ എം.ആർ. കമലം തമ്പുരാട്ടി റിയാക്ടിലേക്ക് നൽകിയ 25,000 രൂപയുടെ ചെക്ക് ട്രഷറർ കെ.എൻ. രാമവർമ്മ സ്വീകരിക്കുന്നു. ക്ഷത്രിയ ക്ഷേമസഭ തിരുവനന്തപുരം യൂണിറ്റ് സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ സമീപം.



കൊച്ചി രാജകുടുംബാംഗം തിരുവനന്തപുരം കോട്ടയ്ക്കകം പുന്നക്കൽ റോഡ് ബംഗ്ലാവ് അമ്മവീട്ടിൽ താമസിക്കുന്ന ആർ.വി. കൊച്ചുണ്ണിയപ്പൻ തമ്പുരാൻ തന്റെ ശതാഭിഷേകത്തോടനുബന്ധിച്ചു റിയാക്ടിലേയ്ക്ക് നൽകിയ സംഭാവന റിയാക്ട് ട്രഷറർ കെ.എൻ. രാമവർമ്മ സ്വീകരിക്കുന്നു






# ലോക സമുദ്രദിനം
## World Ocean Day (WOD)

അനന്തവും അഗാധവുമായ കടൽ മനുഷ്യമനസ്സിൽ എന്നുമൊരത്ഭുതമാണ്. എത്രനേരം നോക്കിയിരുന്നാലും മതിവരാത്ത കാഴ്ച. ശാന്തമായ കടലിനൊരു ഭംഗി. ആഞ്ഞടിച്ചുവരുന്ന തിരമാലകളുടെ രൗദ്രഭാവത്തിനു വേറൊരു ഭംഗി. ഭൂമിയിലെ നാലിൽ മൂന്നു ഭാഗം വെള്ളത്തെയും വഹിക്കുന്ന മഹാജലാശയം!

ലോക സമുദ്രദിനത്തിന്റെ തുടക്കം എങ്ങനെയെന്നു നോക്കാം. 1992 ൽ ബ്രസീലിലെ റയോഡിജനീറോയിൽ നടന്ന ലോക ഭൗമ ദിനാചരണത്തിലാണ് 'ലോക സമുദ്രദിന'മെന്ന ആശയം കാനഡ മുന്നോട്ടുവച്ചത്. അതിനു ശേഷം പല വേദികളിലും ഈ ആശയം ചർച്ച ചെയ്യപ്പെട്ടെങ്കിലും 2008 ഡിസംബറിൽ നടന്ന യു.എൻ. ജനറൽ അസംബ്ലിയിലാണ് ലോക സമുദ്രദിനം ആചരിക്കാനുള്ള തീരുമാനമെടുത്തതും ജൂൺ 8 എന്ന തീയതി കുറിച്ചതും. അങ്ങനെ 2009 മുതൽ ഈ ദിനം ആഘോഷിക്കപ്പെടുന്നു.

World Environment Day പോലെയോ Women's Day പോലെയോ Ocean Day ജനഹൃദയത്തിൽ എത്തിച്ചേർന്നിട്ടില്ല. കടലുണ്ടെങ്കിലേ മനുഷ്യനുള്ളൂ എന്നു നാം മനസ്സിലാക്കിയിട്ടുമില്ല. സമുദ്രത്തിന്റെ പ്രാധാന്യം മനുഷ്യനെ മനസ്സിലാക്കാനാണ് ഈ ദിനം ആചരിക്കുന്നത്.

ഈ വർഷത്തെ WOD യുടെ മുഖ്യപ്രമേയം 'Awaken New Depths 'എന്നാണ്. 'പുതിയ ആഴങ്ങളെ ഉണർത്തുക' എന്നു പറയാം. അഥവാ നാം സമുദ്രത്തിന്റെ ആഴങ്ങളെപ്പറ്റി കൂടുതൽ അറിയുക എന്നുമാകാം.

സമുദ്രം കൊണ്ട് മനുഷ്യന് എന്തെല്ലാം ഗുണങ്ങളാണ് കൈവരിക്കാൻ കഴിയുന്നത്.

1) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ആരോഗ്യത്തിനും ഉതകുന്ന ആഹാരം (Fish, Sea weed). Sea weed അധികം കഴിക്കുന്നത് ജപ്പാൻകാരാണ്.
2) വിലമതിക്കാനാകാത്ത മുത്തും പവിഴവും.
3) വ്യവസായത്തെയും രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയേയും താങ്ങിനിർത്തുന്ന വിലപ്പെട്ട ധാതുക്കൾ (Ilminite, Rare earths, Manganese, Copper, Cobalt, Zinc)
4) ഇവയുടെ ഖനനവും അതിന്റെ പ്രോസസ്സിംഗുമായി ബന്ധപ്പെട്ട ജോലികൾ.
5) യാത്രക്കപ്പലുകൾക്കും ചരക്കുകപ്പലുകൾക്കും വഴിയൊരുക്കൽ. (അങ്ങനെ വാണിജ്യം മെച്ചപ്പെടുന്നു)
6) കാലാവസ്ഥയെ നിയന്ത്രിക്കുന്നു; നമുക്കു പ്രാണവായു എത്തിച്ചുതരുന്നു.

ഇതിനു പകരമായി നാം സമുദ്രത്തിനു കൊടുക്കുന്നതെന്താണ്? തീരാത്ത അവഗണന മാത്രം. അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ:

1) മനുഷ്യ കേന്ദ്രീകൃതമായ Global Warming ലൂടെ കടലിൽ കൂടുതൽ കാർബൺഡയോ

ക്സൈഡ് അലിഞ്ഞുചേർന്ന് വെള്ളത്തിന്റെ അമ്ലത വർദ്ധിക്കുന്നു.

2) സമുദ്രജലത്തിന്റെ ചൂടു കൂടുന്നു. (മേൽപ്പറഞ്ഞ കാരണങ്ങളാൽ പുറ്റുകളുടെയും കാർബണേറ്റ് ധാതുക്കളുടെയും അളവ് ഗണ്യമായി കുറയുന്നു)

3) ന്യൂനമർദ്ദവും അതുമായി ബന്ധപ്പെട്ട വെള്ളപ്പൊക്കവും കൂടുന്നു.

4) സമുദ്ര ജലനിരപ്പു കൂടുമ്പോൾ കടൽ കരയെ വിഴുങ്ങുന്നു.

5) പ്ലാസ്റ്റിക് മാലിന്യങ്ങൾ (ഏകദേശം 8 ദശലക്ഷം ടൺ ഒരു വർഷത്തിൽ മാത്രം) കടലിൽ ചിന്നിച്ചിതറി-മൈക്രോ പ്ലാസ്റ്റിക് ആയി മത്സ്യത്തിൽക്കൂടി തിരിച്ചു മനുഷ്യരിലും എത്തുന്നു.

6) എല്ലാ മാലിന്യങ്ങളും കടലിൽ തള്ളാം എന്നു കരുതിയാൽ 'യൂട്രോഫിക്കേഷനും' (ജൈവ മാലിന്യം ജലത്തിൽ ചീഞ്ഞളിയുന്ന അവസ്ഥ) തുടർന്ന് സമുദ്രജലത്തിൽ ഓക്സിജൻ കുറഞ്ഞ് പല ജലജീവികളെയും മത്സ്യസമ്പത്തിനെത്തന്നെയും പ്രതികൂലമായി ബാധിക്കുവാനുള്ള സാദ്ധ്യത.

മനുഷ്യൻ ഇവയെല്ലാം ഉൾക്കൊള്ളണം. സമുദ്രത്തെ ആദരവോടെ സംരക്ഷിക്കണം. ഈ സന്ദേശം എല്ലാവരിലും എത്തിക്കാനാണ് ലോക സമുദ്രദിനം ആചരിക്കുന്നത്; ആഘോഷിക്കുന്നത്. ●

# രാജാ രവിവർമ്മയുടെ ജന്മദിനാഘോഷം

ലോകോത്തര ചിത്രകാരൻ രാജാ രവിവർമ്മയുടെ 176-ാം ജന്മദിനം ഏപ്രിൽ 29 ന് കിളിമാനൂർ കൊട്ടാരത്തിൽ വെച്ച് വിപുലമായി ആഘോഷിച്ചു. പാലസ് ട്രസ്റ്റ് പ്രസിഡന്റ് ദിവാകര വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിഴിഞ്ഞം പോർട്ട് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ. ദിവ്യ എസ്. അയ്യർ മുഖ്യാതിഥിയായിരുന്നു. കിളിമാനൂരിലും സമീപ പ്രദേശങ്ങളിലുമുള്ള വിവിധ രാഷ്ട്രീയ നേതാക്കൾ, കലാകാരന്മാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭാ പ്രസിഡന്റ് കിഷോർകുമാർ വർമ്മ ആശംസാ പ്രസംഗം നടത്തിയവരിൽ ഉൾപ്പെടുന്നു. പ്രമുഖ വ്യക്തികൾ വരച്ച ഛായാചിത്രങ്ങൾ അന്നേദിവസം പ്രകാശനം ചെയ്തു. തുടർന്ന് വിവിധ ചിത്രകാരന്മാർക്കായി ചിത്രരചന മത്സരം നടത്തുകയുണ്ടായി. കിളിമാനൂർ കൊട്ടാരാംഗങ്ങളും ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റ് കൃഷ്ണകുമാരി ജയകുമാർ വർമ്മ ഉൾപ്പെടെ തിരുവനന്തപുരം സഭയിലെ വിവിധ അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.



# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

രാമായണ മാസം പിറന്നു. രാമായണ പാരായണവും കർക്കിടകമാസത്തിൽ അനുഷ്ഠിക്കേണ്ട പ്രത്യേകതകളും, ആഹാരക്രമങ്ങളും ആയി എല്ലാ കുടുംബാംഗങ്ങളും മുൻപോട്ട് പോവും എന്ന് വിശ്വസിച്ചു കൊണ്ടും ജഗദീശ്വരനോട് പ്രാർത്ഥിച്ചു കൊണ്ടും എല്ലാവർക്കും രാമായണമാസ ആശംസകൾ നേരുന്നു.

മേയ് മാസം 16-ാം തിയതി കേന്ദ്ര ഭാരവാഹികളുടെ യോഗം ഓൺലൈനിൽ കൂടുകയുണ്ടായി. യോഗത്തിൽ കേന്ദ്ര കമ്മറ്റിയുടെ യോഗം കൂടാനായി തീരുമാനിച്ചു. അപ്രകാരം മേയ് മാസം 25 ന് സംസ്ഥാന കമ്മറ്റിയുടെ യോഗം ഓൺലൈനായി കൂടി. ആ യോഗത്തിൽ സംസ്ഥാന കമ്മറ്റിയുടെ ഒരു ഫിസിക്കൽ മീറ്റിംഗ് കൂടണം എന്ന് തീരുമാനിച്ചു. യൂണിറ്റുകൾ ചർച്ച ചെയ്ത് മീറ്റിംഗ് കരപ്പുറം ക്ഷത്രിയ സഭ(ചേർത്തല) യിൽ വച്ച് നടത്താം എന്ന് അവിടുത്തെ ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്. ഉടൻ തന്നെ സൗകര്യപ്രദമായ ഒരു ദിവസം മീറ്റിംഗ് നടത്തും

**1. പൊളിറ്റിക്കൽ ആൻഡ് ഫാമിലി പെൻഷൻ**

2011 മുതൽ 2017 വരെയുള്ള കുടിശ്ശിക നൽകണം എന്ന ഹൈക്കോടതി വിധിയ്ക്ക് എതിരെ സർക്കാർ അപ്പീൽ നൽകുന്നു എന്നാണ് അറിയാനായത്. കൂടുതൽ വിവരങ്ങൾ ലഭിയ്ക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

**2. കോഴിക്കോട് യൂണിറ്റ്**

യൂണിറ്റിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്ന പ്രക്രിയ നന്നായി നടക്കുന്നു. ഞാൻ രണ്ടുതവണ അവിടെ പോവുകയുണ്ടായി. അഞ്ഞൂറ് അംഗങ്ങളായിക്കഴിയുമ്പോൾ ഫിസിക്കൽ മീറ്റിംഗ് നടത്തുന്നു എന്നാണ് അറിയിച്ചത്. ആ ഗംഭീര ചടങ്ങ് ഉടൻ തന്നെ നടത്താനാവും എന്നാണ് ശുഭ പ്രതീക്ഷ.

**3. വായനക്കളരി.**

സഭയുടെ മേൽനോട്ടത്തിൽ ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് 19/05/2024 ന് വായനക്കളരി ഭംഗിയായി നടന്നു. അന്നേ ദിവസം സ്ക്കൂൾ തുറക്കുന്നതിനു മുൻപായി പത്തു കുട്ടികൾക്ക് ആയിരം രൂപാവീതം സാമ്പത്തിക സഹായം നൽകുകയുണ്ടായി.

**4. യൂണിറ്റുകളുടെ വാർഷികം/ വിഷു സംഗമം**

ഈ കാലയളവിൽ കുറ്റിലഞ്ഞി, കോട്ടയം, പിലാത്തറ, ചേർത്തല തുടങ്ങിയ യൂണിറ്റുകളിൽ നടന്ന വാർഷികയോഗങ്ങളിൽ കേന്ദ്ര ഭാരവാഹികൾ പങ്കെടുക്കുകയും ഗൃഹസന്ദർശനം നടത്തുകയും ചെയ്തു. യോഗങ്ങളെല്ലാം മികവുറ്റവയായിരുന്നു.

**5. ക്ഷത്രിയ യൂത്ത് ഫോറം**

KKSY യുടെ മേൽനോട്ടത്തിൽ തിരുവല്ലയിൽ വച്ച് ഒരു ഫുട്ബോൾ മത്സരം നടത്താനായി. അറുപതോളം യൂത്തംഗങ്ങൾ മത്സരത്തിൽ പങ്കെടുക്കുകയും അതൊരു വൻ വിജയമാക്കുകയും ചെയ്തു.

കേരളത്തിലെ എല്ലാ യൂണിറ്റുകളിലേയും യൂത്ത് അംഗങ്ങളിൽ നിന്നുമായി 2 പേരെ തിരഞ്ഞെടുത്ത് ഒരു യൂത്ത് കമ്മറ്റിയുണ്ടാക്കാൻ തീരുമാനിച്ചു. ഈ കമ്മറ്റിയിൽ നിന്നും പ്രതിനിധികളായ മൂന്നു പേരെ സഭയുടെ സംസ്ഥാന കമ്മറ്റിയിലേക്കും ഒരംഗത്തിനെ സംസ്ഥാന ഭാരവാഹികളുടെ സമിതിയിലേക്കും നോമിനേറ്റ് ചെയ്യുവാനായും തീരുമാനിച്ചു.

**6. റിയാക്ട്**

റിയാക്ടിന്റെ സാമ്പത്തിക സഹായങ്ങൾ കൃത്യമായ രീതിയിൽ ആവശ്യമനുസരിച്ച് എത്തി

ച്ചേരുന്നുണ്ട്. ടീം റിയാക്ടിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

**7. ക്ഷാത്രസ്പന്ദനം**

നമ്മുടെ ത്രൈമാസിക കൃത്യമായി നല്ല രീതിയിൽ വരിക്കാരിലെത്തിക്കാൻ സാധിക്കുന്നുണ്ട്. ടീം ക്ഷാത്രസ്പന്ദനത്തിന് അനുമോദനങ്ങൾ

**8. സാമന്ത ക്ഷത്രിയ സഭ**

മുൻ തീരുമാനമനുസരിച്ച്, ജൂൺ മാസം 23 ന് സാമന്തക്ഷത്രിയ സഭയുടെ വൈസ് പ്രസിഡന്റ് വേണുഗോപാല കർത്തയുമായി, ആമ്പല്ലൂരിനടുത്ത് നന്ദിപുലത്തുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ച് ഒരു കൂടിക്കാഴ്ച നടത്തി. ഇരു സഭകളിലേയും ഭാരവാഹികളുടെ ഒരു കൂടിക്കാഴ്ച നടത്തുവാനായി തീരുമാനിച്ചു.

യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ ഭംഗിയായി നടക്കുവാനും ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനും അംഗങ്ങളോടൊപ്പം എപ്പോഴും ഉണ്ടാവും എന്നറിയിച്ചു കൊണ്ട്,

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

## ടീം റിയാക്ടിന് സ്നേഹം നിറഞ്ഞ കൂപ്പുകൈ...

റിയാക്റ്റിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഉത്തരോത്തരം വികസിക്കുന്നതായി മനസ്സിലാക്കുന്നു. വീടില്ലാത്ത നിർദ്ധനർക്ക് വീട്, വിദ്യാഭ്യാസത്തിന് ധനസഹായം, ആതുരർക്ക് ചികിത്സാസഹായം, ശാരീരിക-മാനസിക പരിമിതികളുള്ളവരുടെ ഉന്നമനത്തിനായി നൽകുന്ന സഹായം എന്നിങ്ങനെ വിവിധ മേഖലകളിൽ ഹൃദയംതുറന്നുള്ള സാമൂഹ്യ സേവനപരമ്പര കൊണ്ട് ശ്രേയസ്സോടെ നിലനിൽക്കുന്ന 'റിയാക്ടി'ന് അഭിവാദ്യങ്ങൾ. റിയാക്ടിന്റെ ധനസഹായ ഫണ്ടിലേക്ക് തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയിലെ അംഗങ്ങൾ വിവിധ സമയങ്ങളിൽ സംഭാവനകൾ നൽകിയിട്ടുണ്ട് എന്ന് സന്തോഷത്തോടെ ഓർക്കുന്നു.

കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയോട് സഹായത്തിനായി അഭ്യർത്ഥിച്ചുകൊണ്ട് അഞ്ച് അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഈ അപേക്ഷകരെ നേരിൽക്കണ്ട് അവരുടെ ദയാർഹമായ അവസ്ഥ മനസ്സിലാക്കി റിയക്റ്റിലേക്ക് അപേക്ഷ ഫോർവേർഡ് ചെയ്യുകയുണ്ടായി. പ്രളയത്തിൽ കേടുവന്ന വീട് പുനർനിർമ്മിക്കുന്നതിനും കാൻസർ അടക്കമുള്ള രോഗങ്ങൾക്ക് ചികിത്സാസഹായം അഭ്യർത്ഥിച്ചും മറ്റുമായിരുന്നു വിവിധ സമുദായങ്ങളിലെ അംഗങ്ങളിൽ നിന്നുമുള്ള അപേക്ഷകൾ. ഞങ്ങളുടെ എല്ലാ അപേക്ഷകളെയും അനുകൂലമായി പരിഗണിച്ച് ടീം റിയാക്ട് പ്രസ്തുത അപേക്ഷകർക്ക് നൽകുന്നതിനായി വിളംബംവിനാ ധനസഹായം എത്തിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ സൽപ്പേരിന് ഇത് സഹായകമായിട്ടുണ്ട്. ടീം റിയാക്ടിന്റെ സന്മനസ്സിനും ഞങ്ങളിൽ അർപ്പിച്ച വിശ്വാസത്തിനും തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ ടീം നന്ദി രേഖപ്പെടുത്തുന്നു.

തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ അഭിമാനകരമായ പ്രവർത്തനം 'സാന്ത്വന ചികിത്സാ വിഭാഗ' ത്തിനു വേണ്ടി ഇവിടുത്തെ മെമ്പർമാർ നൽകുന്ന ധനസഹായമാണ്. ഞങ്ങളും, പരിമിതിക്കൾക്കുള്ളിൽ നിന്നുകൊണ്ട് കഴിവിനനുസരിച്ച് ജീവകാരുണ്യ പ്രവർത്തനം നടത്തുന്നു. രണ്ടു ടീമുകൾക്കും കൂടുതൽ ഉപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തുവാൻ പ്രാപ്തിയുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ,

തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ ടീമിനു വേണ്ടി
**പി.സി. സുധീരൻ**
**(പ്രസിഡന്റ്)**

# റിയാക്ട് ധനസഹായം



ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗം പി.എം. രാധാകൃഷ്ണന്റെ ഭാര്യയുടെ ചികിത്സക്കായി റിയാക്ടിൽ നിന്നും അനുവദിച്ച ധനസഹായമായ 25,000 രൂപയുടെ ചെക്ക് സംസ്ഥാന വൈസ് പ്രസിഡണ്ടും കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയുമായ ടി.എം. ശ്രീകുമാർ പി.എം. രാധാകൃഷ്ണന് കൈമാറുന്നു. യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ, ട്രഷറർ എൻ.കെ.കെ. ഉണിത്തിരി, വൈസ് പ്രസിഡന്റ് വി.എം. ദാമോദരൻ, ഭരണസമിതി അംഗങ്ങളായ സി.കെ. രാഘവൻ, ഇ.എം. കൃഷ്ണകുമാർ, എം.എം. പവിത്രചന്ദ്രൻ, സി.കെ. മധു, യൂണിറ്റ് വനിതാ വിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത എന്നിവർ സന്നിഹിതരായിരുന്നു.



കാൻസർ ബാധിതയായ തൃശൂർ സ്വദേശിനി എൻ.എസ്സ്. ജയന്തിക്ക് റിയാക്ട് അനുവദിച്ച ചികിത്സാ സഹായത്തിനുള്ള ചെക്ക് ക്ഷത്രിയ ക്ഷേമസഭ തൃശൂർ യൂണിറ്റ് പ്രസിഡന്റ് ഡോ. പി.സി. സുധീരൻ, സെക്രട്ടറി ശങ്കർ എൻ. എന്നിവർ ചേർന്ന് കൈമാറുന്നു. തൃശൂർ യൂണിറ്റ് ട്രഷറർ ദിലീപ് വർമ്മ പി.സി., സംസ്ഥാന ഉപാധ്യക്ഷൻ മനോജ് വി.എൻ., സെൻട്രൽ കമ്മിറ്റി അംഗം മഹേശ്വരൻ വർമ്മ എന്നിവരും സന്നിഹിതരായിരുന്നു.



ചാലക്കുടി ക്ഷത്രിയ സഭാംഗമായ ശ്രീകുമാറിന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്കായി റിയാക്ട് അനുവദിച്ച ധനസഹായത്തിനുള്ള ചെക്ക് യൂണിറ്റ് അദ്ധ്യക്ഷൻ നന്ദകുമാർ വർമ്മയും, സെക്രട്ടറി കൃഷ്ണകുമാറും ചേർന്ന് ഖജാൻജി മുരാരി, ശ്രീകുമാറിന്റെ സഹോദരൻ രാംകുമാർ വർമ്മ, ഭാര്യാമാതാവ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ കൈമാറി.

# ബാഷ്പാഞ്ജലി

## ഡോ. എം.എസ്. വല്യത്താൻ ഓർമ്മയായി



ലോകപ്രശസ്ത ഹൃദയ ശസ്ത്രക്രിയ വിദഗ്ധൻ ഡോ. മാർത്താണ്ഡവർമ്മ ശങ്കരൻ വല്യത്താൻ (എം.എസ്. വല്യത്താൻ–90) മണിപ്പാലിൽ അന്തരിച്ചു.

മാവേലിക്കര കൊട്ടാരത്തിലെ മാർത്താണ്ഡവർമ്മയുടെയും ജാനകി വർമ്മയുടെയും മകനായി 1934 ൽ ജനനം. മാവേലിക്കര ഗവണ്മെന്റ് സ്ക്കൂൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1956 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആദ്യ ബാച്ചിൽ എം.ബി.ബി.എസ്. പാസ്സായി. തുടർന്ന് ലിവർപൂൾ സർവ്വകലാശാലയിൽ സർജ്ജിക്കൽ ട്രെയിനിയായി ചേരുകയും 1960 ൽ എഡിൻബർഗിലെ റോയൽ കോളേജ് ഓഫ് സർജൻസിൽ നിന്ന് ഫെല്ലോഷിപ്പും ലിവർപൂൾ സർവ്വകലാശാലയിൽ നിന്ന് ശസ്ത്രക്രിയയിൽ ബിരുദാനന്തര ബിരുദവും നേടി. ചണ്ഡീഗഢിലെ PGIMER ൽ കുറച്ചുകാലം ഫാക്കൽടിയായിരുന്നതിനു ശേഷം അമേരിക്കയിലെ ജോൺ ഹോപ്കിൻസ്, ജോർജ്ജ് വാഷിംഗ്ടൺ, ജോർജ്ജ്ടൗൺ യൂണിവേഴ്സിറ്റി ഹോസ്പിറ്റലുകളിൽ നിന്ന് ഹൃദയ ശസ്ത്രക്രിയയിൽ വിദഗ്ധ പരിശീലനം നേടുകയും 1970–ൽ കാനഡയിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ആൻഡ് സർജൻസിലെ ഫെല്ലോ ആവുകയും ചെയ്തു. മദ്രാസ് IIT യിൽ ഫാക്കൽട്ടിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (SCTIMS) സ്ഥാപിക്കുന്നതിൽ മുൻകൈയെടുക്കുകയും ഇരുപതു വർഷക്കാലം അതിന്റെ ഹൃദയ ശസ്ത്രക്രിയാ വിഭാഗം ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്തു. അതിനിടയിൽ ഹൃദയ വാൽവുകൾ കുറഞ്ഞ വിലയ്ക്ക് നിർമ്മിച്ച് ലഭ്യമാക്കാൻ തന്റെ പരിശ്രമത്തിലൂടെ സാധിച്ചു.

1993 ൽ മണിപ്പാൽ അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷന്റെ ആദ്യ വൈസ് ചാൻസിലറായി ചുമതലയേറ്റു. അലോപ്പതിയോടൊപ്പം ആയുർവ്വേദവും അടങ്ങുന്ന വൈദ്യശാസ്ത്ര രംഗത്തെ അദ്ദേഹത്തിന്റെ സംഭാവനകൾ ഏറെ അംഗീകാരം നേടി. പ്രശസ്ത ആയുർവ്വേദാചാര്യൻ പദ്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടുമായി അടുത്ത ബന്ധം പുലർത്തി ആയുർവ്വേദ വിഷയങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

ഫ്രഞ്ച് ഗവണ്മെന്റിന്റെ ഷെവലിയർ പട്ടവും ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോ. സാമുവൽ പി. ആസ്പർ ഇന്റർനാഷണൽ അവാർഡും ലഭിക്കുകയുണ്ടായി. 2005 ൽ രാജ്യം പദ്മവിഭൂഷൺ നൽകി ആദരിച്ചു.

ഭാര്യ: ഡോ. അഷീമ വല്യത്താൻ. മക്കൾ: ഡോ. മനീഷ് വല്യത്താൻ, ഡോ. മന്ന വല്യത്താൻ. മരുമകൻ: ഡോ. സുരേഷ് പിള്ള.

ലേഖനം

# കിളിമാനൂരിന്റെ സ്വന്തം 'വൈയാസകി' സി.ആർ. കേരളവർമ്മ



**കൃഷ്ണകുമാരി കെ.**
കിളിമാനൂർ പാലസ് ട്രസ്റ്റ് എക്സിക്യൂട്ടീവ് അംഗം
മൊ. 9497107778

ശ്രീ വേദവ്യാസ ഭഗവാന്റെ ശിഷ്യപരമ്പരയിലെ ഒരു ചെറുകണികയാണ് 'താൻ' എന്ന് സ്വയമേ കരുതിക്കൊണ്ട് വൈയാസകി എന്ന തൂലികാനാമത്തിൽ സി.ആർ. കേരളവർമ്മ ഗ്രന്ഥ രചനകൾ നടത്തിയിരുന്നു.

'സന്യാസി അമ്മാവൻ', 'കൊച്ചമ്മാവൻ' എന്നിങ്ങനെ പ്രായത്തിൽ താഴെയുള്ളവർ അദ്ദേഹത്തെ ബഹുമാനപൂർവ്വം വിളിച്ചിരുന്നു.



കിളിമാനൂർ കൊട്ടാരത്തിൽ ഭൂജാതനായ അദ്ദേഹം ജീവിത കാലഘട്ടം മുഴുവനും ആദ്ധ്യാത്മിക ചിന്തയിലും ക്ഷേത്ര സംരക്ഷണത്തിലും കൊട്ടാര പണ്ടാരവകകാര്യങ്ങളിലും മാത്രം ശ്രദ്ധചെലുത്തിയിരുന്നു. യോഗ വേദാന്ത സംസ്കൃത ഗ്രന്ഥ രചനകൾ ആയിരുന്നു ഇഷ്ട മേഖല. കാവിയുടുക്കാത്ത സന്യാസിയായിരുന്നു അദ്ദേഹം. കിളിമാനൂർ കൊട്ടാരം സന്ദർശിക്കുന്ന ഏതൊരാൾക്കും അദ്ദേഹത്തിന്റെ ലളിത വസ്ത്ര ധാരണരീതിയും ശരീരമാസകലമുള്ള ഭസ്മക്കുറിയും കഴുത്തിൽ ചാർത്തിയ രുദ്രാക്ഷമാലയും മെതിയടിച്ചെരിപ്പും പൂണൂലും ധരിച്ചുകൊണ്ടുള്ള രൂപവും ഉറക്കെയുറക്കെയുള്ള സംസാരവും ഇടയ്ക്ക് കൈപൊത്തി ചെവികൂർപ്പിച്ചുകൊണ്ടുള്ള സംസാരഭാവവും സംസാരത്തിൽ വികാരാധീനനാകുമ്പോൾ (കുടുംബചരിത്രമോ ഇഷ്ട ഗുരുജനങ്ങളെപ്പറ്റിയോ പരാമർശിക്കുമ്പോൾ) കരയുകയാണോ ചിരിക്കുകയാണോ എന്നറിയാതെയുള്ള ഭാവവും ഒന്നും വിസ്മരിക്കാവുന്നതല്ല.

കോട്ടയം ചെങ്ങഴിമറ്റത്തില്ലത്ത് നാരായണൻ നമ്പൂതിരിയുടെയും കിളിമാനൂർ കൊട്ടാരത്തിൽ ചാവടിയിൽ അനിഴംതിരുനാൾ ഉമാംബ തമ്പുരാട്ടിയുടെയും മകനായി കൊല്ലവർഷം 1110 ൽ (ഇംഗ്ലീഷ് വർഷം 1935) ഇടവമാസത്തിൽ പൂയം നക്ഷത്രത്തിൽ കിളിമാനൂർ കൊട്ടാരത്തിൽ ഭൂജാതനായി. രാജരാജ വർമ്മ, രവി വർമ്മ, രാമവർമ്മ എന്നീ മൂന്ന് സഹോദരന്മാരും ഭവാനി തമ്പുരാട്ടി, സ്നേഹലത തമ്പുരാട്ടി എന്നീ രണ്ട് സഹോദരിമാരും അദ്ദേഹത്തിന് കുടപ്പിറപ്പുകളായി ഉണ്ടായിരുന്നു.

മലയാളം സാഹിത്യവിശാരദ്, സംസ്കൃതം ബി.എ., എം.എ., പഠനത്തിനു ശേഷം കിളിമാനൂർ രാജാ രവിവർമ്മ ഹൈസ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1990-ൽ സർവ്വീസിൽ നിന്ന് വിരമിച്ചശേഷം ആണ് അദ്ദേഹം ഗ്രന്ഥരചനയിലേക്കും ഗവേഷണത്തിലേക്കും ഒക്കെ പ്രവേശനം നടത്തിയത്.

അദ്ദേഹത്തിന്റെ ഗുരുസ്ഥാനത്ത് നിൽക്കുന്നവർ ശ്രീ മാധവവാര്യർ സാറും ശ്രീ. രാഘവവാര്യർ സാറും ആയിരുന്നു. കൂടാതെ കൊട്ടാരത്തിലെ മുതിർന്ന അംഗങ്ങൾ, ചെറുമുക്ക് നമ്പൂതിരിപ്പാട്, പൂരാടം തിരുനാൾ രവിവർമ്മ തമ്പുരാൻ എന്നിവരും ആദ്ധ്യാത്മിക-സൈദ്ധാന്തിക കാര്യങ്ങളിൽ ഗുരുസ്ഥാനത്തുനിന്ന് വേണ്ട പ്രചോദനം നല്കിയിരുന്നുവെന്ന് സി.ആർ. കേരളവർമ്മ പറയാറുണ്ടായിരുന്നു.

പ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മ ഉൾപ്പെടെ പ്രഗത്ഭരായ ബഹുമുഖ പ്രതിഭകളും വൈജ്ഞാനികരും മുൻഗാമികളായവരുടെ കുടുംബത്തിൽ തനിക്ക് ജനിക്കാൻ കഴിഞ്ഞു എന്നുള്ളത് വളരെ അഭിമാനപൂർവ്വം അദ്ദേഹം ഏവരോടും പറയുമായിരുന്നു.

ആർഷസംസ്കാരത്തിന്റേയും വേദപഠനത്തിന്റെയും പുനഃരുദ്ധാരണത്തിനും സ്വാമിയാർ മഠങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയും ശ്രമിച്ചിരുന്നു. 4 സ്വാമിയാർ മഠങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പ്രവർത്തനം നടത്തണം എന്ന് ആഗ്രഹിച്ചിരുന്നു.

പ്രൊഫ. ഒറവൻകര നമ്പൂതിരി, (പൂർവ്വാശ്രമത്തിൽ) പൂജനീയനായ നടുവിൽ മഠം അച്യുത ഭാരതി സ്വാമിയാരായി മാറുവാനും ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പുഷ്പാഞ്ജലി സ്വാമിയാർ ആയി മാറുവാനും വേണ്ട പ്രേരകനും ഉപദേശിയും സി.ആർ. കേരളവർമ്മ ആയിരുന്നു എന്ന് അദ്ദേഹം കിളിമാനൂർ അയ്യപ്പൻകാവ് ഉത്സവത്തിനോടനുബന്ധിച്ചു നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ പറയുകയുണ്ടായി.

ഷോഡശ സംസ്ക്കാരത്തിന്റെയും സന്ധ്യാവന്ദനത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുവാൻ ഗ്രന്ഥരചനകൾ നടത്തി. ആയതിനായി യോഗക്ഷേമസഭ, വൈദികന്മാർ, പണ്ഡിതന്മാർ എന്നിവരുമായി ചർച്ചകൾ നടത്തി. ഇതെല്ലാം ഉൾക്കൊണ്ട് നിരവധി ഗവേഷണത്തിലൂടെ തയ്യാറാക്കപ്പെട്ട കൃതിയാണ് 'ത്രൈവേദി സന്ധ്യാപദ്ധതി'. ഇതിൽ സാംഖ്യം, യോഗം, വേദാന്തം ആഗമം തുടങ്ങിയ ആർഷശാസ്ത്രങ്ങളും ഗണിതം, ഭൗതികശാസ്ത്രം തുടങ്ങിയവയും സമന്വയിപ്പിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ മൂന്ന് വേദങ്ങളിലും അനുശാസിക്കുന്ന സന്ധ്യാവന്ദന ക്രിയകളുടെ യോഗ-വേദാന്ത-മീമാംസക-ആഗമവശങ്ങളെ അധികരിച്ചും എഴുതിയിട്ടുണ്ട്. കേരള വൈദിക പരിഷത്ത് ആണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. 'വൈയാസകി' എന്ന തൂലികാനാമത്തിൽ ആണ് ഈ ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുള്ളത്.

വാനപ്രസ്ഥം സ്വീകരിക്കുന്നവർ ചെയ്യേണ്ട അഷ്ടാംഗ യോഗസാധനകളെ അധികരിച്ച് അദ്ദേഹം രചിച്ച മറ്റൊരു കൃതിയാണ് 'യോഗയജ്ഞാവത്ക്യം'.

സന്യാസിമാർ അനുസന്ധാനം ചെയ്യേണ്ടതായ പ്രസ്ഥാനത്രയത്തിന്റെ ചില ഭാഗങ്ങൾക്ക് ഭാഷ്യം രചിച്ചതാണ് 'ബോധാനന്ദഗീത' എന്ന ഉപനിഷത്ത്.

ആറ്റുകാൽ ക്ഷേത്ര പ്രസിദ്ധീകരണമായ 'അംബാപ്രസാദ'ത്തിൽ ആദ്ധ്യാത്മിക സംശയനിവാരണ ചോദ്യോത്തര പംക്തിയും ദീർഘകാലം കൈകാര്യം ചെയ്തിരുന്നു.

2016-ൽ പണ്ഡിതരെ ആദരിക്കുന്ന രേവതി പട്ടത്താന സദസ്സിൽ സി.ആർ. കേരളവർമ്മയെ ആദരിക്കുകയുണ്ടായി. വൈദിക വാങ്മയത്തിന് സി.ആർ. കേരളവർമ്മ നല്കിയ സംഭാവനകൾക്ക് അംഗീകാരം നല്കി തൃശൂർ തെക്കേമഠം അദ്ദേഹത്തിന് 'ആചാര്യരത്ന' പുരസ്ക്കാരം നല്കി ആദരിക്കുകയുണ്ടായി.

2023-ൽ ആഗസ്റ്റ് 12 ന് ഗവ. പെൻഷനേഴ്സ് അസ്സോസിയേഷൻ അദ്ദേഹത്തെ ഗുരുവന്ദ്യൻ, പണ്ഡിത ശ്രേഷ്ഠൻ എന്നീ നിലയ്ക്ക് ആദരവ് പ്രകടിപ്പിച്ച് പൊന്നാട അണിയിച്ചു. ഇതായിരുന്നു അദ്ദേഹത്തിന് അവസാനമായി ലഭിച്ച അനുമോദന ചടങ്ങ്. ഇങ്ങനെ വിവിധ സംഘടനകളും സഭകളും കൂടാതെ സ്വകുടുംബമായ കിളിമാനൂർ കൊട്ടാര അംഗങ്ങൾ ഉൾപ്പെട്ട കിളിമാനൂർ പാലസ് ട്രസ്റ്റും അദ്ദേഹത്തെ ആദരിച്ച് പുരസ്ക്കാരങ്ങൾ നല്കിയിരുന്നു.

അദ്ദേഹത്തിന്റെ സ്വഭാവത്തിലെ മറ്റൊരു രസകരമായ വിശേഷമായിരുന്നു പൂർണ്ണത്രയീശ അമ്പലനടയിൽ നിന്നുതന്നെ ലോട്ടറി ടിക്കറ്റ് എടുക്കുക എന്നുള്ളത്. ലോട്ടറി അടിച്ചാൽ ലഭിക്കുന്ന തുക കിളിമാനൂർ കൊട്ടാരം പണ്ടാരവക-ക്ഷേത്ര-ദേവസ്വം പരിപാടികൾക്കുവേണ്ടി ഉപയോഗിക്കാം എന്ന് അദ്ദേഹം കരുതിയിരുന്നതായി അടുത്ത ബന്ധുക്കൾ പറയുകയുണ്ടായി.


വലിയതമ്പുരാന്റെ പ്രതിനിധി ആയിരുന്നപ്പോഴും യഥാർത്ഥ വലിയ തമ്പുരാൻ ആയിരുന്നപ്പോഴും കൊട്ടാര ക്ഷേത്ര ദേവസ്വ കാര്യങ്ങൾക്ക് ധനത്തിന്റെ അപര്യാപ്തത വരുന്ന സമയത്ത് സ്വന്തം വരുമാനത്തിൽ നിന്ന് തുകയെടുത്ത് ചെലഴിക്കുന്നതിന് ഒട്ടും വൈമനസ്യം കാട്ടിയിരുന്നില്ല.

ഓർമ്മ

# ഒരു രാത്രിയുടെ ഓർമ്മയ്ക്ക്...

**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം. മൊ. 9447390709






*(ഭാരതത്തിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിന്റെ 49-ാം വാർഷികമാണ് ജൂൺ 25 ന് കടന്നുപോയത്. ആ കാലത്തെ ഭീതിദമായ ഒരു അനുഭവം വിവരിക്കുകയാണ് ലേഖകൻ)*

ഇന്ത്യയിൽ 1975 ജൂൺ 25 നു അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. ആ കാലഘട്ടത്തിൽ ഞാൻ ഇൻഡ്യൻ ഇൻഫർമേഷൻ സർവീസിൽ എറണാകുളം ജില്ലയുടെ ഫീൽഡ് പബ്ലിസിറ്റി ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുകയായിരുന്നു. കേന്ദ്ര സർക്കാരിന്റെ ആശയങ്ങളെയും നയപരിപാടികളെയും കുറിച്ചു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു ഞങ്ങളിൽ നിർദ്ദിഷ്ടമായ ചുമതല. ആ കർത്തവ്യം

→

---

→

ചരിത്രപരമായ കാര്യങ്ങളിലും നീതിന്യായ വ്യവസ്ഥകളെക്കുറിച്ചും അഗാധമായ പാണ്ഡിത്യവും അവഗാഹവും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

വാർദ്ധക്യകാലം സ്വന്തം അനന്തിരവൾ കൂടിയായ രേവതി വർമ്മയ്ക്കൊപ്പം തൃപ്പൂണിത്തുറയിൽ ആണ് താമസിച്ചിരുന്നത്. അവശ്യഘട്ടങ്ങളിൽ മറ്റു അനന്തിരവരും സഹായത്തിനായി സദാ ജാഗരൂകരായിരുന്നു.

കിളിമാനൂർ കൊട്ടാര പണ്ടാരവക കാര്യങ്ങൾ, ക്ഷേത്ര നടത്തിപ്പുകാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുറച്ച് എഴുത്തുകുത്തുകൾ, തീരുമാനങ്ങൾ എന്നിവ എടുക്കേണ്ടതിന്റെ ആവശ്യാർത്ഥം 2023 ആഗസ്റ്റ് മാസത്തിൽ സ്വന്തം മരുമക്കളോടൊപ്പം കിളിമാനൂർ കൊട്ടാരത്തിൽ വരികയുണ്ടായി. ആഗസ്റ്റ് 20 ന് രാവിലെ കുളിതേവാരം കഴിഞ്ഞ് സ്വകുടുംബ ഭരദേവതയായ അയ്യപ്പസ്വാമിയെ തൊഴുവാൻ മുന്നൊരുക്കങ്ങൾ എടുക്കുന്ന വേളയിൽ ദേഹാസ്വാസ്ഥ്യം ഉണ്ടാവുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ ഹൃദയസ്തംഭനം ഉണ്ടായി അദ്ദേഹം അനായാസേന മരണത്തിന് കീഴടങ്ങുകയാണ് ഉണ്ടായത്.

നീണ്ട കാലയളവ് വലിയതമ്പുരാൻ പ്രതിനിധിയായും 2020 ഡിസംബർ 15 മുതൽ യഥാർത്ഥ വലിയതമ്പുരാനായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്നു.

2024 ആഗസ്റ്റ് 20 ന് അദ്ദേഹത്തിന്റെ 1-ാം ചരമ വാർഷിക ശ്രദ്ധാഞ്ജലിയാണ്. ഈ ചെറുലേഖനം കിളിമാനൂർ കൊട്ടാര അംഗങ്ങൾക്ക് അദ്ദേഹത്തോടുള്ള നന്ദിയും, സ്നേഹവും, കടപ്പാടും രേഖപ്പെടുത്തുന്ന ശ്രദ്ധാഞ്ജലിയായി സമർപ്പിക്കുന്നു.

●

തികഞ്ഞ അർപ്പണബോധത്തോടെ നിർവ്വഹിച്ചു കൊണ്ടിരുന്നതിനാൽ 1976 ജൂൺ മാസത്തിൽ വന്ന ഒരു ടെലിപ്രിന്റർ മെസ്സേജ് എന്നെ അക്ഷരാർഥത്തിൽ ഞെട്ടിച്ചു. എന്നെ ന്യൂഡൽഹിയിൽ ഡി.എ.വി.പി. (Directorate of Advertising and Visual Publicity) യിൽ അസിസ്റ്റന്റ് എഡിറ്ററായി സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. ഉടൻ ചാർജ്ജെടുക്കണം. എത്രയും വേഗം ഭാര്യയുമൊത്ത് ന്യൂഡൽഹിയിലെത്തി. ആർ.കെ. പുരത്തെ ഒരു ഗവൺമെൻറ് ക്വാർട്ടേഴ്സിന്റെ ഒരു മുറിയും അടുക്കളയും വാടകയ്ക്കെടുത്ത് താമസമാക്കി. എനിക്ക് സർക്കാർ ക്വാർട്ടർ അലോട്ട് ചെയ്യാൻ വർഷങ്ങൾ എടുക്കും. എന്നെപ്പോലുള്ളവർക്ക് സർക്കാർ ക്വാർട്ടേഴ്സിൽ സബ്‌ലെറ്റ് ചെയ്തു താമസിക്കാൻ അനൗപചാരികമായ മൗനാനുവാദം ഉണ്ടായിരുന്നു.

ഡി.എ.വി.പിയിൽ ചാർജ്ജെടുത്ത ഉടൻതന്നെ എന്റെ അപ്രതീക്ഷിത സ്ഥലംമാറ്റത്തിന്റെ കാരണം മനസ്സിലായി. അടിയന്തിരാവസ്ഥയുടെ ആവശ്യകതയും നേട്ടങ്ങളും വിവരിച്ചുകൊണ്ടുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, സന്ദേശങ്ങൾ, എന്നിവയൊക്കെ ഇംഗ്ലീഷിൽ നിന്നു പ്രാദേശിക ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയാണ് അസിസ്റ്റന്റ് എഡിറ്റർമാരുടെ പ്രധാന ജോലി. എന്റെ മുൻഗാമി പരിഭാഷപ്പെടുത്തിയ ചില മുദ്രാവാക്യങ്ങൾ കേരളത്തിലെ ചില പ്രമുഖ കോൺഗ്രസ്സ് നേതാക്കന്മാർക്ക് അരോചകമായി തോന്നി. അവയിൽ ചിലതിനു ഭീഷണിയുടെ ഛായ ഉണ്ടെന്നും അത് ജനങ്ങളിൽ അവമതിപ്പ് ഉണ്ടാക്കുമെന്നും അവർ കരുതി. ഉദാഹരണത്തിന് 'Less talk, more work' എന്നതിന് 'നാവടക്കൂ, പണിയെടുക്കൂ' എന്നും 'Be Indian, Buy Indian' എന്നതിന് 'നാടൻ വാങ്ങൂ, നാട് നന്നാക്കൂ' എന്നും ആയിരുന്നു മൊഴിമാറ്റം നടത്തിയിരുന്നത്. അത് തിരുത്തി കൂടുതൽ സൗമ്യവും സ്വീകാര്യവുമായ ഭാഷയിൽ പരിഭാഷപ്പെടുത്താൻ പറ്റിയ ഒരു ഓഫീസറെ തിരയുമ്പോഴാണ് അന്നൊക്കെ ധാരാളം കഥകളും ലേഖനങ്ങളും എഴുതിയിരുന്ന ഞാൻ അവരുടെ കണ്ണിൽ പെട്ടത്. അവരുടെ നിർദ്ദേശത്തോടൊപ്പം വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ സമുന്നതനായ ഒരു മലയാളി ഓഫീസറുടെ അഭിപ്രായം കൂടി എനിക്ക് അനുകൂലമായിരുന്നു. അന്നത്തെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രി ശ്രീ.വി.സി. ശുക്ല അതിന് അംഗീകാരം നൽകിയതോടെയാണ് എനിക്ക് സ്ഥലംമാറ്റം ഉണ്ടായത്. 'നാവടക്കൂ, പണിയെടുക്കൂ' എന്നതിന് പകരം 'കുറച്ചു സംസാരം കൂടുതൽ അദ്ധ്വാനം' എന്നു ഞാൻ തിരുത്തി പരിഭാഷപ്പെടുത്തിയെങ്കിലും അതിനു മുൻപ് തന്നെ ആദ്യ പരിഭാഷയ്ക്ക് പ്രചുരപ്രചാരം സിദ്ധിച്ചിരുന്നു.

പാർലമെന്റ് സ്ട്രീറ്റിലെ പി.ടി.ഐ. ബിൽഡിങ്ങിൽ (പിന്നീട് അതിന്റെ പേര് സമാചാർ ഭവൻ എന്നാക്കി) ആയിരുന്നു ഡി.എ.വി.പി.യുടെ ആസ്ഥാനം. അവിടെ വലിയൊരു ഹാളിൽ ആണ് വിവിധ ഭാഷകളിലെ അസിസ്റ്റൻറ് എഡിറ്റർമാർ ഇരുന്നിരുന്നത്. അതിനു തൊട്ടടുത്ത ഹാളിൽ അവരുടെ പെർസണൽ അസിസ്റ്റൻറുമാർ (സ്റ്റെനോഗ്രാഫർമാർ) ക്കുള്ള സ്ഥലം ആയിരുന്നു. തിരക്കിട്ട ജോലി ആയിരുന്നെങ്കിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ സഹപ്രവർത്തകരെ പരിചയപ്പെടാനും സൗഹൃദം പുലർത്താനും അവസരം ലഭിച്ചതിനാൽ ആ ദിനങ്ങൾ സന്തോഷകരമായിരുന്നു. രാവിലെ വീട്ടിൽ നിന്ന് എട്ടര മണിക്ക് ബസ്സിൽ പുറപ്പെടും വൈകിട്ട് ബസ്സിലോ തൊട്ടടുത്ത് താമസിച്ചിരുന്ന തമിഴിന്റെ അസിസ്റ്റന്റ് എഡിറ്റർ കൊളന്തവേലുവിന്റെ ബൈക്കിലോ ആറുമണിക്ക് മുൻപ് വീട്ടിൽ മടങ്ങിയെത്തും. ചിട്ടയായ ജീവിതം. അപ്പോൾ ഒരു ദിവസം...

1977 ഫെബ്രുവരി 7. ഉച്ച കഴിഞ്ഞു രണ്ടു മണിയോടുകൂടി എല്ലാ എഡിറ്റർമാരെയും ഡയറക്ടർ നരേന്ദ്ര സേത്തിയുടെ ചേംബറിലേക്ക് വിളിപ്പിച്ചു. അദ്ദേഹത്തിന്റെ മുഖം ഗൗരവപൂർണ്ണവും വിവർണ്ണവും ആയിരുന്നു. ഞങ്ങളെ എല്ലാവരെയും വളരെ പ്രധാനപ്പെട്ട ഒരു ജോലിക്കായി ഒരു പ്രത്യേക സ്ഥലത്തേക്ക് കൊണ്ടുപോകുമെന്നും അതേക്കുറിച്ച് ആരോടും പറയരുതെന്നും ജോലിയുടെ രഹസ്യസ്വഭാവം സൂക്ഷിക്കാൻ സർക്കാർ ഉദ്യോഗസ്ഥരായ നാമെല്ലാം ബാധ്യസ്ഥരാണെന്നും അദ്ദേഹം പറഞ്ഞു. അപ്പോൾ സീനിയർ കോപ്പിറൈറ്റർ ആയിരുന്ന കെ.എസ്. ശ്രീനിവാസനും ആ ചേംബറിൽ ഉണ്ടായിരുന്നു. അദ്ദേഹം ആകെ ടെൻഷനിൽ ആയിരുന്നു. അൽപ്പ സമയത്തിനകം ഞങ്ങൾ പതിനൊന്നു എഡിറ്റർമാരെ സ്വകാര്യ കാറുകളിൽ കയറ്റി ചാണക്യപുരിയിലുള്ള വിശ്വയുവക് കേന്ദ്രയുടെ ആസ്ഥാനത്ത് എത്തിച്ചു.

അവിടെ അപരിചിതരായ ചിലർ ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു.

അൽപ്പസമയത്തിനകം ഞങ്ങളുടെ ഡയറക്ടർ നരേന്ദ്ര സേത്തിയും അവിടെയെത്തി. മിനിറ്റുകൾക്കകം ആകാശവാണിയിലെ വിവിധ വാർത്താ വിഭാഗങ്ങളിൽപ്പെട്ട കുറച്ചുപേരും അവിടെ എത്തി. മലയാളത്തിന് വേണ്ടി എത്തിയത് പ്രശസ്ത ന്യൂസ് റീഡർ ആയിരുന്ന ശങ്കരനാരായണൻ ആയിരുന്നു എന്നാണ് എന്റെ ഓർമ്മ. അവിടെ ഉണ്ടായിരുന്ന അപരിചിതർക്ക് ഞങ്ങളെ എല്ലാവരെയും പരിചയപ്പെടുത്തുമ്പോൾ ഡയറക്ടർ നരേന്ദ്ര സേത്തി അവിടെ ഉണ്ടായിരുന്നു. എന്നാൽ അപരിചിതരെ ഞങ്ങൾക്ക് പരിചയപ്പെടുത്തിയില്ല. ഡിഎ.വി.പി.യിൽ നിന്നു എന്നെക്കൂടാതെ എസ്.എസ്. സർണ (പഞ്ചാബി), ഡി.എൻ. സ്വാദിയ (ഗുജറാത്തി), ജി.പി. സോഹോനി (മറാത്തി), ബി.കെ. സൈകിയ (ആസ്സാമീസ്), പി.കെ. ത്രിപാഠി (ഒറിയ), എം. കൊളന്തവേലുവും സമ്പത്തും (തമിഴ്), സികെ. മണ്ഡലും ശ്രീമതി ജി. മുഖർജിയും (ബംഗാളി), ഡോ. ജെ. മംഗമ്മ (തെലുഗു) എന്നിവരാണ് ഉണ്ടായിരുന്നത്.

വിശാലമായ ഹാളിൽ എല്ലാവർക്കും പ്രത്യേകം മേശയും കസേരയും പേനകളും പേപ്പറും ഒരുക്കിയിരുന്നു. പിന്നീട് എല്ലാവർക്കും ഇരുപതോളം പേജ് വരുന്ന സൈക്ലോസ്റ്റൈൽ ചെയ്ത ഇംഗ്ലീഷിൽ തയ്യാറാക്കിയ ഒരു 'പ്രബന്ധം' പരിഭാഷപ്പെടുത്താനായി തന്നു. തുറന്നു നോക്കിയപ്പോളാണ് അത് അടുത്തുവരുന്ന പൊതു തെരഞ്ഞെടുപ്പിനുള്ള കോൺഗ്രസ്സ് മാനിഫെസ്റ്റോ ആണെന്ന് ഞങ്ങൾക്ക് മനസ്സിലായത്. പ്രതിഷേധിക്കാനോ നിഷേധിക്കാനോ സാധിക്കാത്ത കാലഘട്ടം. ഞങ്ങൾ പരിഭാഷപ്പെടുത്തൽ തുടങ്ങുന്നത് വരെ ഡയറക്ടർ അവിടെ ഉണ്ടായിരുന്നു. പുറത്തേക്ക് പോയെങ്കിലും അധികം വൈകാതെ അദ്ദേഹം മടങ്ങി വന്നു. ഞങ്ങൾക്ക് അപരിചിതരുടെ മേൽനോട്ടത്തിൽ ഇടയ്ക്കിടയ്ക്ക് ലഘുഭക്ഷണവും മറ്റും നൽകിക്കൊണ്ടിരുന്നു. നേരം വൈകിയെങ്കിലും ഞങ്ങൾക്ക് വീട്ടിലോ മറ്റെവിടെ എങ്കിലുമോ വിവരം അറിയിക്കാൻ അനുവാദം ഇല്ലായിരുന്നു.

സാധാരണ ആറുമണിയോടുകൂടി കൃത്യമായി വീട്ടിൽ എത്തിയിരുന്ന ഞാൻ ഏഴു മണിക്കും മടങ്ങി എത്താതിരുന്നപ്പോൾ ഭാര്യ ഗിരിജ വല്ലാതെ പരിഭ്രമിച്ചു. തൊട്ടടുത്തുള്ള തമിഴ് എഡിറ്റർ കൊളന്തവേലുവിന്റെ വീട്ടിൽ അന്വേഷിച്ചപ്പോൾ അദ്ദേഹവും എത്തിയിട്ടില്ല. സാധാരണ ഞങ്ങൾ ഒരുമിച്ച് ബൈക്കിലാണല്ലോ വരാറുള്ളത്. ഇനി വല്ല ബൈക്കപകടവും സംഭവിച്ചോ? ഇരു വീടുകളിലും ഭയാശങ്കകൾ ഉയർന്നു. നിറകണ്ണുകളോടെ തിരിച്ചു വീട്ടിലെത്തിയ ഭാര്യ ബോധരഹിതയാകുമോ എന്നു സംശയിച്ചു. വീട്ടിൽ ഫോണില്ല. ഉണ്ടെങ്കിൽ തന്നെ ഓഫീസ് സമയം കഴിഞ്ഞു ആരെ കോണ്ടാക്ട് ചെയ്യാൻ കഴിയും? അപ്പോഴാണ് അധികം അകലെയല്ലാതെ താമസിക്കുന്ന അടുത്ത ബന്ധുവായ, നേവൽ ഹെഡ്ക്വാർട്ടേഴ്സിലെ ഉദ്യോഗസ്ഥനായ എൽ.ആർ.യു. വർമ്മയും ഭാര്യ രമണീ വർമ്മയും കൂടി അവിടെ എത്തിയത്. അവർ ഭാര്യയെ സമാധാനിപ്പിച്ചു: "അടിയന്തിരാവസ്ഥക്കാലമല്ലേ? എന്തെങ്കിലും കൂടുതൽ ജോലി വന്നുകാണും" എന്ന അവരുടെ വാക്കുകൾ അൽപ്പം ആശ്വാസം നൽകി. അവർ രാത്രി പത്തു മണിവരെ ഒപ്പം ഇരുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ ഭാര്യ ക്ഷീണിച്ചു തളർന്ന് ഉറങ്ങിപ്പോയി.

പരിഭാഷ പര്യവസാനിച്ചത് ഏതാണ്ട് അർദ്ധരാത്രിയോടുകൂടിയാണ്. കാറിൽ അവർ ഞങ്ങളെ സ്വഗൃഹങ്ങളിൽ കൊണ്ടുവിട്ടു. സംഭവിച്ചതിന്റെ വിശദവിവരങ്ങൾ വിവരിച്ചതോടെയാണ് ഭാര്യക്ക് സമാധാനമായത്. എങ്കിലും എനിക്ക് ആ രാത്രിയിൽ ഉറങ്ങാൻ കഴിഞ്ഞില്ല. നിയമവിരുദ്ധമായ ഒരു കാര്യം ചെയ്യേണ്ടിവന്നല്ലോ എന്ന കുറ്റബോധം മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു.

സംഭവങ്ങൾ അവിടെ അവസാനിച്ചില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ പത്ര സെൻസർഷിപ്പ് വകവെയ്ക്കാതെ ചില പത്രങ്ങൾ ഈ പരിഭാഷ പ്രവർത്തനം വിശദമായി റിപ്പോർട്ട് ചെയ്തു. 1977 മാർച്ച് 16 മുതൽ 20 വരെ നടന്ന പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പരാജയപ്പെട്ടു. 1977 മാർച്ച് 24 നു മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ ജനതാപാർട്ടി അധികാരത്തിൽ വന്നു. അടിയന്തിരാവസ്ഥയിലെ അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ 1977 മെയ് 28 നു ഷാ കമ്മീഷനെ നിയമിച്ചു. പരിഭാഷ കേസിൽ എല്ലാ എഡിറ്റർമാർക്കും ഷാ കമ്മീഷന് മുന്നിൽ ഹാജരാകേണ്ടി വന്നു. എന്നാൽ ഞങ്ങൾ

കവിത

# ഹാ പുഷ്പങ്ങളേ!!



**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743

(1)

പൂമണമുള്ളിൽ നിറഞ്ഞു
വിടർന്നൊരാ-
പൂമുഖമുള്ള മുകേഷിൻ
മുഖവുമേ
ഓർമ്മയിൽ വന്നുവിടർന്നു
നിന്നീടുന്നൂ
കർമ്മോത്സുകനായിട്ടന്ത്യം
വരേയുമേ
തന്നുടെ ജോലിയിൽ നിന്നു-
മുഴുകിയ
വന്ദ്യനായുള്ളീ യുവാവുമേ-
യെന്നോർക്കാം
ആയിരം ഭാവന പീലിവിടർത്തീ
യീ-
ക്യാമറാമാനുമേ ചിത്രമെടു-
ത്തല്ലോ.
ഭംഗിയായ് പത്രത്തിലേറെയായ്
കണ്ടൂനാം
ഒപ്പമതിനുള്ളെഴുത്തുകളും

→

---

→

മേലധികാരിയുടെ ആജ്ഞ അനുസരിക്കുക മാത്രമേ ചെയ്തുള്ളൂ എന്നതിനാലാവണം കുറ്റക്കാരായി കരുതപ്പെട്ടില്ല. എന്നാൽ ഡയറക്ടർ നരേന്ദ്ര സേത്തിയുടെ സ്ഥിതി അതായിരുന്നില്ല. അദ്ദേഹം ശിക്ഷിക്കപ്പെടുമോ എന്നു ഭയന്ന് പരിഭ്രാന്തനായി. പിന്നീടുള്ള സംഭവങ്ങൾ കേട്ടുകേൾവി മാത്രമാണ്. ഡയറക്ടർ അടിയന്തിരാവസ്ഥക്കാലത്ത് വാർത്താ വിതരണ മന്ത്രിയായിരുന്ന വി.സി. ശുക്ലയുടെ ആജ്ഞ അനുസരിച്ചാണ് താൻ ഇതെല്ലാം ചെയ്തതെന്ന് പറഞ്ഞപ്പോൾ അതെല്ലാം അദ്ദേഹം പരിപൂർണ്ണമായി നിഷേധിച്ചു. എല്ലാ നിർദ്ദേശവും മുഖദാവിൽ ആയിരുന്നല്ലോ. അതുകൊണ്ടു ലിഖിതമായ ഒരു തെളിവും ഇല്ലായിരുന്നു. ഏതായാലും ഏറെ വൈകാതെ സേത്തി നിര്യാതനായ വാർത്തയാണ് ഞങ്ങൾക്കു കേൾക്കാൻ കഴിഞ്ഞത്.

ഷാ കമ്മീഷൻ അന്തിമ റിപ്പോർട്ട് 1978 ആഗസ്ത് 6-നു സമർപ്പിച്ചു. എന്നാൽ 1979 ജൂലൈ 16-നു ജനതാ മന്ത്രിസഭ നിലംപതിക്കുകയും 1980 ൽ ഇന്ദിരാ ഗാന്ധി വീണ്ടും അധികാരത്തിൽ വരുകയും ചെയ്തു. ഷാ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പികളെല്ലാം പിൻവലിക്കാൻ നടത്തിയ ശ്രമം പൂർണ്ണമായും വിജയിച്ചില്ല. തമിഴ്നാട്ടിൽ നിന്നുള്ള രാഷ്ട്രീയ നേതാവായ എറാ ശേഴിയൻ ഷാ കമ്മീഷൻ റിപ്പോർട്ട് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. 'Shah Commission Report, Lost and Regained' എന്നാണ് അതിന്റെ പേര്. അതിലെ എട്ടാം അദ്ധ്യായം ആ ഭീതിദമായ രാത്രിയെക്കുറിച്ചാണ്. ഒരു ഉൾക്കിടിലത്തോടെ ഓർക്കുന്ന ആ സംഭവത്തെ എങ്ങനെ മറക്കും? പിന്നീട് ഞാൻ ഫിലിം സെൻസർ ഓഫീസർ, 'യോജന' എഡിറ്റർ, ഡി.എ.വി.പി.യുടെ ജോയിന്റ് ഡയറക്ടർ തുടങ്ങിയ തസ്തികകളിൽ പ്രവർത്തിച്ചശേഷം ഇൻഡ്യൻ ഇൻഫർമേഷൻ സർവീസിൽ നിന്ന് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ഡയറക്ടർ ആയി റിട്ടയർ ചെയ്തിട്ട് രണ്ടു ദശാബ്ദം കഴിഞ്ഞിട്ടും ഇന്നും ആ ഭീതിദമായ രാത്രിയുടെ ഓർമ്മകൾ എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

*കടപ്പാട്-കലാപൂർണ്ണ മാസിക.*

സ്വന്തമായ് ശൈലിയിലിദ്ദേഹം
കണ്ടൊരു ദുഃസ്സഹക്കാഴ്ചകളും
ആരുമില്ലാതെയനാഥമാ-
യുള്ളതാം
രോഗവും പെട്ടുവലഞ്ഞോ-
രെയും
തന്നുടെ ക്യാമറക്കണ്ണാൽ പടർത്തിയീ
പത്രത്തിലൂടെയറിയിച്ചു
നമ്മെയും-
എത്ര കുടുംബങ്ങൾക്കങ്ങിനെ രക്ഷയായ്
വീടുംകുടിയുമേ സ്വന്തമായ്
കിട്ടാനും
ഇത്രയും കാരുണ്യമേറിനിറഞ്ഞോരാ-
ചിത്രങ്ങൾ കാണിച്ചു നമ്മെയെല്ലാം
വിട്ടുപിരിഞ്ഞ മുകേഷിന്റെ ദുഃഖാന്ത്യം
കഷ്ടമേയോർത്തു നാം കണ്ണീർവാർക്കാം
**(ശേഷം ഓട്ടൻതുള്ളൽ രീതി)**
ഘോരവനത്തിൽ ക്യാമറയേന്തി
കാട്ടാനകളുടെ സ്വൈരവിഹാരം
നാട്ടിൽ തുടരും ചിത്രമെടുക്കാൻ
വട്ടംകൂട്ടിയൊരുമ്പെട്ടു
തന്നുടെ കർമ്മം തന്നിൽ മുഴുകീ-
ട്ടാനവരുന്നതു കാണാതെ
പത്രത്താളുകളിലാനക്കൂട്ടം
നാട്ടിൽ വന്നുവരുത്തും നാശം
മികവോടെ താൻ കണ്ടീടാനായ്
അപകടമേതും തരണംചെയ്തു
സാഹസമായി ചിത്രമെടുക്കേ
കാട്ടാനയുമേ പാഞ്ഞങ്ങെത്തീ
ഓടിവരുന്നൊരു കാട്ടാനയുമേ
ചാടിക്കേറി മുകേഷിൻ മേലായ്.
തൂക്കിയെടുത്തുചവിട്ടിയെറിഞ്ഞീ
പൂമുഖമുള്ള മുകേഷാം പൂവിനെ-
നാട്ടിൽനടക്കും കഷ്ടത, ദുഷ്ടത
തന്നുടെ കണ്ണാൽ ക്യാമറയിങ്കൽ
പകർത്തീ നന്നായ് പത്രത്തിങ്കൽ
നമ്മേയെല്ലാം സാക്ഷ്യംചെയ്ത്
നമ്മുടെയുള്ളിൽ പൂവിൻ
പരിമളമാകെവിടർത്തീ
ശോഭിച്ചുള്ള മുകേഷാംധന്യൻ
ഫോട്ടോഗ്രാഫറനശ്വരനായി

(2)

കാട്ടാനകൾതൻ ദുഷ്ടതയിങ്ങീ
നാട്ടിൽവാഴും നമ്മിലുമെത്തി
'പൂക്കോട് മൃഗവിജ്ഞാന'ത്തിൽ
ചേക്കേറിയ മാനുഷദുഷ്ടത
ഓർത്താൽ മൃഗവും ലജ്ജിച്ചീടും
തത്ര നടന്നൊരു ദുഷ്ടതയോർത്താൽ
കാട്ടാനകളും കാട്ടില്ലല്ലോ
ദുഷ്ടതയേറിയ കൃത്യത്തെ
സിദ്ധാർത്ഥെന്നൊരു വിദ്യാർത്ഥിക്കായ്
സഹപാഠികളാൽ വന്നൊരു ദുഃസ്ഥിതി
ഒന്നിച്ചൊപ്പം കളിചിരിയായി
വസിപ്പൊരു സ്നേഹിതനെ ഞാൻ
നാട്ടിൽപ്പോകും വഴിയിൽവച്ച്
കഷ്ടംതന്നെ മടക്കിവിളിച്ച്
കൂട്ടംചേർന്നൊരു കുന്നിൽക്കേറ്റീ-
സഹപാഠികളുടെ ഭാവംമാറീ,
കാട്ടാനകളോ നാട്ടിൽക്കേറി-
കാട്ടിയദുഷ്ടത പോലെ
ഏതോ ചെറു പ്രശ്നത്തിന്മേൽ
ചോദ്യം ചെയ്യേ മർദ്ദനമായി
മർദ്ദനമേറെ സഹിക്കാഞ്ഞാവാം
ഹോസ്റ്റലിലേയ്ക്കവനോടിക്കേറീ
ആനക്കൂട്ടം പാഞ്ഞങ്ങെത്തീ
ചുറ്റിവളഞ്ഞൂ വീണ്ടും തല്ലായ്
തല്ലും കുത്തും ഘോരചവിട്ടും
തൂക്കിയെറിഞ്ഞുകശക്കലുമായ്
ഇക്കാട്ടാനകൾതൻ മർദ്ദനമേല്ക്കേ
കഷ്ടം കഷ്ടം പ്രാണൻപോയീ
സിദ്ധാർത്ഥിന്റെ കുടുംബത്തിന്നായ്
വന്നൊരു ദുഃഖം ആരുസഹിക്കും?

→

ലേഖനം

# രാജർഷിയെ കൊച്ചിക്കാർക്ക് മറക്കാമോ?



**അനുജൻ എസ്.**
ശ്രീവിഹാർ പാലസ്, തൃപ്പൂണിത്തുറ

എറണാകുളത്തേക്ക് റെയിൽവേ കൊണ്ടു വന്ന 'രാജർഷി രാമവർമ്മ'യുടെ പേര് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് നൽകണമെന്ന് കൊച്ചി കോർപ്പറേഷൻ ഒരു പ്രമേയം അവതരിപ്പിച്ചത് കണ്ട്, അതിനെതിരെ പ്രതികരിച്ച നമ്മുടെ നേതാക്കളുടെയും നാട്ടുകാരുടെയും എണ്ണം കുറച്ചൊന്നുമല്ല. എനിക്ക് ഇതിൽ അത്ഭുതം ഒന്നുമില്ല. കൊച്ചി രാജാക്കന്മാർ ഒരിക്കലും തങ്ങളുടെ പേരുകൾ ഉയർത്തിക്കാട്ടാൻ വേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നതുതന്നെ കാരണം.

കൊച്ചിയെ ഇന്നത്തെ കൊച്ചി ആക്കിയതിൽ ഏറ്റവുമധികം പങ്കുവഹിച്ച രാജർഷിയുടെ പേര് പോലും നമ്മുടെ നാട്ടുകാർ നൂറു കൊല്ലം കൊണ്ട് മറന്നുപോയിരിക്കുന്നു. എന്നാൽ ഇന്ന് നാട്ടിൽ ഉടനീളം സ്വാതന്ത്ര്യലബ്ധിക്കു ശേഷം വന്ന ഭരണാധികാരികളുടെ പേരിൽ സ്റ്റേഡിയങ്ങളും കലാശാലകളും മറ്റും വരുമ്പോൾ ആർക്കും ഒരു എതിർപ്പില്ലതാനും. അവർ ആരുംതന്നെ ഈ സ്റ്റേഡിയം ഇരിക്കുന്ന ദിക്കിൽ വന്നു കുട്ടിയും കോലും പോലും കളിച്ചോ എന്നും മറ്റും ആരും തിരക്കിയിട്ടില്ല; ഈ ഭരണാധികാരികളാണ് നാടിന്റെ സകല ഉൽപ്പത്തിക്കും കാരണക്കാർ എന്ന ധാരണ ഇന്നത്തെ ജനതയുടെ മനസ്സിൽ കടന്നുകൂടിയിരിക്കുന്നു എന്നതാണ് കാരണം. കൊച്ചി രാജാക്കന്മാരെ ഇകഴ്ത്തിക്കാണിക്കുവാൻ കൂടി പലരും ഈ അവസരം ഉപയോഗിക്കുന്നത് സങ്കടകരമായ കാര്യമാണ്. ഈ വിഷയത്തെക്കുറിച്ച് ചില കാര്യങ്ങൾ വായനക്കാരുടെ മുന്നിൽ നിരത്താനാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

'രാജർഷി രാമവർമ്മ' എന്ന പേരിൽ അറിഞ്ഞിരുന്ന രാമവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാൻ 1895 മുതൽ 1914 വരെയാണ് കൊച്ചി രാജ്യം ഭരിച്ചിരുന്നത്. ഒരു ഋഷിയുടെ ജീവിതം നയിച്ചിരുന്ന ഈ രാജാവാണ് ശക്തൻ തമ്പുരാന് ശേഷം കൊച്ചിയുടെ ഭാഗധേയം നിർണ്ണയിച്ച വ്യക്തികളിൽ →

---

→

(3)

അട്ടപ്പാടിയിൽ മുമ്പുനടന്നൊരു
ദുഷ്ടതയിപ്പോഴോർക്കുന്നൂ!
കാട്ടിൽവസിക്കും മധുവെന്നുള്ളൊരു
പട്ടിണിമൂലം വന്നൊരു കഷ്ടത
ഒരുപിടിയന്നം കിട്ടാനായി
തേടിയലഞ്ഞു നാട്ടിലുമെത്തീ
പാകംചെയ്യാനായരിയൊരുപിടി
കടയിൽക്കേറീ കയ്യിലെടുക്കേ
കള്ളൻതാനീ മധുവെന്നോതി
കടയുടെയുടമ കൂട്ടരുമൊത്ത്
ഓടിയണഞ്ഞൂ പിടികൂടീ-
ട്ടവനെക്കെട്ടീ വൃക്ഷത്തിന്മേൽ
കാട്ടാനകളായ് മാറിയ ജനതതി
ഓർത്തീലവനുടെ ദുഃസ്ഥിതിയൊട്ടും
മർദ്ദനമായീ കഠിനംഘോരം
അവനുടെ നിലവിളി കേട്ടീലാരും!!
പ്രാണൻപോയിട്ടവനും കഷ്ടം
ഭൂമിയിൽ നിന്നുഗമിച്ചല്ലോ.

പ്രധാനി. അദ്ദേഹം കൊച്ചിയിൽ ചെയ്ത വികസന പ്രവർത്തനങ്ങളിൽ ചിലത് നമുക്കൊന്ന് നോക്കാം.

## റെയിൽവേ

1800കളുടെ അവസാനത്തോടെ ഇംഗ്ലീഷ് ഭരണാധികാരികൾ, മദ്രാസിൽ നിന്നും ഷൊർണ്ണൂർ വഴി മംഗലാപുരത്തേക്ക് റെയിൽപാത നിർമ്മിക്കുവാൻ തീരുമാനിച്ചു. 1799-ൽ ശ്രീരംഗപട്ടണം യുദ്ധത്തിൽ ടിപ്പു മരണപ്പെട്ടതിനുശേഷം മലബാർ മുഴുവനും ബ്രിട്ടീഷ് അധീനത്തിൽ ആയിത്തീർന്നതിനാൽ അവർക്ക് തങ്ങളുടെ അധീനത്തിലുള്ള പ്രദേശത്തുകൂടി മാത്രമേ റെയിൽവേ ലൈൻ ഇടാൻ താല്പര്യമുണ്ടായിരുന്നുള്ളു എന്നത് തികച്ചും സ്വാഭാവികം. എന്നാൽ അന്ന് കൊച്ചി ഭരിച്ചിരുന്ന രാജർഷി, ബ്രിട്ടീഷ് അധികാരികളുമായി ബന്ധപ്പെടുകയും ഈ റെയിൽവേ ലൈനിൽ നിന്നും ഷൊർണൂർ-എറണാകുളം ശാഖ കൂടി നിർമ്മിക്കണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ കൊച്ചിയും തിരുവിതാംകൂറും അപ്പോഴും സ്വതന്ത്ര രാജ്യങ്ങളായി നിലനിന്നിരുന്നതിനാൽ ബ്രിട്ടീഷുകാർക്ക് ഇതിന് സമ്മതം ഉണ്ടായിരുന്നില്ല. കൊച്ചി വരെയുള്ള റെയിൽവേ നിർമ്മാണത്തിന് ബ്രിട്ടീഷ് ഖജനാവിൽ നിന്നും ചെലവൊന്നും ചെയ്യാൻ സാദ്ധ്യമല്ല എന്ന് അറിയിച്ചതിനെ തുടർന്ന്, ഈ ഒരു പ്രോജക്ട് കൊച്ചി രാജ്യത്തിന്റെ സ്വന്തം ചെലവിൽ നടത്താൻ രാജർഷി രാമവർമ്മ തീരുമാനിക്കുകയായിരുന്നു. അതിനു മുൻപുള്ള വർഷങ്ങളിലെ മിച്ച ബജറ്റുകളിൽ നിന്നും സമാഹരിച്ച തുകവച്ച് റെയിൽവേ ലൈൻ പ്രോജക്ട് തുടങ്ങി. എന്നാൽ ഭാരതപ്പുഴ, കുറുമാലിപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ എന്നീ നാല് പുഴകളുടെയും കുറുകെയുള്ള പാലം പണി കാരണമായിരിക്കണം ഈ പദ്ധതിക്ക് ഉദ്ദേശിച്ചതിൽ നിന്നും കൂടുതൽ ചിലവു വേണ്ടിവന്നു.



ഇതിനുള്ള ബാക്കി ധനം എവിടുന്ന് സമാഹരിക്കും എന്ന ചിന്ത വന്നപ്പോൾ മഹാരാജാവ് അദ്ദേഹത്തിന്റെ കീഴിലുള്ള ദേവസ്വം ഡിപ്പാർട്ട്മെന്റിലെ ആസ്തികൾ വിൽക്കുവാൻ തീരുമാനിച്ചു; അദ്ദേഹം ഹിന്ദുക്കളുടെ മതാദ്ധ്യക്ഷൻ കൂടി ആയിരുന്നതിനാൽ ഈ നടപടിക്ക് പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹം ക്രിസ്ത്യാനികളുടെയോ മുഹമ്മദീയരുടെയോ ആരാധനാലയങ്ങളിലെ ആസ്തികൾ ഒന്നും തൊട്ടില്ല താനും. അങ്ങനെയാണ് തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെയും ഊരകം അമ്മ തിരുവടി ക്ഷേത്രത്തിലെയും ആസ്തികൾ പലതും ലേലം ചെയ്ത് എറണാകുളത്തേക്ക് റെയിൽവേ ലൈൻ ഇട്ടത്.

പിന്നീട് ഈ പാത തിരുവനന്തപുരത്തേക്ക് നീട്ടുകയാണുണ്ടായത്. ഇങ്ങനെ എറണാകുളത്തേക്ക് തീവണ്ടി എത്തിച്ച ഈ രാജർഷിയുടെ പേര് എറണാകുളം ജംഗ്ഷനു നൽകുന്നതിൽ എന്താണ് തെറ്റ് എന്ന് വായനക്കാർ ഇനി ഒന്ന് ചിന്തിക്കുക.

## കൊച്ചി തുറമുഖം

ഇദ്ദേഹം തന്നെയാണ് കൊച്ചി തുറമുഖത്തിന്റെ പിതാവ്. ക്രി.വ.1341-ൽ ഉണ്ടായ ഒരു വെള്ളപ്പൊക്കം കാരണം, അന്നുവരെ പടിഞ്ഞാറൻ ദേശങ്ങളിലേക്ക് കേരളത്തിൽ നിന്നും കച്ചവടം നടത്താനുള്ള തുറമുഖമായിരുന്ന മുസിരീസ് നഷ്ടപ്പെടുകയാണ് ഉണ്ടായത്. പക്ഷേ അന്ന് കടലമ്മ കനിഞ്ഞ്, കൊച്ചി എന്ന ഒരു ഭൂഭാഗം തെളിഞ്ഞുവരികയും ചെയ്തു. എങ്കിലും എറണാകുളം ഭാഗത്തേക്ക് കപ്പലുകൾ കയറിവരാൻ അഴിമുഖത്തെ മൺതിട്ട ഒരു തടസ്സമായിരുന്നു. എട്ടടിയോളം താഴ്ച മാത്രം കിട്ടിയിരുന്നതിനാൽ ചെറിയ കപ്പലുകൾ പോലും പുറംകടലിൽ നിൽക്കേണ്ടതായി വന്നു. ഇതിന് പരിഹാരമെന്നോണം ഒരു മണ്ണുമാന്തി കപ്പൽ വാങ്ങി അഴി

മുഖത്തെ ആഴം കൂട്ടുവാൻ രാജർഷി തീരുമാനിച്ചു. ഇതിന്റെ ചിലവു തുകയ്ക്കായി പറമ്പിക്കുളത്ത് നിന്ന് ചാലക്കുടി വരെയുള്ള 'കൊച്ചിൻ സ്റേറ്റ് ഫോറസ്റ്റ് ട്രാംവേ' വഴി ദിവസവും തേക്കുതടി പറമ്പിക്കുളത്തുനിന്നും ചാലക്കുടിയിൽ എത്തിച്ച്, ട്രെയിനിൽ കൊച്ചിയിലെത്തിച്ച്, അത് പുറംകടലിലുള്ള കപ്പലുകളിലേക്ക് മാറ്റി, കയറ്റുമതി ചെയ്ത്, അതിൽ നിന്നും കിട്ടിയ തുകകൊണ്ട് മണ്ണുമാന്തിക്കപ്പൽ വാങ്ങി, 2 വർഷം നിർത്താതെ മണ്ണുനീക്കിയാണ് ഇന്നത്തെ കൊച്ചി തുറമുഖം ഉണ്ടാക്കിയത്. അന്ന് മാന്തിയെടുത്ത മണ്ണ് കൂട്ടിയിട്ടു നിർമ്മിച്ചതാണ് ഇന്നത്തെ വില്ലിംഗ്ടൺ ഐലണ്ട് എന്നുകൂടി അറിയുക. കൊച്ചി രാജാവ് കൊച്ചി തുറമുഖം നിർമ്മിക്കാനായി, സൂയസ് കനാൽ നിർമ്മിച്ചു പരിചയമുള്ള 'റോബർട്ട് ബ്രിസ്ട്രോ' എന്ന ഇംഗ്ലീഷുകാരനെ കൊച്ചി തുറമുഖത്തിന്റെ ചീഫ് എഞ്ചിനീയറായി നിയമിച്ചു എന്നുകൂടി ധരിക്കുക. പുറംവാതിൽ നിയമനവും മറ്റും കൊടുമ്പിരിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഇന്ന് ഇത് ആലോചിക്കവയ്യ !

കൂട്ടത്തിൽ ഒന്നുകൂടി ചോദിക്കട്ടെ... 1799-നു ശേഷം ബ്രിട്ടീഷ് അധീനത്തിലായിരുന്ന മലബാറിൽ എന്തേ ഒരു നല്ല തുറമുഖം വികസിപ്പിച്ചെടുക്കാൻ ബ്രിട്ടീഷുകാർ പോലും മുതിർന്നില്ല ? സ്വാതന്ത്ര്യ ലബ്ധിക്ക് 75 വർഷങ്ങൾക്കു ശേഷമാണ് 590 കിലോമീറ്റർ കടൽതീരമുള്ള കേരളത്തിൽ വിഴിഞ്ഞം എന്ന വേറൊരു തുറമുഖത്തിനെപ്പറ്റി ആലോചിക്കുന്നതുതന്നെ. ഇതിന് മുതിരാത്ത ഇന്നത്തെ രാഷ്ട്രീയക്കാർ, കൊച്ചി തുറമുഖം നിഷ്പ്രയാസം വികസിപ്പിച്ചെടുത്ത രാജർഷിയെ മനസ്സിലാക്കാത്തത് എന്തുകൊണ്ടാണെന്നറിയില്ല.

രാജർഷി രാമവർമ്മ മുൻകയ്യെടുത്ത് നിർമ്മിച്ച കൊച്ചി തുറമുഖം കാരണം കേരളത്തിനുണ്ടായ അഭിവൃദ്ധി ചില്ലറയൊന്നുമല്ല. ഇന്ന് കേരളത്തിലെ വ്യാവസായിക ഹബ്ബായി മാറിയ കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന എണ്ണ ശുദ്ധീകരണശാലയും, അനുബന്ധ പെട്രോകെമിക്കൽ വ്യവസായങ്ങളുമാണ് കേരളത്തിന്റെ വ്യാവസായിക നട്ടെല്ല് എന്ന് പറയുന്നതിൽ തെറ്റില്ല. കഴിഞ്ഞ 4 ദശാബ്ദത്തിനുള്ളിൽ കേരളത്തിലെ കെമിക്കൽ വ്യവസായശാലകളിൽ 35 ശതമാനത്തോളം പൂട്ടിപ്പോയപ്പോൾ, ഇതേ 4 ദശാബ്ദം കൊണ്ട് എണ്ണ ശുദ്ധീകരണ ശാലയുടെ പ്രവർത്തന ശേഷി 4 മടങ്ങിൽ കൂടുതലായി എന്നതും ഓർക്കുക. ഈ വികസനത്തിന് ഒരു തുറമുഖത്തിന്റെ സാന്നിദ്ധ്യം അനിവാര്യമാണല്ലോ.

### വ്യവസായം

കൊച്ചി രാജ്യത്തെ വ്യവസായങ്ങൾക്ക് ആക്കം കൂട്ടുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളുടെ കൂട്ടത്തിൽ പ്ലൈവുഡ് വ്യവസായം, മുള ഉപയോഗിച്ച് പൾപ്പ്/പേപ്പർ, പോട്ടറി വ്യവസായം എന്നിവ ആരംഭിക്കുന്നതിലേക്കുള്ള പഠനങ്ങൾ നടത്തുക വഴി, പിൽക്കാലത്ത് മേൽ പറഞ്ഞ വ്യവസായങ്ങൾ വരുവാൻ അടിത്തറ പാകിയതും ഇക്കാലത്താണ്.

### വിദ്യാഭ്യാസം

രാജർഷി രാമവർമ്മയുടെ ഭരണം 15 വർഷം പിന്നിട്ടപ്പോൾ നടത്തിയ ഒരു പഠനത്തിൽ ഉരുത്തിരിഞ്ഞ തെന്നിന്ത്യയിലെ സാക്ഷരത ശതമാനത്തിന്റെ വിവരം, വിദ്യാഭാസത്തിന് കൊച്ചി നൽകുന്ന ഊന്നൽ വ്യക്തമാക്കുന്നു: മദ്രാസ്-36%; കൊച്ചി-32.4%; തിരുവിതാംകൂർ-21.5%; തഞ്ചാവൂർ-20.3% ; മൈസൂർ-17.2%; മലബാർ-8.9%. ഈ റിപ്പോർട്ട് അടുത്തകാലത്ത് കേരള ഗവൺന്റും പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിലെ സാക്ഷരതയെപ്പറ്റി പറയുമ്പോൾ, കൊച്ചി തിരുവിതാംകൂറിനെക്കാൾ 10 ശതമാനം മുന്നിൽ നിന്നിരുന്നതായി ആരും പറയാറില്ലെന്നതും സങ്കടകരമായ കാര്യമാണ്.

### പണ്ഡിറ്റ് കറുപ്പനും സവർണ്ണ ഗേൾസ് ഹൈസ്കൂളും

ഒരിക്കൽ രാജർഷി തിരുവഞ്ചിക്കുളത്ത് ദർശനത്തിനു പോയപ്പോൾ കൊടുങ്ങല്ലൂർ തമ്പുരാൻ, സംസ്കൃതത്തിൽ പ്രാവീണ്യമുള്ള 'കറുപ്പനെ' പരിചയപ്പെടുത്തി. കറുപ്പന്റെ സംസ്കൃത പാടവത്തിൽ അത്ഭുതപ്പെട്ട മഹാരാജാവ് കറുപ്പനെ തൃപ്പൂണിത്തുറ കൊണ്ടുവന്ന് രാജകുടുംബത്തിലെ അദ്ധ്യാപകൻ 'സഹൃദയതിലകൻ രാമപ്പിഷാരടി' യുടെ കീഴിൽ പഠനത്തിന് ചേർക്കുകയും 'പണ്ഡിറ്റ്' ബിരുദലബ്ധിക്കു ശേഷം, എറണാ

കുളത്തെ സവർണ്ണ ഗേൾസ് വിദ്യാലയത്തിൽ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. എന്നാൽ ഒരു അവർണ്ണന്റെ കീഴിൽ സംസ്കൃതം പഠിക്കാൻ വിസമ്മതം രേഖപ്പെടുത്തിയ കുട്ടികളോട് "എതിർപ്പുണ്ടെങ്കിൽ വേറെ സ്കൂളിൽ പോയി ചേർന്നോളൂ" എന്ന് മഹാരാജാവ് പറയുകയും, കുട്ടികൾ പത്തിമടക്കി പഠിക്കാൻ കയറുകയും ചെയ്തു.

### കുടിയാൻ ബിൽ

കൊച്ചി രാജ്യത്തെ കുടിയാന്മാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ഇദ്ദേഹം ഒരു കുടിയാൻ ബിൽ (tenancy law) മുന്നോട്ടുവയ്ക്കുകയും അത് 1913 സെപ്തംബറിൽ മദ്രാസ് ഗവൺമെന്റിന്റെ ഉപദേശത്തിനായി ബ്രിട്ടീഷ് റസിഡന്റിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ, ഈ നിയമം കൊച്ചിയിൽ നടപ്പിലായാൽ, താമസംവിനാ അത് ബ്രിട്ടീഷ് അധീനത്തിലുള്ള മലബാറിലും നടപ്പിലാക്കേണ്ടിവരുമെന്നുള്ള പേടി കാരണമോ, മദ്രാസിൽ ജന്മികൾക്കുള്ള സ്വാധീനം കാരണമോ, ഈ ബില്ലിൽ തീരുമാനമെടുക്കാതെ മദ്രാസ് ഗവൺമെന്റ് കുറച്ചുകാലം തള്ളിനീക്കി. അതിൽ മനംമടുത്ത രാജർഷി, അങ്ങനെയാണെങ്കിൽ തന്റെ കൊച്ചിയിലെ പരമാധികാരം ഉപയോഗിച്ച് ഇത് നിയമമായി നടപ്പാക്കും എന്ന തീരുമാനം റസിഡന്റിനെ അറിയിക്കുകയും, മദ്രാസ് ഗവൺമെന്റ് 1914 ഒക്ടോബർ 2-ന് ഈ ബില്ലിനു തലയാട്ടുകയും രാജർഷി അത് ഒക്ടോബർ 24-ന് നിയമമാക്കുകയും ചെയ്തു.

### അഡ്വൈസറി കൗൺസിൽ

ഭാരതത്തിൽ സ്വാതന്ത്ര്യസമരം ശക്തിപ്രാപിക്കുന്ന കാലത്ത്, പൊതുജനങ്ങൾക്ക് അധികാരം പടിപടിയായി കൈമാറുന്നതിനായി, കൊച്ചിയിൽ പൊതുജന പങ്കാളിത്തത്തോടെ ഒരു അഡ്വൈസറി കൗൺസിൽ രൂപീകരിക്കുന്നതിലേക്ക് 1913-ൽ തീരുമാനമെടുക്കുകയും ദിവാൻ ബാനർജിയുമായി ചേർന്ന്, ഇതിന് ഒരു കരടു രൂപം തയ്യാറാക്കുകയും ഉണ്ടാക്കുകയും ചെയ്തു. എങ്കിലും ഈ സഭയിൽ ജന്മിമാർക്കും പ്രാതിനിധ്യം ഉള്ളതിനാൽ കുടിയാൻ ബില്ല് നിയമമായതിനുശേഷമേ ഈ കൗൺസിൽ വരാൻ പാടൂ എന്നത് തന്ത്രപരമായ ആവശ്യമായി വന്നു. എന്നാൽ മദ്രാസ് ഗവൺമെന്റ് കുടിയാൻ ബില്ലിൽ അഭിപ്രായം നൽകുന്നതിൽ താമസം വരുത്തിയതിനാൽ, രാജർഷി ഭരണം ഒഴിയുന്നതു വരെ ഈ വിഷയം തണുത്തുകിടന്നു.

### കൊച്ചി തീരത്തെ എണ്ണ പര്യവേഷണം

ഞാറയ്ക്കൽ ഭാഗത്ത് പലപ്പോഴും അനുഭവപ്പെടാറുള്ള കടലിലെ ചെറിയ സ്ഫോടനങ്ങൾ കാരണം കൊച്ചിതീരത്ത് എണ്ണയുടെ സാന്നിധ്യം ഉണ്ടെന്ന സംശയം ജിയോളജിസ്റ്റുകൾക്ക് ജനിക്കുകയും എണ്ണ കുഴിച്ചെടുക്കാനുള്ള ഒരു പര്യവേഷണം 1910–20 കളിൽ കൊച്ചിയിൽ നടത്തുകയുമുണ്ടായി. ആ പഠനത്തിൽ നിന്നും എണ്ണയുടെ സാന്നിദ്ധ്യം നിസ്സംശയം തെളിയുകയും, എന്നാൽ, അക്കാലത്ത് ലഭ്യമായ സാങ്കേതികവിദ്യകൊണ്ട് ലാഭകരമായ രീതിയിൽ എണ്ണ കുഴിച്ചെടുക്കാൻ സാധ്യമല്ല എന്ന നിഗമനത്തിൽ എത്തുകയുമാണ് ഉണ്ടായത്. എന്നാൽ അതിന് ഒരു ശതാബ്ദത്തിന് ശേഷവും, സാങ്കേതികവിദ്യ വളരെയധികം മുന്നോട്ടു പോന്നിട്ടും, ഈ വിഷയത്തിൽ 'വഞ്ചി തിരുനക്കരെ തന്നെ' എന്ന അവസ്ഥയാണ്.

19 വർഷത്തെ സ്തുത്യർഹവും സംഭവബഹുലവുമായ ഭരണത്തിനു ശേഷം 1914-ൽ രാജർഷി രാജ്യഭാരം ഒഴിഞ്ഞുപോകുകയാണുണ്ടായത്. തദവസരത്തിൽ അദ്ദേഹം കൊച്ചിയിലെ പ്രജകളോട് നടത്തിയ 'വിടവാങ്ങൽ പ്രസംഗത്തിന്റെ' ഒരു പ്രസക്ത ഭാഗം ഉദ്ധരിക്കട്ടെ:

"I may assure you, my beloved subjects, that though I am, owing to the circumstances beyond my control, obliged to retire from the public life, my services will always be at your disposal and your happiness will be my happiness and your prosperity, my prosperity. I may not be able to do much active work for you hereafter, but what little lies in my power, I shall always be ready to do gladly."

തന്റെ പ്രജകളോട് "നിങ്ങളുടെ സുഖമാണ് എന്റെ സുഖം; നിങ്ങളുടെ ഐശ്വര്യമാണ് എന്റെയും ഐശ്വര്യം" എന്ന് രാജർഷി പറഞ്ഞതുപോലെ, പറയാൻ ഇന്നത്തെ എത്ര ജനകീയ നേതാക്കൾക്ക് കഴിയും എന്ന സംശയത്തോടെ ഈ ലേഖനം സമർപ്പിക്കട്ടെ. ●



# ശതായുഷ്മാൻ ശൈലാബ്ധേശൻ

**സംഗമേഷ് വർമ്മ ആർ.**
കോഴിക്കോട്, മൊ. 8289947686

എന്നേ അരങ്ങൊഴിഞ്ഞ രാജസ്ഥാനങ്ങൾക്ക് ജനായത്ത വ്യവസ്ഥിതിയിൽ ഇരിപ്പിടം ഇല്ലാതാവുകയാണ് എങ്കിലും ചില പ്രതലങ്ങളിൽ രാജവാഴ്ചയുടെ ആരൂഢങ്ങൾ പൂർവ്വ ശോഭയോടെ തിളങ്ങുന്നത് കാണാം. ചരിത്രത്തിന്റെ പൊരുളറിഞ്ഞവരുടെ മനോമണ്ഡലങ്ങളിലാണ് മൺമറഞ്ഞ നാട്ടുരാജ്യങ്ങൾ വിരാജിക്കുന്നത്. ഈ ഭൂമികയിൽ പഴയ രാജപരമ്പരയുടെ പിന്മുറക്കാർ അതേ സ്ഥാനമാനങ്ങളോടെ ബഹുമാനിക്കപ്പെടുന്നു. സാമൂതിരി കെ.സി. ഉണ്ണിയനുജൻ രാജ തിരുമനസ്സിന്റെ തിരുനാൾ ആഘോഷവേദിയിൽ കണ്ട സ്നേഹവർഷം തന്നെ അതിനു സാക്ഷ്യം. ആശംസകൾ അർപ്പിക്കുന്നതിനും അനുഗ്രഹം വാങ്ങുന്നതിനും ആയിരങ്ങൾ ആഘോഷവേദിയിൽ വന്നു ചേർന്നു. ജന്മശതാബ്ദിയിലേക്ക് ചുവടുവെയ്ക്കുന്ന ആ സുകൃത ജീവിതത്തെക്കുറിച്ച് ഒരു ലഘു വിവരണം നൽകാനുള്ള നിയോഗം എനിക്ക് തന്ന 'ക്ഷാത്രസ്പന്ദന'ത്തിന്റെ പത്രാധിപ സമിതിക്ക് നന്ദി. വലിയമ്മാവനെ കുറിച്ച് മരുമകൻ എഴുതുന്ന അക്ഷരങ്ങൾക്ക് കൂടുതൽ ആധികാരികത ഉണ്ടാകും എന്ന പ്രതീക്ഷ ആവാം ഇതിന്റെ പിന്നിൽ. എന്നാൽ അമ്മാവനോടുള്ള ചിരപരിചിതത്വത്തിന്റെ ആനുകൂല്യം വിസ്താരഭയം കാരണം മുഴുവനായി ഈയുള്ളവൻ ഉപയോഗിക്കുന്നില്ല. സാമൂതിരി സ്വരൂപത്തിലെ മൂന്ന് ശാഖകളിൽ ഒന്നായ കോട്ടക്കൽ കിഴക്കേ കോവിലകത്തിന്റെ സുകൃത സന്തതിയാണ് ഉണ്ണിയനുജൻ തമ്പുരാൻ. 1925 ജൂലൈ എട്ടിന് അഥവാ മിഥുന മാസത്തിൽ



അവിട്ടം നാളിൽ അഴകപ്പുറം കുബേരൻ നമ്പൂതിരിയുടെയും കുഞ്ഞുമ്പാട്ടി തമ്പുരാട്ടിയുടെയും ആറു മക്കളിൽ നാലാമനായി ജനനം. ആറാമത്തെ കുഞ്ഞിന് ജന്മം നൽകിയതിന് പിന്നാലെ തമ്പുരാട്ടി മരിച്ചു. മൂത്ത സഹോദരിയായ കുഞ്ഞനുജത്തി തമ്പുരാട്ടി (എന്റെ അമ്മൂമ്മ) കൂടപ്പിറപ്പുകളുടെ പരിപാലനം ഏറ്റെടുത്തു എന്നാൽ അനാഥത്വം എന്ന ഒരു വാക്ക് അന്നത്തെ ജീവിത പുസ്തകത്തിൽ ഇല്ലായിരുന്നു. ഇരുനൂറോളം പേരുള്ള കൂട്ടുകുടുംബത്തിന്റെ കെട്ടുറപ്പിൽ ആറു സഹോദരങ്ങളും അമ്മയില്ലെന്ന ദുഃഖം അറിയാതെ വളർന്നു. ഔപചാരിക പഠനം അന്ന് കോവിലകങ്ങൾക്ക് വലിയൊരു കടമ്പ ആയിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസത്തിന് കോവിലകത്തിന്റെ പടിപ്പുരയ്ക്കൽ തന്നെ കെ പി സ്കൂൾ അഥവാ കോവിലകം പബ്ലിക് സ്കൂൾ. സെക്കൻഡറി വിദ്യാഭ്യാസത്തിന് ഒരു നാഴിക അകലെയുള്ള തോക്കാംപാറക്കുന്നിൽ കോവിലകം വകയായുള്ള രാജാസ് ഹൈസ്കൂൾ. ഹൈസ്കൂൾ പഠനകാലത്ത് പാഠപുസ്തകത്തെക്കാൾ കാൽപന്തിനോടായിരുന്നു കമ്പം എന്ന് അമ്മാവൻ പറയുമായിരുന്നു. എന്നാൽ ഇന്റർമീഡിയറ്റിന് കോഴിക്കോട് സാമൂതിരി കോളേജിൽ എത്തിയപ്പോൾ തമ്പുരാൻ കളിയും കാൽപന്തും എല്ലാം മാറ്റിവച്ചു. കളിക്കളത്തിൽ നിന്നും പഠിച്ച കൃത്യതയും സൂക്ഷ്മതയും പക്ഷെ ജീവിത വിജയത്തിലേക്കുള്ള വഴിയിൽ അമ്മാവൻ കൈവിട്ടില്ല.

*ശേഷം 67 ൽ*

ലേഖനം

# അന്തഃപുരത്തിൽ ജീവിച്ച് അറിവിന്റെ കൊടുമുടികൾ കീഴടക്കിയ രാജകന്യക



**പ്രൊഫ: എ. ഇന്ദിരാകുമാരി** (പരപ്പനാട്ട് വലിയറാണി)
തിരുവനന്തപുരം

ഒരു നൂറ്റാണ്ടോളം മുമ്പ് ഭാരതത്തിലെ സ്ത്രീകൾ പൊതുവെയും രാജകൊട്ടാരങ്ങളിലെ സ്ത്രീകൾ പ്രത്യേകിച്ചും പുറംലോകവുമായി ബന്ധപ്പെടാനാകാതെ സ്വഭവനങ്ങളുടെ അകത്തളങ്ങളിൽ ഒതുങ്ങി കഴിയേണ്ടി വന്നകാലത്ത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചും ഒന്നാംലോകമഹായുദ്ധത്തെകുറിച്ചും വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ കവിതകളെ കുറിച്ചും സമഗ്രമായ അറിവ് ഒരു രാജകന്യക നേടി എന്നു പറഞ്ഞാൽ അതു വിശ്വസിക്കാൻ പ്രയാസം തോന്നിയേക്കാം. ആ നേട്ടം കൈപ്പിടിയിലൊതുക്കിയ മഹാപ്രതിഭയായിരുന്നു അനന്തപുരം കൊട്ടാരത്തിൽ ജനിച്ച് ജീവിച്ച് ഇരുപത്തിയൊന്നാം വയസ്സിൽ സർവേശ്വരപാദങ്ങളിൽ വിലയം പ്രാപിച്ച അവിട്ടംനാൾ കൊച്ചുതങ്കം തമ്പുരാട്ടി. കേരളകാളിദാസൻ കേരളവർമ്മ വലിയകോയിതമ്പുരാന്റെ ഇളയഭാഗിനേയി പൂയംനാൾ അംബാലികതമ്പുരാട്ടി (ചാതക സന്ദേശത്തിലെ നായിക)യുടെയും മൂവാറ്റുപുഴ മേടങ്ങാലമനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും ഇളയപുത്രിയായി ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ കൊച്ചുതങ്കം തമ്പുരാട്ടി ജനിച്ചു. (കൃത്യമായ ജനനതീയതി അറിയാൻ പാടില്ല. നേരെ മൂത്തസഹോദരി 1918 ൽ ജനിച്ച കൊച്ചോമനതമ്പുരാട്ടിയെക്കാൾ രണ്ടുവയസ്സു കുറവായിരുന്നു എന്നു പറഞ്ഞറിഞ്ഞിട്ടുണ്ട്. അപ്പോൾ 1920 ലോ 1921 ലോ ആണ് തമ്പുരാട്ടി ജനിച്ചത് എന്ന് അനുമാനിക്കാവുന്നതാണ്).



കുട്ടിയായിരിക്കുമ്പോൾ തന്നെ അസാമാന്യ ബുദ്ധിവൈഭവം പ്രകടിപ്പിച്ച് കൊച്ചുതങ്കം തമ്പുരാട്ടി എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചിരുന്നു. എഴുത്തിനിരുത്തു കഴിഞ്ഞ് അന്നത്തെ ആചാരമനുസരിച്ച് സംസ്കൃതപഠനം തുടങ്ങി. ഗുരു സംസ്കൃത പണ്ഡിതയും കവയിത്രിയുമായിരുന്ന മാതാവ് തന്നെയായിരുന്നു. ബുദ്ധിശക്തിക്കൊപ്പം പഠനത്തിൽ ശ്രദ്ധയും പുലർത്തിയ പുത്രിയെ എത്ര പഠിപ്പിച്ചാലും മാതാവിനും എത്രപഠിച്ചാലും പുത്രിയ്ക്കും മതിയാകുമായിരുന്നില്ല. അങ്ങിനെ ശ്രേഷ്ഠമായ ഒരു ഗുരു ശിഷ്യബന്ധവും ആ മാതൃപുത്രി ബന്ധത്തിന്റെ സവിശേഷതയായി.

രാജകൊട്ടാരങ്ങളിലെ പെൺകുട്ടികളെ നാനാജാതി മതസ്ഥർ പഠിക്കുന്ന പൊതു വിദ്യാലയങ്ങളിൽ അയയ്ക്കുന്നത് നിഷിദ്ധമായാണ് അന്ന് കരുതിപ്പോന്നത്. അതുകൊണ്ട് ഔപചാരികമായ വിദ്യാഭ്യാസം തമ്പുരാട്ടിക്ക് ലഭിച്ചില്ല. താല്പര്യമുള്ള വിഷയങ്ങൾ പഠിപ്പിക്കാൻ അദ്ധ്യാപകരെ കാരണവന്മാർ ഏർപ്പാടു ചെയ്യുകയായിരുന്നു പതിവ്. കൊച്ചുതങ്കം തമ്പുരാട്ടിക്ക് ഇംഗ്ലീഷു പഠിയ്ക്കണമെന്ന് താല്പര്യം അറിയിച്ചപ്പോൾ പ്രഗൽഭനായ ഒരു അദ്ധ്യാപകനെ അതിനു നിയോഗിച്ചു. ചുരുങ്ങിയ സമയംകൊണ്ടു തമ്പുരാട്ടി ഇംഗ്ലീഷ് ഭാഷയിൽ നല്ല പരിജ്ഞാനം

നേടി. ഇംഗ്ലീഷ് സാഹിത്യത്തിലെ ക്ലാസിക്കുകൾ അനായാസേന വായിച്ചു മനസ്സിലാക്കുവാനുള്ള കഴിവു തമ്പുരാട്ടി സമ്പാദിച്ചു.

രാജകുടുംബങ്ങൾ പാരമ്പര്യമായി പിന്തുടർന്നു വന്ന മൂല്യങ്ങൾ ജീവിതത്തിൽ പകർത്തിയ വിശിഷ്ട വ്യക്തിയായിരുന്നു കൊച്ചുതങ്കംതമ്പുരാട്ടി. ഈശ്വരഭക്തിയും ഗുരുത്വവും വിനയവും തമ്പുരാട്ടിയുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന ഗുണങ്ങളായിരുന്നു. ഭക്തിയുടെ തിരിനാളം അവസാനശ്വാസം വരെ കെടാതെ സൂക്ഷിച്ച പുണ്യവതി കൂടിയായിരുന്നു തമ്പുരാട്ടി. തന്റെ പുരയിടത്തിൽ നിന്നും ആദ്യമായി ലഭിച്ച ആദായത്തിന്റെ ഒരു വിഹിതം മാറ്റിവച്ച് അതുകൊണ്ട് ശിവഭഗവാന് ധാര നടത്താൻ വെള്ളികൊണ്ട് ഒരു പാത്രമുണ്ടാക്കിച്ച് തമ്പുരാട്ടി കുടുംബക്ഷേത്രത്തിൽ സമർപ്പിച്ചു. പ്രഭാതസ്നാനം കഴിഞ്ഞ് കയ്യിൽ പൂപ്പാത്രവുമായി കുടുംബക്ഷേത്രത്തിൽ സമർപ്പിക്കാൻ മുറ്റത്തെ ചെമ്പരത്തിയിൽ നിന്ന് പൂക്കൾ പറിച്ചെടുത്ത കൊച്ചുതങ്കംതമ്പുരാട്ടിയുടെ രൂപം തന്റെ മനസ്സിൽ നിന്നും ഒരിക്കലും മായുകയില്ല എന്ന് സഹോദരി കൊച്ചോമനതമ്പുരാട്ടി പറയാറുണ്ടായിരുന്നു.

മാതൃഭക്തിയ്ക്കും മാതൃസ്നേഹത്തിനും എന്നും മഹനീയ മാതൃകയായിരുന്നു തമ്പുരാട്ടി. ഗുരു കൂടിയായ മാതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾ അറിഞ്ഞു പ്രവർത്തിച്ച ഉത്തമപുത്രിയായ തമ്പുരാട്ടി സഹോദരസ്നേഹത്തിന്റെ കാര്യത്തിലും എന്നും മുന്നിലായിരുന്നു. തന്റെ പല പ്രതിസന്ധിഘട്ടങ്ങളിലും താങ്ങും തണലുമായി കൂടെനിന്നത് അനുജത്തി ആയിരുന്നു എന്ന് കൊച്ചോമനതമ്പുരാട്ടി പലപ്പോഴും കൃതജ്ഞതാപൂർവ്വം സ്മരിക്കാറുണ്ടായിരുന്നു. ആശ്രിതർക്ക് കല്പതരുവായിരുന്നു കൊച്ചുതങ്കം തമ്പുരാട്ടി. അംബാലിക തമ്പുരാട്ടിയുടെ ആശ്രിതരുടെ കൂട്ടത്തിൽ 'കുട്ടയമ്മ' എന്നു വിളിപ്പേരുള്ള ഒരു പരിചാരികയുണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലായിരുന്നെങ്കിലും ബുദ്ധിയും വിവരവും കാര്യശേഷിയും സത്യസന്ധതയും സ്വാമി ഭക്തിയുമുള്ള ഒരു ഉത്തമ സ്ത്രീയായിരുന്നു അവർ. ശിശുപരിചരണത്തിൽ അവർക്ക് പ്രത്യേക വൈദഗ്ദ്ധ്യമുണ്ടായിരുന്നു. കൊട്ടാരത്തിലെ നിരവധി അംഗങ്ങളെ അവർ കുട്ടിക്കാലത്ത് പരിചരിച്ചിട്ടുണ്ട്. താൻ പരിചരിക്കുന്ന കുട്ടികളെ സ്വന്തം മക്കളെപോലെ അവർ സ്നേഹിച്ചിരുന്നു. ഭർത്താവും മക്കളുമില്ലാതിരുന്ന അവർ സഹോദരനോടും കുടുംബത്തോടുമൊപ്പമാണ് കഴിഞ്ഞിരുന്നത്. അവർക്ക് അറുപതുവയസ്സു തികഞ്ഞപ്പോൾ അവരുടെ ഷഷ്ടിപൂർത്തി ആഘോഷിക്കാൻ കൊച്ചുതങ്കം തമ്പുരാട്ടി തീരുമാനിച്ചു. വിഭവസമൃദ്ധമായ സദ്യയൊരുക്കി മകളുടെ സ്ഥാനത്തുനിന്നു തമ്പുരാട്ടി അവരെ ഊണു കഴിപ്പിച്ചു. പിൽക്കാലത്ത് തമ്പുരാട്ടിയുടെ സ്നേഹത്തെയും ആശ്രിതവാത്സല്യത്തെയും കുറിച്ച് പറഞ്ഞ് വികാരാധീനയായി കുട്ടയമ്മ കണ്ണീരൊഴുക്കാറുണ്ടായിരുന്നു.

അതിഥികൾക്ക് ഒരിക്കലും മറക്കാനാകാത്ത ആതിഥേയയായിരുന്നു കൊച്ചുതങ്കം തമ്പുരാട്ടി. അറിവും, ബുദ്ധിയും സ്വഭാവ മഹിമയും സംഭാഷണചാതുരിയും സർവ്വോപരി മികവുറ്റ ആതിഥ്യ മര്യാദയും കൊണ്ട് തമ്പുരാട്ടി അതിഥികളുടെ മനസ്സിൽ മായാത്ത മുദ്രപതിപ്പിച്ചു. ലോകപ്രശസ്തനായ 'കേരള പാണിനി' എ.ആർ. രാജരാജവർമ്മ കോയിതമ്പുരാന്റെ മൂത്തപുത്രി പണ്ഡിതയും സാഹിത്യകാരിയുമായിരുന്ന ഭാഗീരഥി അമ്മ തമ്പുരാൻ പിതൃഗൃഹം സന്ദർശിക്കാൻ ഇടയ്ക്കിടെ അനന്തപുരം കൊട്ടാരത്തിലെത്താറുണ്ടായിരുന്നു. അവിടെ തന്നെ ഏറ്റവും അധികം ആകർഷിച്ച വ്യക്തി കൊച്ചുതങ്കം തമ്പുരാട്ടിയായിരുന്നു എന്ന് അമ്മതമ്പുരാൻ ആവർത്തിച്ചു പറയാറുണ്ടായിരുന്നു.

കേരളത്തിന്റെ പലഭാഗങ്ങളിലായി താമസിച്ചിരുന്ന രാജകുടുംബാംഗങ്ങൾ തിരുവിതാംകൂർ മഹാരാജാവിനെയും മറ്റു രാജകുടുംബാംഗങ്ങളെയും മുഖം കാണിക്കാൻ തിരുവനന്തപുരത്തെത്താറുണ്ടായിരുന്നു. അംബാലികതമ്പുരാട്ടിയും കുടുംബസമേതം തിരുവനന്തപുരത്ത് വരാറുണ്ടായിരുന്നു. തമ്പുരാട്ടിയുടെ ഇളയസഹോദരൻ രാമവർമ്മ വലിയകോയിതമ്പുരാൻ തിരുവിതാംകൂർ സീനിയർ മഹാറാണി (റിജന്റ് മഹാറാണി) സേതുലക്ഷ്മീബായി തിരുമനസ്സിനെയാണ് പള്ളിക്കെട്ട് (വിവാഹം) കഴിച്ചിരുന്നത്. അതുകൊണ്ട് അവർ തിരുവനന്തപുരത്തെത്തുമ്പോൾ മഹാറാണിയുടെ പൂജപ്പുരയിലെ വസതിയായ സേതൽമണ്ട് കൊട്ടാരത്തിനടുത്തുള്ള അതിഥി മന്ദിരത്തിലാണ് താമസിച്ചിരുന്നത്. മഹാറാണിയുടെയും വലിയ കോയി

തമ്പുരാന്റെയും സ്നേഹപൂർവ്വമായ നിർബന്ധ ത്തിനുവഴങ്ങി രണ്ടോ മൂന്നോ മാസം അവർ അവിടെ താമസിക്കാറുണ്ടായിരുന്നു.

കൊച്ചുതങ്കം തമ്പുരാട്ടിയുടെ സ്വഭാവമഹിമയും ബുദ്ധിശക്തിയും അറിവും സംഭാഷണ ചാതുരിയും മഹാറാണി തിരുമനസ്സിനെയും പുത്രിമാരായ ഉത്രംതിരുനാൾ ലളിതാംബാബായി തമ്പുരാട്ടി യെയും കാർത്തിക തിരുനാൾ ഇന്ദിരാബായി തമ്പുരാട്ടിയെയും വളരെയധികം ആകർഷിച്ചു. രാജകുമാരിമാർ രണ്ടുപേരും ഒരു ഉറ്റ സുഹൃത്തി നോടെന്നപോലെയാണ് തമ്പുരാട്ടിയോടു പെരുമാ റിയത്. തമ്പുരാട്ടി ഇംഗ്ലീഷ് പഠിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ ഉത്രംതിരുനാൾ അക്കാലത്ത് പ്രശസ്തമായിരുന്ന Uncle Tom’s Cabin എന്ന നോവൽ തമ്പുരാട്ടിക്കു സമ്മാനമായി നൽകി. ആഫ്രിക്കൻ വംശജരായ അടിമകൾ പാശ്ചാത്യ നാടുകളിൽ വെള്ളക്കാരുടെ കീഴിൽ അനുഭവിച്ച കൊടിയയാതനകളാണ് ആ നോവലിലെ ഇതിവൃത്തം. ആ നോവൽ വായിച്ചു വികാരാധീന യായി കണ്ണീർ പൊഴിച്ച തമ്പുരാട്ടി ഒരു നിധി പോലെ ആ പുസ്തകം സൂക്ഷിച്ചു. വിജ്ഞാന സമ്പാദനത്തിനു സമർപ്പിക്കപ്പെട്ട ജീവിതമായി രുന്നു കൊച്ചുതങ്കം തമ്പുരാട്ടിയുടേത്. വിവാഹവും കുടുംബജീവിതവും തന്റെ ലക്ഷ്യപ്രാപ്തിയ്ക്കു തടസ്സമായെങ്കിലൊ എന്ന ആശങ്ക മനസ്സിലുണ്ടാ യിരുന്ന തമ്പുരാട്ടി വിവാഹം തന്നെ വേണ്ടെന്നു വയ്ക്കുകയാണുണ്ടായത്. വായനശാലകളിലെ പുസ്തകളിൽ നിന്നും ദിനപ്പത്രങ്ങളിൽ നിന്നും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിന്നും തമ്പുരാട്ടി ലോകകാര്യങ്ങളെയും രാജ്യകാര്യങ്ങ ളെയും സ്വാതന്ത്ര്യസമരത്തെയും വിശ്വസാഹിത്യ കൃതികളെയും കുറിച്ച് സമഗ്രമായ അറിവുനേടി. തമ്പുരാട്ടിയുടെ സഹോദരി കൊച്ചോമനതമ്പു രാട്ടിയുടെ ഭർത്താവ് പന്തളം രാജകുടുംബാംഗം കേരളവർമ്മരാജാ തിരുവനന്തപുരത്ത് വഞ്ചിയൂർ കോടതിയിൽ അഭിഭാഷകനായിരുന്നു. കറകളഞ്ഞ കോൺഗ്രസുകാരനും തികഞ്ഞ ഗാന്ധിഭക്തനു മായിരുന്നു അദ്ദേഹം. തന്നെക്കാൾ ഇരുപതുവയ സ്സോളം പ്രായം കുറഞ്ഞ ഭാര്യാസഹോദരിയോട് പിതൃ നിർവിശേഷമായ സ്നേഹവാത്സല്യങ്ങ ളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. കേസുകളുടെ ഇടവേളകളിൽ അദ്ദേഹം അനന്തപുരത്തുള്ള പ്പോൾ രാജ്യകാര്യങ്ങളെയും സ്വാതന്ത്ര്യസമര ത്തെയും കുറിച്ച് പുതിയ അറിവുകൾ നേടാനുള്ള വെമ്പലോടെ കൊച്ചുതങ്കം തമ്പുരാട്ടി ഓടിയെ ത്തുമായിരുന്നു.

സംസ്കൃതത്തിൽ അവഗാഹമുണ്ടായിരുന്ന കൊച്ചുതങ്കം തമ്പുരാട്ടി പലപ്പോഴും സംസ്കൃത ത്തിലാണ് കത്തുകളെഴുതിയിരുന്നത്. ആ കത്തു കൾ തമ്പുരാട്ടിയുടെ വിജ്ഞാനത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങളായി നിലകൊള്ളുന്നു. ഇരുപത്തിയൊന്നു വയസ്സിനു മുമ്പ് തമ്പുരാട്ടി എഴുതിയ ആ കത്തുകളിൽ ലോകകാര്യങ്ങളും സ്വാതന്ത്ര്യസമരവും മുതൽ വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ കൃതികൾ വരെ പരാമർശവിഷയങ്ങളായിട്ടുണ്ടെന്ന വസ്തുത നമ്മളെ ആശ്ചര്യഭരിതരാക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ജ്ഞാനസമ്പാദനത്തിന്റെ പാതയിൽ അതിവേഗം മുന്നേറുമ്പോൾ വിധിയുടെ ക്രൂരമായ ഹസ്തം തമ്പുരാട്ടിയുടെ മേൽ പതിച്ചു. പൊതുവേ ആരോ ഗ്യവതിയായിരുന്ന തമ്പുരാട്ടി ടൈഫോയിഡ് പിടിപെട്ട് ശയ്യാവലംബിയായി. എട്ടുപതിറ്റാണ്ടു മുമ്പ് ടൈഫോയിഡിന് ഇന്നത്തെ അത്രയും ഫലപ്രദമായ ചികിത്സ ലഭ്യമായിരുന്നില്ല. തമ്പുരാട്ടി രോഗാതുരയായപ്പോൾ പരിചരണം ഏറ്റെടുക്കാൻ സ്വമനസ്സാലെ തയാറായത് അംബാലിക തമ്പുരാ ട്ടിയുടെ മൂത്തസഹോദരി പണ്ഡിതയും സാഹിത്യ കാരിയുമായ കാർത്തികനാൾ അംബാദേവി തമ്പുരാട്ടിയുടെ മൂത്തപുത്രി തൃക്കേട്ട നാൾ ലളിതാംബ തമ്പുരാട്ടിയായിരുന്നു. പരോപകാ രിയും മഹാമനസ്ക്കയുമായ ലളിതാംബ തമ്പുരാട്ടി സ്വമാതാവിനെപോലെ പണ്ഡിതയും സാഹിത്യ കാരിയുമായിരുന്നു. ഡോക്ടറുടെ അശ്രാന്തപരിശ്ര മവും ലളിതാംബ തമ്പുരാട്ടിയുടെ സ്നേഹപൂർണ്ണ മായ പരിചരണവും നിഷ്ഫലമാക്കി കൊച്ചുതങ്കം തമ്പുരാട്ടിയുടെ രോഗം അതീവ ഗുരുതരാവസ്ഥയി ലെത്തി. അവസാനശ്വാസം വരെ ഭക്തിയുടെ തിരിനാളം മനസ്സിൽ സൂക്ഷിച്ച കൊച്ചുതങ്കം തമ്പുരാട്ടി ശിവഭഗവാനോടുള്ള പ്രാർത്ഥനയായ “കരചരണ കൃതംവാ” എന്നു തുടങ്ങുന്ന സ്ത്രോത്രം ക്ഷീണിച്ച സ്വരത്തിൽ ചൊല്ലാൻ തുടങ്ങി. പക്ഷെ ശ്ലോകം മുഴുവനാകുന്നതിനു മുമ്പ് ആ സ്വരം നിലച്ചു. പിന്നെ തമ്പുരാട്ടിയുടെ രണ്ടുകൈകളും

കൂട്ടിപ്പിടിച്ച് പ്രാർത്ഥനയോടെ ആ ശ്ലോകം മുഴുവ നാക്കിയത് മഹാമനസ്വിനിയായ ലളിതാംബ തമ്പുരാട്ടിയായിരുന്നു.

അമ്മയുടെ ഇളയസഹോദരിയായ കൊച്ചുതങ്കം തമ്പുരാട്ടിയെ ഞാൻ 'കൊച്ചാമ്മ' എന്നാണ് വിളി ച്ചിരുന്നത്. അമ്മയുടെ അനുജത്തിയെ അനന്ത പുരം കൊട്ടാരത്തിലുള്ളവരും അടുത്തബന്ധുക്ക ളായ ചെമ്പ്രോൽ കൊട്ടാരത്തിലും ചങ്ങനാശ്ശേരി കൊട്ടാരത്തിലുമുള്ളവരും 'കൊച്ചമ്മ' എന്നുള്ളത് നീട്ടി 'കൊച്ചാമ്മ' എന്നാണ് വിളിക്കാറുണ്ടായിരു ന്നത്. 'കൊച്ചാമ്മ' എനിക്ക് ചെറിയമ്മ മാത്രമല്ല, അമ്മയും കൂടി ആയിരുന്നു. എന്നെക്കാൾ രണ്ടര വയസ്സു കുറവായ എന്റെ അനുജത്തി ശൈശവ ത്തിൽ അസുഖബാധിതയായിരുന്നു. ഏറെ നാളത്തെ ചികിത്സയ്ക്കും പരിചരണത്തിനും ശേഷമാണ് പൂർണ്ണരോഗമുക്തി നേടിയത്. അനുജത്തിയുടെ പരിചരണം അനിവാര്യമായിരുന്നതുകൊണ്ട് ഞാൻ കൊച്ചുകുട്ടിയായിരുന്നിട്ടും എന്നെ ലാളി ക്കാൻ അമ്മയ്ക്ക് സമയം കിട്ടിയിരുന്നില്ല. അമ്മ യുടെ സ്നേഹവാത്സല്യങ്ങൾ നൽകി എന്നെ പരിപാലിച്ചത് നന്മയുടെ നിറകുടമായ കൊച്ചാമ്മ ആയിരുന്നു. ഹതഭാഗ്യയായ എനിക്ക് കഷ്ടിച്ച് മൂന്നരവയസ്സുവരെ മാത്രമേ ആ സ്നേഹലാളന കൾ അനുഭവിയ്ക്കാൻ യോഗമുണ്ടായുള്ളൂ. അതുകൊണ്ട് കൊച്ചാമ്മയെകുറിച്ച് വളരെ നേരിയ ഓർമ്മകൾ മാത്രമാണ് എന്റെ മനസ്സിലുള്ളത്. സ്നേഹനിധിയായ കൊച്ചാമ്മ വാത്സല്യത്തോടെ 'മക്കളെ' എന്നാണ് എന്നെ വിളിച്ചിരുന്നതെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ വളരെയധികം താല്പര്യമുണ്ടായിരുന്ന കൊച്ചാമ്മ സ്വാതന്ത്ര്യ സമരസേനാനികളുടെ പേരുകൾ പഠിപ്പിച്ച് എന്നെക്കൊണ്ടു പറയിക്കുമായിരുന്നു എന്നും അമ്മ പറഞ്ഞിട്ടുണ്ട്. അവസാനസമയത്ത് എന്നെ കാണണമെന്ന് കൊച്ചാമ്മ ആഗ്രഹം പ്രകടിപ്പിച്ചു. രോഗശയ്യക്കരികിൽ കൊച്ചുകുട്ടിയെ കൊണ്ടുപോകാൻ പാടില്ലായിരുന്നതുകൊണ്ട് ജന്നലിൽ കൂടി എന്നെ എടുത്തുകാണിക്കുക യാണു ചെയ്തത്. ആ സമയത്ത് വാത്സല്യ ത്തോടെ കൊച്ചാമ്മ എന്നെ നോക്കി പുഞ്ചിരിച്ചത് ഒരു നേരിയ ഓർമ്മയായി ഇന്നും എന്റെ മനസ്സിൽ മായാതെ നിലനില്ക്കുന്നു. എന്നും സന്ധ്യാവേള യിൽ ഈശ്വരപ്രാർത്ഥന കഴിഞ്ഞ് ഞാൻ മാതൃ തുല്യയും ദൈവതുല്യയുമായ കൊച്ചാമ്മയെ മനസ്സിൽ സ്മരിച്ചു പ്രണാമം അർപ്പിക്കാറുണ്ട്. കൊച്ചാമ്മ ഈ പ്രിയപുത്രിയെ നന്മയുടെ പാത യിൽ കൂടി നയിച്ച് അനുഗ്രഹിക്കേണമേ എന്ന പ്രാർത്ഥനയും നടത്താറുണ്ട്.

അനന്തപുരം കൊട്ടാരത്തിലെ മൂന്നുപേർ മാത്ര മാണ് കൊച്ചുതങ്കം തമ്പുരാട്ടിയുടെ ഓർമ്മകളു മായി ഇന്നു ജീവിച്ചിരിക്കുന്നത്. അവരിൽ ഏറ്റവും പ്രായം കുറഞ്ഞ എനിക്ക് എൺപത്തിനാലു വയസ്സുകഴിഞ്ഞു. അറിവിന്റെ, ബുദ്ധിയുടെ, ഊർജ്ജസ്വലതയുടെ, സ്വഭാവമഹിമയുടെ, തേജോരൂപമായ കാലത്തിനുമുമ്പേ നടന്ന ഈ അതുല്യ പ്രതിഭയെ ഇനി ഏറെ വൈകുന്നതി നുമുമ്പ് ക്ഷത്രിയസമൂഹത്തിനു പരിചയപ്പെടുത്ത ണമെന്ന അദമ്യമായ ആഗ്രഹമാണ് ഈ ലേഖനം എഴുതാൻ എനിക്ക് പ്രേരണയായത്. അന്തഃപുര ത്തിൽ ഉദിച്ചുയർന്ന് ദിവ്യപ്രഭ ചൊരിഞ്ഞ ആ ഉജ്ജ്വല നക്ഷത്രം വരും തലമുറകൾക്ക് പ്രചോദന മായി എന്നെന്നും വിളങ്ങി നിൽക്കണമേ എന്നുള്ള പ്രാർത്ഥനയോടെ ഈ കണ്ണീർ പ്രണാമം ഞാൻ ആ പാവനസ്മരണയ്ക്കു മുമ്പിൽ സമർപ്പിച്ചു കൊള്ളുന്നു. ●

## ഹ്രസ്വചിത്രം

കെ.എൽ.ശ്രീകൃഷ്ണദാസ് രചനയും സംവിധാനവും നിർവ്വഹിച്ച **FOOD FOR THOUGHT** എന്ന നിശ്ശബ്ദ ഹ്രസ്വചിത്രത്തിന്റെ നിർമ്മാണം തിരുവനന്തപുരത്ത് പൂർത്തിയായി. ഈ ചിത്രത്തിൽ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി പി.കെ.ജയചന്ദ്രവർമ്മ, എസ്. സൂരജ് വർമ്മയുടെ മകൻ എസ്. ശ്രീരാജ് വർമ്മ, സജിത്ത് വർമ്മ (പൊൻകുന്നം) യുടെ മകൻ ശരത് വർമ്മ എന്നിവർ അഭിനയിക്കുന്നുണ്ട്. കിളിമാനൂർ രാമവർമ്മയാണ് സംഗീത സംവിധാനം നിർവ്വഹിച്ചിരിക്കുന്നത്. ഈ ചിത്രം ജൂലൈ മാസത്തിൽ മൂന്നു അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ പങ്കെടുക്കുന്നുണ്ട്.


കവിത

# എന്റെ വീട്

**പ്രൊഫ. കെ.എൻ.എസ്. വർമ്മ**
(ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ്)
മൊ. 9447475332



കുളിരുപെയ്യുന്ന മാമലച്ചോട്ടിൽ ഞാൻ
കുടിലുകെട്ടിത്തുടങ്ങിയെൻ ജീവിതം
അരികുപറ്റി കുണുങ്ങിച്ചിരിച്ചുകൊ-
ണ്ടലസ ഗാമിനി കാട്ടുനീർചോലതൻ
കളകളാരവ മന്ത്രധ്വനികളെൻ
ഹൃദയതന്ത്രികൾ മീട്ടുവതെപ്പോഴും
ഹരിതവർണ്ണ പ്രപഞ്ചമൊരുക്കുമീ-
തരുനികരങ്ങളെന്നയൽക്കാരിവർ
നയനകൗതുകം കാഴ്ചവയ്ക്കുന്നിതാ
വനകുസുമങ്ങൾ, വള്ളിപ്പടർപ്പുകൾ
ഒഴുകിയെത്തും സുരഭിയാം തെന്നലും
തഴുകലേറ്റിളം ചില്ലതൻ നൃത്തവും
പുലരിയിൽ സ്നേഹകൂജനം പാടുമാ
പറവകൾ തന്റെ തേൻമൊഴിക്കൊഞ്ചലും
ഉരുകി വേകുന്ന വേനൽ തുടുപ്പിലും
ഉറവ വറ്റാത്ത ദാഹനീർധാരയും
മകരമഞ്ഞിൻ തണുപ്പിലും, ഘോരമാം
മിഥുനവർഷക്കെടുതിതൻ നോവിലും
മനസ്സു ചുട്ടുകരിച്ചു പുകച്ചു, തീ
ക്കനലുതിർക്കുമീ മേടത്തികവിലും
നിയതിയേകുന്ന കായ്കനിക്കൂട്ടവും
നിയമമേശാത്ത സ്വച്ഛന്തനിഷ്ഠയും
നിറയുമെന്നുടെ ജീവിത നൗക ഞാൻ
കുതുകമോടെത്തുഴഞ്ഞുപോയ് ശാന്തമായ്
ഇവിടെയന്യമാം ജാതിതൻ കൂത്തുകൾ
ഇവിടെയീ കൊച്ചു കൂരതൻ ചോട്ടിലാ-
ണതിവിശുദ്ധിതൻ പൊൻകണം കാണ്മൂ ഞാൻ.




## ഗിന്നസ് അവാർഡ്



അമേരിക്ക ഉൾപ്പെടെ ലോകത്തിലെ വിവിധരാജ്യങ്ങളിൽ നിന്നും തിരുവനന്തപുരം ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിലെ 288 പൂർവ്വവിദ്യാർത്ഥികൾ ഒരുമിച്ചു ചേർന്ന് പാടിയ പാട്ടുകൾക്ക് ഗിന്നസ് അവാർഡ് ലഭിച്ചു. അവരിൽ ഒരു Participant ആണ് സുധീർ എൻ (ഗോപികൃഷ്ണൻ). അമേരിക്കയിലെ North Carolina യിലെ LXT യിൽ Software Engineer ആയി ജോലി ചെയ്യുന്നു. അച്ഛൻ വടക്കാഞ്ചേരി ആലത്തൂർ മനയിൽ പരേതനായ Prof. A.D നാരായണൻ. അമ്മ പ്രൊഫ. എ. ഇന്ദിരാകുമാരി (അനന്തപുരം കൊട്ടാരം, ഹരിപ്പാട്). ഭാര്യ വൈക്കം വെട്ടിയത്തിൽ കോവിലകത്തെ വൃന്ദാരാജാ.



# കുലശേഖര ആഴ്‌വാർ

**വിനോദ് വർമ്മ**
ചെന്നൈ, മൊ. 98400 31531

**ചേ**രവംശത്തിലെ രാജാവായിരുന്നു കുലശേഖര ആഴ്‌വാർ. തമിഴ്നാട്ടിൽ 12 വിഷ്ണുഭക്ത സന്യാസിമാരിൽ ഒരാളായി ഇദ്ദേഹത്തെ ആരാധിക്കുന്നു.

കേരളത്തിൽ ഇന്നത്തെ തിരുവഞ്ചിക്കുളത്തായിരുന്നു ഇദ്ദേഹം ജനിച്ചത്. അദ്ദേഹം പൂജിച്ചിരുന്ന ക്ഷേത്രമാണത്രേ കൊടുങ്ങല്ലൂരുള്ള തൃക്കുലശേഖരപുരം ശ്രീകൃഷ്ണക്ഷേത്രം.

"കുംഭേ പുനർവസൗ ജാതം
കേരളേ ചോളപട്ടണേ
കൗസ്തുഭാംശം ധരാധീശം
കുലശേഖരമാശ്രയേ"

ഇതാണ് അദ്ദേഹത്തിന്റെ ജന്മനക്ഷത്രം സൂചിപ്പിക്കുന്ന ശ്ലോകം.

'കൊല്ലിക്കാവലൻ' എന്ന ചേരരാജാക്കന്മാരുടെ ബിരുദം. കൂടാതെ ചോഴതലസ്ഥാനമായിരുന്ന ഉറയൂർ കീഴടക്കുകയാൽ 'കോഴിക്കോടൻ' എന്നും പാണ്ഡ്യതലസ്ഥാനമായിരുന്ന മധുര കീഴടക്കുകയാൽ 'കൂടൽ നായകൻ' എന്നും ബിരുദങ്ങൾ സ്വീകരിച്ചിരുന്നു!

ദക്ഷിണഭാരതം അടക്കിവാണിരുന്ന അദ്ദേഹം ശക്തനും പ്രതാപിയും ധർമ്മിഷ്ഠനും വലിയ വിഷ്ണുഭക്തനുമായിരുന്നു. അദ്ദേഹം ഒരു കല്ലായോ മരമായോ പക്ഷിയായോ തിരുമലയോളം എത്താൻ ആഗ്രഹം തന്റെ സ്തുതികളിൽ പ്രകടിപ്പിച്ചു എന്നത് അദ്ദേഹത്തിന്റെ ഭക്തിപാരവശ്യത്തെ സ്പഷ്ടമാക്കുന്നു.

തിരുമലക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെ ഇരുവശവും ദ്വാരപാലകരായി ജയവിജയന്മാരുടെ ബിംബങ്ങൾ കാണാം. അവർ കാവൽ നിൽക്കുന്ന ആ പടി ഈ ആഴ്‌വാരുടെ സ്മരണയ്ക്കായി കുലശേഖരപ്പടി എന്നാണ് ഇന്നും അറിയപ്പെടുന്നത്.

അദ്ദേഹത്തിന്റെ ഭക്തിപാരവശ്യം പ്രകടമാക്കുന്ന ഒരു കഥ ശ്രദ്ധിക്കാം:

ഒരിക്കൽ അദ്ദേഹം രാമായണകഥ കേൾക്കുകയായിരുന്നു. അതിൽ ഇങ്ങനെ ഒരു ശ്ലോകം കേൾക്കാനിടയായി. അത് യുദ്ധകാണ്ഡത്തിലെ ഈ ശ്ലോകം ആയിരുന്നു:

"ചതുർദശസഹസ്രാണി
രാക്ഷസം ഭീമകർമ്മണം
ഏകശ്ച രാമോ ധർമ്മാത്മാ
കഥം യുദ്ധം ഭവിഷ്യതി."

(പതിനാലായിരത്തോളം ഭയങ്കരന്മാരായ രാക്ഷസന്മാർ ഒരുവശത്തും മറ്റൊരു ഭാഗത്ത് ധർമ്മാത്മാവായ രാമൻ തനിച്ചും. എങ്ങനെയാവും യുദ്ധം?)



# 'സ്നേഹസൗഹൃദ'ത്തിന് തുടക്കമായി

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയിലെ 60 വയസ്സു കഴിഞ്ഞ അംഗങ്ങളുടെ ഒരു കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ച് ജൂൺ 23 ഞായറാഴ്ച രാവിലെ 10 മണിക്ക് തിരുവനന്തപുരം രംഗവിലാസം ഓഡിറ്റോറിയത്തിൽ വച്ച് മുതിർന്ന അംഗം ടി.എൻ. ആദിത്യവർമ്മയും എം.ആർ. കമലവും വിളക്കുകൊളുത്തി തുടക്കംകുറിച്ചു. സംഗമത്തിൽ പങ്കെടുത്ത അമ്പതോളം വരുന്ന അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. ആരോഗ്യ സംരക്ഷണം, ആത്മീയ പ്രവർത്തനം, വിനോദയാത്ര, കലാ-സാഹിത്യ-സാംസ്ക്കാരിക രംഗത്തെ പ്രോത്സാഹനം എന്നിവ അഭിപ്രായങ്ങൾ ചിലതുമാത്രം. ഗവണ്മെന്റ് നടത്തിവരുന്ന 'വയോമിത്ര' എന്ന സേവനത്തെക്കുറിച്ച് ചടങ്ങിൽ സന്നിഹിതയായിരുന്ന കളമശ്ശേരി മുനിസിപ്പൽ കൗൺസിലർ വാണി വർമ്മ വിശദീകരിച്ചു. സംഗീതത്തിന് പ്രാധാന്യം നൽകണമെന്നും മാസത്തിലൊരിക്കൽ സുന്ദരവിലാസം കൊട്ടാരത്തിൽ വെച്ച് മുതിർന്ന അംഗങ്ങൾ കൂടി വിവിധ വിഷയങ്ങൾ ചർച്ച ചെയ്യണമെന്നും അഭിപ്രായപ്പെട്ടു. കൺവീനറായി ജി. രാമവർമ്മയെയും കെ.എൽ. ശ്രീകൃഷ്ണദാസ്, ടി.എൻ. ആദിത്യവർമ്മ, ശോഭനാ രാജേന്ദ്രൻ, നിർമ്മലാദേവി എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു. തുടർന്ന് മുതിർന്ന അംഗങ്ങളിലെ നറുക്കെടുപ്പും നടന്നു. പങ്കെടുത്ത കുടുംബാംഗങ്ങൾക്കെല്ലാം സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ സ്പോൺസർ ചെയ്ത ആയുർവ്വേദ കിറ്റുകൾ വിതരണം ചെയ്തു. ആദ്യ യോഗം



ജൂൺ 28 നും രണ്ടാമത്തേത് ജൂലൈ 16 നും സുന്ദരവിലാസത്തിൽ വച്ച് നടന്നു. 16-നു നടന്ന കൂട്ടായ്മയിൽ 'ചിരിയരങ്ങ്' അരങ്ങേറി. തങ്ങൾക്ക് ജീവിതത്തിൽ നേരിടേണ്ടിവന്ന ഹാസ്യരസപ്രധാനമായ സംഭവങ്ങൾ കോർത്തിണക്കി ഓരോരുത്തരും പങ്കുവച്ചു. രാവിലെ 10 ന് ആരംഭിച്ച് ഉച്ചയ്ക്ക് 1.30 വരെ നീണ്ടുനിന്ന പരിപാടി മനസ്സിന് ഉണർവ്വും പോസിറ്റീവ് എനർജിയും പ്രദാനംചെയ്തതായി എല്ലാവരും അഭിപ്രായപ്പെട്ടു.

→

ഇതുകേട്ടതും രാജാവ് സ്വയം ശ്രീരാമനെ സഹായിക്കാൻ സൈന്യസമേതം പുറപ്പെട്ടുവത്രേ. തുടർന്ന് മന്ത്രിമാർ കൂടിയാലോചിച്ച് ഒരു സംഘത്തെ അയച്ച് ശ്രീരാമൻ രാക്ഷസന്മാരെ വധിച്ച് യുദ്ധം ജയിച്ചു എന്ന് അറിയിച്ചു. അങ്ങിനെയാണ് അദ്ദേഹത്തെ സമാധാനപ്പെടുത്തിയതത്രേ.

കാലക്രമേണ വൈരാഗ്യം ഉറച്ച മനസ്സോടെ മക്കളെ രാജ്യഭാരം ഏല്പിച്ച് സന്യാസാശ്രമത്തിൽ പ്രവേശിച്ച അദ്ദേഹം യഥാകാലം വിഷ്ണുപാദം പൂകി. ശ്രീരംഗത്തും പിന്നീട് തിരുനെൽവേലിയിലും ഭഗവത് സ്മരണയിൽ കാലം കഴിച്ച അദ്ദേഹത്തിന്റെ ദേഹവിയോഗം തിരുനെൽവേലിയിൽ താമ്രപർണ്ണി നദിയിലായിരുന്നത്രേ.

പെരുമാൾ തിരുമൊഴി, മുകുന്ദമാല എന്നിവ ഇദ്ദേഹം എഴുതിയ സ്തുതികളാണ്. ●



## ഗീതോപദേശം

# പുരുഷസൂക്തം

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

ശരീരത്തിന് നാശമുണ്ട്. അതിനാൽ, അത് ക്ഷരപുരുഷനും, ശരീരത്തെമാറിമാറി എടുക്കുകയല്ലാതെ, നാശമില്ലാത്ത ജീവാത്മാവ്, അക്ഷരപുരുഷനുമാണ്. രണ്ടിനെക്കാളും ഉത്തമനായിരിക്കുന്നതാണ് ഉത്തമപുരുഷൻ. പുരുഷോത്തമനായി 'ബോധ'ത്തെ അറിയുന്നവർ ജ്ഞാനികളും ഭക്തരും ആണ്. അവർ ബ്രഹ്മാനന്ദം അനുഭവിക്കും. ഋഗ്വേദത്തിൽ, ഈ ഉത്തമപുരുഷനെ സ്തുതിക്കുന്ന ഭാഗമാണ് 'പുരുഷസൂക്തം'. സാധാരണ വേദങ്ങളിലെ മന്ത്രങ്ങൾക്ക് 'സൂക്തം' എന്നോ 'ഋക്' എന്നോ പറയുന്നു. ശ്ലോകം എന്ന് പറയാറില്ലാ. 'പുരുഷസൂക്തത്തിൽ' 24 'സൂക്ത'ങ്ങളാണ് ഉള്ളത്.

**ഋക് 1**

ഓം സഹസ്രശീർഷാ പുരുഷ : |
സഹസ്രാക്ഷ : സഹസ്രപാത് |
സ ഭൂമിം വിശ്വതോ വൃത്വാ |
അത്യ തിഷ്ഠദ്ദശാംഗുലം ||

(പുരുഷ : = The Supreme Being, സഹസ്രശീർഷാ = having thousand heads, സഹസ്രാക്ഷ: = having thousand eyes, സഹസ്രപാത = having thousand feet, സ = He, ഭൂമിം = the Universe, വിശ്വത = on all sides, വൃത്വാ = pervading ; ദശാംഗുലം = to the extent of ten inches, അത്യതിഷ്ഠത = lay beyond)

സാരം : ആ പുരുഷൻ, ഓരോ മനസ്സിൽ കൂടി ചിന്തിക്കുന്നു; ഓരോ കണ്ണിൽ കൂടി കാണുന്നു, ഓരോ കൈകാലുകളിൽ കൂടി പ്രവർത്തിക്കുന്നു. പൊക്കിളിൽ നിന്ന് പത്തംഗുലം മേലെ സ്ഥിതി ചെയ്യുന്നു എന്ന് സങ്കല്പിക്കുന്നുവെങ്കിലും, ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നു, ഈശ്വരൻ.

**ഋക് 2**

പുരുഷ ഏവേദം സർവം |
യദ്ഭൂതം യച്ച ഭവ്യം |
ഉതാമൃതത്വസ്യേശാന : ||
യദന്നേനാതിരോഹതി ||

(ഇദം = this,സർവം = all,പുരുഷ ഏവ = the Supreme Being alone, യത് = what, അന്ന = food, അതിരോഹതി = grows)

സാരം: ബ്രഹ്മാണ്ഡം മുഴുവൻ പുരുഷൻ തന്നെയാണ്. മുമ്പ് ഉണ്ടായതും, ഇപ്പോൾ ഉള്ളതും, വരാൻ പോകുന്നതും എല്ലാം ഭഗവാന്റെ വിലാസമാണ്. എല്ലാറ്റിന്നും നിലനില്പിന്നുള്ള ജീവൻ നല്ക്കുന്നത്, ഭഗവാൻ തന്നെ.

**ഋക് 3**

ഏതാവാനസ്യ മഹിമാ |
അതോ ജ്യായാംശ്ച പുരുഷ: |
പാദോഽസ്യ വിശ്വാ ഭൂതാനി |
ത്രിപാദസ്യാമൃതം ദിവി ||

(ഏതാവാൻ = the universe of such extent, അസ്യ= His,അതാ = than this, ജ്യായാൻ = much greater, ച= and, പാദ= a fourth, അസ്യ= of Him,വിശ്വാ = all, ഭൂതാനി=things that exist,ത്രിപാദ=three fourths, അസ്യ= His,അമൃതം= being immortal and changeless, Divi = remains in self -luminous effulgence(as Brahman)

സാരം: ഈ കാണുന്ന പ്രപഞ്ചമെല്ലാം, ഭഗവാന്റെ മഹിമയാണ്. ഇത് ചെറിയൊരു ഭാഗം മാത്രമാണ്. നാശമില്ലാത്തതും ചൈതന്യസ്വരൂപവുമായ, കാലദേശകാരണത്തിന്നപ്പുറമുള്ള ബ്രഹ്മമായിട്ടാണ് മുക്കാൽ ഭാഗവും പ്രവർത്തനം.

**ഋക് 4**

ത്രിപാദൂർധ്വ ഉദൈദ്വത് പുരുഷ: |
പാദോ അസ്യേഹാഭവാത്പുന: |
തതോ വിഷ്വങ്ങ് വ്യക്രാമത്: ||
സാശനാനശനേ അഭി ||

(ഊർധ്വ = above (the trammels of samsara, ഉദൈദ്വത് = went up, ഇഹ= here, തത = then, വിഷ്വങ്ങ് = on all sides, വ്യക്രാമത് = spread, സാശന - അനശനേ അഭി = over things that eat and things that do not eat)

സാരം: ഈ പുരുഷൻ ജനനമരണമുള്ള സംസാരത്തിൽ പെട്ടതല്ല. പ്രപഞ്ചത്തിലെ ജീവനുള്ളതും ഇല്ലാത്തതും (ഭക്ഷിക്കുന്നതും ഭക്ഷിക്കാത്തതും) എല്ലാം കൂടി ഭഗവാന്റെ വിളയാട്ടത്തിന്റെ കാൽഭാഗം മാത്രമാണ്

**ഋക് 5**

തസ്മാദ്വിരാഡജായത |
വിരാജോ അധി പുരുഷ : |
സ ജാതോ അത്യരിച്യത |
പശ്ചാദ് ഭൂമിമഥോ പുര : ||

(തസ്കാത = from him, വിരാട് = Total material, അജായത = was born, വിരാജോ അധി = penetrating into, സ = He, ജാത = born, അത്യരിച്യത = became differentiated as the individual souls,പശ്ചാത് = then, ഭൂമിം = He shaped earth etc. അഥോ = then)

സാരം: Supreme Being ൽ നിന്ന്, സൃഷ്ടിക്കുള്ള materials ഉണ്ടായി. Lord അതിൽ കടന്ന് ജീവചൈതന്യം ഉണ്ടാക്കി. ഭൂമി മുതലായ ഗോളങ്ങൾ ഇതിൽ നിന്ന് വാർത്തെടുത്തു. ദൈവങ്ങൾ, മനുഷ്യർ എന്നീ സൃഷ്ടികളെല്ലാം എട്ടുകാലി സ്വന്തം വല നിർമ്മിക്കുന്നത് പോലെയാണ് ഉണ്ടായത്. തന്റെ 'ദൈവദശക'ത്തിൽ, ശ്രീനാരായണ ഗുരു സൃഷ്ടിയെപറ്റി പറയുന്നത് ഇപ്രകാരമാണ്:

"നീയല്ലോ സൃഷ്ടിയും സ്രഷ്ടാവായതും സൃഷ്ടിജാലവും

നീയല്ലോ ദൈവമേ സൃഷ്ടിക്കുള്ള സാമഗ്രിയായതും"

**ഋക് 6**

യത്പുരുഷേണ ഹവിഷാ |
ദേവാ യജ്ഞ-മതന്വത |
വസന്തോ അസ്യാസീ-ദാജ്യം |
ഗ്രീഷ്മ ഇധ്മ : ശ്ശരധ്ധവി : |

(യത് = when, ഹവിഷാ = the sacrificial offering, അതന്വത = performed, അസ്യ = for this, അസീത് = was, ആജ്യം = butter)

സാരം: ദേവന്മാർ പുരുഷനെ തന്നെ ബലിയാക്കി (sacrificial offering) യജ്ഞം നടത്തി. അതിൽ വസന്തം നെയ്യും, ഗ്രീഷ്മം വിറകും ശരദ് നിവേദ്യ പായസവും ആയിരുന്നു.

**ഋക് 7**

സപ്താസ്യാസന് പരിധയ : |
ത്ര : സപ്ത സമിധ : കൃതാ : |
ദേവാ യദ്യജ്ഞം തന്വാനാ : |
അബധ്നൻ പുരുഷം പശും ||

(അസ്യ = for this, ആസൻ = there were, പരിധയാ = sacred enclosing sticks, ത്രിസപത = thrice seven, സമിധ = fuel sticks, യത് = when, തന്വാനാ = performed, അബധ്നൻ = they bound)

സാരം : ഈ യജ്ഞത്തിന്റെ ഏഴ് പരിധികൾ വേദ മന്ത്രങ്ങളായിരുന്നു. 12 മാസങ്ങൾ, 5 കാലങ്ങൾ, 3 ലോകങ്ങൾ, സൂര്യൻ എന്നിവ അടങ്ങിയതായിരുന്നു ഇന്ധനമുട്ടികൾ. ദേവന്മാർ, പുരുഷനെ തന്നെ ബലിയാടാക്കിക്കൊണ്ടാണ് യാഗം നടത്തിയത്.

**ഋക് 8**

തംയജഞം ബർഹിഷി പ്രൌക്ഷൻ |
പുരുഷം ജാത മഗ്രത : |
തേന ദേവാ അയജന്ത |
സാധ്യാ ഋഷയശ്ചയേ ||

(തം = that, ബർഹിഷി = on the sacrificial fire, പ്രൌക്ഷൻ = they immolated, തേന= with this, അയജന്ത = performed the sacrifice)

സാരം : ആദ്യം ജനിച്ച പുരുഷന്റെ ശരീരത്തിൽ പുണ്യാഹം തളിച്ച്, മന്ത്രോച്ചാരണത്താൽ, ദേവന്മാരും ഋഷിമാരും ആദ്യ യജ്ഞം നടത്തി.

**ഋക് 9**

തസ്മാദ്യജ്ഞാത് സർവഹുത : |
സംഭൃതം പൃഷദാജ്യം |
പശൂൻതാംശ്ചക്രേ വായവ്യാൻ |
ആരണ്യാൻ ഗ്രാമ്യാശ്ചയേ ||

(തസ്മാത് = from that, സർവഹുത = in which all, സംഭൃതം = was produced, പൃഷദാജ്യം = ghee mixed with curd, ചക്രേ = Prajapathi, വായവ്യാൻ = that have the air for their deity)

സാരം: ഈ യജ്ഞത്തിന്റെ പ്രസാദമായി, തൈരും നെയ്യും കൂടിയത് ഉണ്ടായി, വായു ഭഗവാന്റെ കടാക്ഷത്താൽ വായുവിൽ പറക്കുന്ന പറവകളും കാട്ടുജീവികളും വീട്ടുമൃഗങ്ങളും ഉണ്ടായി.

**ഋക് 10**

തസ്മാദ്യജ്ഞാത് സർവഹുത : |
ഋ ച : സാമാനി ജഞ്ജിരേ |
ഛന്ദാംസി ജഞ്ജിരേ തസ്മാത് |
യജൂസ്തസ്മാദജായത ||

(ഋച = the rik verses, ജഞ്ജിരേ = sprang, ഛന്ദാംസി = the metres such as Gayatri. അജായത = sprang)

സാരം: ഋക്, യജസ്സ്, സാമം മുതലായ വേദങ്ങളും ഗായത്രി പോലെയുള്ള വേദമന്ത്രങ്ങളും അതേ യജ്ഞത്തിൽ നിന്ന് ഉണ്ടായി.

**ഋക് 11**

തസ്മാദശ്വാ അജായന്ത |
യേ കേ ചോഭയാദതഃ ||
ഗാവോഹ ജഞ്ജിരേ തസ്മാത് |
തസ്മാജ്ജാതാ അജാവയഃ ||

(അജായന്ത = were born, യേ കേ ചാ = and all those, അജ-ആവയ = goats and sheep)

സാരം: അതേ യജ്ഞത്തിൽ നിന്ന് കുതിരകളും രണ്ടുവരിപ്പല്ലുകൾ ഉള്ള മൃഗങ്ങളും പശുക്കൾ, ആടുകൾ മുതലായവയും ഉണ്ടായി.

*(ഋക് 11 ശരിക്ക് ഋക് 9 കഴിഞ്ഞ ഉടനെ വരേണ്ടതായിരുന്നു)*

**ഋക് 12**

യത് പുരുഷം വ്യദധുഃ |
കതിഥാ വ്യകല്പയൻ ||
മുഖം കിമസ്യ കൗ ബാഹു |
കാവൂരു പാദാവുച്യേതേ ||

(യത് = When, വ്യദധു = they divided, കഥിതാ = into how many parts, വ്യകല്പയൻ = did they form him, കിം = what was, അസ്യ = his, കൗ = what two, ഉച്യേതേ = have been called)

സാരം: മനുഷ്യരാശിയുടെ രൂപകല്പനയ്ക്ക് മുമ്പ് എത്ര ചിന്തിച്ചിട്ടുണ്ടാകുമെന്നത്, അനുമാനിക്കാൻ പറ്റില്ല.

പുരുഷന്റെ തല, രണ്ട് കൈകൾ, രണ്ട് തുടകൾ, രണ്ട് പാദങ്ങൾ ഇവ മനുഷ്യരിൽ എന്തായിരിക്കണം?

**ഋക് 13**

ബ്രാഹ്മണോ അസ്യ മുഖമാസീത് |
ബാഹു രാജന്യഃ കൃതഃ ||
ഊരു തദസ്യ യദ്വൈശ്യഃ |
പദ്ഭ്യാം ശൂദ്രോ അജായത ||

(അസീത് = came from, അസ്യ = his, രാജന്യഃ = Kshatriya, അജായത = sprang, ഊരു = two thighs)

സാരം: പുരുഷന്റെ മുഖത്തിൽ നിന്ന് ബ്രാഹ്മണനും കൈകളിൽ നിന്ന് ക്ഷത്രിയനും, തുടയിൽ നിന്ന് വൈശ്യനും, പാദങ്ങളിൽ നിന്ന് ശൂദ്രനും ഉണ്ടായി.

**ഋക് 14**

ചന്ദ്രമാ മനസോ ജാതഃ |
ചക്ഷോഃ സൂര്യോ അജായത ||
മുഖാദിന്ദ്രശ്ചാഗ്നിശ്ച |
പ്രാണാദ്വായുരജായത ||

(മുഖാത് = from his mouth, ഇന്ദ്രശ്ചാഗ്നിശ്ച = Indra and Agni (were born), പ്രാണാത് = from his breath)

സാരം: പുരുഷന്റെ മനസ്സിൽ നിന്ന് ചന്ദ്രനും, കണ്ണിൽ നിന്ന് സൂര്യനും വായിൽ നിന്ന് അഗ്നിയും ഇന്ദ്രനും, ശ്വാസത്തിൽ നിന്ന് വായുവും ഉടലെടുത്തു.

**ഋക് 15**

നാഭ്യാ ആസീദന്തരീക്ഷം |
ശീർഷ്ണോ ദ്യൗഃ സമവർതത ||

പദ്ഭ്യാം ഭൂമിർദിശഃ ശ്രോത്രാത് |
തഥാ ലോകാഗ്മ് അകല്പയൻ ||

(നാഭ്യാ = from His navel, ആസീദ് = came, ദ്യൌന = heaven, അകല്പയൻ = create, ലോകാൻ = the (several) worlds)

സാരം: പുരുഷന്റെ നാഭിയിൽ നിന്ന് അന്തരീക്ഷവും തലയിൽ നിന്ന് സ്വർഗ്ഗവും പാദങ്ങളിൽ നിന്ന് ഭൂമിയും ചെവികളിൽ നിന്ന് വ്യത്യസ്ത ദിശകളും രൂപമെടുത്തു. ഇങ്ങനെ നിരവധി ലോകങ്ങളെ സൃഷ്ടിച്ചു.

**ഋക് 16**

വേദാഹമേതം പുരുഷം മഹാന്തം |
ആദിത്യവർണ്ണം തമസസ്തു പാരേ ||
സർവാണി രൂപാണി വിചിന്ത്യ ധീരഃ |
നാമാനികൃത്വാ അഭിവദൻ യദാസ്തേ ||

(വേദ = know, അഹം = I, തു = but (he exists), പാരേ = on the shore, തമസ = of ignorance, ധീര = The allwise Purusha, വിചിന്ത്യ = bringing into existence)

സാരം: സൂര്യനെപ്പോലെ തിളങ്ങുന്ന ഉത്തമ പുരുഷനെ, ഞാൻ അറിയുന്നു. അത് സ്വന്തം മായയാൽ, അജ്ഞാനം നീങ്ങി, പലതായി പല പേരുകൾ സ്വീകരിച്ച് വിളങ്ങുന്നു.

**ഋക് 17**

ധാതാ പുരസ്താദ്യമുദാജഹാര |
ശക്രഃപ്രവിദ്വാൻ പ്രതിശശ്ചതസ്രഃ ||
തമേവം വിദ്വാനമൃതം ഇഹഭവതി |
നാന്യഃപന്ഥാ അയനായ വിദ്യതേ ||

(ധാതാ = Prajapathi, പുരസ്താദ് = first, ഉദാജഹാര = made known, ശക്ര = Indra, അയനായ = for eternal bliss)

സാരം: പ്രജാപതിക്ക് പുരുഷനെ അറിയാം. പ്രജാപതി പിന്നെ ഇന്ദ്രന് പറഞ്ഞുകൊടുത്തു. ഇങ്ങനെയുള്ള ഉത്തമ പുരുഷനെ അറിയുന്നവർ ജീവൻമുക്തി നേടുന്നു. ഇതല്ലാതെ മോക്ഷലബ്ധിക്ക് വേറെ വഴിയില്ല.

**ഋക് 18**

യജ്ഞേന യജ്ഞ-മയജന്ത ദേവാഃ |
താനിധർമാണി പ്രഥമാന്യാസൻ ||
തേഹനാകം മഹിമാനഃ സചന്തേ |
യത്ര പൂർവേ സാധ്യാഃ സന്തി ദേവാഃ ||

(അയജന്ത = worshipped, ദേവാഃ = Gods, താനി = well known, ധർമാണി = Laws, പ്രധമാനി = the first and essential, ആസൻ = came, മഹിമാനഃ = those great souls, സപന്തേ = obtain, നാകം = heaven, യത്ര = where, പൂർവ ദേവാ = the first Gods, സന്തി = live)

സാരം: ദേവഗണങ്ങൾ യജ്ഞം മൂലം പുരുഷനെ തന്നെ യജ്ഞം ചെയ്തു. ആ സമ്പ്രദായം മനുഷ്യരാശിക്കുതന്നെ മാതൃകയായി. ദേവന്മാരും മറ്റും അനുഭവിച്ച ബ്രഹ്മാനുഭൂതി ഇവർക്കും കിട്ടി.

ദ്വിതീയോ*f* നുവാകഃ (രണ്ടാംഭാഗം)

**ഋക് 19**

അദ്ഭ്യഃ സംഭൂതഃ പൃഥിവ്യൈ രസാച്ച |
വിശ്വകർമണഃ സമവർതതാധി ||
തസ്യ ത്വഷ്ടാ വിദധദ്രുപമേതി |
തത്പുരുഷസ്യ വിശ്വമാജാനമഗ്രേ ||

(സംഭൂത = sprang, അദ്ഭ്യ = from the waters, ച = and, രുസാത് = from the watery essence, പൃഥിവ്യൈ = of the earth, സമവർതതാ = sprang, വിശ്വകർമണ = from the universal creator, വിദധ = bringing into existence, രൂപം = the form, ഇതി = busies himself, അജാനം = spread on all sides, അഗ്രേ = at the beginning (of creation)

സാരം: ബ്രഹ്മാണ്ഡം, വിശ്വകർമ്മനാൽ (ബോധനിയാമകനാൽ) വെള്ളം, ഭൂമി, അഗ്നി മുതലായവ മൂലം ഉണ്ടായി. 'ത്വഷ്ടാ' എന്ന സൂര്യഭഗവാൻ ആ വിശ്വകർമ്മന്റെ പ്രഭാവത്തെ പ്രകാശിപ്പിച്ചുകൊണ്ട് ഉദിക്കുന്നു.

**ഋക് 20**

വേദാഹമേതം പുരുഷം മഹാന്തം |
ആദിത്യവർണ്ണം തമസഃ പരസ്താത് ||
തമേവം വിദ്വാനമൃത ഇഹ ഭവതി |
നാന്യഃ പന്ഥാ വിദ്യതേ അയനായ ||

സാരം: ആദിത്യനെ പോലെ തിളങ്ങുന്നതും അജ്ഞാനത്തിനും അന്ധകാരത്തിനും അതീതനുമായ പുരുഷനെ ഞാൻ അറിയുന്നു. അതറിയുന്നവൻ ഇവിടെത്തന്നെ മുക്തി നേടുന്നതാണ്. ഇതല്ലാതെ മോക്ഷത്തിന് വേറെ വഴിയില്ല.

**ഋക് 21**

പ്രജാപതിശ്ചരതി ഗർഭേ അന്തഃ |
അജായമാനോ ബഹുധാ വിജായതേ ||
തസ്യധീരാഃ പരിജാനന്തി യോനിമ് |
മരീചിനാം പദമിച്ഛന്തി വേധസാഃ ||

(പ്രജാപതി = the Lord of being, അന്തപരതി = moves through, ഗർഭേ = the universe, അജായമാന = though birthless, വിജായതേ = He is born, ബഹുധാ = in several forms, ധീരാ = the wise, പരിജാനന്തി = well known, തസ്യ = His, യോനിമ് = real essence which is the source of creation, വേധസാ = ബ്രഹ്മാവ്)

സാരം: ഈശ്വരൻ എല്ലാറ്റിലും പരന്ന്കിടക്കുന്നു. പുരുഷന് ജനനമില്ലെങ്കിലും എല്ലാ ജന്മങ്ങളും ഈശ്വരനിലാണ്. വിദ്വാന്മാർക്ക് ഇതറിയാം. അവർക്ക് സൃഷ്ടിയുടെ ഉറവിടം അറിയാം. മരീചി മുതലായ ഋഷിപുംഗവന്മാർ ആത്മസാക്ഷാല്ക്കാരം നേടിയവരാണ്. ബ്രഹ്മാവിനും കൂടി ഇതാണ് ജീവിത ലക്ഷ്യം.

**ഋക് 22**

യോ ദേവേഭ്യ ആത്പതി |
യോ ദേവാനാം പുരോഹിതഃ ||
പൂർവോ യോ ദേവേഭ്യോ ജാതഃ |
നമോ രുചായ ബ്രാഹ്മയേ ||

(യാ = who, ദേവേഭ്യ = on account of the Devas, ആതപതി = shines everywhere, ദേവാനാം = of the Devas, പുരോഹിത = (is) the priest, ജാത = was born, രുചായ = ചൈതന്യവത്തായ, ബ്രഹ്മയേ = Supreme Lord)

സാരം: ദേവഗണങ്ങളാൽ പ്രശോഭിതനും അവരുടെ കർമ്മങ്ങളുടെ പുരോഹിതനും (ബൃഹസ്പതി), അവർക്ക് മുമ്പ് ജനിച്ചവനും ആയ ചൈതന്യവത്തായ ഈശ്വരനെ ഞാൻ നമസ്ക്കരിക്കുന്നു.

**ഋക് 23**

രുചം ബ്രാഹ്മം ജനയന്തഃ |
ദേവാ അഗ്രേ തദ്ബ്രുവൻ ||
യസ്തൈവം ബ്രാഹ്മണോ വിദ്യാത് |
തസ്യ ദേവാ അസന് വശേ ||

(രുചം = the intellectual light, ബ്രാഹ്മം = of the Supreme Lord, ജനയന്ത = while bringing out, അഗ്രേ = in the beginning of the creation, തദ് = it, അബ്രുവൻ = addressed, യ = who, ത്വ = thee, ഏവം = thus, ബ്രാഹ്മണാ = the Brahman, വിദ്യാത് = knows, തസ്യവശേ = under his control, അസൻ = are)

സാരം: സൃഷ്ടിയുടെ ആരംഭത്തിൽ എല്ലാ ദേവന്മാരും കൂടി ബ്രഹ്മതത്വം ഉണ്ടാക്കി. അത് പ്രകാരം എല്ലാവരിലും ഒരേ ബ്രഹ്മത്തെ കാണുവാൻ സാധിക്കുന്നവരാണ് മറ്റുള്ളവരെ നിയന്ത്രിക്കുക.

**ഋക് 24**

ഹ്രീശ്ച തേ ലക്ഷ്മിശ്ച പത്നൌ |
അഹോരാത്രേ പാർശ്വേ |
നക്ഷത്രാണി രൂപം |
അശ്വിനൌ വ്യാത്തം |
ഇഷ്ടം മനിഷാണ |
അമും മനിഷാണ |
സർവം മനിഷാണ ||

(ഹ്രീശ്ച = Hri and, ലക്ഷ്മിശ്ച = ലക്ഷ്മി, തേ = thy, പത്നൌ = two wives, അഹോരാത്രേ = day and night, പാർശ്വേ = sides, നക്ഷത്രാണി = the stars, രൂപം = one thy form, അശ്വിനൌ = the two Aswins, വ്യാത്തം = opened mouth, മനീഷണ = grant us, ഇഷ്ടം = our desires (i.e. knowledge of self), അമും = all this (wealth) that we see, സർവം മനിഷണ = grant us all).

സാരം: ഭഗവാനേ, ദേവിമാർ ഹ്രീയും ക്ഷമയും ലക്ഷ്മിയും ശ്രീയും ആണ് അവിടുത്തെ പത്നിമാർ. രാവും പകലും അവിടുത്തെ രണ്ട് ഭാഗങ്ങളാണ്. നക്ഷത്രങ്ങൾ രൂപമാണ്. അശ്വിന്മാർ തുറന്ന വായയാണ്. ആത്മീയ ജ്ഞാനവും ആരോഗ്യവും എന്നിങ്ങനെ വേണ്ടതെല്ലാം തന്ന് ഞങ്ങളെ രക്ഷിക്കേണമേ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

## നിയമനം

പ്രശസ്ത ചലച്ചിത്ര സംഘടനയായ നാഷണൽ ഫിലിം അക്കാദമിയുടെ അക്കാദമിക്ക് കൗൺസിലിലേക്ക് 'ക്ഷാത്രസ്പന്ദനം' എഡിറ്റോറിയൽ അഡ്വൈസർ കെ.എൽ. ശ്രീകൃഷ്ണദാസിനെ നിയമിച്ചു.

കവിത

# മഴയും മരണവും

പ്രദീപ് കെ. വർമ്മ
ചേർത്തല, മൊ. 919446085948



നിസ്സംഗനായി കിടന്നു ഞാൻ തണുത്ത-
പെട്ടിക്കുള്ളിൽ വെള്ള പുതച്ചു കണ്ണടച്ച്
കട്ടികണ്ണാടിമൂടിയാൽ ചേർത്തടക്കപ്പെട്ടു
വായുവും ശബ്ദവും ഈച്ചയും കേറാതെ.
എങ്കിലും സ്പഷ്ടമായി കേൾക്കാമെനിക്കെൻ
വേണ്ടപ്പെട്ടവർ തൻ സംസാരമൊക്കെയും.
എൻ തലക്കൽ വന്നെൻ മുഖത്തേക്ക് ഉറ്റു-
നോക്കീട്ടു വ്യസന ഭാവത്തിൽ പിൻവാങ്ങി
ചുറ്റിലായി നേരത്തെ എത്തിയവർ തൻ-
ചാരത്തെത്തിയെൻ മരണമത് പെട്ടെന്നാ-
യിപ്പോയി എന്നു പരിതപിച്ചീടുന്നു പിന്നെ
ഞൊടിയിൽ മുഖഭാവം മാറ്റി "എപ്പോഴെത്തി"?
എന്നാരോടോ ചോദിച്ചിടുന്നു തെല്ലുച്ചത്തിൽ.
പിന്നവർ മുറ്റത്തുയർന്നൊരാ ചെറു പന്തലിൽ
നിരന്നൊരാ നിറം മങ്ങിയ കസേരകളിൽ
ഇരുന്നോരോ നാട്ടുവാർത്തമാനങ്ങളും പല
വീട്ടുവിശേഷങ്ങളും പറയുന്നു പരസ്പരം.
ഇടയ്ക്കപരിചിതർ ചിലർ വന്നെന്നെനോക്കീട്ടു -
പെട്ടി മേലെ പുഷ്പചക്രം വെച്ചു തൊഴുതു മടങ്ങുന്നു.
വെച്ചതാരെന്നറിയാൻ പേരുണ്ടതിൽ വലിപ്പത്തിൽ
വായിക്കാനാകുന്നില്ലതുവെച്ചതെൻ കാൽക്കലല്ലോ.
മക്കൾ തൻ സഹപ്രവർത്തകരാകാം അല്ലെങ്കിൽ
ഏതോ രാഷ്ട്രീയകക്ഷിക്കാരുമാകാം അറിയില്ല.
ഇനിയുമാരോ എത്താനുണ്ടു പോലും രണ്ടുമണി
നേരം കൂടി കാക്കണം ചിതയിലോട്ടെടുക്കുവാൻ.
തലയ്ക്കലെരിയുന്ന വിളക്കിലെണ്ണ വറ്റി തുടങ്ങിയോ
കരിന്തിരി കത്തും മണം വരുന്നുണ്ടല്ലോ ആരുമത്
ശ്രദ്ധിക്കുന്നില്ലന്നോ വിശേഷം പറയും തിരക്കിൽ.
ആവൂ! അണഞ്ഞില്ല, എണ്ണ നിറച്ചാത്തിരിയും നീട്ടി
ചന്ദനത്തിരിയും കൊളുത്തിയെൻ മൂത്ത മരുമകൾ.
തിരക്കിട്ടു വീട്ടിന്നകത്തേയ്ക്ക് പോകുന്നു ചിലർ ദുഃഖിതയാം
പത്നിയോടാശ്വാസവാക്കുകളോതാനാകാം.
ഇടക്കു ചിലരെത്തി കണ്ടുമടങ്ങുന്നുണ്ടെന്നാലും
മതി, മടുത്തു കാഴ്ചവസ്തുപോൽ ഈ ഒരേകിടപ്പ്.
വാനം ഇരുണ്ടിട്ടിടിമിന്നലും ഉണ്ടോ ഇടയ്ക്കിടെ
അതാ,ശക്തമാം മഴയും തുടങ്ങി ഒട്ടുമേ നിനക്കാതെ.
പന്തലിൽ തിരക്ക് കൂടുന്നു നനയാതെ നിൽക്കുവാൻ
മഴയെ ശപിക്കുന്നു പലരും പലവിധ കുറ്റങ്ങളെണ്ണി-
പ്പറയുന്നു "നശിച്ചൊരു മഴ" എന്നാത്മഗതം ചൊല്ലി
എറിച്ചിലേൽക്കാത്തിടത്തായി ഒതുങ്ങുന്നു ചിലർ.
തണുപ്പേറുന്നു, വയ്യിനി കിടക്കുവാൻ വെറുമൊരു
കാഴ്ചവസ്തുവായ് ആൾക്കൂട്ടത്തിൻ നടുവിലായ് .
കർമ്മങ്ങൾ ചെയ്യാനാളെത്തിയോ എങ്കിലുടൻ നീക്കു
ഈ മൂടി, കിടത്തൂ വെറും തറയിൽ അറിയട്ടെ ഞാൻ-
അവസാനമായ് ജന്മഭൂമിതൻ സ്പർശവും തലോടലും.
വേണ്ടെനിക്കെങ്കിലും ചെയ്തുകൊൾക കർമ്മങ്ങൾ
കഴിയും വേഗമിനി നിങ്ങൾതൻ മനഃശാന്തിക്കായ്.
ചിതതൻ ചൂടേറ്റുറങ്ങട്ടെ തീരട്ടൊരുപിടി ചാരമായ്.
മഴയുടൻ തോരുമോയെന്തോ എന്നെനിക്കാധിയായ്-
ഇല്ല ചതിക്കില്ലീ മഴ മാറും തെളിയുമെനിക്കായിനിയെ-
ന്നുടൽ കത്തിത്തീരും വരെ, നശിച്ച മഴയല്ലെനിക്കു നീ
എനിക്കായ് ചരമഗീതം പാടാനെത്തിയ 'സ്നേഹമഴ'.

**ഓർമ്മ**

# എന്റെ മാധവിക്കുട്ടി

**ടി.എം. ശ്രീകുമാർ,** കരിവെള്ളൂർ
(ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റ്)
മൊ. 8848476040



കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ വില്ലേജിൽ 1950 ഡിസംബർ മാസം 12 ന് തെക്കേമഠത്തിൽ ദേവിക്കുട്ടി പിള്ളയാർതിരിയമ്മയുടെയും നൂഞ്ഞയിൽ പുതിയ മഠത്തിൽ ശങ്കരൻ ഉണിത്തിരിയുടെയും മകനായാണ് എന്റെ ജനനം. മാന്യഗുരു യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കരിവെള്ളൂർ എ.വി.വി സ്മാരക ഗവ. ഹൈസ്കൂളിൽ പത്താം തരവും പൂർത്തിയാക്കി. സാമ്പത്തിക പരാധീനത കാരണം തുടർന്ന് പഠിക്കാൻ സാധിച്ചില്ല. ടൈപ്പ് റൈറ്റിംഗ് ലോവറും മലയാളം വിദ്വാൻ പരീക്ഷയും പാസ്സായി. തുടർന്ന് അഴീക്കോട് സർവ്വേ സ്കൂളിൽ ചേർന്ന് ചെയിൻ സർവ്വേ പാസ്സായി. ഉടനെ 1969-ൽ വില്ലേജ് അസിസ്റ്റന്റായി ജോലി ലഭിച്ചു. താൽക്കാലിക നിയമനമായതിനാൽ 6 മാസത്തിനു ശേഷം പിരിച്ചുവിടപ്പെട്ടു. 1970 ജനുവരി 5 ന് വീണ്ടും വില്ലേജ് അസിസ്റ്റന്റായി ജോലിയിൽ കയറി. തുടർന്ന് 35 വർഷക്കാലം തുടർച്ചയായി വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ, ഡപ്യൂട്ടി തഹസിൽദാർ, തഹസിൽദാർ എന്നീ തസ്തികകളിൽ ജോലി ചെയ്തു. ഇതിനിടെ 1971 ൽ എന്റെ അമ്മ 52 ാം വയസ്സിൽ മരണപ്പെട്ടു. പിന്നെ എന്റെ മൂത്ത സഹോദരി സത്യഭാമയായിരുന്നു ഞങ്ങളുടെ അമ്മയും സഹോദരിയും രക്ഷകർത്താവും. പ്രായമായ പിതാവ്, എന്റെ ഇളയ സഹോദരൻ രാജമോഹനൻ, സഹോദരി തങ്കമണി ഇവരെയൊക്കെ സംരക്ഷിക്കേണ്ട ചുമതല എനിക്കും സഹോദരിക്കുമായിരുന്നു. സഹോദരിയുടെ ഭർത്താവ് അദ്ധ്യാപകനായിരുന്നു. ചേച്ചി വിവാഹിതയായെങ്കിലും ഞങ്ങളുടെ മഠത്തിൽ തന്നെയാണ് താമസിച്ചിരുന്നത്. ഭർത്താവ് ജോലി സ്ഥലത്ത് നിന്ന് ആഴ്ച്ചയിൽ വീട്ടിൽ വരും.



ഇതിനിടെ എനിക്ക് വിവാഹാലോചനകൾ വന്നു. എന്റെ ഇളയ സഹോദരിയുടെ ഭർത്താവിന്റെ അച്ഛൻ മുഖേന ഇരിട്ടിയിലെ സാമന്ത കുടുംബത്തിലെ പെൺകുട്ടിയുടെ ആലോചന വന്നു. പയ്യന്നൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് സമീപമുള്ള എസ്.പി കുഞ്ഞിക്കൃഷ്ണൻ നായനാരുടെ വീട്ടിൽ പെണ്ണുകാണൽ ചടങ്ങ് നടന്നു. നീളമുള്ള മെലിഞ്ഞ പെൺകുട്ടി. ഞാനും സഹോദരിയും ഭർത്താവും എന്റെ സഹപാഠിയും സുഹൃത്തുമായ പാലായി കുഞ്ഞിക്കൃഷ്ണൻ മാസ്റ്ററും കൂടിയാണ് പെണ്ണുകാണാൻ പോയത്. കുട്ടിയെ എനിക്ക് ഇഷ്ടപ്പെട്ടു. പെൺകുട്ടിയുടെ വീട്ടുകാരെ വിവരമറിയിച്ചു. പിന്നീട് എല്ലാം ധൃതഗതിയിൽ നടന്നു.

1977 ഒക്ടോബർ മാസത്തിൽ കണ്ണൂർ ജില്ലയിൽ ഇന്നത്തെ ഇരിട്ടി താലൂക്കിൽ (പഴയ തലശ്ശേരി താലൂക്ക്) കീഴൂർ വില്ലേജിലെ പ്രശസ്ത സാമന്ത കുടുംബമായ കീഴൂരിടത്തിലെ തങ്കമ്മ എന്ന മാധവിയമ്മയുടെയും കനകത്തിടത്തിൽ കൃഷ്ണൻ

വാഴുന്നവരുടെയും മകളായ മാധവിക്കുട്ടിയെ ഞാൻ വിവാഹം കഴിച്ചു. 45 വർഷക്കാലം എന്റെ നിഴലായി മാധവിക്കുട്ടിയും അവളുടെ നിഴലായി ഞാനും പരസ്പര സ്നേഹത്തോടെ, വിശ്വാസ ത്തോടെ, സംതൃപ്തിയോടെ ജീവിച്ചു. എന്റെ കുടുംബത്തിലേക്ക് വന്ന മഹാലക്ഷ്മിയായിരുന്നു അവൾ. 1985 ൽ അച്ഛന്റെ മരണത്തെത്തുടർന്ന് ഞാൻ ഉദിനൂരിൽ വീട് വാടകയ്ക്കെടുത്ത് മാധവി ക്കുട്ടിയും മകളുമൊത്ത് താമസമാക്കി. ഒരു വർഷ ത്തിനുശേഷം പുതിയ വീട് കെട്ടി കരിവെള്ളൂ രിലേക്ക് തിരിച്ചുവന്നു. 2010 വരെ ഇവിടെ താമ സിച്ചു. ഈ കാലഘട്ടം ഞങ്ങളുടെ ജീവിതത്തിലെ സുവർണ്ണ കാലഘട്ടമായിരുന്നു. ഇതിനിടെ ഒരിക്കൽ മാധവിക്കുട്ടിയുടെ കാരണവരുടെ അദ്ധ്യാപിക യായ ചേച്ചി എന്നോട് പറഞ്ഞു "അന്ന് നീ ഭാര്യ യായി അവളെ സ്വീകരിച്ചില്ലായെങ്കിൽ അവൾ സഹോദരങ്ങളുടെ മക്കളെയും നോക്കി അടുക്കള പ്പണിയുമെടുത്ത് കഷ്ടപ്പെട്ട് പത്തായപ്പുരയിലെ അകത്തളത്തിൽ കഴിയേണ്ടി വരുമായിരുന്നു" എന്ന്. 2011 ൽ എന്റെ മകൾ ശ്രീവിദ്യയ്ക്ക് ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂളിൽ HSST ആയി നിയമനം ലഭിച്ചതിനെ തുടർന്ന് ഞങ്ങൾ കുടുംബസമേതം ഇരിട്ടിയിലേക്ക് താമസം മാറുകയുണ്ടായി. ഒരു ദിവസം പോലും മാധവിക്കുട്ടി എന്നെ വിട്ടുനിന്നി ട്ടില്ല. സംതൃപ്തമായിരുന്നു ഞങ്ങളുടെ കുടുംബ ജീവിതം. പരാതികളില്ല, പരിഭവമില്ല, സന്തോഷം മാത്രം.

2022 ജനുവരി 20 എന്റെ ജീവിതത്തിലെ ദുർദ്ദിന മായിരുന്നു. അന്ന് ഞാനും മാധവിക്കുട്ടിയും ഞങ്ങ ളുടെ ഏക മകൾ ശ്രീവിദ്യയും മരുമകൻ അനിൽ കുമാറും മകളുടെ മക്കളായ ആദർശ് കൃഷ്ണനും അൻവിതയും വീടിന്റെ സ്വീകരണ മുറിയിൽ ഇരുന്ന് സന്തോഷത്തോടെ സംസാരിക്കുകയാ യിരുന്നു. അതിനിടെ എന്റെ ഭാര്യ തൊണ്ടവേദന സഹിക്കാൻ പറ്റുന്നില്ലെന്നു പറഞ്ഞു. ഉടനെ മരുമകൻ ഇരിട്ടിയിലുള്ള മെഡിക്കൽ ഷോപ്പിലേക്ക് കാറിൽ ഗുളിക വാങ്ങാൻ പോയി. ഞാൻ വെള്ളം ചൂടാക്കി ഉപ്പും ചേർത്ത് തൊണ്ടയിൽ ഗാർഗിൾ ചെയ്യുന്നതിനായി നൽകി സ്വീകരണ മുറിയിൽ വന്നിരുന്നു. അവൾ തൊണ്ടയിൽ ഉപ്പിട്ട ചൂടുവെള്ള മൊഴിച്ച് തല പിന്നോട്ടാക്കുന്നതിനിടെ തറയിലേക്ക് ഭയങ്കര ശബ്ദത്തോടെ മറിഞ്ഞുവീണു. ശബ്ദംകേട്ട് ഞാനും മകളും കുട്ടികളും ഓടിവന്നു. അപ്പോൾ അവൾ തറയിൽ മലർന്നടിച്ച് കിടക്കുന്നു. ഞാൻ ഉടനെ അവളെ എടുത്ത് എന്റെ മടിയിൽ കിടത്തി. അവൾക്ക് ഒന്നും പറയാൻ കഴിയുന്നില്ല. ഉടനെ മരുന്ന് വാങ്ങാൻ പോയ മകളുടെ ഭർത്താവിനെ വിളിച്ചുവരുത്തി. അവനും മകൾ വിദ്യയും ഭാര്യാ സഹോദരനും കൂടി കീഴൂർ അമല ഹോസ്പി റ്റലിലും തുടർന്ന് സ്കൈ ഹോസ്പിറ്റലിലും കാണിച്ച് 8.30 മണിയോടെ തിരിച്ചെത്തി. പ്രശ്ന മൊന്നുമില്ലെന്നും മരുന്ന് കഴിച്ചാൽ മതിയെന്നും ഡോക്ടർ പറഞ്ഞതായി പറഞ്ഞു. പിന്നീട് നിർബ്ബ ന്ധിച്ച് കുറച്ച് കഞ്ഞി കുടിപ്പിച്ച് കട്ടിലിൽ കിടത്തി. സമീപത്തായി ഞാനും കിടന്നു. രാത്രി 10 മണി യോടെ ഛർദ്ദിക്കുകയും അബോധാവസ്ഥയിലേക്ക് മാറുകയും ചെയ്തു. ഉടനെ ആംബുലൻസ് വരുത്തി പരിയാരം മെഡിക്കൽ കോളേജ് ഹോസ്പിറ്റ ലിലേക്ക് കൊണ്ടുപോയി. മകളും ഭർത്താവും കൂടെ പോയി. രാത്രി മുഴുവൻ ഉറക്കമില്ലാതെ സർവ്വ ദൈവങ്ങളെയും വിളിച്ച് "എന്റെ മാധവിക്കു ട്ടിയെ രക്ഷിക്കണേ" എന്ന പ്രാർത്ഥനയോടെ കഴിഞ്ഞു. രാവിലെ 8.30 മണിയോടെ മകൾ കാറിൽ വന്നു. വന്ന ഉടനെ മകൾ എന്നെ കെട്ടി പ്പിടിച്ചു കരഞ്ഞുകൊണ്ട് പറഞ്ഞു,

"നമ്മുടെ അമ്മ പോയി".

ഇടിവെട്ടിയത് പോലെ സ്തബ്ധനായി. പിന്നീട് ഒന്നും എനിക്ക് ഓർമ്മയില്ല. 10 മണിയോടെ അവളുടെ ഭൗതികശരീരം വീട്ടിൽ കൊണ്ടുവന്നു. അവസാനമായി അവളെ നിറമിഴികളോടെ ഒന്നു കണ്ടു. പാവം എന്റെ മാധവിക്കുട്ടി, അകാലത്തിൽ എന്നെ ഒറ്റയ്ക്കാക്കി അവൾ പോയി. കൃത്യ സമയത്തു ചികിത്സ ലഭിക്കാത്തതിനാൽ തലച്ചോ റിൽ രക്തം കട്ടപിടിച്ചതാണ് മരണകാരണം എന്ന് പിന്നീട് മനസ്സിലാക്കി. എനിക്കുണ്ടായ നഷ്ടം ആരോട് പറയാൻ. അവൾ പോയിട്ട് രണ്ടര വർഷ മായെങ്കിലും ഇന്നും അവളെ ഓർത്ത് നിറമിഴി കളോടെ ഒരു ജീവച്ഛവമായി ജീവിക്കുന്നു. ഇനി ഒറ്റ പ്രാർത്ഥന മാത്രമേയുള്ളൂ. ആരെയും ബുദ്ധി മുട്ടിക്കാതെ സ്നേഹം നിലനിർത്തി എത്രയും പെട്ടെന്ന് അവളുടെ അടുത്ത് എത്തുവാൻ... അവൾ നല്ല ഓർമ്മകളുമായി കാത്തിരിക്കുന്നു.

അവളുടെ വിയോഗത്തിൽ എന്നെ സമാശ്വസി പ്പിച്ച എന്റെ കുടുംബത്തോടൊപ്പം നിന്ന എന്റെ

കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരോടെല്ലാം ഞാൻ എന്നെന്നും കടപ്പെട്ടിരിക്കുന്നു.

ആ സമയങ്ങളിൽ എന്നെ ആശ്വസിപ്പിച്ച് മനോധൈര്യം തന്ന് മുന്നോട്ട് നയിച്ച ക്ഷത്രിയ ക്ഷേമ സഭ മുൻ സംസ്ഥാന പ്രസിഡണ്ടും REACT സെക്രട്ടറിയുമായ പി.കെ. രഘുവർമ്മ, മുൻ സംസ്ഥാന പ്രസിഡണ്ടുമാരായ മാനവർമ്മ രാജ (നീലേശ്വരം), പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ, മുൻ സംസ്ഥാന സെക്രട്ടറി ആത്മജവർമ്മ തമ്പുരാൻ, ഉത്തര മേഖലാ ഓർഗനൈസിംഗ് സെക്രട്ടറി വി.സി. കൃഷ്ണവർമ്മ (നീലേശ്വരം), പിലാത്തറ യൂണിറ്റ് ട്രഷറർ സി. ജനാർദ്ദനൻ, കരിവെള്ളൂർ യൂണിറ്റിലെ എൻ.കെ.കെ. ഉണിത്തിരി, പി.എം. സുബ്രഹ്മണ്യൻ, എൻ.കെ. പരമേശ്വരൻ, എൻ.പി. ബാലകൃഷ്ണൻ, ഇരിട്ടിയിലെ കനകത്തിടത്തിൽ കുഞ്ഞിമാധവൻ, LIC നാരായണൻ, ചൂളിയട്ടെ മാധവൻ, രേഖ എന്നിവരോടെല്ലാം ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു. ഇവർ തന്ന മനോധൈര്യമാണ് ഞാൻ ഇന്നും ഇങ്ങനെയെങ്കിലും എഴുന്നേറ്റ് മുൻപോട്ട് പോകാൻ ഇടയാക്കിയത്. ഇവരെക്കൂടാതെ പാലക്കുന്നിലുള്ള കുഞ്ഞിക്കൃഷ്ണേട്ടൻ, പപ്പൻ, അച്യുതൻ, തങ്കച്ചി, ഹരിദാസൻ, ഗോപി, സി.കെ. ശ്രീധരവർമ്മ എന്നിവരും എന്നെ വിളിച്ച് ആശ്വാസം പകരുകയുണ്ടായി. സംഘടനാ പ്രവർത്തനവും ഈശ്വര പ്രാർത്ഥനയുമായി ദിവസം തള്ളിനീക്കുന്നു... ഇനിയൊരു ജന്മമുണ്ടെങ്കിൽ എന്റെ മാധവിക്കുട്ടിയുടെ ഭർത്താവായി തന്നെ ജീവിക്കാൻ ജഗദീശ്വരൻ ഇടവരുത്തട്ടെ എന്ന പ്രാർത്ഥനയോടെ.

ഇനി എനിക്ക് ശത്രുക്കളില്ല... മിത്രങ്ങൾ മാത്രം.

പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു. ●

# കൊളംബകം



***തിരുവട്ടാർ ശ്രീ ആദികേശവസ്വാമി ക്ഷേത്രത്തിലെ ധ്വജസ്തംഭപീഠത്തിൽ കൊത്തിവെച്ചിട്ടുള്ള ശ്ലോകം.***

'കൊളംബകം'

തുംഗസ്ഥ ഗുരുസൗരി ഭാർഗ്ഗവ രവൌ
വ്യാഘ്രേലദിനെ സപ്തമെ
പഞ്ചമ്യാം സിതപക്ഷകേന്ദു ഭ വൃഷെ
സാഹൌഘടസ്ഥെ കുജെ
മേഷജ്ഞെ ശനിവാസരേ കുഥനൃപെ
കൊളംബകെ മൂലക–
ക്ഷോണീജാ നിരകാരയദ്ധ്വജവരം
ശ്രീകേശവാഗ്രേനമഃ

(ശ്ലോകത്തിൽ ശ്രീമൂലം തിരുനാൾ തിരുമനസ്സുകൊണ്ട് കൊല്ലവർഷം 1071–ൽ കൊടിമരം പുനഃപ്രതിഷ്ഠ നടത്തിയതായി കാണാം.)

***തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ വടക്കേനട പുറംഭിത്തിയിൽ പതിച്ചിട്ടുള്ള 'കൊളംബക' ശ്ലോകം.***

'കൊളംബകം'


നാകികാമ്യേത്ര കോളമ്ബേ
വൃശ്ചികേ പുഷ്യവാസരേ
ജീർണ്ണോദ്ധാരണമാരബ്ധം
ശ്രീചിത്രക്ഷിതിപാജ്ഞയാഃ

[ഒരിക്കൽ വേണാട്, ദേശിംഗനാട് (കൊല്ലം) ഉൾപ്പെട്ട പ്രദേശങ്ങൾ 'കൊളംബകം' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. നാടുനീങ്ങിയ ശ്രീ ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മ തിരുമനസ്സിങ്കൽ നിന്നും ലഭിച്ചിട്ടുള്ള വിവരം]

**സമ്പാ: തങ്കൻ തിരുവട്ടാർ,** 9446702033

കവിത

# ചിറകൊടിഞ്ഞ മോഹം



**ധനഞ്ജയ വർമ്മ (ദേവനന്ദൻ)**
പിലാത്തറ, മൊ. 9400291320

ഞാനൊരു മോഹം വെറുമൊരു മോഹം
തടവിൽ കിടക്കും മോഹം.
സ്വപ്നമാലിനിയിൽ തുഴയില്ലാതൊഴുകി-
യലയുമൊരു തോണി!
തന്ത്രികൾ തകരും വീണയിതൊന്നാ-
യതിൽ ശുഭപന്തുവരാളിയായുരുകിയുരുകി
അറ്റം കാണാതെയാദിയന്തമറിയാതെയൊരു-
ചോദ്യമായ് ജീവബിന്ദുവിലസ്തിത്വമില്ലാതെ
മോഹത്തിൻ മുഷിഞ്ഞ മുഖവും കൊണ്ടഴലിന്റെ
നിശ്വാസത്തിലഭയമായ്, വീണ്ടും നിരർത്ഥകമോഹമായ്,
പിന്നെ ഞാനായ് ഒന്നുമില്ലാതെ ശൂന്യമായ്.
നേടാനില്ലൊന്നും, നേടാൻ നോക്കിയതുമില്ല
നേടിയവരും, ഇന്നലെ വന്നിതിലിരുന്നാജ്ഞകൾ-
നൽകിയൂറ്റംകൊണ്ടവരുമെവിടെ!?
കുത്തൊഴുക്കിനീണത്തിൽ താളത്തിലൊ-
ഴുകിപ്പോമൊരു കടലാസ് വഞ്ചി!
വിധിയുടെ കയ്യിലൂയലാടും കളിവഞ്ചി!
പറയാനൊരുപിടി ബന്ധങ്ങളവയിൽ
തളിരിട്ടു കതിരിട്ടുയിർകൊണ്ടു പിന്നെയും
ഉയരങ്ങൾ കീഴടക്കിയവരെല്ലാമതിൽ
ഞാനാം പഥികനൊരു വിലാസമില്ലാതാ-
യിത് വെറുമൊരു വിധിയുടെ കോമഡിമാത്രം!
ബന്ധങ്ങളെല്ലാമെങ്ങോ മറഞ്ഞതിൻ-
മൃദുമന്ത്രധ്വനികളുമലിഞ്ഞലിഞ്ഞില്ലാതാ-
യവയിൽ കിലുങ്ങും നാണയത്തുട്ടിൻ മണിസ്വനം മാത്രം!
സ്നേഹത്തിൻ മൂല്യമളക്കുമൊരളവുകോലുണ്ട-
തിന്നോമനപ്പേരാണ് പണം!
പാവപ്പെട്ടോനൊരു നീതി
പണമുള്ളോർക്കോ വേറൊരു നീതി.
പണമുള്ളോനേ ഗുണമുള്ളൂ,
പണമില്ലാത്തോൻ വാഴപ്പിണ്ടി!
“മംഗല്യത്തിൻ സുദിനമണഞ്ഞാൽ

→

വാഴപ്പിണ്ടികളങ്ങ് പുറത്ത്!"
കീശയിലിത്തിരി കാശുണ്ടെങ്കിൽ
മോശം പറയുകയില്ലാരും
കാറിലടിച്ച് പറക്കുന്നോനും
കണ്ടാലുടനതിൻ സ്പീഡ് കുറച്ചിട്ടെങ്ങോട്ടേക്കാന്നൊരു ചോദ്യം
പോരെൻകൂടെ, ഡ്രോപ്പ് ചെയ്യാം ഞാനവിടെ.

* * * *

ഒന്നുമില്ലാത്തൊരു നിസ്സംഗനിവ-
നൊന്നിനുമർഹതയില്ലാത്തൊരു കോമാളി!
കാലത്തിൻ ചരടിലാടും പാവയിലൊരു പാവ!
ആർക്കും അരുതാത്തൊരിവൻ,
ആരും, വീണാൽ കൈത്താങ്ങാവാൻ
കൂട്ടാക്കാത്തൊരു, വികൃതനിവൻ!
എനിക്കൊരു കുറവുണ്ട-
തെന്നിലെയെന്നെ ചെറുതാക്കുന്നു.
വീർത്തൊരു പോക്കറ്റില്ലെന്നതാ-
ണെനിക്കുള്ളൊരു കുറവ്!
സോൾവ് ചെയ്യാനാവാത്തതീ പ്രോബ്ല-
മതിൻ മുന്നിൽ സ്തബ്ധനായ് നിൽപൂ ഞാൻ
മോഹങ്ങളെല്ലാം ചിറകൊടിഞ്ഞെരിഞ്ഞടങ്ങു-
മാ ജ്വാലയിൽ കാണ്മൂ ഞാൻ.
ഉയിർകൊണ്ടൊരു രൂപം,
തേജസ്സുറ്റൊരാ രൂപം, സർവ്വാലങ്കാര ഭൂഷിതരൂപം!
എന്നെ ഞാനാക്കും രൂപം!

## ഹാബിലിറ്റേഷൻ നേട്ടവുമായി ഡോ. വിനീത് വർമ്മ



യൂറോപ്പിലെ ഏറ്റവും ഉയർന്ന യൂണിവേഴ്സിറ്റി ബിരുദമായ ഹാബിലിറ്റേഷൻ കരസ്ഥമാക്കി തൃപ്പൂണിത്തുറ സ്വദേശി ഡോ. വിനീത് വർമ്മ. ഗവേഷണം, അധ്യാപനം, തുടർ വിദ്യാഭ്യാസം എന്നിവയിലെ മികവിനെ തുടർന്നാണ് ഹാബിലിറ്റേഷൻ ലഭിച്ചത്.

2016 മുതൽ ഫ്രാൻസിലെ സെന്റർ ഡി റെച്ചർച്ചെ എന്ന ഓട്ടമാറ്റിക് ഡി നാൻസിയിൽ (സി.ആർ.എ.എൻ) ഗവേഷകനാണ്. ഫ്രാൻസിൽ നിന്ന് പി.എച്ച്.ഡി. കരസ്ഥമാക്കിയ വിനീത് സിംഗപ്പൂർ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് ഡിസൈനിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണവും നടത്തിയിട്ടുണ്ട്. ഫ്രാൻസിലെ ഫ്രെഡറിക് ഷില്ലർ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ നിന്നും ഇരട്ട മാസ്റ്റേഴ്സ് കരസ്ഥമാക്കിയിട്ടുണ്ട്. തൃപ്പൂണിത്തുറ വടക്കേക്കോട്ട അകത്തേമഠത്തിൽ സതീഷ് കുമാറിന്റെയും സന്ധ്യയുടെയും മകനാണ്.

യാത്രാവിവരണം

# ഇതിഹാസ സ്മരണകളുമായി ഒരല്പനേരം ... തസ്രാക്കിൽ



ഡോ. കെ.സി. മനോരമ തമ്പുരാട്ടി
തിരുവനന്തപുരം, മൊ. 9495304892

ലേഖനത്തിന്റെ തലക്കെട്ടിൽ 'ഇതിഹാസമോ അതോ ഇതിഹാസകാരനോ' വേണ്ടതെന്ന സംശയം ഇതെഴുതിത്തുടങ്ങിയപ്പോൾ തന്നെ എനിക്കുണ്ടായിരുന്നു. എന്നാൽ സ്മാരകത്തിൽ എത്തിപ്പെട്ടതു മുതൽ തന്നെ ഒ.വി. വിജയന്റെ മെല്ലിച്ച രൂപത്തെക്കാളും രവിയുടെയും മൈമുനയുടെയും അള്ളാപ്പിച്ചാ മൊല്ലാക്കയുടെയും അപ്പുക്കിളിയുടെയുമൊക്കെ, വിജയൻ വരച്ചിട്ട ചിത്രങ്ങളാണ് മനസ്സിൽ തള്ളിത്തിരക്കി എത്തിയത്. പിന്നെ സംശയിച്ചില്ല, ഇതിഹാസത്തിനു തന്നെ മേൽക്കൈ.



**ഒ.വി. വിജയൻ സ്മാരകം തസ്രാക്ക്**: ഇതിഹാസകാരന് ഉചിതമായ സ്മരണിക. സ്മരണിക എന്ന് തന്നെയാണോ പറയേണ്ടത്. അറിയില്ല. ഇതിഹാസത്തെയും ഇതിഹാസകാരനെയും കുറിച്ചുള്ള ഓർമ്മകൾ അയവിറക്കാൻ ഏറ്റവും അനുയോജ്യമായ, മനോഹരമായ ഒരു ഇടം എന്നേ വിവക്ഷിക്കുന്നുള്ളു.

2018-ൽ ഈ സ്മാരകം ഉൽഘാടനം ചെയ്തപ്പോൾ മുതൽ ഇവിടെ ഒരിക്കലെങ്കിലും എത്തിച്ചേരണമെന്ന് ആഗ്രഹിച്ചിരുന്നു. പിന്നീട് ജീവിതപങ്കാളിയുടെ വിയോഗവും കോവിഡിന്റെ വരവും ഈ ആഗ്രഹത്തെ വിസ്മൃതിയിലാഴ്ത്തി. ഈ അടുത്തകാലത്ത് എന്റെ സഹപാഠിയും കൂട്ടുകാരിയുമായ എൽസി തസ്രാക്ക് സന്ദർശിച്ചതിന്റെ ചില ഫോട്ടോകൾ പങ്കുവെച്ചപ്പോഴാണ് ഈ ആഗ്രഹം വീണ്ടും മുളപൊട്ടിയത്. എൽസിയെ വിളിച്ചപ്പോൾ "അതിനെന്താ നമുക്ക് വീണ്ടും പോകാല്ലോ" എന്ന് തൃശൂർ ശൈലിയിൽ മറുമൊഴി. എൽസി എന്നെ മാത്രമല്ല, ഞങ്ങളുടെ ബി.എസ്.സി. അഗ്രിക്കൾച്ചർ ബിരുദധാരികളുടെ ബാച്ചിനെ (1978-82) തന്നെ അവിടേക്കു കൊണ്ടുപോയി. 2023-ലെ വാർഷിക കൂടിച്ചേരലിലെ ഒരു വേദി അവിടെയാക്കി. അൽമാമേറ്ററായ തൃശൂർ ഹോർട്ടികൾച്ചറൽ കോളേജ് (ഇപ്പോഴത്തെ അഗ്രിക്കൾച്ചറൽ കോളേജ്) സന്ദർശിച്ച്, തൊട്ടു താഴെയുള്ള ബാച്ചുമായി സൗഹൃദം പങ്കിട്ട് ഉത്സാഹത്തോടെയാണ് തസ്രാക്കിലേക്ക് ഞങ്ങളുടെ സംഘം യാത്രതിരിച്ചത്. പോകുന്ന വഴിയിൽ അറിഞ്ഞു: കുതിരാനിലെ ഒരു തുരങ്കത്തിലൂടെ മാത്രമേ യാത്ര അനുവദിക്കുന്നുള്ളുവെന്ന്. പരിപാടികൾ കുഴപ്പത്തിലാകുമോ എന്നൊന്ന് ഭയന്നു. എന്നാൽ ഒരു കുഴപ്പവുമില്ലാതെ, സാധാരണ പോലെ അവിടം കടന്നുകിട്ടി. കരിമ്പനകൾ അതിരിടുന്ന നെൽപ്പാടങ്ങൾക്കിടയിലൂടെ ഖസാക്കിന്റെ ഇതിഹാസത്തേയും ഇതിഹാസകാരനേയും പറ്റിയുള്ള സ്മരണകൾ കൂട്ടുകാർ തമ്മിൽ പങ്കുവെച്ച് അവിടെയെത്തിയതറിഞ്ഞില്ല. ഇതിനിടയിൽ ചെതലി എന്ന ബോർഡ് കണ്ടപ്പോൾ നോവലിലെ ചെതലിമലയാണെന്നു വരെയായി സംസാരം. അല്ല എന്ന് ഈ കൃതിയെ പറ്റി കൂടുതലറിയുന്ന ചങ്ങാതിമാർ. ഈ പേരും ഇതിഹാസ സ്മരണ ആളിക്കത്തിക്കുവാൻ പോന്നത് തന്നെ.

ഒ.വി. വിജയന്റെ ഏറ്റവും ഉദാത്തമായ രചന എന്ന് പ്രസിദ്ധമാണ് 'ഖസാക്കിന്റെ ഇതിഹാസം.' ഇതിനപ്പുറം ഒന്നില്ല എന്ന വിചാരത്തിലാണോ

എന്തോ, അദ്ദേഹത്തിന്റെ ഉൽകൃഷ്ടമായ മറ്റു കൃതികൾക്കൊന്നും ഇതിനെ മറികടക്കാനായില്ല. വായിക്കുന്ന ആരെയും കീഴടക്കുന്ന സൃഷ്ടി. അപ്പോൾ അദ്ദേഹത്തിനുള്ള ശ്രദ്ധാഞ്ജലി ഈ കൃതിതന്നെ പ്രധാന വിഷയമായിവരുന്ന ഈ നിർമ്മിതിയായതും ഒരനുഗ്രഹമത്രെ. അതും തസ്രാക്ക് എന്ന സ്ഥലത്ത്. നോവലിലെ കഥ നടക്കുന്നത് പാലക്കാടൻ ചുരത്തിന്റെ അടിവാരത്തെങ്ങോ ഉള്ള ഖസാക്ക് എന്ന സ്വപ്ന ഭൂമികയിലാണെങ്കിലും, ജനം അത് തസ്രാക്കിലാണെന്നു വിശ്വസിക്കുന്നു; വിജയൻ തന്നെ പലവട്ടം തിരുത്തിയിട്ടും.

ഖസാക്കിന്റെ ഇതിഹാസത്തിന്റെ പ്രാഗ്‌രൂപം 1956–58 കാലഘട്ടത്തിൽ വിജയൻ എഴുതി പൂർത്തിയാക്കിയതാണ്. കമ്യൂണിസ്റ്റാചാര്യനായ പി.ടി. ഭാസ്കരപ്പണിക്കരുടെ നിർദ്ദേശപ്രകാരം കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുവാനായുള്ള ഒരു ചുവപ്പൻ കൃതിയായിട്ടാണ് ഈ പ്രാഗ്‌രൂപം സൃഷ്ടിച്ചതെന്നു വിജയൻ തന്നെ അവകാശപ്പെടുന്നുണ്ട്. എന്നാൽ അന്ന് ലോക കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൽ ഉണ്ടായ ചില സംഭവങ്ങൾ (ഒരു ഭരണാധികാരിയുടെ വധത്തെ ചൊല്ലി) വിജയനുൾക്കൊള്ളാൻ ആയില്ല. അദ്ദേഹത്തിലെ മനുഷ്യസ്നേഹി, വിപ്ലവകാരിയെ മറികടക്കുകയും, തല്ക്കാലം ഈ കൃതി ഇപ്പോൾ പ്രസിദ്ധീകരിക്കേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തു. അടുത്ത് തന്നെ അദ്ദേഹം ശങ്കേഴ്സ് വീക്കിലിയിൽ ചേരുവാനായി ഡൽഹിക്കു പുറപ്പെട്ടു. കൂടെ ഈ പുസ്തകവും. പിന്നീട് പത്തു വർഷത്തോളം ഈ പ്രാഗ്‌രൂപം വിജയന്റെ സുഹൃത്തുക്കൾക്ക് മുൻപിൽ നിരന്തരമായ വായനക്ക് പാത്രമായി. പലരുടെയും നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊള്ളിച്ച് തിരുത്തി, പുസ്തകം പുതിയ രൂപം കൈക്കൊണ്ടു. നോവലിന്റെ അവസാനം പോലും അങ്ങനെ തിരുത്തിയതാണ്. ആദ്യ കൃതിയിൽ, രവി നടന്നകലുന്നതായാണ് നോവൽ അവസാനിക്കുന്നത്. പക്ഷെ അവസാനഭാഗം കേട്ട കാക്കനാടൻ ചോദിക്കുന്നു: ഇനി രവി ജീവിച്ചിരുന്നിട്ടെന്തു കാര്യം, അയാളുടെ കർമ്മങ്ങൾ ഒക്കെ അവസാനിച്ചല്ലോ... തുടർന്ന് വരുന്നതാണ് വിജയന്റെ സർഗ്ഗദീപ്തിയുടെ കൈയ്യൊപ്പ്... മനോഹരമായ കഥാവസാനം.

വിജയന്റെ മിക്കവാറും സൃഷ്ടികളുടെ റിലീഫുകൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും, ഇവിടം വിജയനെക്കാളും ഇതിഹാസത്തിനെയാണ് ഓർമ്മിപ്പിക്കുന്നത്. ഗ്രന്ഥകാരനെ മറികടന്ന കൃതി. സത്യത്തിൽ ഈ സ്മാരകം ഒ.വി. വിജയനോ അതോ ഇതിഹാസത്തിനോ? സംശയം ഇപ്പോഴും തീരുന്നില്ല. 'ധർമ്മപുരാണ'വും 'മധുരം ഗായതി'യുമൊക്കെ പ്രസിദ്ധങ്ങളെങ്കിലും ഇതിഹാസത്തിന്റെ കഥാകാരനായിട്ടാണ് വിജയൻ മിക്കപ്പോഴും വിവക്ഷിക്കപ്പെടുന്നത്.

സ്മാരകത്തിന്റെ മുന്നിൽ ഒ.വി. വിജയൻ സ്മാരകമെന്നു മുദ്രചാർത്തിയ മനോഹരമായ കമാനം. തൊട്ടടുത്തായി ഈ ഭംഗി കെടുത്താനായി ഈ സ്മാരക വിപുലീകരണം ആ പ്രദേശത്തെ കൃഷിക്കാവശ്യമായ ജലവിതരണത്തെ തടസ്സപ്പെടുത്തുന്നുവെന്നും ഉടനടി ഈ സ്മാരകവിപുലീകരണ പ്രവൃത്തികൾ നിർത്തി വെക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടൊരു വലിയ ഫ്ളക്സ്ബോർഡ്. സ്മാരകത്തിനകത്ത് സ്ഥലം എം.പി. ശ്രീകണ്ഠൻ, ഹൈ മാസ്റ്റ് ലൈറ്റ് നൽകിയതിന്റെ മറ്റൊരു ഫ്ളെക്സും. ഇവയൊഴിച്ചാൽ സ്മാരകം വിശാലമായ ഒരു നെൽപ്പാടത്തിനു മുന്നിൽ സെറ്റ് ചെയ്തിരിക്കുകയാണെന്നേ തോന്നൂ. അത്ര ഭംഗിയായി ഹരിതവർണ്ണത്തിൽ നെൽച്ചെടികൾ ഒരുക്കിയ പശ്ചാത്തലത്തിൽ ഈ നിർമ്മിതി ലയിച്ചുചേരുന്നു. ആരും ഒന്ന് നോക്കി നിന്ന് പോകും.

എന്നിരുന്നാലും സ്മാരകം പൂർണ്ണമാവാനായി ഇനിയും കാലമെടുക്കും. എഴുത്തുപുര, ഡിസ്കഷൻ റൂം, നവീകരിച്ച കുളം എന്നിങ്ങനെ ചില ചെറിയ നിർമ്മിതികൾ കൂടിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്മാരകത്തിന് ഇവ കൂടുതൽ ഗരിമയും ദൃശ്യഭംഗിയും നൽകുമെന്നാശിക്കാം.

കവാടം കടന്ന്, കരിങ്കല്ലുകൾ പാകിയ പുൽത്തകിടിയിലൂടെ അകത്തേക്ക് ചെല്ലുന്നത്, ഇതിഹാസത്തിലൂടെ പ്രസിദ്ധമായ ഞാറ്റുപുരയിലേക്കാണ്. നാടൻ മട്ടിലുള്ളൊരു ചെറിയ പുര. ഒരു വരാന്തയും അകത്തായി ഒന്നുരണ്ട് മുറികളും. അകത്തെ മുറിയിൽ ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഒ.വി. വിജയനെപ്പറ്റിയും സ്മാരകത്തെക്കുറിച്ചുമൊക്കെയുള്ള ഡോക്യുമെന്ററികൾ, നാലഞ്ച് പേരടങ്ങുന്ന

സംഘങ്ങൾക്കാണെങ്കിൽ ഇവിടെ വച്ച് പ്രദർശിപ്പിക്കാറുണ്ട്. കൂടുതൽ ആൾക്കാർ ഉള്ളപ്പോൾ പുറകിലെ വിശാലമായ ഹാളിൽ വച്ചാണ് പ്രദർശനങ്ങൾ നടത്താറുള്ളത്.

ഒ.വി. വിജയൻ വരച്ച കാർട്ടൂണുകൾ, അദ്ദേഹത്തിന്റെ ഓർമ്മചിത്രങ്ങൾ, ലൈവ് തീയേറ്റർ എന്നിവ ഒരുക്കിയ ഈ പഴയ കെട്ടിടത്തെ (ഒരു കാലത്ത് ഒ.വി. വിജയൻ താമസിച്ചിരുന്ന) കടന്ന് മുന്നോട്ടു നടക്കുമ്പോൾ സ്മാരക മന്ദിരത്തിനായി പ്രശസ്ത ശിൽപികളായ വി.കെ. രാജൻ, ജോസഫ് എം. വർഗ്ഗീസ്, ജോൺസൺ മാത്യു, ഹോച്മിൻ എന്നിവർ ഒരുക്കിയ ശിൽപ്പങ്ങൾ കാണാം. പുറകിലുള്ള വലിയ ഇരുനില കെട്ടിടത്തിൽ ഖസാക്കിന്റെ ഇതിഹാസം നിറങ്ങളിൽ ചാലിച്ചു വരഞ്ഞിരിക്കുന്നു. ഒപ്പം ഒ.വി. വിജയൻ അയച്ച കത്തുകളുടെയും അദ്ദേഹത്തിനു ലഭിച്ച കത്തുകളുടെയും ശേഖരം... ആ കത്തുകൾ നമ്മെയും വിജയൻ എഴുത്തിൽ സജീവമായിരുന്ന കാലഘട്ടത്തിലേക്ക് കൊണ്ടുപോകും. കുറച്ചുനേരത്തേക്ക് ഒരു പിൻയാത്ര...

മുകളിലത്തെ നിലയിലെ വരാന്തയിൽ മുഴുവൻ നാരായണ ഭട്ടതിരിയുടെ കാലിഗ്രഫി വിസ്മയങ്ങളാണ്. ഒ.വി. വിജയന്റെ കൃതികൾക്കായി പലപ്പോഴായി ഭട്ടതിരി സൃഷ്ടിച്ച തലക്കെട്ടുകൾ പല രൂപത്തിലും ഭാവത്തിലും വളരെ ഭംഗിയായി ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

ഖസാക്കിലെ രവി പഠിപ്പിച്ചിരുന്ന ഏകാധ്യാപക വിദ്യാലയം ഇപ്പോഴും സ്മാരക മന്ദിരത്തിൽ നിന്ന് ഒരു വളവിന് അപ്പുറത്തായി ഉണ്ട്. വിജയന്റെ സഹോദരി ഒ.വി. ശാന്ത ആ വിദ്യാലയത്തിൽ പഠിപ്പിച്ചിരുന്ന സമയത്ത് ഇടയ്ക്ക് വിജയൻ, ഞാറ്റുപുരയിൽ ശാന്തയോടൊപ്പം വന്നുതാമസിച്ചിരുന്നു. അപ്പോഴാണ് ഈ നോവലിന്റെ കഥാതന്തു രൂപപ്പെടുന്നത്. അദ്ദേഹം ഇവിടെ കണ്ടുമുട്ടിയ പലരും ഇതിഹാസത്തിലെ കഥാപാത്രങ്ങളായി. രവിയും അപ്പുക്കിളിയും മൈമുനയും അള്ളാപ്പിച്ചാ മൊല്ലാക്കയും ഒക്കെ അദ്ദേഹത്തിന്റെ മനസ്സിലെ മാന്ത്രിക ലോകത്തിൽ നിറഞ്ഞാടി. അങ്ങനെ ഒരു ഇതിഹാസം പിറന്നു.'ഖസാക്കിന്റെ ഇതിഹാസം...'

രവി എന്ന പ്രധാന കഥാപാത്രത്തിലൂടെ ഒരു ഗ്രാമവും അവിടുത്തെ ജീവിതവും ആ ഗ്രാമത്തിന്റെ ആചാരങ്ങളും സ്വഭാവവും ഒക്കെ ചുരുൾ വിടരുന്നു. അലച്ചിലാണ് രവിയുടെ സ്ഥായിഭാവം. ഒരിക്കൽ ചെയ്തുപോയ പാപത്തിൽ നിന്നുള്ള രക്ഷപെടലാണ് അയാൾക്ക് ആ അലച്ചിലുകൾ. എന്നാൽ ഇവ രവിയെ വീണ്ടും പാപങ്ങളിൽ നിന്നും പാപങ്ങളിലേക്ക് കൊണ്ടെത്തിക്കുകയാണ്.

പാപഭാരം ഇനിയും കൂടാതിരിക്കാൻ, ഖസാക്കിൽ നിന്നും രക്ഷപ്പെടാൻ തീരുമാനിക്കുന്ന രവി. അതിനായി റോഡരികിൽ ബസ്സ് കാത്തിരിക്കുന്ന രവി... ആ രവിയുടെ കാലടിയിൽ ഒരു സർപ്പ ചുംബനം... മരണത്തെ പറയാതെ പറഞ്ഞു കൊണ്ട് ഒ.വി. വിജയൻ ഇതിഹാസം അവസാനിപ്പിക്കുന്നു.

കഥാപാത്രങ്ങൾ നടന്ന വഴിയേ നടക്കുക, ചിലപ്പോൾ കഥാപാത്രങ്ങളുടെ പ്രതിരൂപങ്ങളെ കണ്ടുമുട്ടുക, കഥാകൃത്തിന്റെ നടവഴികളിൽ അഭിരമിച്ചിരിക്കുക, ആ സ്മരണകളെ അല്പമെങ്കിലും ആവാഹിക്കാനാവുക... അങ്ങിനെ അങ്ങിനെ ഒരു മായാലോകത്തിലെത്തിയതുപോലെ. ഞങ്ങൾ ഓരോരുത്തരും ആ മാസ്മരിക വലയത്തിൽ നിന്നും പുറത്തെത്താൻ ഭക്ഷണത്തിന്റെ വിളി വരേണ്ടി വന്നു. എങ്കിലും വിജയന്റെ ആരാധകർ അപ്പോഴും ''ഒരു ഭ്രമാത്മകലോകത്തിൽ എത്തിപ്പെട്ടത് പോലെ" എന്നാണ് അവിടുന്നിറങ്ങിയപ്പോൾ പറഞ്ഞത്.

മനോഹരമായ ഒരു ചെറിയ ഗ്രാമമാണ് തസ്രാക്ക്. പാലക്കാടൻ ഗ്രാമ്യജീവിതം തെളിഞ്ഞു നിൽക്കുന്ന ചെറുവീടുകളും വയലുകളും നിറയെ മരങ്ങളും പച്ചപ്പുമുള്ള തനി നാട്ടിൻപുറം. ബസ്സിറങ്ങുന്നിടത്ത്, രവി ഖസാക്കിനെ ഉപേക്ഷിച്ചുപോകാൻ കാത്തുനിന്നിടത്ത് അതേ ആൽമരം ഇപ്പോഴുമുണ്ടത്രെ... കഥകൾ വരും തലമുറകളിലേക്കും പകരുവാനായി...

രാജ്യത്തെ തന്നെ ആദ്യത്തെ സാഹിത്യ പൈതൃക ഗ്രാമമാണ് തസ്രാക്ക്! നോവലിലെ സാങ്കല്പിക ഗ്രാമം ഇവിടെ അനുഭവവേദ്യമാകുന്നു. കേരളംപോലെ ഒരു ചെറിയ ഭൂമികയും, കൃതി മലയാളം പോലെ ഒരു ചെറിയ ഭാഷയിലും അല്ലായിരുന്നെങ്കിൽ ഈ സൃഷ്ടിയുടെ സ്ഥാനം പ്രവചിക്കുക വയ്യ.

സ്നേഹത്തിന്റെ, കരുണയുടെ ഒലികൾ തെളിഞ്ഞും മറഞ്ഞും പാതയൊരുക്കുന്ന പ്രവാചകന്റെ ഈ അമൂല്യസൃഷ്ടി കാലാതീതമാകട്ടെ...

●

# നവതി ആശംസകൾ

## കൊച്ചി രാജകുടുംബാംഗം

# പത്മ തമ്പുരാൻ

**(പാലസ് നം. 11, തൃപ്പൂണിത്തുറ)**



സ്നേഹാദരങ്ങളോടെ

**മക്കൾ: രഞ്ജിനി, രഘുനന്ദനൻ, രാജശ്രീ**

**മരുമക്കൾ: ശ്രീകുമാർ, രാധിക, പ്രകാശ്**

**കൊച്ചുമക്കൾ**

# നവതി ആശംസകൾ

## കമലം വർമ്മ

**(ചാഴൂർ കോവിലകം വലിയ തമ്പുരാട്ടി)**

**2024 മെയ് 1 ന് തിരുവല്ല ബ്രഹ്മസ്വം മഠത്തിൽ വെച്ച് ആഘോഷിച്ചു.**



സ്നേഹാദരങ്ങളോടെ

**മക്കൾ: സി.കെ. കൃഷ്ണദാസ്, സി.കെ. ജയചന്ദ്രൻ, ലത ജയകുമാർ**

**മരുമക്കൾ: ജയകുമാരവർമ്മ, ബിന്ദു കൃഷ്ണദാസ്, സുനീതി ജയചന്ദ്രൻ**

# നവതി ആശംസകൾ

## തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരത്തിലെ വലിയതമ്പുരാട്ടി

## തിരുവാതിരനാൾ നളിനി തമ്പുരാട്ടി



## സ്നേഹാശംസകളോടെ
## ബന്ധുമിത്രാദികൾ

# അറുപത് വസന്തങ്ങളുടെ നിറവിൽ



## ശ്രീമതി. സുനിതാ വർമ്മ

(വലവൂർ കോവിലകം, പഴയന്നൂർ)
KRA Lane IV-6, Pranamyam
Kusumagiri P.O., Kakkanad, Kochi 682 030

2024 ജൂലൈ 14 ന് ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച ഞങ്ങളുടെ പ്രിയപ്പെട്ട അമ്മയ്ക്കും അമ്മയോടൊപ്പം കഴിഞ്ഞ മുപ്പത്തിയാറു വർഷങ്ങളായി സാന്ത്വനത്തിന്റെയും പരിലാളനത്തിന്റെയും കൂട്ടായി ഒപ്പം സഞ്ചരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട

അച്ഛൻ **ശ്രീ. വിജയകുമാർ വർമ്മ**
(നെയ്തല്ലൂർ കോയിക്കൽ, പന്തളം) യ്ക്കും
സ്നേഹത്തിന്റെ ഒരായിരം
പനിനീർപൂവർഷങ്ങൾ...

വിനീത് വി. വർമ്മ, അപർണ്ണ
വർഷാ വി. വർമ്മ, അരവിന്ദ് എച്ച്. വർമ്മ
അനുപമാ വർമ്മ

# അഭിനന്ദനങ്ങൾ



തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയിലെ മുതിർന്ന അംഗം **ഉഷാ രാമവർമ്മ** മെയ് 12 ന് ഭജനപ്പുര കൊട്ടാരത്തിൽ അവതരിപ്പിച്ച 'പൂതനാമോക്ഷം' കഥകളി പ്രായം ഒരു അക്കം മാത്രമാണെന്ന ചൊല്ല് അന്വർത്ഥമാക്കുംവിധമായിരുന്നു. 70 പിന്നിട്ട ഉഷ പ്രായം വെല്ലുന്ന മെയ്വഴക്കവും അഭിനയചാതുരിയുമാണ് പ്രദർശിപ്പിച്ചത്. പദത്തിനൊപ്പിച്ചുള്ള ചുവടുകളും മുദ്രകളും എല്ലാം, നിറഞ്ഞ സദസ്സിന്റെ മുക്തകണ്ഠമായ പ്രശംസ നേടി. പ്രശസ്ത കഥകളി നടൻ അർക്കന്നൂർ പ്രഭയുടെ ശിക്ഷണത്തിലായിരുന്നു കഥകളി അവതരിപ്പിച്ചത്. വൈക്കം ആർ.പി. വാര്യരുടെ ശിക്ഷണത്തിൽ ബാല്യത്തിൽ തന്നെ കഥകളി അഭ്യസിച്ചു. തിരുവാതിര, ശാസ്ത്രീയ നൃത്തം, നാടൻ നൃത്തം, നാടകാഭിനയം തുടങ്ങി വിവിധ രംഗങ്ങളിൽ സജീവമാണ്. വൈക്കം വടക്കേമഠം കുടുംബാംഗമാണ്. കടപ്ര തുളിശാല കോയിക്കൽ ജി. രാമവർമ്മ (ഓമനക്കുട്ടൻ) ആണ് ഭർത്താവ്. ലക്ഷ്മി, മായ, എന്നിവർ മക്കൾ.

# വിവാഹ മംഗളാശംസകൾ







തിരുവനന്തപുരം മൈത്രി നഗർ 'ശ്രുതി'യിൽ ദേവദാസ് വർമ്മയുടെയും രമണി വർമ്മയുടെയും മകൻ **അശ്വിൻ വർമ്മ**യും (ജിത്തു) ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ രാംകുമാർ വർമ്മയുടെയും സന്ധ്യാ വർമ്മയുടെയും മകൾ **തേജസ്വി വർമ്മ**യും (ഗൗരി) തമ്മിലുള്ള വിവാഹം 16 മേയ് 2024 വ്യാഴാഴ്ച ചാലക്കുടി ഗോപാലകൃഷ്ണ ആഡിറ്റോറിയത്തിൽ വച്ച് സമംഗളം നടന്നു

# യജ്ഞോപവീതം



വൈക്കം കിഴക്കേനട മുട്ടത്തിൽപറമ്പ് കോവിലകത്ത് വിജിത വർമ്മയുടെയും മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിൽ രാജ്കുമാർ വർമ്മയുടെയും മക്കൾ **അനിരുദ്ധ് ആർ. വർമ്മ**യുടെയും **അദ്വൈത് ആർ. വർമ്മ**യുടെയും ഉപനയനം 2024 മെയ് 10 ന് മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിൽ വച്ച് സമംഗളം നടന്നു.



# വിവാഹ മംഗളാശംസകൾ





തിരുവല്ല മതിൽഭാഗം
താളിവള്ളി മഠത്തിൽ
പ്രസന്നവർമ്മയുടെയും
സുഭദ്ര അന്തർജ്ജനത്തി
ന്റെയും മകൾ **അപർണ്ണയും**
മൂവാറ്റുപുഴ കല്ലൂർക്കാട്
ഇളംപ്ലാശ്ശേരി മനയിൽ
ദാമോദരൻ നമ്പൂതിരിയു
ടെയും രശ്മി അന്തർജ്ജന
ത്തിന്റെയും മകൻ
**അർജ്ജുനും** തമ്മിലുള്ള
വിവാഹം 2024 മെയ് 5
ഞായറാഴ്ച മുത്തൂർ ശ്രീഭദ്ര
ആഡിറ്റോറിയത്തിൽ വച്ച്
സമംഗളം നടന്നു

# യജ്ഞോപവീതം



വൈക്കം ഉദയനാപുരം പനമിറ്റത്തു മഠത്തിൽ ഹരിത വർമ്മയുടെയും, കോഴിക്കോട് തിരുവണ്ണൂർ പുതിയ കോവിലകം രമാ മന്ദിരത്തിൽ സുമേഷ് വർമ്മയുടെയും മക്കൾ **വൈഭവ് വർമ്മ**യുടെയും **വൈഷ്ണവ് വർമ്മ**യുടെയും ഉപനയനം 12–05–2024–ൽ തൃപ്പൂണിത്തുറ കളിക്കോട്ട പാലസ്സിൽ വച്ച് ആചാരപ്രകാരമുള്ള ചടങ്ങുകളോടെ ബന്ധുമിത്രാദികളുടെ മഹനീയ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

# സപ്തതി ആശംസകൾ



എഴുമറ്റൂർ പാലസിലെ (നെയ്തല്ലൂർ കോവിലകം) അംഗമായ **രവീന്ദ്രവർമ്മ**യുടെ സപ്തതി വൈക്കം ആറാട്ടുകുളങ്ങര ക്ഷീരവൈകുണ്ഠപുരം പാർത്ഥസാരഥി ക്ഷേത്രഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. ചടങ്ങുകളിൽ ബന്ധുമിത്രാദികൾ പങ്കെടുത്തു. കടനാട് വടക്കുംകൂർ കോവിലകത്തെ **നിർമ്മലാംബിക തമ്പുരാട്ടി**യാണ് ഭാര്യ.









# വിവാഹ മംഗളാശംസകൾ

തിരുവനന്തപുരം പാപ്പനംകോട്
'ശാന്തിനികേതനി'ൽ
ഡോ. ആർ. ലക്ഷ്മി വർമ്മയുടെയും
ആർ. രാമവർമ്മയുടെയും (വിജയൻ)
മകൾ **ആർ. ശാരികാ വർമ്മയും**
എറണാകുളം എരൂർ നോർത്ത്
'ശ്രീമൂകാംബിക'യിൽ
ശാന്തി കാളീശ്വരന്റെയും
എസ്. കാളീശ്വരന്റെയും മകൻ
**കെ. ശ്രീകാന്തും** തമ്മിലുള്ള
വിവാഹം 2024 ജൂലൈ 10
ബുധനാഴ്ച തിരുവനന്തപുരം
വഴുതക്കാട് പി. സുബ്രഹ്മണ്യം
ഹാളിൽ (ട്രിവാൻഡ്രം ക്ലബ്) വച്ച്
സമംഗളം നടന്നു



# സ്മരണാഞ്ജലി

**രണ്ടാം ചരമവാർഷികം**

**19-08-2024**

## റിട്ട. ഹവിൽദാർ ഉണ്ണിക്കൃഷ്ണ വർമ്മ

**അക്ഷയ് നിവാസ്, തെക്കെ മണക്കാട്, കരിവെള്ളൂർ**



പരേതാത്മാവിന്
നിത്യശാന്തി
നേർന്നുകൊണ്ട്

**ടി.എം.ഉഷാകുമാരി (ഭാര്യ)**
**അക്ഷയ് കുമാർ (മകൻ)**
**എൻ.കെ.സരസ്വതി (സഹോദരി)**
**ബന്ധുമിത്രാദികൾ**

സ്വാമി ശരണം

# ഉപനയനം

മധുരമീനാക്ഷി തുണ







പൂഞ്ഞാർ കൊട്ടാരത്തിലെ സുധ കെ. വർമ്മയുടെയും തിരുവല്ല നെടുമ്പ്രത്തു കൊട്ടാരത്തിലെ സി. കേരളവർമ്മ രാജയുടെയും പൗത്രൻ **സിദ്ധാർത്ഥ് ആർ. വർമ്മ**യുടെ ഉപനയനം 2024 മെയ് 9 വ്യാഴാഴ്ച പൂഞ്ഞാർ കൊട്ടാരത്തിൽ വച്ച് മംഗളകരമായി നടന്നു.



# ബാഷ്പാഞ്ജലി



**എ. സരളാഭായി തമ്പാട്ടി (84)**

**അജിനി നിവാസ്, ചെന്നിത്തല**

**(റിട്ട. A.O., LIC, മാവേലിക്കര)**

**സന്തപ്ത കുടുംബാംഗങ്ങൾ**

# സരളാഭായി തമ്പാട്ടി - ഒരു ഓർമ്മക്കുറിപ്പ്

പന്നിയോട് ഇല്ലത്തു വിഷ്ണുനമ്പൂതിരിയുടെയും ചെന്നിത്തല മേനാംവിള കോയിക്കൽ അംബ ഭാരതി തമ്പാട്ടിയുടെയും നാലാമത്തെ പുത്രിയായി 1940 ജൂലൈ ഒന്നിനു ജനനം. മൂന്ന് ആൺമക്കൾക്കു ശേഷം ആറ്റുനോറ്റുണ്ടായ പെൺകുട്ടി. അതിനുശേഷം ഒരാൺകുട്ടിയും രണ്ടു പെൺകുട്ടികളും ആ ദമ്പതിമാർക്കുണ്ടായി. മാവേലിക്കര തട്ടാരമ്പലത്തിൽ കച്ചവടം നടത്തിയിരുന്ന വിഷ്ണുനമ്പൂതിരി, ഭാര്യയും താനും ഏഴു മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഭാവിയെക്കുറിച്ച് ഉത്ക്കണ്ഠാകുലനായിരുന്നു. ഒടുവിൽ ഭാര്യയുടെ തറവാട്ടുസ്വത്ത് ഇന്ന് ചെന്നിത്തല മഹാത്മാ ഹയർ സെക്കൻഡറി സ്കൂളായി തല ഉയർന്നു നിൽക്കുന്ന സ്ഥാപനത്തിനു വിലയ്ക്കു നൽകി തിരുവനന്തപുരത്തേക്കു താമസം മാറ്റി. അവിടെ പെരുന്താന്നിയിൽ പത്മവിലാസം കോയിക്കൽ വിലയ്ക്കു വാങ്ങി. കൊട്ടാരത്തിൽ ഒരു ജോലി കരസ്ഥമാക്കി ജീവിതം മുന്നോട്ടു തള്ളിനീക്കി. കൊട്ടാരത്തിൽ നിന്നു ലഭിക്കുന്ന വരുമാനവും അമ്പലത്തിൽ നിന്നു കിട്ടുന്ന പടച്ചോറുമൊക്കെയായി ആ കുടുംബം മുന്നോട്ടു നീങ്ങി. മൂത്ത മകൻ രാജൻ തമ്പാൻ തെരുവു വിളക്കിനു താഴെയിരുന്നു പഠിച്ചാണ് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയത്. തുടർന്ന് എൻ.എസ്.എസ്. കോളേജിൽ ഇംഗ്ലീഷ് അധ്യാപകനായും പ്രിൻസിപ്പലായും ജോലിനോക്കി. രണ്ടാമൻ പ്രഭാകരൻ തമ്പാൻ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നു വിരമിച്ചു. മൂന്നാമൻ വിജയൻ തമ്പാൻ ആവഡി ടാങ്ക് ഫാക്ടറിയിൽ ഫോർമാനായിരുന്നു. സരള തമ്പാട്ടി പഠനം പൂർത്തിയാക്കിയ ഉടൻ തന്നെ റിസർവ്വ് ബാങ്കിലും എൽ.ഐ.സിയിലും ജോലി ലഭിച്ചു. ദൂരെ ജോലി ചെയ്യാനുള്ള വിമുഖത കാരണം എൽ.ഐ.സി. തെരഞ്ഞെടുത്തു. പട്ടത്തു ദീർഘനാൾ സേവനമനുഷ്ഠിച്ചു. ഒടുവിൽ മാവേലിക്കരയിൽ നിന്ന് എ.ഒ. ആയി വിരമിച്ചു. അനിയൻ ഭാസ്ക്കരൻ തമ്പാൻ മജിസ്ട്രേറ്റായി വിരമിച്ചു. അനിയത്തി മംഗളം ചെറുപ്പത്തിലെ മരിച്ചു. ഏറ്റവും ഇളയ അനിയത്തി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറായി വിരമിച്ച ശോഭന മാത്രം ഇനി അവശേഷിക്കുന്നു.

**പ്രൊഫ. വി.കെ. കേരളവർമ്മ**
ആലപ്പുഴ

# ഉള്ളൂർ പുരസ്ക്കാരം എഴുമറ്റൂരിന് സമ്മാനിച്ചു

മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ 147-ാം ജന്മദിനാഘോഷച്ചടങ്ങിൽ മഹാകവിയുടെ സ്മരണാർത്ഥമുള്ള 2023-ലെ ഉള്ളൂർ അവാർഡ് ഡോ. എഴുമറ്റൂർ രാജരാജവർമ്മയ്ക്കു മുൻ ചീഫ് സെക്രട്ടറി വി.പി. ജോയി സമ്മാനിച്ചു. 'എഴുമറ്റൂരിന്റെ കവിതകൾ' എന്ന കാവ്യഗ്രന്ഥത്തിനാണ് പുരസ്ക്കാരം. ജൂൺ 6 ന് തിരുവനന്തപുരം ജഗതിയിലുള്ള ഉള്ളൂർ സ്മാരകത്തിൽ വച്ചായിരുന്നു ചടങ്ങ്. ഉള്ളൂർ സ്മാരക പ്രസിഡന്റ് ഡോ. എൻ. പി. ഉണ്ണി അദ്ധ്യക്ഷനായിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ അദ്ധ്യക്ഷൻ പ്രൊഫ. വി. കാർത്തികേയൻ നായർ, ഡോ. എം.ആർ. തമ്പാൻ, ഉള്ളൂർ സ്മാരകം സെക്രട്ടറി എസ്. ജയശങ്കർ, എൻ. രാജ്കുമാർ തുടങ്ങിയവർ സംസാരിച്ചു.



കവിത

# വർണ്ണാക്ഷരങ്ങൾ



**ജ്യോതി വർമ്മ എൽ.ആർ.**
പന്തളം, മൊ. 8330054846

വർണ്ണങ്ങൾ ഇഴപാകിയ ജീവിതമത്രമേൽ ഹ്രസ്വമെന്ന് തോന്നുന്നത്
തന്നെത്തന്നെ സ്നേഹിക്കാൻ തുടങ്ങുമ്പോഴാണ്

പകൽ യാത്രയായി രാവിന്റെ വരവറിയുന്നത്
പൂർണ്ണ നിശബ്ദതയിലൂടെയാണ്

പടിയിറങ്ങിപ്പോയൊരു വാക്കിന്റെ നഷ്ടബോധത്തിലാണ്
പകരം വയ്ക്കാൻ വേറെയില്ലെന്ന തോന്നലുണ്ടായത്

നഷ്ടസ്വപ്നങ്ങൾ കരുത്തോടെ മുള പൊട്ടിയപ്പോഴാണ്
പ്രണയം ചുട്ടുപൊള്ളിച്ച നീറ്റൽ അസഹനീയമായത്

പിൻതിരിഞ്ഞു നടക്കുമ്പോഴും പിറകോട്ട് വലിക്കുന്നുണ്ടെന്ന ചിന്തയാണ്
പൊടിപറ്റിയ ഓർമ്മകൾ താജ്മഹാലൊരുക്കിയത്

തൊണ്ട വരണ്ടുണങ്ങിയപ്പോഴാണ്
വീണ്ടുമൊരു മഴപ്പെയ്ത്തിനായി വേഴാമ്പൽ തപം ചെയ്തത്

മഴക്കുളിരിൽ മൗനമായിരിക്കാൻ ആഗ്രഹിച്ചപ്പോഴാണ്
നെരിപ്പോടിന്റെ പുകമണം വീശിയടിച്ചത്

വിരഹത്തിന്റെ താപം കൊണ്ട് ശബ്ദവീചികൾ നിലച്ചപ്പോഴാണ്
രാക്കിളിയുടെ പാട്ടിനായി കാതോർത്തത്

രാത്രിക്കു വെട്ടമായി അമ്പിളി കൊമ്പിൽ തൊട്ടപ്പോഴാണ്
വെളിച്ചത്തിന്റെ ഗന്ധം രുധിരമണിഞ്ഞത്

വാക്കിന്റെ മുൾമുന കൊണ്ട് മുറിഞ്ഞപ്പോഴാണ്
സ്നേഹം വമിക്കുന്ന മനസ്സിനായി തേങ്ങിയത്.

കഥ

# സ്നേഹമാം തലോടൽ

ഹൈമവതി വർമ്മ
ചേർത്തല



'സ്നേഹമാം തലോടൽ'

തേനും പാലുംപോലെ ഒഴുകിയൊഴുകി വരുന്ന മധുരം ചാലിച്ച രണ്ടു വാക്കുകൾ.

നിർമ്മലമായ വാത്സല്യത്തിന്റേയും മുഖംമൂടിയില്ലാത്ത നിഷ്കളങ്കതയുടെയും ഈണമുള്ള ഉയിരേകുന്ന മൃതസഞ്ജീവനി.

മനുഷ്യരാശിയുടെ ആത്മാർത്ഥവും അടിയുറച്ചതുമായ ബന്ധങ്ങളിൽ നമ്മൾ പലപ്പോഴും പറഞ്ഞിട്ടുള്ളതും വായിച്ചിട്ടുള്ളതും കേട്ടിട്ടുള്ളതുമായ ഹൃദ്യസമന്വയങ്ങൾ.

സാന്ത്വനവും ആശ്വാസവും നൽകുന്ന കുളിർകാറ്റ്.

അരുമയോടെ പിഞ്ചോമനയെ മടിയിലിരുത്തി പാലൂട്ടുമ്പോൾ, അമ്മിഞ്ഞപ്പാലിന്റെ സുഗന്ധമുള്ള വാവയുടെ പട്ടുപോലത്തെ കുഞ്ഞിക്കൈകൾ അമ്മയുടെ കവിളിലും കഴുത്തിലുമൊക്കെ തഴുകുന്ന സ്പർശനങ്ങൾ.

ആശുപത്രിയിൽ കണ്ണടച്ചുകിടക്കുന്ന രോഗിയുടെ നെറ്റിത്തടത്തിൽ, അത് ബന്ധുവായാലും സുഹൃത്തായാലും അപരിചിതനായാലും നാം മൃദുവായി തലോടുമ്പോൾ, പതുക്കെപ്പതുക്കെ കണ്ണുചിമ്മി തുറക്കുന്ന മിഴികളിലെ കണ്ണീർകണങ്ങൾ...

പ്രണയാതുരരായ കാമിനീ കാമുകന്മാർ ഉള്ളുലയുന്ന പ്രേമാഗ്നിയോടെ വിരലുകൾ കൂട്ടിയിടിച്ച് കൈമാറുന്നവിരഹവേദനാമഞ്ജരികൾ...

എല്ലാം സ്നേഹമാം തലോടൽതന്നെ

പക്ഷേ, എന്റെ ഉള്ളിന്റെ ഉള്ളിൽ തട്ടി മനസ്സിനെ ഈശ്വരോന്മുഖമാക്കിയത് ഒരു ക്രിസ്തീയ പ്രാർത്ഥനാഗാനത്തിലൂടെയാണ്.

അതിന്റെ അവസാനത്തെ വരികൾ

"പ്രപഞ്ചനാഥാ - സ്നേഹമാം തലോടൽ കൊണ്ട് കാത്തിടേണമേ."

വിഭ്രമകരവും വേദനാജനകവുമായ ജീവിതയാത്രയുടെ വൈരുദ്ധ്യ കല്പനകളിൽക്കൂടി കടന്നുപോകുന്ന നാം ഇതിൽ കൂടുതൽ എന്താണ് പ്രാർത്ഥിക്കാനുള്ളത് !

ബുദ്ധിയും യുക്തിയും ഉള്ളുലയുന്ന ജീവിതയാഥാർത്ഥ്യങ്ങളും മറന്ന് ഹൃദയം ഏകാഗ്രമായി തപസ്സോടെ കിടന്നാലും ഉറക്കം വരാത്ത രാത്രികളുണ്ട്.

അങ്ങിനെയുള്ള രാവുകളിൽ സ്വപ്നവും ഗതകാലസ്മൃതികളും ഓർമ്മകളായി കടന്നുവരും.

സൗഹൃദത്തിന്റെ, സാഹോദര്യത്തിന്റെ സ്നേഹമാം തലോടലുകൾ കൊണ്ട് ജീവിതം തിരിച്ചുപിടിച്ച ഒരു കഥാതന്തു എന്റെ അബോധമനസ്സിലൂടെ തെളിഞ്ഞുവന്നു.

രാമകൃഷ്ണന്റേയും ആനന്ദിന്റേയും കഥ

സുഹൃത്തുക്കൾ-രക്തബന്ധമില്ലാത്ത സഹോദരങ്ങൾ

പാപ്പാസ്വാമിയുടെ മക്കളാണ് ഇവർ

സ്വാമിയുടെ രക്തത്തിൽ പിറന്ന സ്വന്തം മകനാണ് രാമകൃഷ്ണൻ. ആനന്ദ് വളർത്തു മകനും.

കർണ്ണാടകയിൽ നിന്നും കേരളത്തിൽ കുടിയേറിയ എമ്പ്രാന്തിരി കുടുംബത്തിലെ കണ്ണിയാണ് പത്മനാഭൻപോറ്റി. തലമുറകളായി മദ്ധ്യകേരളത്തിലെ പ്രശസ്തമായ ദേവീ ക്ഷേത്രത്തിലെ പൂജാരിമാരുടെ അവസാനത്തെ അനന്തരാവകാശി. നാട്ടുകാരുടെ പാപ്പാസ്വാമി.

അമ്പലത്തിലെ ജോലിക്കൊപ്പം പാപ്പാസ്വാമി എറണാകുളത്ത് ഹൈക്കോടതിയിലെ ഗുമസ്തൻ പണിയും ചെയ്തു. തുച്ഛമായ ശമ്പളം, പോയി വരാനുള്ള ചിലവും ബുദ്ധിമുട്ടും ഒന്നും സ്വാമിയെ ബാധിച്ചില്ല. നീലാകാശത്തിൽ വിരൽ തൊടാനുള്ള ഒരു കുട്ടിയുടെ മോഹംപോലെ വക്കീലാവാനുള്ള ഉൾവിളി ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

സ്വാമിയുടെ ഒരേ ഒരു ബന്ധുവായിരുന്നു 'പാട്ടിഅമ്മ' എന്നു വിളിച്ചിരുന്ന കോകിലമാമി.

പന്ത്രണ്ടു വയസ്സിൽ കല്ല്യാണം കഴിഞ്ഞ്, പതിമൂന്നാം വയസ്സിൽ വിധവയായി. അന്നു മുതൽ സ്വാമി കുടുംബത്തിലെ അംഗമാണ്.

ക്ഷേത്രത്തിലെ തിരുവാഭരണ മോഷണക്കേസ്സിൽ, കള്ളസാക്ഷികൾ അതിക്രൂരമായി ക്രൂശിച്ചപ്പോൾ, നിരപരാധിയായ അച്ഛൻ നാടുവിട്ടു പുറപ്പെട്ടുപോയി.

അമ്മയെ ഓർമ്മപോലുമില്ലാത്ത പാപ്പാസ്വാമിക്ക് അച്ഛന്റെ തിരോധാനം താങ്ങാനാവാത്ത ആഘാതമായി. അപമാനവും ഏകാന്തതയും അമർഷവും നിറഞ്ഞ ആ ദയനീയാവസ്ഥയിൽ പാട്ടിമാത്രമായി ഏക ആശ്രയം.

പാപ്പാസ്വാമിക്ക് കോകിലപാട്ടിയോടുള്ള കടപ്പാട് അതുമാത്രമായിരുന്നില്ല.

സ്വാമിയുടെ സ്വപ്നമായിരുന്ന വക്കീൽ പഠന പരിശീലനവേളയിൽ പാട്ടി പലപ്പോഴും ഓർമ്മിപ്പിച്ചിട്ടുള്ള വാക്കുകൾ.

"പാപ്പാ ഉങ്കളുടെ അപ്പാവുക്ക് ഒരു വക്കീൽ കിടച്ചിരുന്താൽ അന്ത കള്ളകേസിൽ ഉള്ളുരുകേണ്ട ആവശ്യമേ കിടയാത്. എവ്വളോ നിമ്മിതിയായി തിരുമ്പിവന്തിടുവേൻ. അന്തഭാഗ്യം അവന് കിടയ്ക്കലേ....

അതുക്കു ബദലായി നീ പഠിച്ച് പാസ്സായി ഒരു വക്കീലാവണം. ഒരു നല്ല മനിതൻ ഒരു നല്ല വക്കീലായിരുന്താൻ ഇന്ത ഉലകമേ കടവുളിൻ കോവിൽ ആയിടുമേ"

സ്വാമിയുടെ മനസ്സിൽ ഈ വാക്കുകൾ വേരുറച്ചു.

ഗുമസ്തൻ ജോലിയിലിരുന്ന് പഠിച്ച് അദ്ദേഹം ഒരു നല്ല വക്കീലായി.

സ്വാമിയുടെ ജീവിതത്തിലെ അടുത്ത വഴിത്തിരിവ് സരോജയുമായുള്ള വിവാഹത്തോടെ ആയിരുന്നു. തൃശ്ശൂർക്കാരിയാണ് കുട്ടി. പത്താം ക്ലാസ് പഠിപ്പും കുലീനതയുമുള്ള കതിരുപോലൊരു പെൺകുട്ടി.

സരോജക്ക് രണ്ട് ജ്യേഷ്ഠന്മാർ. ഒരാൾ ബോംബെയിലും മറ്റെ ആൾ കൽക്കട്ടയിലും.

വിവാഹവും, വിരുന്നും, ചടങ്ങുകളും കഴിഞ്ഞ് മടങ്ങിപ്പോകാനുള്ള ദിവസമായി.

സരോജയുടെ മൂത്തജ്യേഷ്ഠൻ പരശു പറഞ്ഞു:

"പാപ്പാ. തനിക്ക് സരോജയേയും കൂട്ടി എന്റെ കൂടെ ബോംബെയ്ക്ക് വരാം. അല്ലെങ്കിൽ അമ്പിയുടെ കൂടെ കൽക്കട്ടക്ക് പോവാം. നല്ല ജോലിതരപ്പെടുത്താം. നാട്ടിൽ ഇനി ആരുമില്ലല്ലോ."

എല്ലാവർക്കും സമ്മതം.

പാപ്പാസ്വാമി തിരഞ്ഞെടുത്തത് കൽക്കട്ടയാണ്.

ടാഗോറിനേയും ബങ്കിംചന്ദ്രചാറ്റർജിയേയും വായിച്ചറിഞ്ഞ ബംഗാളി സാഹിത്യസംസ്കാരം മാത്രമല്ല അതിനുകാരണം. ശ്രീരാമകൃഷ്ണ പരമഹംസനും, സ്വാമി വിവേകാനന്ദനും അദ്ദേഹത്തിന്റെ ആരാദ്ധ്യപുരുഷന്മാരായിരുന്നു.

കൽക്കട്ടയിലെത്തി ഒന്നരവർഷത്തിനുശേഷം പിന്നെ മകന് അദ്ദേഹം പേരിട്ടു: 'രാമകൃഷ്ണൻ'. രാമൂ, രാമാ എന്നൊക്കെ വാത്സല്യത്തോടെ വിളിച്ചു.

അമ്പിഅണ്ണാവിന്റെ ശുപാർശയോടെ കൽക്കട്ടയിലെ ആലിപ്പൂർ ജില്ലാകോടതിയിൽ കയറാൻപറ്റി.

പിന്നെ അടിവച്ചടിവച്ച കയറ്റം.

വളരെപെട്ടെന്ന് കൽക്കട്ട ഹൈക്കോടതിയിലെ അദ്വിതീയനും നീതിജ്ഞനുമായ അഭിഭാഷകൻ. സത്യസന്ധതയുടെ ഉജ്ജ്വലതയിൽ കത്തിജ്ജ്വലിച്ച്, മനുഷ്യസ്നേഹത്തിന്റെ മഴവിൽശോഭ പരത്തിയ അദ്ദേഹത്തിന്റെ വാദങ്ങൾ നീതിന്യായ വേദികളിൽ മുഴങ്ങി.

ഈ കാലത്താണ് പാപ്പാസ്വാമിയുടെ ജീവിതത്തിലെ വേറോരു വഴിത്തിരുവ്. പതിവുപോലെ മകനുമൊത്ത് രബീന്ദ്രസരോവറിലെ പ്രഭാത നടത്തത്തിനിടയിലാണ് ആ ബാലനെ അദ്ദേഹം ശ്രദ്ധിക്കുന്നത്. കാവി വസ്ത്രം കൗപീനം പോലെ ചുറ്റി, മൊട്ടയടിച്ച ശിരസ്സിൽ ഒരു ചെറിയ

കുടുമയും കഴുത്തിൽ ചന്ദനമണി മാലയുമായി ഓടിനടന്ന് പൂ പറിക്കുന്ന ഒരു പയ്യൻ. മൂന്നുദിവസം തുടർച്ചയായി കണ്ടപ്പോൾ അവനെക്കുറിച്ച് കൂടുതൽ അറിയാൻ ആകാംക്ഷ. വെള്ളത്തിൽ ഇറങ്ങി കൈനീട്ടി ആമ്പൽപ്പൂ പറിക്കുന്ന പയ്യനെ അദ്ദേഹം വിളിച്ചു: "ഏയ് കൊക്കാ, എക്കാനെ ആഷൂ." (കുട്ടി ഇവിടെ വരൂ) പയ്യന് മനസ്സിലായില്ല എന്നു തോന്നി. രാമകൃഷ്ണൻ ഓടിച്ചെന്ന് അവന്റെ കൈപിടിച്ചു കൊണ്ടുവന്നു. "അപ്പാ, ഇവൻ മൊത്തം നനഞ്ഞു." രാമു പറഞ്ഞു.

അദ്ദേഹം കൈയ്യിലെ തൂവാലകൊണ്ട് അവനെ തോർത്തിച്ചു. കഴുത്തിലെ സ്കാർഫ് അഴിച്ച് അവനെ ഉടുപ്പിച്ചു. ''തുമർ നാം കീ'' സ്വാമി ചോദിച്ചു. (നിന്റെ പേരെന്താ)

"ആനന്ദ്" പേടിച്ച് വിക്കി വിക്കിയാണ് അവൻ പേര് പറഞ്ഞത്.

"തുമീ കൊഥയ് ഥാക്കേൻ" (നീ എവിടെയാണ് താമസിക്കുന്നത്).

സരോവറിന്റെ കിഴക്കെ അറ്റത്ത് വിശാലമായ വിവേകാനന്ദാ പാർക്കാണ്. അതിന്റെ നടുവിൽ വെൺമ പൂശിയ മൂന്നുനില കെട്ടിടം. ശ്രീരാമ കൃഷ്ണ മിഷന്റെ ആശ്രമം. അവിടേക്ക് അവൻ വിരൽ ചൂണ്ടി. സ്വാമി അതിശയത്തോടെ ചോദിച്ചു.

"അവിടെ ആശ്രമത്തിലോ?"

അവൻ മൗനം അവലംബിച്ച് തലകുനിച്ചു നിന്നു.

രാമകൃഷ്ണന് വല്ലാത്ത ആവേശം

''നീ സന്യാസിയാണോ?'' അവന്റെ മുഖം ഉയർത്തിപ്പിച്ച് രാമു ചോദിച്ചു.

മറുപടി ഒന്നും പറയാതെ പൂക്കൂടയുമെടുത്ത് അവൻ ഓടിപ്പോയി.

പ്രഭാത നടത്തം കഴിഞ്ഞ് മടങ്ങുമ്പോൾ പാപ്പാ സ്വാമി ഒരു തീരുമാനമെടുത്തു.

ഏതാണ്ട് ആറുവയസ്സു പ്രായം. രാമകൃഷ്ണ നെക്കാൾ രണ്ടുവയസ്സ് കുറയും. ചൈതന്യമുള്ള മുഖം. ബാലകന്റെ തിളങ്ങുന്ന തേജസ്സ്. പാർക്കിലെ ബഞ്ചിൽ തന്റെ മടിയിലിരുന്ന രാമുവിനെത്തന്നെ നോക്കി നിന്ന നിൽപ്പ്.

പറയാതെ പറഞ്ഞ ഒരായിരം ഗദ്ഗദങ്ങൾ, അതിന്റെ നൊമ്പരം, അവന്റെ കണ്ണുകളിൽ നിറ ഞ്ഞിരുന്നു.

അന്ന് വൈകിട്ട് അദ്ദേഹം സരോജയേയും രാമകൃഷ്ണനെയും കൂട്ടി ആശ്രമത്തിൽ ചെന്നു. അവിടെ പലരും അദ്ദേഹത്തെ കണ്ട് അതിശയിച്ചു. കൽക്കട്ട ഹൈക്കോർട്ടിലെ ഏറ്റവും പ്രഗത്ഭനായ പേരുകേട്ട പാപ്പാസ്വാമി. മഠാധിപൻ സന്തോഷ ത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു.

മുഖവുര ഇല്ലാതെ സ്വാമി വന്നകാര്യം പറഞ്ഞു.

"ഇവിടുത്തെ അന്തേവാസിയായ ആനന്ദിനെ ദത്തെടുക്കാൻ ദയവായി എന്നെ അനുവദിക്കണം. എന്റെ സ്വന്തം മകനായി ഞാനവനെ വളർത്തും. My second son. രക്തബന്ധവും ഒരേ ചാനലി ലൂടെ എന്റെ ഹൃദയത്തിലേക്ക് ഒഴുകും."

രാമകൃഷ്ണൻ അച്ഛന്റെ കൈവിട്ടു. മുമ്പോട്ട് ചെന്ന് ആനന്ദിനെ മാറോട് ചേർത്ത് ആശ്ലേഷിച്ചു.

"ഞാൻ അണ്ണൻ. തുമർദാദാ. നീ തമ്പി. അമർ ഛോട്ടാഭായി."

ആനന്ദിന്റെ ചുണ്ടുകൾ മധുരമായി മന്ത്രിച്ചു: "രാമണ്ണ". അങ്ങിനെ തുടങ്ങി ആനന്ദിന്റെ പുതിയ ജീവിതം.

രണ്ടു ദിവസത്തിനകം ദത്തെടുപ്പിന്റെ നടപടി കൾ പൂർത്തിയായി. ചുമപ്പും മഞ്ഞയും കലർന്ന ഷർട്ടും നിക്കറും ധരിച്ചു, കൈയ്യിലൊരു ചെറിയ സഞ്ചിയുമായി ആനന്ദ് പടിയിറങ്ങി. സന്യാസി മാരും, അന്തേവാസികളും അവന്റെ നെറ്റിയിൽ ചുംബിച്ച് അനുഗ്രഹിച്ചു. രാമകൃഷ്ണന്റെ കൈ പിടിച്ച് ഏങ്ങലോടെ അവൻ മുന്നോട്ട് നടന്നു. പിറകോട്ട് തിരിഞ്ഞുനോക്കി. പിന്നെയും പിന്നെയും.

ഇരുപത് വർഷങ്ങൾക്കുശേഷം ആശ്രമത്തിന്റെ ഉന്നതപദവിയിൽ അവൻ തിരിച്ചെത്തിയത് വിധാ താവിന്റെ നിയോഗം.

രണ്ട് പതിറ്റാണ്ടുകൾ കടന്നുപോയി

കളിക്കൂട്ടുകാരായി വളർന്ന രാമകൃഷ്ണനും ആനന്ദും പഠിച്ച് വക്കീൽ പരീക്ഷ പാസ്സായി. ആനന്ദ് പാപ്പാസ്വാമിയുടെ പാത പിന്തുടർന്നു. ഹൈക്കോടതിയിൽ പ്രാക്ടീസ് തുടങ്ങി. രാമകൃഷ്ണൻ സിവിൽ സർവ്വീസ് തിരഞ്ഞെടുത്തു. IAS പാസ്സായി. കളക്ടർ ആയി.

കോടതിയിലെ പ്രാക്ടീസിന് ഒപ്പം ആനന്ദ് രാമകൃഷ്ണാമിഷന്റെ പ്രവർത്തനങ്ങളിലും ചുമത ലകൾ ഏറ്റെടുത്തു. താമസിയാതെ അമേരിക്ക

യിലെ ഷിക്കാഗോ വിവേകാനന്ദ ആശ്രമത്തിലെ Cultural centre അഡ്മിനിസ്ട്രേറ്ററായി (administrator) ആയി നിർദ്ദേശിക്കപ്പെട്ടു. എല്ലാവർക്കും അത്ഭുതവും അഭിമാനവും തോന്നി.

കാലചക്രത്തിന്റെ തിരിച്ചിലിൽ സ്വാമികുടുംബത്തിനുള്ളിൽ അവിചാരിതമായ സംഭവങ്ങൾ. പാപ്പാസ്വാമിയും സരോജയും ഹിമാലയത്തിലേക്കുള്ള തീർത്ഥാടനത്തിൽ ഒരു മണ്ണ് ഇടിഞ്ഞതിനിടയിൽപ്പെട്ട് മരണപ്പെട്ടു. രാമകൃഷ്ണന് കേരളത്തിലേക്ക് സ്ഥലംമാറ്റമായി. ആനന്ദിന് അമേരിക്കയിൽ ഷിക്കാഗോയിലേക്ക് പോകേണ്ട സമയവുമായി.

ആനന്ദും രാമകൃഷ്ണനും പിരിയുന്നതിന് തലേദിവസം രാത്രി വളരെനേരം സംസാരിച്ചിരുന്നു രണ്ടുപേരും.

"രാമണ്ണാ നാട്ടിൽ പോയി വിവാഹം കഴിക്കണം. ഭാര്യയും കുട്ടികളും കുടുംബവുമായി കഴിയുന്ന ദാദയെ ആണ് ഇനി കാണുമ്പോൾ ഞാൻ പ്രതീക്ഷിക്കുന്നത്. എനിക്ക് വാക്കു തരണം."

രാമകൃഷ്ണന്റെ കണ്ണുനിറഞ്ഞു. ആനന്ദിന്റെ കൈപിടിച്ച് നെഞ്ചിൽ ചേർത്തു. "ആനന്ദ്. നീ ഇല്ലാതെ എനിക്ക് എന്തുജീവിതം ? നമ്മൾ ഇങ്ങിനെ രണ്ടുവഴിക്ക് പിരിയേണ്ടി വന്നത് എന്ത് വിധിയാണ്."

വേദനയോടെ അവർ വേർപിരിഞ്ഞു.

ഇനി എന്നാണാവോ തമ്മിൽ കാണുക ?

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപോയി.

ആദ്യമൊക്കെ എഴുത്തുകൾ – പിന്നെ ഫോൺ വിളികൾ – ടെലഗ്രാം മെസ്സേജുകൾ

പതുക്കെ പതുക്കെ എല്ലാം നിന്നു. മേൽവിലാസം കിട്ടാതെ എഴുത്തുകൾപോലും മടങ്ങി വന്നു.

ആനന്ദിന് ആധിയായി.

രാമകൃഷ്ണന് എന്തുപറ്റി. അവന്റെ വിവാഹത്തിന് പോകാൻ പറ്റിയില്ല. പക്ഷേ വിവരങ്ങളൊക്കെ അറിഞ്ഞ് സന്തോഷിച്ചു. നല്ല പഠിത്തവും സൗന്ദര്യവുമുള്ള കുട്ടി. വിവാഹ ആൽബത്തിൽ അവർ made for each other പോലെ തിളങ്ങി.

"രാമണ്ണാ നീ എന്നെ മറന്നോ? എന്താണ് സംഭവിച്ചത്. എഴുത്തിന് മറുപടി ഇല്ല. മേൽവിലാസം പോലും അറിയില്ല. ഫോൺ വിളിച്ചാൽ ഈ നമ്പർ ഇല്ല എന്ന മറുപടിയാണ്. ഏതാണ്ട് പത്തുവർഷമായി നമ്മൾ തമ്മിൽ പിരിഞ്ഞിട്ട്."

"എല്ലാ ചുമതലകളും മാറ്റി വച്ച് ഞാൻ വരികയാണ്. എനിക്ക് ദാദയെ കാണാതെ ഒരു നിമിഷം പോലും ജീവിക്കാൻ സാദ്ധ്യമല്ല."

ആരോടെന്നില്ലാതെ, മനസ്സിന്റെ സമനിലവിട്ടുപോയതുപോലെ ഇങ്ങിനെയൊക്കെ വിതുമ്പി അവൻ നാട്ടിലേക്ക് തിരിച്ചു.

കൊച്ചിയിൽ വന്ന് വിമാനം ഇറങ്ങുമ്പോൾ ആനന്ദിന് വല്ലാത്ത അമ്പരപ്പ് തോന്നി. മുമ്പ് മൂന്നാലു തവണ വന്നിട്ടുണ്ട്. രണ്ടു വരവ് പാപ്പാസ്വാമിയുടേയും സരോജയുടേയും കൂടെ ആയിരുന്നു. മദ്ധ്യകേരളത്തിലെ കടൽപ്പുറവും കായലോരവും ദേവീക്ഷേത്രവും എല്ലാം മനസ്സിൽ പതിഞ്ഞിരുന്നു. ടാക്സിയിൽ നിന്നിറങ്ങി ആനന്ദ് ഇടവഴിയിലുടെ നടന്നു. അമ്പലത്തിനടുത്തുള്ള ചെറിയ എമ്പ്രാന്തിരിമഠം. നാലുകെട്ടും നിലവറയും സർപ്പക്കാവും എത്ര മനോഹരം. പ്രായാധിക്യംമൂലം കുനിഞ്ഞ് കുനിഞ്ഞ് നടന്നിരുന്ന പാട്ടി. പതിനെട്ടു മുഴം ചേല കാലിലും ഉടലിലും ചുറ്റി, മധുരമീനാക്ഷി കോവിലിലെ കണ്ണകിയെപ്പോലെ , ആനന്ദിനേയും രാമകൃഷ്ണനേയും രണ്ടുകൈയും പിടിച്ച് അമ്പലത്തിൽ പ്രദക്ഷിണം വച്ച കാലം. പാട്ടി എപ്പോഴോ ലോകം വിട്ടുപോയി എന്നറിഞ്ഞിരുന്നു. എല്ലാം പഴയതുപോലെ. സായാഹ്ന സൂര്യന്റെ ചുവപ്പ് രശ്മികളിൽ ഗോപുരം തങ്കത്താഴികക്കുടം പോലെ തിളങ്ങി. പഞ്ചസാരമണൽ വിരിച്ച മൈതാനം. ഓളം തല്ലുന്ന കായലിലേക്കുള്ള വഴിവിളക്കുകൾ.

മഠത്തിന്റെ അടഞ്ഞുകിടന്ന ഗേറ്റിൽ കൂടി ആനന്ദ് അകത്തുകടന്നു. വെളിച്ചമില്ല. ആളനക്കമില്ല.

കൈയ്യിലെ ലൈറ്റർ കാണിച്ച് വെളിച്ചം തെളിച്ചു.

ആനന്ദ് മുറിയുടെ ചാരിയിരുന്ന വാതിൽ തുറന്നു.

മുറിയുടെ നടുവിൽ ചാരുകസേരയിൽ ഒരാൾ കിടക്കുന്നുണ്ട്. ഒരുകൊച്ചുകുഞ്ഞിനെപ്പോലെ സൗമ്യമായി ഉറങ്ങുന്നു. മുന്നിലിട്ടിരുന്ന സ്റ്റൂളിൽ കാലു രണ്ടും പൊക്കി വച്ചാണ് കിടപ്പ്.

ആനന്ദ് ലൈറ്റർ കത്തിച്ച് വീണ്ടും വീണ്ടും നോക്കി. "ദൈവമേ, രാമകൃഷ്ണൻ, എന്റെ ജീവന്റെ ജീവനായ രാമണ്ണ... അവനാണ് ഈ കിടക്കുന്നത്."

ആനന്ദ് കസേരക്കയ്യിൽ ചാരി ഇരുന്നു.

കൈവിരലുകൾ കൊണ്ട് രാമുവിന്റെ നെറ്റിയിലും നെറുകയിലും മൃദുലമായി തലോടി. സ്നേഹമാം തലോടൽ എത്ര സമയം കടന്നുപോയെന്നറിയില്ല

ചുറ്റുപാടും പടർന്നുപിടിച്ച ഇരുട്ട്. ഒന്നും കാണാനില്ല.

ശബ്ദമില്ല. സംസാരമില്ല. വിളക്കില്ല. വെളിച്ചമില്ല.

പക്ഷേ രാമു തിരിച്ചറിഞ്ഞു, ആ സ്പർശനം.

ആത്മാവിൽ നിന്നും പകർന്ന കനിവിന്റെ മൃതസഞ്ജീവനി.

പനിനീർപ്പൂപോലെ ലോലമായ സ്നേഹ തലോടൽ.

''ആനന്ദ്. അവസാനം നീ എത്തി. എന്നെ ത്തേടി നീ വന്നു.

നിന്നെ കാണാതെ, നിന്റെ ശബ്ദം കേൾക്കാതെ, ഞാനറിഞ്ഞു എന്റെ ആനന്ദിനെ".

"ഈർച്ച വാളുകൊണ്ട് മുറിവേറ്റ് കിടന്ന എന്റെ ഹൃദയത്തിലേക്ക് ഒരു താരാട്ടുപോലെ നീ കടന്നു വന്നു. കണ്ണുനീരിൽ കുതിർന്ന തലോടൽ".

പിന്നെ എല്ലാം പെട്ടെന്ന് സംഭവിച്ചു. അമ്പല ത്തിലെ അത്താഴപൂജയുടെ അടയും വാരസ്യാർ കൊടുത്ത കട്ടൻകാപ്പിയും കഴിച്ചു. മെയിൻ സ്വിച്ച് ഓൺ ചെയ്ത് ആനന്ദ് എല്ലാവിളക്കുകളും തെളിച്ചു.

ഉറങ്ങിക്കിടന്ന വീട് ഉണർന്നു.

നീണ്ട പത്തുവർഷങ്ങളിലെ വേറിട്ട അനുഭവ ങ്ങൾ.

ആനന്ദിന്റെ മേൽനോട്ടത്തിൽ അമേരിക്കയിലെ ശ്രീരാമകൃഷ്ണമിഷന്റെ വളർച്ച അത്യപൂർവ്വമായി.

സ്വാമി വിവേകാനന്ദന്റെ രൂപസാമ്യവും ജ്വലി ക്കുന്ന നോട്ടവും, അഭിഭാഷകന്റെ മികച്ച ബുദ്ധിയും വാക്ചാതുര്യവും ആനന്ദിനെ ആരാധ്യനാക്കി.

ക്ഷീണിതനായി ചാരുകസേരയിൽ കിടന്ന രാമ കൃഷ്ണന്റെ തലയിലും നെറ്റിയിലും സ്നേഹ പൂർവ്വം തലോടി കൈകൾ കൂട്ടിപ്പിടിച്ച് തന്റെ നെഞ്ചോടു ചേർത്തു.

"രാമണ്ണാ. എന്താണ് സംഭവിച്ചത്? നമ്മൾ ഒരി ക്കലും വേർപിരിയരുതായിരുന്നു."

രാമകൃഷ്ണന്റെ ഔദ്യോഗിക ജീവിതം എല്ലാ വരാലും പുകഴ്ത്തപ്പെട്ടു. കർക്കശക്കാരനും ഭര ണതന്ത്രജ്ഞനും നിയമവിദഗ്ധനുമായ സർക്കാർ ഉദ്യോഗസ്ഥൻ. അതേസമയം സഹതാപവും ദയയും ആർക്കും അർഹിക്കുന്ന സ്വാതന്ത്ര്യ ത്തോടെ സമീപിക്കാനാവുന്ന തുറന്ന മനസ്സുമുള്ള നല്ല മനുഷ്യൻ.

പക്ഷേ അതിദയനീയമായിരുന്നു രാമകൃ ഷ്ണന്റെ ദാമ്പത്യജീവിതം.

അവൻ പറഞ്ഞുതുടങ്ങി.

"തുടക്കത്തിൽതന്നെ കല്ലുകടി. വരവിൽ കഴിഞ്ഞ ചിലവ്. ആഡംബരങ്ങൾ, അലങ്കാരങ്ങൾ. ഏറ്റവും ആർഭാടകരമായ പഞ്ചനക്ഷത്ര ഹോട്ടലുകളിലെ സുഖവാസങ്ങൾ."

"എനിക്ക് മനസ്സിലാകാത്തതും മനസ്സ് മടുപ്പി ക്കുന്നതുമായ സോഷ്യൽ 'get together' കൾ. പര സ്പര സംശയങ്ങൾ. അവിശ്വാസത്തിന്റെ മുള്ളു മുനകൾ, മാന്നനീയതയുടെ വരമ്പുകൾ ഭേദിച്ച സുഹൃത് ബന്ധങ്ങൾ. എല്ലാം എന്നെ ഭയപ്പെടുത്തി."

"കൂനിന്മേൽ കുരുവെന്നതുപോലെ കുഞ്ഞു ങ്ങൾ വേണ്ട എന്നു ക്രൂരമായ പിടിവാശി കൂടെ ആയപ്പോൾ എന്റെ മനസ്സാകെ പതറി. താളം തെറ്റി. ബുദ്ധിയും വിവേകവും മാഞ്ഞു".

"പതഞ്ഞുപൊങ്ങുന്ന പാൽപ്പാടപോലെ ശുഭ്ര മായ എന്റെ ഔദ്യോഗിക ജീവിതത്തിൽ കറുത്ത കരിപ്പൊട്ടുകൾ വീണു. ഞാൻ സമൂഹത്തിൽ അപ ഹാസ്യനായി. സാഹചര്യങ്ങളുടെ ബലിയാടായി."

"ഭാര്യയിൽ നിന്ന് അകലണമെന്നു മാത്രമായി രുന്നു എന്റെ ആഗ്രഹം. അതുപോലെ തന്നെ സംഭ വിച്ചു."

"ഒരു പണക്കാരൻ ചെട്ടിയാരുടെ മൂന്നാം ഭാര്യ യായി, അവന്റെ കൂടെ ഭ്രാന്തുപിടിച്ച ഒരു ജനജീ വിതത്തിലേക്ക് അവൾ പറന്നുപോയി".

"ജോലി രാജിവച്ച ഞാൻ ദേശാടനത്തിൽ മുഴു കി. ഭാരതം മുഴുവൻ സഞ്ചരിച്ചു. അവസാനം പാപ്പാ സ്വാമിയുടെ ജന്മഗൃഹമായ എമ്പ്രാന്തിരി മഠത്തിൽ എത്തിച്ചേർന്നു.'' രാമകൃഷ്ണന്റെ സംസാരം നിന്നു.

സായന്തനത്തിന്റെ കുളിർമ്മയിൽ അവർ ഇരുവരും ഇരുന്നു.

ആനന്ദ് പുറത്തേക്ക് വലിച്ചിട്ട ചാരുകസേരയുടെ കൈത്തണ്ടുകളിൽ പാദങ്ങൾ കയറ്റിവച്ച് രാമകൃഷ്ണൻ കിടന്നു.

നിശ്ചലവും നിശ്ശബ്ദവുമായ അന്തരീക്ഷം.

അവൻ ഗദ്ഗദം തേങ്ങി. വാക്കുകൾ കൊഴിഞ്ഞു വീണു.

“ആനന്ദ്. ജീവിതത്തിൽ നീ വിജയിച്ചു. ഞാൻ തോറ്റുപോയല്ലോ”.

നെറ്റിയിൽ വാത്സല്യപൂർവ്വം തലോടിക്കൊണ്ടിരുന്ന ആനന്ദിന്റെ കൈവിരലുകൾ പിടിച്ച് അവൻ കണ്ണിനോടു ചേർത്തു. പിന്നെ നെഞ്ചിലും.

ദേവി ക്ഷേത്രത്തിലെ ദീപാരാധനയുടെ മണിയടിയോടൊപ്പം ശംഖുനാദം ഉയർന്നു. മന്ത്രങ്ങൾ ത്രിസന്ധ്യയുടെ മന്ദമാരുതിയിൽ ഒഴുകി. രക്തബന്ധമില്ലാത്ത രണ്ടു സഹോദരങ്ങൾ. ആത്മബന്ധത്തിന്റെ ഇഴകളിൽ ഹൃദയങ്ങൾ തുന്നിച്ചേർത്ത രണ്ടു സുഹൃത്തുക്കൾ. അവരുടെ സംഗമത്തിന്റെ നിശ്ശബ്ദമായ നിമിഷങ്ങൾ.

ആനന്ദ് രാമകൃഷ്ണന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കി.

അദൃശ്യമായ അനുഭൂതികൾ, വികാരങ്ങൾ, സത്യങ്ങൾ നിറഞ്ഞ വേദവാക്യങ്ങൾ. സാന്ദ്രവും ഗംഭീരവും ഉറച്ചതും വ്യക്തവുമായ ശബ്ദത്തിൽ ആനന്ദിന്റെ വാക്കുകൾ മുഴങ്ങി.

സ്വാമി വിവേകാനന്ദന്റെ വേദവാക്യംപോലെ ആത്മീയ പുണ്യത്തിന്റെ സൗന്ദര്യം, ഊർജ്ജസ്വലതയുടെ മുഴക്കം.

“രാമണ്ണ, വിധാതാവിന്റെ കൈകളിലെ കളിപ്പാട്ടമാണ് മനുഷ്യജീവിതം. സുഖവും ദുഃഖവും വിജയവും തോൽവിയും നന്മയും തിന്മയുമൊക്കെ അതിനിടയിൽ നാം കാട്ടുന്ന കുസൃതികളോ വികൃതികളോ തമാശയോ ഒക്കെ ആകാം. ഗോളും വിക്കറ്റും ക്യാച്ചും ഒക്കെയുണ്ട്. കൈയ്യടിയും ഫൗളും ഉണ്ട്. നാം അതിനെ വിധിയെന്നു പറയുന്നു.

പക്ഷേ കളികഴിഞ്ഞ് മനുഷ്യരെല്ലാവരും മടങ്ങിയെത്തുന്നത് അദൃശ്യമായ ആ കൈകളിലേക്ക് തന്നെയാണ്.”

രാമകൃഷ്ണന്റെ താടിപിടിച്ച് ഉയർത്തി തുടർന്നു:

“ദാദാ... നമ്മൾ ഒരുമിച്ച് മടങ്ങുകയാണ് അമേരിക്കയിലേക്ക്. ഭാരതീയ സംസ്കാരത്തിന്റെ ആത്മീയ പരിശുദ്ധിയിൽ, ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരീ സഹോദരന്മാർക്ക് താങ്ങും തണലും ഏകാൻ നമുക്ക് കഴിയണം. പാപ്പാസ്വാമിയുടെ രണ്ട് കൃഷ്ണമണികളാണ് നമ്മൾ. ഏത് തീരത്തായാലും ഏത് ജന്മത്തിലായാലും”.

അമേരിക്കയിലേക്കുള്ള വിമാനം പറക്കുമ്പോഴും അവശനായി സീറ്റിൽ മയങ്ങിക്കിടന്ന രാമകൃഷ്ണന്റെ നെറ്റിയിൽ ആനന്ദിന്റെ മൃദുലമാം സ്നേഹതലോടൽ തുടർന്നുകൊണ്ടേയിരുന്നു. ●


# വർമ്മ ഹോംസ് കഴക്കൂട്ടത്തും



കേരളത്തിലെ പ്രമുഖ ബിൽഡർമാരായ **വർമ്മ ഹോംസി**ന്റെ തിരുവനന്തപുരം കഴക്കൂട്ടത്തുള്ള വർമ്മ സബർബന്റെ പണി പൂർത്തിയായ സാമ്പിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വർമ്മ ഹോംസ് ഡയറക്ടർ **ഡോ. മിനി വർമ്മ** നിർവ്വഹിച്ചു.

*പേജ് 25 തുടർച്ച ...*

കണക്കും കാര്യക്ഷമതയും ശീലിച്ചവർ എത്തിച്ചേരേണ്ട വഴിയിൽ തന്നെ അദ്ദേഹം ഒടുവിൽ എത്തി. എൻജിനീയറിങ്ങിനെ തനിക്ക് പറ്റിയ പ്രവർത്തന മേഖലയായി കണ്ട തമ്പുരാൻ മദ്രാസിൽ ചെന്ന് ലക്ഷ്യം പൂർത്തിയാക്കി. സാങ്കേതികവിദ്യയെ ആമലകം പോലെ കൈവെള്ളയിലാക്കിയ തമ്പുരാന്റെ ഔദ്യോഗികപർവ്വം തുടങ്ങുന്നത് പെരമ്പൂരിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ്. തുടർന്ന് മെച്ചപ്പെട്ട കരിയർ ലക്ഷമിട്ട് ജാംഷഡ്പൂരിലെ ടെൽക്കോ എന്ന വമ്പൻ പ്രസ്ഥാനത്തിൽ എത്തി. കളമശ്ശേരിയിലെ എച്ച്എംടിയിൽ ആയിരുന്നു ഔദ്യോഗിക ജീവിതത്തിന്റെ അവസാന പർവ്വം. കമ്പ്യൂട്ടറൈസ്ഡ് ന്യൂമെറിക്കൽ കൺട്രോൾ എന്ന വാക്ക് വ്യവസായിക ലോകം കേൾക്കുന്നതിനു മുമ്പ് അതിന്റെ ആദ്യ രൂപങ്ങളിൽ വിദേശത്ത് പരിശീലനം നടത്തിയ വ്യക്തിയാണ് തമ്പുരാൻ. സാങ്കേതികവിദ്യയുടെ അമരം പിടിക്കുന്ന ജർമ്മനിയിൽ ആയിരുന്നു പരിശീലനം. ഔദ്യോഗിക രംഗത്ത് നന്നായി പ്രശോഭിച്ച അമ്മാവന്റെ വിജയരഹസ്യം എന്തായിരുന്നു എന്ന് എനിക്ക് പറഞ്ഞു തന്നത് അമ്മൂമ്മയാണ്. ഏൽപ്പിച്ച ജോലികൾ പൂർണ്ണമായ ശ്രദ്ധയോടും അർപ്പണത്തോടുംകൂടി കൂടി ചെയ്യാൻ ശ്രമിച്ചാൽ ജീവിതവിജയം പിന്നാലെ വരും എന്ന് അമ്മൂമ്മ സ്വന്തം അനുജനെ ഉദാഹരിച്ചുകൊണ്ട് പറഞ്ഞു. ആത്മധൈര്യം ഉണ്ടെങ്കിൽ ഏതു കൊടുങ്കാറ്റിനെയും അതിജീവിക്കാമെന്ന ജീവിതപൊരുൾ ഞങ്ങൾ കണ്ടറിഞ്ഞതും അമ്മാവനിലൂടെയാണ്. അസ്ഥി സംബന്ധമായ ക്ഷയരോഗത്തിൽ നിന്ന് അത്ഭുതകരമായ രക്ഷപ്പെട്ടതിന്റെ സംഭവങ്ങൾ അമ്മാവൻ ഒരു കഥ പോലെ വിവരിക്കും. ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത കാലത്ത് ആത്മധൈര്യം ഒന്നുകൊണ്ടു മാത്രം ലഭിച്ച പുനർജന്മം. ജീവിതത്തിലേക്കുള്ള തിരിച്ചുവരവും തുടർന്ന് നടത്തിയ ദീർഘ പ്രയാണവും ഇതാ ശതായുസ്സിനോട് അടുക്കുന്നു. അമ്മാവന്റെ ജീവിതത്തിലെ ശക്തിയും സൗന്ദര്യവും അമ്മായി ആയിരുന്നു (മാലതി രാജ). മൂന്നു പെൺമക്കൾ (സരസിജ, ശാന്തി, മായ) ആ സന്തുഷ്ട ജീവിതത്തിന് കൂടുതൽ നിറംപകർന്നു. 12 വർഷം മുമ്പ് ഒരു ദിവസം ഒട്ടും പ്രതീക്ഷിക്കാതെ മാലതി അമ്മായി മോക്ഷപദത്തിലേക്ക് യാത്രയായി. ജീവിതത്തിന്റെ നല്ല പകുതി നഷ്ടമായെങ്കിലും അമ്മാവൻ തകർന്നില്ല. സങ്കടം പുറത്തു കാണിച്ചില്ല എന്നതാണ് സത്യം. കെ.സി. ഉണ്ണിഅനുജൻ തമ്പുരാൻ സാമൂതിരിരാജാ സ്ഥാനത്ത് എത്തിയിട്ട് 10 വർഷം കഴിഞ്ഞു. സാമൂതിരി സ്വരൂപത്തിലെ മൂന്നു കോവിലകങ്ങളുടെയും തലമുതിർന്ന സ്ഥാനമാണത്. രാജ്യമില്ലെങ്കിലും സ്വരൂപം വകയായുള്ള നിരവധി ക്ഷേത്രങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ചുമതല സാമൂതിരി സ്ഥാനത്തെ എന്നും സജീവമായി നിലനിർത്തുന്നു. ക്ഷേത്രങ്ങൾ, സ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ പുരോഗതി കഴിഞ്ഞ 10 വർഷത്തിൽ ഉണ്ടായി. ആയിരം വർഷം മുമ്പ് ജ്വലിച്ച രാജപാരമ്പര്യത്തിന്റെ ദിപം ഏറ്റുവാങ്ങി കെടാതെ കാക്കുന്ന സാമൂതിരിപ്പാടമ്മാവന് സാഷ്ടാംഗം നമസ്കാരം. *(സാമൂതിരി രാജയുടെ ഭാഗിനേയി പുത്രനാണ് ലേഖകൻ)*

**കവിത**

# മനസ്സ്

**മധുകുമാർ വർമ്മ വി.കെ.**
മൊ. 9847017105



മനസ്സിന്റെയുള്ളിൽ വ്യഥകളുണ്ടാം
വ്യഥകളൊതുക്കിടാൻ ബുദ്ധിയുമേ
വ്യഥകൾമനസ്സെ നോവിച്ചിടൊല്ല
ബുദ്ധികൊണ്ടതിനെ ചെറുക്കവേണം

മനസ്സിന്നു നൊമ്പരം ബാധിച്ചിടിൽ
ബുദ്ധിയും കൂട്ടിനില്ലാതെയാവും
അതിനുള്ളവസരം വന്നിടാനായ്
അനുമതിയൊരുനാളും നൽകിടൊല്ലാ

മനസ്സെന്നു ചൊന്നാൽ ഹൃദയമല്ലേ
ബുദ്ധിക്കുള്ളാധാരം മസ്തിഷ്കവും
മസ്തിഷ്കം ഹൃദയത്തിൽ മേലെ വച്ച്
നൽകിയതിൻ പൊരുളീശ്വരനും

ലേഖനം

# പാം ബീച്ച് ഒബ്സർവേറ്ററിയും ആസ്ട്രോ-ക്ലബ്ബും



**മഹേഷ് രവിവർമ്മ**
ബാംഗ്ലൂർ, മൊ. 8861001797

**ആമുഖം**

ഫോട്ടോഗ്രാഫി മനുഷ്യന്റെ ഭാവനയെ ഉണർത്തുന്ന ഒരു ഹോബിയാണ്. ഇതിന് വ്യത്യസ്ത മേഖലകൾ ഉണ്ട്. ഓരോന്നിനും അതിന്റേതായ വെല്ലുവിളികളും പ്രത്യേകമായ ലക്ഷ്യങ്ങളും ഉണ്ട്. അത്തരമൊരു മേഖലയാണ് ആസ്ട്രോ-ഫോട്ടോഗ്രാഫി.

ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ തുടങ്ങിയ ജ്യോതിർ ഗോളങ്ങളുടെ ഇമേജിങ്ങും ഗ്രഹണം പോലുള്ള പ്രതിഭാസങ്ങളുടെ ഇമേജിങ്ങും ഇതിൽപ്പെടും. മേൽപ്പറഞ്ഞവയ്ക്ക് ഈ വിഷയത്തിൽ സാമാന്യപരിജ്ഞാനവും ഇതിന് അടിസ്ഥാനമായ ശാസ്ത്രത്തിൽ ഒരേകദേശ ധാരണയും നിർബന്ധമാണ്. ഒരു തുടക്കക്കാരന് ഇതെല്ലാം വളരെ ബുദ്ധിമുട്ടേറിയതും അപ്രായോഗികവുമായി തോന്നിയേക്കാം. അതുകൊണ്ടുതന്നെ ഈ കല സ്വായത്തമാക്കുന്നതിനു ഒരു വിദഗ്ധന്റെ സഹായം തുടക്കത്തിൽ ഏറെ ഗുണം ചെയ്യും.

യുവ മനസ്സുകളിൽ ശാസ്ത്രാവബോധവും അന്വേഷണത്വരയും ഉണർത്തുന്നതിനു വാനനിരീക്ഷണം പോലെ ഇത്ര സമഗ്രമായ മറ്റൊരു വിനോദോപാധി ഇല്ല തന്നെ. ഇത് അവരുടെ മനസ്സിൽ അന്വേഷണാത്മകതയും യുക്തിചിന്തയും ഉദ്ദീപിപ്പിക്കുന്ന, സ്വഭാവത്തിൽ സ്ഥിരോത്സാഹത്തിന്റെ വിത്തുകൾ പാകുന്നു. അതുകൊണ്ടാകാം ജ്യോതിശാസ്ത്രം സ്വഭാവം കെട്ടിപ്പടുക്കുന്ന ഒരു ഹോബിയാണ് (Astronomy is a character-building hobby) എന്ന് പറയപ്പെടുന്നത്.



**എന്റെ യാത്ര**

കുട്ടിക്കാലം മുതലേ വാനനിരീക്ഷണം എനിക്കൊരാവേശമായിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച, കുട്ടികൾക്കുതകുന്ന ജ്യോതിശാസ്ത്ര സംബന്ധിയായ മിക്ക പുസ്തകങ്ങളും എന്റെ ശേഖരത്തിലുണ്ടായിരുന്നു.

ഞാനെന്റെ ആദ്യത്തെ ടെലെസ്കോപ്പ് നിർമ്മിക്കുന്നത് പതിനൊന്നാം ക്ലാസിലാണ്. നിർമ്മാണത്തിനുള്ള വൈദഗ്ധ്യക്കുറവും പ്രായോഗിക വിജ്ഞാനത്തിന്റെ അഭാവവുംമൂലം ആ ശ്രമം ഒരു വൻ പരാജയമായിരുന്നു എന്ന് പറയുന്നതിൽ തെറ്റില്ല. എങ്കിലും അത്, അമച്വർ ടെലെസ്കോപ് നിർമ്മാണത്തിലേക്ക് (Amateur Telescope Making- ATM) എന്നെങ്കിലും മടങ്ങിവരുന്നതിനുള്ള ഒരു കനൽ എന്നിൽ അവശേഷിപ്പിച്ചു.

ഞാൻ എഞ്ചിനീയറിംഗ് പാസ്സായി ബാംഗ്ലൂരിൽ ഒരു സോഫ്റ്റ്വെയർ കമ്പനിയിൽ ജോലിചെയ്യുമ്പോഴാണ് ആദ്യമായി ഒരു ബൗദ്ധിക ശൂന്യത (intellectual vacuum) അനുഭവപ്പെടുന്നത്. തുടർപഠനത്തിന് മാത്രമേ ആ ശൂന്യത നികത്താൻ കഴിയുമായിരുന്നുള്ളു. അങ്ങിനെ 2009-ൽ പ്രവേശന പരീക്ഷയായ ഗേറ്റ് (G.A.T.E.) എഴുതി; അതൊരു തപസ്യ തന്നെയായിരുന്നു. ആ വർഷത്തെ ഓൾ ഇന്ത്യ ഗേറ്റ് രണ്ടാം റാങ്ക് കരസ്ഥമാക്കുകയും

ഒരു ‘ജ്യോതിശാസ്ത്ര നിരീക്ഷണാലയം’ (Astronomical Observatory) നിർമ്മിക്കുക എന്നത് എന്റെ ചിരകാല സ്വപ്നമായിരുന്നു. ഈ ചിന്ത ഇന്നിതാ സഫലമായിരിക്കുന്നു. ഉത്സാഹവാന്മാരായ ഏതാനും സുഹൃത്തുക്കളുടെ അശ്രാന്തപരിശ്രമം, റെസിഡൻഷ്യൽ അസോസിയേഷന്റെ പിൻബലം, സമീപസ്ഥരായ ഒരു സ്കൂളിന്റെ (റയാൻ ഇന്റർനാഷണൽ അക്കാദമി, ഹോരമാവ് – Ryan International Academy, Horamavu), പിന്നെ കെട്ടിട നിർമ്മാതാവിന്റെയും (പുറവങ്കര, Puravankara) സംഭാവനകൾ. ഈ ഘടകങ്ങളെല്ലാം ഒത്തിണങ്ങിയപ്പോൾ ദീർഘനാളത്തെ ആ സ്വപ്നം പൂവണിഞ്ഞു; വാന നിരീക്ഷണ കേന്ദ്രം ഉയർന്നു. ഒബ്സെർവേറ്ററിക്ക് ചുറ്റും ശാസ്ത്ര അന്തരീക്ഷം സൃഷ്ടിക്കുവാനും യുവ മനസുകളിൽ നാളെയുടെ സ്വപ്നങ്ങൾക്ക് വിത്തുപാകാനും പോന്ന ചുവർ ചിത്രവേല സേവിത ആർട്സിന്റേതായിരുന്നു (Sevita Arts). ഇത് ഒരുപക്ഷെ ഇന്ത്യയിൽ തന്നെ ഒരു റെസിഡൻഷ്യൽ കോംപ്ലെക്സിന് മുകളിൽ ഉയർന്നുവന്ന ആദ്യത്തെ ഒബ്സർവേറ്ററി ആകാം...

ഇപ്പോൾ കൈവന്നിരിക്കുന്ന ഊർജ്ജം നിലനിർത്താനും അത് കൂടുതൽ ആൾക്കാരിലേക്ക് എത്തിക്കാനുമായി രൂപംകൊടുത്തിരിക്കുന്ന മറ്റൊരു സംരംഭമാണ് പാം ബീച്ച് ആസ്ട്രോ-ക്ലബ്. ശാസ്ത്ര വിദ്യാർത്ഥിയായ ഡേവിഡ് ജോൺ, പത്താം തരക്കാരനായ അധിരഥ് മേരു എന്നിവരാണ് ഇതിന്റെ അമരക്കാർ.

**(ലേഖകനെക്കുറിച്ച്)**

*വി.എൽ.എസ്.ഐ. (ഇലക്ട്രോണിക്സ്) എഞ്ചിനീയറായ മഹേഷ് രവിവർമ്മ ഒരു പ്രമുഖ മൾട്ടിനാഷണൽ കമ്പനിയിൽ ജോലി ചെയ്യുന്നു. ബാംഗ്ലൂർ ഐ.ഐ.എസ്.സിയിൽ (IISC Bangalore) നിന്ന് ഇൻസ്ട്രുമെന്റ് ടെക്നോളജിയിൽ 2011-ൽ ബിരുദാനന്തര ബിരുദം നേടി. ജോലിക്കുപുറമെ അമച്വർ ടെലിസ്കോപ്പ് നിർമ്മാണം, ഒബ്സർവേറ്ററി നിർമ്മാണം, നിശാകാശ ചിത്രീകരണം (Deep Sky Astrophotography), സൗരയൂഥ ഗോളങ്ങളുടെ ചിത്രീകരണം (Planetary Astrophotography) എന്നിവയാണ് ഇഷ്ട വിനോദങ്ങൾ. ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന അസോസി*

തുടർന്ന് പ്രശസ്തമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂരിൽ ബിരുദാനന്തരബിരുദത്തിനു ചേരുകയും ചെയ്തു.

രണ്ടുവർഷത്തെ പഠനം പൂർത്തിയാക്കിയ ഞാൻ ഒരു ഇലക്ട്രോണിക്സ് കമ്പനിയിൽ ജോലിക്കു പ്രവേശിച്ചു. അങ്ങനെ നന്നായിപ്പോകുന്നു എന്ന് വിചാരിച്ചുതുടങ്ങിയപ്പോഴാണ് എന്നെ അടുത്ത ഒരു ബൗദ്ധികശൂന്യതയുടെ തരംഗം കീഴടക്കിയത്. ഞാൻ എന്റെ ക്രിയാത്മകതയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നുണ്ടോ? അങ്ങനെയെങ്കിൽ ഇനി എന്ത് ചെയ്യാം? ഇങ്ങനെയായി എന്റെ ചിന്ത.

അപ്പോഴാണ് ഞാൻ ചില ജ്യോതിശാസ്ത്ര/വാനനിരീക്ഷണ ക്ലാസ്സുകൾ കേൾക്കാനിടയായത്. എന്നിലെ ആ കൊച്ചു ടെലെസ്കോപ്-മേക്കർ ഉണർന്നു. ഈ വിഷയത്തെക്കുറിച്ച് എനിക്ക് ലഭിക്കാവുന്ന എല്ലാ പുസ്തകങ്ങളും ഞാൻ വായിക്കുകയും ജ്യോതിശാസ്ത്രത്തെക്കുറിച്ച് സാധ്യമായ എല്ലാ വീഡിയോകളും കാണുകയും ചെയ്തു. എനിക്കുറപ്പായി. അതെ; എനിക്ക് സ്വന്തമായി ഒരു ടെലെസ്കോപ്പ് നിർമ്മിക്കണം! ഒരിക്കൽ പരാജയപ്പെട്ട ആ ശ്രമം പുനരാരംഭിക്കണം. ഇത്തവണ കൂടുതൽ അറിവോടെ, ആവേശത്തോടെ, വൈദഗ്ധ്യത്തോടെ.

ഓഫീസ് തിരക്കുകൾ, കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ എന്നിവയ്ക്കു സമാന്തരമായി നീങ്ങിയ ആ പ്രൊജക്ട് പൂർത്തീകരിക്കാൻ ഏതാണ്ട് 6 മാസമെടുത്തു. യാത്ര ഒരിക്കലും സുഗമമായിരുന്നില്ല. ഒന്നിലധികം പരാജയങ്ങൾ. എന്റെ വീട് ഒരു വർക്ക്ഷോപ്പായി മാറി. എവിടെ നോക്കിയാലും പൊടിയും ഗ്രീസും അഴുക്കും. എങ്കിലും ഞാൻ ഉറച്ചുനിന്നു. ഈ ഘട്ടത്തിൽ എന്റെ കുടുംബാംഗങ്ങൾ നൽകിയ പിന്തുണ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു; പ്രത്യേകിച്ച് എന്റെ ഭാര്യയുടെ. മറ്റാരെങ്കിലുമായിരുന്നെങ്കിൽ എന്നേ വിട്ടുപോയേനെ.

അശ്രാന്ത പരിശ്രമത്തിനൊടുവിൽ ടെലെസ്കോപ്പ് യാഥാർത്ഥ്യമായി - ഒരു 10-ഇഞ്ച് ന്യൂട്ടോണിയൻ റിഫ്ളക്ടർ (10-inch Newtonian Reflector Telescope)

പാം ബീച്ച് ഒബ്സർവേറ്ററിയും ആസ്ട്രോ-ക്ലബ്ബും (Palm Beach Observatory and Astro-Club)

ഓർമ്മ

# ഒരു പഴയ കാലം

*(ഒരു സ്വകാര്യ സംഭാഷണവേളയിൽ കവടിയാർ കൊട്ടാരത്തിലെ സി.ആർ.ആർ. വർമ്മ വി.കെ. മധുകുമാർ വർമ്മയുമായി പങ്കുവച്ചത്.)*

ആസ്പിൻവാൾ ആൻഡ് കമ്പനി ലിമിറ്റഡിന്റെ രജിസ്റ്റേർഡ് ഓഫീസ് ഫോർട്ടുകൊച്ചിയിലായിരുന്ന കാലം; കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ചെമ്പ്രോൽ രാജരാജവർമ്മ സേവനമനുഷ്ഠിക്കുന്ന കാലം കമ്പനിക്ക് എം.വി. ലിൻഡാ എന്ന ഏറെ ഭംഗിയും രാജകീയവും ആയുള്ള യാത്രാബോട്ട് ഉണ്ടായിരുന്ന കാലം; എറണാകുളത്ത് ഫൈൻആർട്ട്സ് ഹാളിനടുത്തുള്ള കൊച്ചിൻ റിഫൈനറിയുടെ ഇറക്കുമതി ചെയ്ത എണ്ണക്കപ്പലിൽ നിന്നും എണ്ണ ശുദ്ധീകരണശാലയിലേക്ക് കൊണ്ടുപോകുവാനുള്ള പൈപ്പ്ലൈനുകളും, അതിനോട് ചേർന്നുള്ള ഫൈൻ ആർട്സ് ബോട്ട് ജെട്ടിയും പ്രവർത്തിച്ചിരുന്ന കാലം; ആ ജെട്ടിയിൽ ആസ്പിൻവാളിന്റെ എം.വി. ലിൻഡയും അടുപ്പിക്കുവാൻ പ്രത്യേക അനുമതി ഉണ്ടായിരുന്ന കാലം; ബോട്ടിന്റെ സ്രാങ്കുമാരായി വിൽഫ്രെഡ്, സുരേഷ് ഒക്കെ ഉണ്ടായിരുന്ന കാലം; ഇവർക്ക് പ്രത്യേക യൂണിഫോമും പത്രാസുമൊക്കെയായി രാജാപാർട്ട് എന്ന വിചാരമുണ്ടായിരുന്ന കാലം. അന്ന് നടന്ന ഒരു സംഭവം എങ്ങനെയോ എന്റെ സ്മൃതിപഥത്തിലേക്ക് ഒഴുകിവരുന്നു.

ആ കാലങ്ങളിൽ, മാനേജിംഗ് ഡയറക്ടർ, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ തുടങ്ങിയുള്ള കമ്പനി മേലധികാരികൾ എറണാകുളത്തേക്ക് പോകുമ്പോൾ ഫോർട്ടുകൊച്ചിയിൽ നിന്നും ഈ ബോട്ടിൽ ഫൈൻ ആർട്ട്സ് ജെട്ടിയിലെത്തും. അതിനു മുൻപായി യാത്ര ചെയ്യേണ്ട കാർ നേരത്തേ തന്നെ ജെട്ടിയ്ക്കു സമീപം എത്തിയിരിക്കും.



ആസ്പിൻവാൾ ഓഫീസ്, ഫോർട്ടുകൊച്ചി

അങ്ങനെയൊരു ദിവസം ബോട്ടിൽ ചെമ്പ്രോൽ രാജരാജവർമ്മ എറണാകുളത്തേക്ക് പോകുന്നു. അവിടെയെത്തുന്നതിനുമുൻപായി നോക്കിയപ്പോൾ ജെട്ടിയ്ക്കു സമീപം നല്ല തിരക്കു കണ്ടു. വലിയ ലൈറ്റും ക്യാമറയും ഒക്കെ കണ്ടപ്പോൾ ഒരു സിനിമാ ഷൂട്ടിംഗ് ആണെന്ന് മനസ്സിലായി. ഉച്ചഭാഷിണിയിലൂടെ ഉറക്കെ അറിയിക്കുന്നു: "ബോട്ട് അടുക്കരുത്, അതിന്റെ ശബ്ദവും മറ്റും സിനിമാ ചിത്രീകരണത്തിന് ബുദ്ധിമുട്ടാവും" എന്ന്. ഇതു കേട്ട് വർമ്മ സാറും അത് തന്നെ സ്രാങ്കിനോട് പറഞ്ഞു, പക്ഷേ, ബോട്ടിലെ കിരീടധാരികളായ സ്രാങ്കുമാരുണ്ടോ അത് ശ്രദ്ധിക്കാൻ, നമ്മളെ നിയന്ത്രിക്കാൻ അവരാര് എന്ന മട്ടിൽ ബോട്ട് നിർത്താതെ വന്ന് ജെട്ടിയിൽ അടുപ്പിക്കുന്നു. സി.ആർ.ആർ. വർമ്മ ബോട്ടിൽ നിന്നിറങ്ങുന്നു. അപ്പോൾ സിനിമാക്കാരും, ചുറ്റും നിന്നവരും അല്പം ദേഷ്യത്തോടെ ശ്രദ്ധിച്ചു നോക്കുന്നു, ആരാണീ മഹാൻ എന്ന മട്ടിൽ. ആ സമയം പെട്ടെന്ന് ഒരു ചാറ്റൽ മഴ വരുന്നു. പെട്ടെന്ന് ബോട്ടിലേക്ക് നോക്കി പറഞ്ഞു: "സുരേഷ്, സുരേഷ് ആ കുടയിങ്ങെടുക്കൂ, മഴ ചാറുന്നു" എന്ന്. ബോട്ടിലെ സ്രാങ്ക് സുരേഷ് കുടയെടുത്തു നൽകി. അവിടെ കൂടിയിരുന്ന സിനിമാക്കാരും കാണികളും ഒരു നിമിഷം അന്തംവിട്ട് കണ്ണും തള്ളി നോക്കി നിൽക്കുമ്പോൾ ആർക്കും ഒരു ബുദ്ധിമുട്ടും വരുത്താതെ ലോനപ്പൻ (കാർ ഡ്രൈവർ) കൊണ്ടുവന്ന കാറിൽ കയറി ഉടനെ പോയി.

അങ്ങിനെയും ഒരു കാലം ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകൾ വരെയുണ്ടായിരുന്നു.

→

*യേഷൻ ഓഫ് അമേച്വർ അസ്ട്രോണോമേഴ്സ് (ABAA) സംഘടനയിലും അംഗമാണ്. എണ്ണയ്ക്കാട് കൊട്ടാരത്തിൽ മീരാ ഭായി തമ്പുരാട്ടിയുടെയും ബേപ്പൂർ പുതിയകോവിലകത്ത് പരേതനായ പി.സി. രവിവർമ്മ രാജ (കൊച്ചനിയൻ) യുടെയും രണ്ടാമത്തെ മകനാണ്. പത്നി നങ്ങ്യാലിൽ പുഷ്പകത്ത് സോന നമ്പീശൻ.*

യാത്രാവിവരണം

## മഹാരാഷ്ട്രത്തിലൂടെ - 3

# ഷിർദ്ദിയിലെ ബാബയും ഷിഗ്നാപ്പൂരിലെ ശനീശ്വരനും



സുധീരൻ
തൃശ്ശൂർ, മൊ. 9446141888

നാസിക്കിൽ നിന്ന് വൈകിട്ട് ഏഴരയ്ക്ക് തുടങ്ങിയ യാത്ര ഷിർദ്ദിയിൽ എത്തുമ്പോൾ രാത്രി 10 മണി കഴിഞ്ഞു. ബസ്സിന്റെ ഓട്ടത്തിനിടയിലെ ചാട്ടവും കുലുക്കവും കുറെ ശല്യപ്പെടുത്തിയെങ്കിലും കുറച്ചൊക്കെ ഉറങ്ങാൻ കഴിഞ്ഞു. കണ്ണു തുറന്നപ്പോൾ വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന റോഡും കെട്ടിടങ്ങളുമാണ് ദൃഷ്ടിയിൽ പെട്ടത്. ഇത്രയും വെളിച്ചം മുംബൈ നഗരത്തിൽ പോലും കണ്ടില്ലെന്ന് ഓർക്കുന്നു. റോഡിന്റെ ഇരുവശങ്ങളിലുമുള്ള കെട്ടിടങ്ങളെ വിവിധ വർണ്ണങ്ങളിലുള്ള ബൾബുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. റോഡിൽ അപ്പോഴും ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ഒഴുകി നടക്കുന്നു. വഴിയോര ഭക്ഷണശാലകളിൽ ധാരാളം പേർ ഭക്ഷിക്കുന്നതും കണ്ടു. സായിബാബയുടെ ക്ഷേത്ര സമുച്ചയം റോഡിന്റെ ഇടതുവശത്തു കണ്ടു. കോമ്പൗണ്ടിനകത്ത് അനേക കച്ചവടസ്ഥാപനങ്ങൾ ഇപ്പോഴും തുറന്നിരിക്കുന്നുണ്ട്. റോഡിൽ ജനങ്ങളുടെ ഉച്ചത്തിലുള്ള സംസാരം കേൾക്കാം. എല്ലാവരും ഒരുതരത്തിലും പിരിമുറുക്കം അനുഭവിക്കുന്നവരായി തോന്നില്ല

പതിവുപോലെ ഹോട്ടൽ റിസപ്ഷനിൽ ഐഡന്റിറ്റി കാർഡുകൾ നൽകി, മുറിയുടെ ചാവി (സ്മാർട്ട് കാർഡ്) വാങ്ങി. ഹോട്ടൽ പരിസരവും റിസപ്ഷനും ഇടനാഴികളുമൊക്കെ വളരെ വൃത്തിയായിരിക്കുന്നു. മുറിയിൽ എത്തുമ്പോൾ പതിനൊന്നു മണി. രാവിലെ ആറര മണിക്ക് റിസപ്ഷനിൽ എത്താൻ ഗൈഡിന്റെ നിർദ്ദേശം കിട്ടി. ആദ്യം സമാധിമന്ദിര ദർശനം, പിന്നീട് പ്രാതൽ ഇതായിരുന്നു പ്ലാൻ. മുറി വളരെ വിശാലവും വൃത്തിയുള്ളതും! കെറ്റിലും ചായപ്പൊടി, കാപ്പിപ്പൊടി, പാൽപ്പൊടി പഞ്ചസാര ഇത്യാദി മുറിയിൽ ലഭ്യം. ആദ്യമായി ചെയ്തത് ചായ ഉണ്ടാക്കുകയായിരുന്നു. രാവിലെ കട്ടൻകാപ്പി ഉണ്ടാക്കാം. ചായ കുടിച്ച്, അഞ്ചു മണിക്ക് അലാറം വച്ച്, അധികം വൈകാതെ കിടന്നു. അപ്പോഴും മൈക്കിലൂടെ ഭക്തിഗാനാലാപനവും വാദ്യവും കേൾക്കുന്നുണ്ടായിരുന്നു.

സായിബാബയുടെ സമാധിദർശനമായിരുന്നു ഈ യാത്രയുടെ ഉദ്ദേശം. സായിബാബ 1918 ഒക്ടോബർ 15 ന് ഒരു വിജയദശമി ദിവസമാണത്രെ സമാധിയായത്. അദ്ദേഹത്തിന്റെ ജനനത്തെയും മാതാപിതാക്കളെയും, ജന്മനാടിനെയും പറ്റി വിവിധങ്ങളായ വിവരങ്ങളാണ് കേൾക്കുക. എവിടെ നിന്നോ പ്രത്യക്ഷപ്പെട്ട ഒരു ബാലനായിട്ടാണ് അദ്ദേഹത്തെ അറിയുന്നത്. ഏതു മതത്തിൽ പെട്ടയാളാണെന്നും ആർക്കും അറിവില്ല. അദ്ദേഹം ഒരു മുസ്ലിം പള്ളിക്കകത്തായിരുന്നു വസിച്ചിരുന്നത്. ഹിന്ദുധർമ്മത്തിലെയും ഇസ്ലാം മതത്തിലെയും അനുഷ്ഠാനങ്ങൾ അദ്ദേഹം നിർവഹിച്ചിരുന്നതായിട്ടാണ് അറിവ്. സന്ത് കബീറിന്റെയും ദത്താത്രേയന്റെയും ഒക്കെ അവതാരമായി ആളുകൾ അദ്ദേഹത്തെ കണ്ടു. സ്നേഹത്തിന്റെയും പരസ്പര സാഹോദര്യ



ത്തിന്റെയും സേവനത്തിന്റെയും സന്ദേശങ്ങളാണ് അദ്ദേഹം നൽകിയിരുന്നത്. ജാതി-മത-സ്ഥാന-മാന ഭേദമെന്യേ അദ്ദേഹം എല്ലാവരോടും ഒരേപോലെ ഇടപഴകുമായിരുന്നത്രെ. ആയിരക്കണക്കിനാളുകൾ തങ്ങളുടെ പ്രശ്നപരിഹാരത്തിനായി ബാബയുടെ ഉപദേശം തേടുമായിരുന്നു. തന്റെ സമാധിക്കു ശേഷവും ജനങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകിക്കൊണ്ടിരിക്കും എന്ന് കാലം ചെയ്യുന്നതിന് മുമ്പ് അദ്ദേഹം വാഗ്ദാനം നൽകിയിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ ആകർഷിച്ചിരുന്നത് ആയിരങ്ങളെയാണെങ്കിൽ ഇന്നത് ലക്ഷങ്ങളാണ്.

അഞ്ചു മണിക്കുണർന്ന് പ്രഭാതകൃത്യങ്ങൾ നടത്തി. ഇൻസ്റ്റന്റ് കാപ്പിയുടെ കട്ടൻ ഉണ്ടാക്കി കഴിച്ചു. ആറരയ്ക്ക് മുമ്പുതന്നെ റിസപ്ഷനിൽ എത്തി. കൃത്യം ആറരയ്ക്കു ഹോട്ടലിൽ നിന്ന് പുറത്തിറങ്ങി. ഹോട്ടലിന്റെ നേരെ മുമ്പിൽ റോഡിന്റെ മറുവശത്താണ് ഗേറ്റ് നമ്പർ 1. ഇതിലൂടെ കടന്നാൽ സീനിയർ സിറ്റിസൻസിനുള്ള സ്പെഷ്യൽ ക്യൂവിൽ ഉള്ളിലേക്ക് കയറാം. സീനിയേഴ്സിന്റെ കൂടെ സഹായിയായി സീനിയർ അല്ലാത്ത ഒരാൾക്കും അനുവാദമുണ്ട്. കോമ്പൗണ്ടിലുള്ള റോഡിലൂടെ ഏതാണ്ട് ഒരു ഫർലോംഗ് നടക്കണം ക്ഷേത്രത്തിലേക്കുള്ള ക്യൂ തുടങ്ങുന്നിടത്തെത്താൻ. സൗജന്യമായി ചെരുപ്പുകൾ സൂക്ഷിക്കുന്ന കൗണ്ടറിൽ എത്തി, വലിയ രണ്ടു പ്ലാസ്റ്റിക്ക് ചാക്കുകൾ സംഘടിപ്പിച്ച് എല്ലാവരുടേയും പാദുകങ്ങൾ അതിലാക്കി കൗണ്ടറിൽ ഏൽപ്പിച്ചു. അതിന് നേരെ മുമ്പിൽത്തന്നെയാണ് സിനിയർ സിറ്റിസന്റെ ക്യൂവിലേക്കുള്ള ഗേറ്റ്. ഗേറ്റിൽ സെക്യൂരിറ്റി ആധാർ കാർഡ് നോക്കി വയസ്സ് ഉറപ്പുവരുത്തി ഉള്ളിലേക്ക് വിട്ടു.

വളഞ്ഞും തിരിഞ്ഞും കോണി ഇറങ്ങിയും വീണ്ടും കേറിയും മടങ്ങിനിവർന്നും ഏതാണ്ട് പതിനഞ്ച് മിനിറ്റ് നടന്ന ശേഷം സായിബാബ സമാധി മന്ദിരത്തിന്റെ പ്രധാന ഹോളിലെത്തി. നീണ്ട ഹാളിന്റെ അങ്ങേയറ്റത്ത് സത്യസായി ബാബയുടെ വലിയ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. വലിയ ഒരു സ്വർണ്ണ സിംഹാസനത്തിൽ പട്ടുവസ്ത്രങ്ങളാലും പൂമാലകളാലും അലംകൃതമായി വെണ്ണക്കല്ലിൽ തീർത്ത, ബാബയുടെ സ്വർണ്ണക്കിരീടധാരിയായ വലിയ പ്രതിമ ഭക്തർക്ക് അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് വിരാജിക്കുന്നു. ബാബയുടെ ദൃഷ്ടി പതിനഞ്ചു ഡിഗ്രിയോളം മുകളിലേക്ക് ഊന്നിയ മാതിരിയാണ്. അവിടെയാണ് ബാബയുടെ ഭൗതികശരീരം അടക്കംചെയ്തിട്ടുള്ളത്. ഇതിനടുത്തെത്തുമ്പോഴേക്കും മുന്നിലുള്ള ഭക്തർ ആവേശത്തോടെ സായിബാബയ്ക്ക് ജയ് വിളിക്കുന്നുണ്ടായിരുന്നു. അവരൊക്കെ വലിയ ആവേശത്തിലാണ്. വേറെ ചിലർ ഒരുതരം ട്രാൻസിലാണ്.

ബാബയുടെ പ്രതിമയ്ക്ക് മുന്നിലായി ഉയർന്ന ഒരു തറമേൽ മുറിക്കു വിലങ്ങനെയാണ് സമാധി സ്ഥാനം. സമാധി അടക്കംചെയ്ത തറയ്ക്കുമുകളിൽ ഗംഭീരമായ അലങ്കാരങ്ങളാണ്. മുകളിൽ നിരത്തിയ ചെമ്പകപ്പൂക്കൾ നല്ല സുഗന്ധം വമിപ്പിക്കുന്നുണ്ടായിരുന്നു. ആളുകൾ സമാധിയിൽ തൊട്ട് തലകുനിക്കുകയും, തൊഴുകയും നെറ്റിമുട്ടിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. ഞാനും സമാധിത്തറയിൽ തൊട്ട് 'ഓം' എന്നുച്ചരിച്ച് മുന്നോട്ടു നടന്നു. താഴെ എത്തിയപ്പോഴേക്കും തിരക്ക് നല്ലവണ്ണമായി. ഇതിനു മുൻപ് സന്ദർശിച്ചിട്ടുള്ള രണ്ട് സമാധി സ്ഥാനങ്ങളുണ്ട്; കാഞ്ഞങ്ങാട് ആശ്രമത്തിൽ സ്വാമി രാമദാസിന്റെയും ധർമ്മശാലയിൽ സ്വാമി ചിന്മയാനന്ദന്റെയും. രണ്ടു സ്ഥലത്തും ആൾക്കൂട്ടവും ആരവങ്ങളുമില്ല. ഇവിടെ ഏതോ ശക്തി ആളുകളെ വലിയ എണ്ണത്തിൽ എത്താൻ പ്രേരിപ്പിക്കുന്നതായി തോന്നി.

സമാധിമന്ദിരത്തിന് പുറത്ത് ഒരു മ്യൂസിയമുണ്ട്. അവിടെ സായിബാബയുടെ അനേകം ചിത്രങ്ങളും കുറെ ചരിത്രവസ്തുതകളും അദ്ദേഹം ഉപയോഗിച്ചിരുന്ന പാത്രങ്ങളും ഒക്കെ പ്രദർശിപ്പിച്ചിട്ടുണ്ട്. ചൂരൽ വരിഞ്ഞ സീറ്റോടു കൂടിയ ഒരു വീൽ ചെയറും കൂട്ടത്തിൽ കണ്ടു. പുറത്തെ വഴിയിൽ വാളണ്ടിയർമാർ പ്രസാദത്തിന്റെ പാക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ഒരു ചെറിയ പാക്കറ്റ് ഭസ്മവും ഒരു പാക്കറ്റിൽ ലഡ്ഡു പൊടിയുമാണ് കിട്ടിയത്. മ്യൂസിയത്തിനു മുമ്പിലായി ഒരു മുസ്ലിം ആരാധനാലയവും ഉണ്ട്. സന്ദർശകരിൽ നല്ലൊരു വിഭാഗം ആളുകളും അവിടെയും എത്തി പ്രാർത്ഥിക്കുന്നു. മ്യൂസിയത്തിനടുത്തായി ഒരു വേപ്പുമരമുണ്ട്. ബാബ ഇതിന്റെ കീഴിലിരുന്നാണ് ആദ്യമൊക്കെ ജനങ്ങളെ അഭിസംബോധന ചെയ്തിരുന്നത്. പുറത്തേക്കുള്ള വഴിയുടെ ഒരുവശത്ത് മൂന്ന് ശ്രീകോവിലുകൾ ഒരു വരിയിൽ ഉണ്ട്. ഗണപതിയും ശനീശ്വരനും മഹാദേവനുമാണ് പ്രതിഷ്ഠകൾ.

ദർശനം കഴിഞ്ഞ് ക്ഷേത്രത്തിനു പുറത്തിറങ്ങി ചെരുപ്പു കൗണ്ടറിൽ നിന്ന് എല്ലാവരും പാദുകങ്ങൾ

എടുത്തു. പുറത്തേക്കുള്ള നീണ്ട വീതിയേറിയ ഉയർന്ന മേൽക്കൂരയുള്ള വഴിയുടെ വലതുവശം മുഴുവനും വിവിധതരം കച്ചവട സ്ഥാപനങ്ങളാണ്. മാല-വള-മോതിരങ്ങൾ, കളിപ്പാട്ടങ്ങൾ, കീ ചെയിനുകൾ, ഓടിൽ തീർത്ത വിവിധതരം വിളക്കുകൾ, പൂജാപാത്രങ്ങൾ, ബാബയുടെ ഫോട്ടോകൾ, വെണ്ണക്കല്ലാൽ തീർത്ത വിവിധ വലിപ്പങ്ങളിലുള്ള പ്രതിമകൾ, മധുര പലഹാരങ്ങൾ, ജ്യൂസ് കടകൾ, തുണിത്തരങ്ങൾ എന്നിവയായിരുന്നു ഷോപ്പുകളിൽ. ഇവിടെ കണ്ട ഡ്രൈ ഫ്രൂട്ട് കടകളിൽ ഉണക്കമുന്തിരിയുടെ വലിയ കൂമ്പാരങ്ങൾ കാണാം. എല്ലാം നോക്കിക്കണ്ടു കൊണ്ട് സാവകാശം ഗേറ്റിലേക്ക് നടന്നു. സമയം എട്ടുമണി.

ഈ സ്ഥലത്ത് ഹോട്ടലിലെ ഭക്ഷണശാലയിൽ നിന്നുവേണം ഭക്ഷണം കഴിക്കാൻ. ഒരു ദിവസത്തേക്ക് ഞങ്ങളുടെ അന്നദാതാക്കൾക്ക് വിശ്രമമാണ്. ഹോട്ടലിൽ നിന്ന് പ്രാതൽകഴിച്ച്, യാത്രാഭാണ്ഡവുമെടുത്ത് ഒമ്പതര മണിയോടെ യാത്ര ആരംഭിച്ചു. ഔറംഗാബാദിലേക്കാണ് പോകേണ്ടത്. പോകുന്ന വഴിക്ക് പ്രസിദ്ധമായ ഒരു ശനിക്ഷേത്രമുണ്ട്. അവിടെ ദർശനം നടത്തണം. ഷിർദ്ദിയിൽ നിന്നും രണ്ടു മണിക്കൂർ യാത്രചെയ്ത് ശനി ഷിഗ്നാപ്പൂരിലെത്തി. ഇന്നും ഹർത്താൽ ഉള്ളതുകൊണ്ട് റോഡ് വിജനമാണ്. ബസ്സുകളൊന്നും നിരത്തിലില്ല. ഇരുചക്ര വാഹനങ്ങളും പുറത്തുനിന്നുള്ള സന്ദർശകരുടെ കുറച്ച് വാഹനങ്ങളും മാത്രമേ കണ്ടുള്ളൂ. ബസ്സ് അമ്പലത്തിൽ നിന്നും ഏതാണ്ട് ഇരുന്നൂറ് മീറ്റർ ദൂരെയുള്ള പാർക്കിംഗിൽ നിർത്തി. പന്ത്രണ്ടുമണിയോടടുത്ത സമയം. സൂര്യൻ നേരെ മുകളിൽ നിന്നുകൊണ്ട് ഞങ്ങളുടെ ശിരസ്സുകളെ താഡിച്ചുകൊണ്ടിരുന്നു. തൊപ്പിയും കുടയുമൊക്കെ ചൂടി വെയിലിനെ പ്രതിരോധിച്ച് ക്ഷേത്രത്തിലേക്ക് നടന്നു.

ശനി ഷിഗ്നാപ്പൂർ ഒരു ശനീശ്വര ക്ഷേത്രമാണ്. ഇവിടത്തെ പ്രതിഷ്ഠയായ, വലിയ പരന്ന കറുത്ത ശില സ്വയംഭൂവാണ്. ഈ ഗ്രാമത്തിന്റെ സംരക്ഷകനാണ് ശനി. ഈ ഗ്രാമത്തിൽ തസ്കരന്മാരില്ല, കളവുമില്ല. അതിനാൽ തന്നെ വീടുകൾക്കും കടകൾക്കും താഴുകളില്ല. ആചാരപരമായും ഈ ക്ഷേത്രത്തിന് സവിശേഷതകളുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ വിഗ്രഹത്തിന്മേൽ എണ്ണ ധാരയായി ഒഴിക്കുകയാണ് വഴിപാട്. ക്ഷേത്രത്തിലെ കൗണ്ടറിൽ നിന്നും എണ്ണ വാങ്ങി ഭക്തന് നേരിട്ടുതന്നെ അഭിഷേകം നടത്താൻ പറ്റും. എന്നാൽ ആചാരപരമായി അഭിഷേകം നടത്താൻ സ്ത്രീകളെ അനുവദിച്ചിരുന്നില്ല. സ്ത്രീകൾക്ക് അതിൽ എതിർപ്പുമുണ്ടായിരുന്നില്ല. 2016-ൽ ഒരു കൂട്ടം വനിതകൾ ആചാരലംഘകരായി അവിടെ എത്തി. അവരുടെ ഉദ്യമം ഫലംകണ്ടില്ല. സ്ത്രീകൾക്ക് പ്രവേശനം നൽകാൻ മുംബൈ ഹൈക്കോടതി ഉത്തരവിട്ടു. അതിനുശേഷം ദേവസ്ഥാനം അഭിഷേകത്തിനുള്ള സൗകര്യം എല്ലാവർക്കുമായി നിരോധിച്ചു.

ക്ഷേത്രദർശനം സൗജന്യമാണ്; എന്നാൽ അഭിഷേകത്തിന് അഞ്ഞൂറു രൂപ ഫീസുണ്ട്. ഫീസടച്ച് എണ്ണ വാങ്ങിയാൽ പ്രതിഷ്ഠയുടെ അടുത്തുവരെ ചെന്ന് നേരിട്ട് അഭിഷേകം നടത്താം. അഭിഷേകം നടത്താനൊന്നും പ്ലാൻ ഉണ്ടായിരുന്നില്ല. ജനങ്ങൾ വളരെ കുറവായിരുന്നു. ഏകദേശം നൂറുപേർ മാത്രം! സാധാരണയായി, രണ്ടുമൂന്ന് മണിക്കൂറെങ്കിലും ക്യൂ നിന്നാലെ ദർശനം സാദ്ധ്യമാകാറുള്ളത്രേ! ഞങ്ങൾ ഭാഗ്യമുള്ളവർ. അരമണിക്കൂർ കൊണ്ട് ദർശനം സാധിച്ചു. അങ്കണത്തിൽ ഓപ്പൺ ശ്രീകോവിലാണ്. ഉയർന്ന പ്ലാറ്റ്ഫോമിൽ വലിയ കറുത്ത പരന്ന വിഗ്രഹം കറുത്ത പട്ടാൽ അലംകൃതമായി ഭക്തർക്ക് ദർശനം നൽകുന്നു. വഴിയിൽ വലിയ സംഭരണികളിലേക്ക് നാം വാങ്ങിയ എണ്ണ ഒഴിക്കണം. ആ സംഭരണിയിൽ നിന്ന് എണ്ണ പമ്പ് ചെയ്ത് വിഗ്രഹത്തിന് മുകളിലുള്ള ഒരു കുടത്തിലേക്കെത്തിക്കും. കുടത്തിലുള്ള അനേകം ദ്വാരങ്ങളിലൂടെ ഷവറിൽ നിന്ന് വെള്ളമെന്ന മാതിരി എണ്ണ വിഗ്രഹത്തിന്റെ മുകളിലേക്ക് ഒഴുകും. ആ കാഴ്ച ഒരു കൗതുകം തന്നെയാണ്. അഞ്ഞൂറു രൂപ കൊടുത്ത് നേരിട്ട് അഭിഷേകം നടത്തുന്ന കുറച്ചുപേരെ കണ്ടു. അവരിൽ സ്ത്രീകളും പെൺകുട്ടികളുമുണ്ടായിരുന്നു

ദർശനം കഴിഞ്ഞ് പുറത്തെത്തി. പരിസരം അത്ര ശുചിയുള്ളതല്ല. ജ്യോതിഷത്തിൽ ശുചിത്വമില്ലായ്മ ശനിയെക്കൊണ്ടാണല്ലോ ചിന്തിക്കുന്നത്. എങ്കിലും തിരിച്ച് ബസ്സിൽ കയറുമ്പോൾ, ഒരു ഗ്രാമത്തിനൊന്നടങ്കം പ്രത്യക്ഷത്തിൽ ദൈവം സംരക്ഷണം നൽകുന്നതിന്റെ നേരനുഭവത്തിൽ ഞാൻ ഹർഷപുളകിതഗാത്രനായി. ●

കവിത

# തെച്ചി മുത്തശ്ശി

ഉഷാ രാജ പി.കെ.
തിരുവണ്ണൂർ കോവിലകം, കോഴിക്കോട്, മൊ. 8547730611



ആരു കുടിവെച്ചു, എന്ന് കുടിവെച്ചു
ആരുടെ പാണിപിടിച്ചു ഞാനീ,
പൂമുഖമുറ്റത്ത് കാലങ്ങളേറെയായ്
പൂത്തുതളിർത്തു നിന്നിടുന്നു.
പണ്ടൊരു മുത്തച്ഛൻ എന്നുടെ പുഷ്പങ്ങൾ
പൂജയ്ക്കായ് നിത്യമിറുത്തിരുന്നു
എത്രയോ ദേവന്റെ പാദങ്ങളിൽ ഞാനും
വീണു നമിച്ചു കിടന്നിരുന്നു.

അന്നീ തറവാട്ടിൽ ആളും ബഹളവും
പൊട്ടിച്ചിരിതൻ കിലുക്കങ്ങളും
കണ്ണാരം പൊത്തി കളിക്കുന്ന കുഞ്ഞുങ്ങൾ
എന്നെ പിടിച്ചങ്ങുലത്തി നോക്കും.
ബാല്യങ്ങൾ തന്നുടെ കളികളും കുസൃതിയും
കണ്ടുരസിച്ചു വളർന്നു ഞാനും,
എന്നുടെ സഖികളാം മുല്ലതൻ വള്ളിയും
കടലാസു പൂവിന്റെ പൂമരവും,
കിന്നാരം ചൊല്ലിയും തൊട്ടുതലോടിയും
എത്രയോ കാലങ്ങൾ കൂട്ടുകൂടി.

മംഗളവേളകൾ എന്നുടെ പൂക്കളാൽ
ഈ ഗേഹമാകെ അലങ്കരിക്കും.
ആകാശവാണിയായ് ഒഴുകുന്ന ഗാനത്തിൽ
ചാഞ്ചാടിയേ ഞാൻ ഉറങ്ങാറുള്ളൂ.
താംബൂലചർവണരസത്താലെൻ ചേലയിൽ
ചിത്രപടങ്ങൾ രചിച്ചു ചിലർ.
മിണ്ടി പറയുവാൻ ആവതില്ലാത്ത ഞാൻ
നൊമ്പരമുള്ളിൽ ഒതുക്കി വെച്ചു.
പൂമണമില്ലാത്ത, പൂജയ്ക്കെടുക്കാത്ത
കടലാസു പൂമരമൊരുനാൾ മുറിച്ചുമാറ്റി.
അന്നെന്റെ മുല്ലയും ഞാനും
പരസ്പരം കെട്ടിപ്പിടിച്ചു തേങ്ങി.

ഇന്നീ ഗൃഹാങ്കണം ഏകാന്തമൂകമായ്
കാലൊച്ചകൾക്കായി കാത്തിരിപ്പൂ,
എന്നുടെ കൂട്ടിനായി ചുറ്റീയടിക്കുന്ന
മന്ദസമീരണൻ മാത്രമായി.
അവനെന്റെ ചെവിയിൽ വന്നെപ്പോഴും മന്ത്രിക്കും
കരയല്ലെ തേങ്ങല്ലെ പൊന്നുമുത്തെ

ഉണ്ണികളെ, എൻ കുട്ടികളെ
എന്നുവരുമിനി എന്നെ കാണാൻ
നീട്ടിയ കൈകളിൽ പൂത്താലവുമായ്, ഈ
മുത്തശ്ശി നിങ്ങളെ കാത്തിരിപ്പൂ
കണ്ണിമ പൂട്ടാതെ കാത്തിരിപ്പൂ.

*(കഴിഞ്ഞ ദിവസം തറവാട്ടിൽ പോയപ്പോൾ നമ്മുടെ 'തെച്ചി മുത്തശ്ശി' ഉണങ്ങിക്കരിഞ്ഞ് ജീവനില്ലാതെ നിൽക്കുന്നു. മനസ്സ് വല്ലാതെ തേങ്ങിപ്പോയി. വരാനിരിക്കുന്ന വർഷകാലം അമൃതവർഷമായി മുത്തശ്ശിക്ക് പുനർജ്ജന്മം നൽകട്ടെ.)*



## അഭിനന്ദനങ്ങൾ

കാൻബറയിലെ ഓസ്ട്രേലിയൻ നാഷണൽ യുണിവേഴ്സിറ്റിയുടെ ഫ്യൂച്ചർ റിസർച്ച് ടാലന്റ് അവാർഡിന് **ലക്ഷ്മി രാജ** അർഹയായി. ഹൈദരാബാദ് IIT യിലെ MSc മെഡിക്കൽ ഫിസിക്സ് വിദ്യാർത്ഥിനിയാണ്. ഓസ്ട്രേലിയൻ നാഷണൽ യുണിവേഴ്സിറ്റിയുടെ റിസർച്ച് ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് ലോകത്തെ പ്രീമിയം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുമുള്ള 60 പേരിൽ ഒരാളായി ലക്ഷ്മി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഓമല്ലൂർ കൊടക്കനാൽ കോയിക്കൽ രാജ ബിനോദിന്റെയും തൃശൂർ കുമരപുരം കോവിലകത്തെ സൗമ്യവർമ്മയുടെയും മകളാണ്.

# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം



**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ, മൊ.9447978024

*(കഴിഞ്ഞ ലക്കം തുടർച്ച...)*

പോഷകാഹാരം ശരീരത്തെയെന്നപോലെ കാവ്യരസം ഹൃദയഗുണങ്ങളെ സമ്പുഷ്ടമാക്കുന്നു. അക്ഷരശ്ലോകത്തിനാവശ്യമുള്ള ഗുണങ്ങളിൽ പ്രഥമ പരിഗണന നൽകേണ്ടത് ഓർമ്മശക്തിക്കു തന്നെയാണ്. അനവധി ശ്ലോകങ്ങൾ ചമച്ച ഒരു കവിക്കുപോലും പത്ത് പദ്യങ്ങൾ ഒരു സദസ്സിൽ ചൊല്ലാൻ പറ്റിയില്ലെന്നുവരും. സ്വന്തം ശ്ലോകങ്ങൾപോലും ഓർത്ത് യഥാസമയം അവതരിപ്പിക്കുവാൻ കഴിഞ്ഞെന്ന് വരുകയില്ല. ഓർമ്മയും പാണ്ഡിത്യവും തമ്മിൽ വളരെ വ്യതിയാനം ഉണ്ടാകുന്നു. ബുദ്ധിശക്തിയുടെ ഒരു ഭാഗം തന്നെയാണ് ഓർമ്മശക്തിയെന്ന് ശാസ്ത്രജ്ഞർ പറയുന്നുണ്ട്. ഓർമ്മശക്തി നിലനിർത്താൻ അക്ഷരശ്ലോകം ചൊല്ലൽ വളരെയേറെ സഹായിക്കുന്നുണ്ട്.

കേരളത്തിലെ പ്രശസ്ത ശ്ലോകക്കാരിൽ പലരും വയോവൃദ്ധരാണ്. അവർ കുട്ടിക്കാലം മുതൽ പഠിച്ച ശ്ലോകങ്ങൾ ഒരു കുറവും വരാതെ ചൊല്ലാറുണ്ടല്ലോ. അത് നമ്മളിൽ ആശ്ചര്യം സൃഷ്ടിച്ചെന്നുവരും. ഗ്രന്ഥപരിചയം, കവിപരിചയം, പദകുബേരത്വം, ഹൃദയവികാസം, ശുഭാപ്തി വിശ്വാസം, ഉച്ചാരണശുദ്ധി, സജ്ജന സൗഹൃദം, മാതൃഭാഷാസ്നേഹം, താളബോധം, ക്ഷമ, പ്രസിദ്ധി, ഇങ്ങനെ ഒട്ടനവധി നേട്ടങ്ങൾ ഈ കലയിലൂടെ സ്വായത്തമാക്കുവാൻ ഒരുവന് കഴിയും. അത്യന്തം ആദരവോടും ഭക്തിയോടുംകൂടിയേ കാവ്യദേവതയെ ഇക്കൂട്ടർ സമീപിച്ചിരുന്നുള്ളൂ. വാഗ്ദേവതയുടെ പാദങ്ങളിൽ ആരാധകർ സമർപ്പിക്കുന്ന പൂജാകുസുമങ്ങളാണ് ഇവരുടെ ഓരോ ശ്ലോകങ്ങളും. അക്ഷരശ്ലോക സമിതികൾ ഇല്ലാത്ത ഗ്രാമങ്ങളും നഗരങ്ങളും കേരളത്തിൽ വളരെ കുറവായിരിക്കും. ഇവിടങ്ങളിൽ ആസ്വാദകർ വളരെ കുറവായിരിക്കുമെന്ന് മാത്രം. ആൾക്കൂട്ടത്തിന്റെ അകമ്പടിയോ ആരാധകരുടെ പിന്തുടർച്ചയോ അക്ഷരശ്ലോകവിദഗ്ധന് ലഭിച്ചെന്നുവരുകയില്ല.

പ്രതിഫലത്തിന്റെ കാര്യമാണ് പരമ ദയനീയം. ചെലവില്ലാതെ നടത്തുവാൻ പറ്റിയ പരിപാടിയാണെന്ന് ധരിച്ചവരാണ് അധികവും. ഇനി പ്രതിഫലമായി എന്തെങ്കിലും നൽകിയാൽത്തന്നെ വണ്ടിക്കൂലിയിൽ അധികരിക്കാതിരിക്കാനും ഭാരവാഹികൾ ശ്രദ്ധിക്കാറുണ്ട്. ചുരുക്കത്തിൽ അക്ഷരശ്ലോകം ചൊല്ലൽ 'ആടുജീവിത'ത്തിന് തുല്യം തന്നെയാണ്.

ബഹുമാനപ്പെട്ട ദേവസ്വംബോർഡ് ഭാരവാഹികളും ഗ്രന്ഥശാലാ സംഘങ്ങളും ആത്മാർത്ഥമായി വിചാരിച്ചാൽ ഇതിനൊരു മാറ്റം സംജാതമാക്കാം. പ്രത്യുത, ക്ഷേത്രങ്ങൾ പവിത്രത കൈവിടുന്ന പരിപാടികൾ നടത്തുകയാണല്ലോ ഇപ്പോൾ. ക്ഷേത്ര സംസ്ക്കാരത്തിനേറ്റിരിക്കുന്ന ഈ അപചയം പ്രതികരണശേഷിയില്ലാത്ത സമൂഹം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. പക്ഷേ അക്ഷരശ്ലോകം എന്നു കേൾക്കുമ്പോൾ ഓക്കാനം വരുന്ന ഒരു സമൂഹത്തിൽ ഇതിൽ ഒരു മാറ്റവും നമ്മൾ പ്രതീക്ഷിക്കരുത്. ലൈംഗികച്ചുവയുള്ള ആഭാസങ്ങളാൽ തീർത്ത നാടകങ്ങൾ ആണല്ലോ ഇന്നത്തെ തലമുറയ്ക്ക് ആവശ്യവും.

ഗ്രന്ഥശാലകൾ നിർബന്ധമായും അവരുടെ ഏതു പരിപാടികൾക്കും അക്ഷരശ്ലോക സദസ്സ് സംഘടിപ്പിക്കുന്നത് ഇതിന് പ്രോത്സാഹനം നൽകും. നിർഭാഗ്യവശാൽ അവരും ത്യാജകോടിയിൽ ഈ മഹനീയ കലയെ അകറ്റുന്നു. ഈ കലയെ വളർത്താനും പഠിപ്പിക്കാനും പറ്റിയ സങ്കേതമാണ് വിദ്യാലയം. നിരവധി രക്ഷകർത്താക്കൾ സഹകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും ആർക്കും വേണ്ട, കുട്ടികളെ കിട്ടാനില്ല എന്ന

കപടവാദം മുഴക്കാതെ അദ്ധ്യാപകർ തന്നെ ഇതിന് മേൽനോട്ടം വഹിക്കണം. അദ്ധ്യാപകർ ആദ്യം അക്ഷരശ്ലോക സദസ്സുകളിൽ ഹാജരായി ചൊല്ലണം. ഒന്നുമുതൽ +2 വരെയുള്ള അദ്ധ്യാപകർ ഇന്ന് വേദികളിൽ എത്താതെ ഇത് ഒരു വൃദ്ധകലയാണെന്ന് പറഞ്ഞ് ഒഴിയരുതെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ന് അദ്ധ്യാപികമാരാണ് കൂടുതൽ. അവരും സദസ്സുകളിൽ ചൊല്ലി സഭയെ ഞെട്ടിക്കുന്നവരാകണം. അദ്ധ്യാപികമാരുടെ കഴിവുകൾ മനസ്സിലാക്കട്ടെ. ഇവിടെ ഒരു കാര്യം നമ്മൾ ശ്രദ്ധിക്കണം. എല്ലാ കുട്ടികളും പങ്കെടുക്കില്ല. വാസനയുള്ളവരും താല്പര്യമുള്ളവരും ആയിരിക്കും ആദ്യം വരുക. അവരുടെ ചൊല്ലലും റേഡിയോയിലും ദൂരദർശനിലും മറ്റും പരിപാടികൾ കേട്ട് മറ്റുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും പങ്കെടുക്കും. ഇതിന് ദൂരദർശനും റേഡിയോക്കാരും പത്രക്കാരും പ്രോത്സാഹനം നൽകണമെന്നു മാത്രം. ഇന്ന് റേഡിയോ പ്രോത്സാഹനം നൽകും. പക്ഷേ ദുരദർശനും പത്രങ്ങളും (കലോത്സവ വാർത്തകൾ ഒഴിച്ച്) പ്രാധാന്യം നൽകുമോ? പരസ്യം ലഭിക്കാത്തതുകൊണ്ട് ദൂരദർശൻ ഒഴിവാകും. അക്ഷരശ്ലോക സദസ്സ് നടത്തുന്നതിന് ആരും പരസ്യം നൽകുകയില്ല. അതിനാൽ വരും തലമുറകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മാത്രം കണ്ടുകൊണ്ട് വേണം അവർ പ്രവർത്തിക്കുവാൻ.

ശ്ലോക വേദികളിൽ ചന്ദനത്തിരിപോലെ നീറിപ്പുകഞ്ഞ് മറ്റുള്ളവർക്ക് സുഗന്ധം പകർന്നു നൽകിയ ഒരു വലിയ വിഭാഗം ജനങ്ങൾ ഉണ്ട്. അവരെക്കൂടി സ്മരിക്കുന്നു. ശ്ലോകകലയ്ക്കു വേണ്ടി ത്യാഗവും വേദനയും സഹിച്ച അവരെക്കൂടി സ്മരിക്കാതെ പോകുന്നത് ശരിയല്ലല്ലോ. സമിതികളുടെ പേരുകൾ വിട്ടാലും ഈ കലയുടെ നിലനില്പിനും പ്രശസ്തിക്കും വേണ്ടി പ്രവർത്തിച്ചവരെ ഒന്നു സ്മരിച്ചേ തീരൂ. ഈ ലേഖനത്തിൽ പറയാത്തതുകൊണ്ട് ആ വ്യക്തികൾ അപ്രശസ്തരോ അയോഗ്യരോ ആണെന്ന് ആരും സംശയിക്കരുത്. ലേഖകന്റെ പരിമിതമായ അറിവെന്ന് മാത്രം അതിനെ കരുതുക. (തുടരും)

**കവിത**

# കരുത്തു പകരാൻ




**ലളിത കെ. വർമ്മ**
പിലാത്തറ, മൊ. 9447567574

നാട്ടുവഴികളിലൂടൊത്തിരി നടന്നു ഞാൻ
കാട്ടുപാതകളിലെ മുൾക്കാടും താണ്ടിഞാൻ
ആയുസ്സിൽ പുസ്തകത്തിന്നോരോരോയേടും കട-
ന്നീയുഷസ്സിന്റെ പടിയോളമെത്തി നിന്നു.
ഈ മഹാമേരു തന്റെയോരോരോ ശിഖരവും
ഇന്നുമെന്നോർമ്മയിലീണങ്ങളുതിർക്കുന്നു
ഓർമ്മയിലൊരായിരം പൂക്കാലം വർഷിക്കുന്നു
ഓരോരോ യാത്രയിലും നിറമാർന്ന ഗ്രന്ഥങ്ങൾ!
എത്രയോ കഥകളുണ്ടതിലെത്രയോ കവിതകൾ
എത്രയോ നിറങ്ങളാൽ കോറിയ പൊൻചിത്രങ്ങൾ
കയ്പ്പും മധുരവുമൊന്നിച്ചു കുറുക്കിയരിച്ചതാം
സ്വാദേറും കഷായങ്ങൾ-ജീവിതാനുഭവങ്ങൾ!
പൊൻകതിർപ്രഭ തൂകും സുന്ദരപ്രഭാതവും
കത്തിജ്വലിച്ചിടും നട്ടുച്ചസൂര്യനും
ആഴിതൻ കയത്തിലങ്ങാഴുന്നൊരാർക്കനും
ഏഴയാമെന്നിൽത്തീർത്തൊരായിരം വർണ്ണക്കൂട്ട്!
ഉറക്കംവരാതുള്ളൊരെത്രയോ രാവുകൾ!
പാതിയുറക്കത്തിൽ ഞാൻ കണ്ടുപൊലിഞ്ഞ കിനാവുകൾ
ഞെട്ടിയുണരുമ്പോളെന്നെ പ്രണയിച്ച
എന്റെ മനസ്സിലെ ദ്രുത-താള ചലനങ്ങൾ!
പാതയോരത്തു കൂടെത്രയോ ഓടി ഞാൻ
എത്രയോ മലകളും നദികളും താണ്ടിഞാൻ
ഇനിയുമൊരന്ത്യമാം നദി കടന്നെത്തണം
അല്ല-ഒരു മാമല തന്നപ്പുറത്തെത്തണം.
അരുതാത്തയോർമ്മകളെന്നെയലട്ടുമ്പോൾ
കരുതലായ് ചേർത്തയാക്കരങ്ങളെയോർക്കട്ടെ
ആ കരകമലങ്ങളെന്നുമേ തുണയ്ക്കട്ടെ
ഒരു മഹാശക്തിയായെന്നെ എന്നെന്നും കാത്തീടട്ടെ
ഒരു മഹാശക്തിയായെന്നെ എന്നെന്നും കാത്തീടട്ടെ...

ലേഖനം

# Whither Our Democracy ?



**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789

Curtains came down on campaign on 30th May 2024 and the election on 1st June 2024 in India for the 18th Lok Sabha polls conducted for 28 States and 8 Union Territories in 7 phases by the Election Commission of India. It was the toughest election procedure carried out by the Commission. NDA led by the BJP and I. N. D. I. A. led by the Congress party were the main opponents in the fray other than Trinamool, TDP, JDU etc. The intensive LDF/UDF campaign in Kerala was disturbingly abusive at times. Previous elections had not witnessed so much heat, hatred and criticism. The words ECI, EVM and VV-PAT were most heard of. The world witnessed (some nations were even invited) and they observed what is Indian election and understood that India's reputation cannot be limited to calling it as a mere 'Hindu Rashtra'.

India, being the largest democratic country and first in population (ahead of China)had to shell out one lakh crore (100,000 cr.)rupees as expenditure towards it. ECI as part of its duty(thanks to late Sri. T. N Seshan, a former Chief Election Commissioner) has unearthed black money above 9000 cr. rupees altogether worth cash, drugs and liquor. Only 64% in all in India and nearly 70% in Kerala have exercised their franchise that too after enduring severe heat and other inconveniences.

Still, it is less than 100 cr people only, out of 140 cr. of our population that had utilized their voting power. Imagine the corollary expenditure ( including for those not voted)went waste in crores.A small percentage only would have voted as part of their right and duty.Fifty percentage of the rest, voted, might have done it under the influence of the freebies(earned by politicians out of looted money from the public )lavishly thrown out to them by the political parties.

In a survey it is revealed that youth especially students did not show interest to vote in towns and cities. Why? Their problems like unemployment were not addressed to and they don't find any use/ benefit out of election.

Political parties should understand that the majority do not want their freebies. Instead, give them opportunity to work and earn. Reservation based on caste and community should be discouraged. If not, a time, not far off,will come when the present majority will become the minority and vice-versa (for reservation ). The quota, if at all, can be reserved for those economically backward and for those having physical/mental disabilities.

Apart from their needs and problems they (common man) know that politicians in general (a sizeable percentage at least) are corrupt and a good number of them are criminals. They preach something and do something else. For them no consideration and respect for morality and values.


Result of the Lok Sabha election announced on 5th June 24 by the ECI is strangely surprising against major exit poll calculations.It is

NDA(291), I. N. D. I. A(234) and others18.No single party got absolute majority. So coalition is the only political solution for a rule. How long this understanding between parties with different ideologies sustain unity among themselves? Defection/Crossing the floor cannot be ruled out.

In its essential form, democracy is a numerical representation of the majority rule. From Panchayat to Corporation, from State to the Union, all elections are democratic in nature, but on count of numbers; for eg. in one Panchayat of 10 members, say 6 are in one side and rest 4 are in the other. What the 6 decide will work out even if it is bad for the Panchayat(people there). Another big example is Take U.S., the world's self- proclaimed oldest democracy. Just by securing 77744 additional votes in 3 key swing states, Donald Trump was able to defeat Hillary Clinton in the 2016 election. This despite the fact that overall, more Americans had voted for Clinton than Trump. So we can conclude the majority / minority game in democracy is a false conclusion.

True, one positive point.. The exercise of election process in democracy gives each citizen opportunity worth, irrespective of rank and status. We are counted, not weighed according to our position and social status. Here also problem is that all the caste- communal combinations available are used to lure the voters.After effect is that when the election is over, the Prime Minister becomes the Emperor (Chakravarthy), the Chief Ministers Kings, Loksabha MPs and State MLAs are Lords/Headmen of the various constituencies. Once they are in power they don't mind people for their 5 year- term. Alas,people are at the mercy of their elected representatives. Here democracy changes to a new system "of the politicians, by the politicians and for (underline 'for')the politicians.The irony is that there is no formula/method to downgrade/revert them from their authority chairs. Things should change for good.

From experience, democracy cannot be the highest norm man can attain/achieve. It is only good in comparison to others, that is all. Present-day democracy is the worst. So if it is pursued like this, future of democracy & people is very dim & bleak. Now as things are, the profession of politicians is the only profession that needs no basic qualification. That may be the reason present-day democracy is not succeeding. Now we have to find out a new alternative. We call it Meritocracy as Osho well said.Those who are educated should come to power. Here education means not mere educational qualifications but those with quality, with personal integrity, character and culture. Our India can lead as an example. In that case, the day is seen, though far of, when people decide that it is better to make ONE WORLD rather than divide in to nations, where there is no conflict and war.One world- one humanity. 'Vasudhaiva Kutumbakam'.




National University of Singapore (NUS) ജൂലൈ 11,12 തീയതികളിൽ സിംഗപ്പൂരിൽ നടത്തിയ SIPMS 2024 ൽ മാനേജ്മെന്റ് വിദ്യാഭ്യാസ രംഗത്തെ ഏറ്റവും നല്ല പ്രൊഫസറും ഗവേഷകനും ആയി തിരഞ്ഞെടുക്കപ്പെട്ട് SINGAPORE INTERNATIONAL EDUCATIONAL EXCELLENCE AWARD ന് അർഹനായ **ഡോ. നാരായണൻ പണ്ടാല.** തിരുവനന്തപുരം മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ അസി. പ്രൊഫസറും ക്ഷത്രിയ ക്ഷേമസഭ തിരുവനന്തപുരം യൂണിറ്റ് വൈസ് പ്രസിഡന്റുമാണ്.

# ക്ഷത്രിയ ക്ഷേമസഭ യൂത്ത് ഫുട്ബോൾ ടൂർണ്ണമെന്റ് – തിരുവല്ല 2024

സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രഥമ യൂത്ത് ഫുട്ബോൾ ടൂർണ്ണമെന്റിന് തിരുവല്ല യൂണിറ്റ് ആതിഥ്യമരുളി. മാർച്ച് 3 ന് ഡോ. ആദർശ് വർമ്മ നടത്തിയ ഗൂഗിൾ മീറ്റിലാണ് തിരുവല്ല യൂണിറ്റിന് അവസരം കൈവന്നത്. നിയമാവലിയും മത്സരക്രമങ്ങളും ടീമുകളെയും ക്യാപ്റ്റന്മാരെയും നിശ്ചയിച്ചതും ക്രമീകരണങ്ങൾ നടത്തിയതും തിരുവല്ല യൂണിറ്റ് തന്നെയായിരുന്നു. കൊച്ചിയിലെ വർമ്മ ഹോംസ് എന്ന സ്ഥാപനമായിരുന്നു പ്രധാന സ്പോൺസർമാർ; ഓക്സ്പയർ, സാരഥി ഹോളിഡേയ്സ് എന്നിവർ സഹ സ്പോൺസർമാരും. ക്ഷത്രിയ ക്ഷേമസഭ സാമൂഹ്യ ഗ്രൂപ്പുകൾ വഴി ഇതിന്റെ അറിയിപ്പുകൾ നൽകി. മത്സരങ്ങൾ നിയന്ത്രിക്കാനായി പ്രവൃത്തി പരിചയമുള്ള റഫറിമാരെ കണ്ടെത്തി.

## പന്തുരുളുന്നു

തിരുവല്ലയിലെ ഈലിറ്റ് എരീനയിൽ മെയ് 26 ന് REACT സെക്രട്ടറിയും ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റുമായ പി.കെ. രഘുവർമ്മ കിക്ക് ഓഫ് ചെയ്തതോടെ മത്സരങ്ങൾക്ക് തുടക്കമായി.

ആദ്യത്തെ മത്സരം ആതിഥേയരായ തിരുവല്ല, വെള്ളാരപ്പിള്ളി A ടീമുകൾ തമ്മിലായിരുന്നു. വാശിയേറിയ മത്സരത്തിനൊടുവിൽ തിരുവല്ല 3–2 നു ജയിച്ചു. വെള്ളാരപ്പിള്ളി B എന്ന മുതിർന്നവരുടെ ടീമും കരപ്പുറം സ്ട്രൈക്കേഴ്സ് എന്ന ചേർത്തല ടീമും തമ്മിലുള്ള മത്സരം ഏകപക്ഷീയമായിരുന്നു. ചേർത്തല 3–0 നു ജയിച്ചു. വെള്ളാരപ്പിള്ളി A ടീമും ഇരിങ്ങാലക്കുടയും തമ്മിലുള്ള മത്സരം പാർവ്വതി എന്ന പെൺകുട്ടിയുടെ സാന്നിദ്ധ്യംമൂലം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇരിങ്ങാലക്കുടയ്ക്കു വേണ്ടി പച്ച ജേഴ്സി അണിഞ്ഞാണ് പാർവ്വതി കളിച്ചത്. മറുപടിയില്ലാത്ത 6 ഗോളുകൾക്ക് വെള്ളാരപ്പിള്ളി A ജയിച്ചു സെമിയിലെത്തി. മത്സരത്തിൽ ഉടനീളം നല്ല പ്രകടനം കാഴ്ചവെച്ച പാർവ്വതിക്ക് തിരുവല്ല യൂണിറ്റിന്റെ വകയായി ഒരു ചെറിയ തുക സമ്മാനമായി നൽകി. ഉത്തര കേരളത്തിലെ പ്രബല ടീമായ കോഴിക്കോട് വെള്ളാരപ്പിള്ളി A യെ 4–1 ന് തൂത്തുവാരി ശക്തമായ വരവ് അറിയിച്ചു. ഈ തോൽവിയോടെ വെള്ളാരപ്പിള്ളി B ടൂർണ്ണമെന്റിൽ നിന്നു പുറത്താവുകയും ചെയ്തു. അഞ്ചാമത്തെ മത്സരത്തിൽ രഞ്ജിത്തിന്റെ ഹാട്രിക്കിന്റെ മികവിൽ തിരുവല്ല ഇരിങ്ങാലക്കുടയുടെ മേൽ 6–0 ന്റെ വിജയം നേടി. കോഴിക്കോടും ചേർത്തലയും ഏറ്റുമുട്ടിയ അവസാന ഗ്രൂപ്പ് മത്സരം വളരെ ആവേശകരമായിരുന്നു. 4–1 നു പിറകിലായിരുന്ന കോഴിക്കോട് ഗംഭീര തിരിച്ചുവരവ് നടത്തി 4–4 ന് മത്സരം സമനിലയായി. പോയിന്റ് നിലയിലും രണ്ടു ടീമുകളും ഒരേപോലെയായതിനാൽ ഗ്രൂപ്പ് മത്സരങ്ങളിൽ ഏറ്റവും കൂടുതൽ ഗോളുകളടിച്ച കോഴിക്കോടിനെ വിജയികളായി പ്രഖ്യാപിച്ചു.

## സെമിഫൈനൽ മത്സരങ്ങൾ

ആതിഥേയരായ തിരുവല്ലയും കോഴിക്കോടും തമ്മിൽ ആദ്യ സെമിയിൽ ഏറ്റുമുട്ടി. കോഴിക്കോട് മുഖ്യ താരമായ ആദർശിലൂടെ നേടിയ 2 ഗോളുകളുടെ പിൻബലത്തിൽ മുന്നിലെത്തി. കളത്തിന്റെ മദ്ധ്യത്തിൽ നിന്ന് ജയദേവൻ ഒരു സുന്ദരൻ ഷോട്ടിലൂടെ തിരുവല്ലയ്ക്കുവേണ്ടി ഒരു ഗോളടിച്ചെങ്കിലും അവസാനം 2–1 നു കോഴിക്കോട് ജയിച്ച് ഫൈനലിലെത്തി.

ഗ്രൂപ്പ് മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച കരപ്പുറം സ്ട്രൈക്കേഴ്സും (ചേർത്തല)



*ജേതാക്കളായ കോഴിക്കോട് ടീം ട്രോഫിയുമായി*

വെള്ളാരപ്പിള്ളി A യും തമ്മിലുള്ള രണ്ടാം സെമി ടൂർണ്ണമെന്റിലെ ഒരു മികച്ച മത്സരമായിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും തികച്ചും ഏകപക്ഷീയവും നിരാശാജനകവുമായ ഒരു മത്സരത്തിൽ ജൂനിയർ ടീമംഗങ്ങളായ വെള്ളാരപ്പിള്ളി A 4-0 ന് വിജയിച്ചു.

## ഫൈനൽ മത്സരം

ആവേശകരമെന്നു തോന്നിച്ച ഫൈനൽ മത്സരത്തിൽ ഗോപാൽ നയിച്ച വെള്ളാരപ്പിള്ളി A യും ഹരിപ്രസാദ് നയിച്ച കോഴിക്കോടും ആത്മധൈര്യത്തോടെ മുന്നേറിയിരുന്നെങ്കിലും കളിയിലെ പാടവവും അനുഭവസമ്പത്തും കൂടുതലുള്ള കോഴിക്കോടിനു മുന്നിൽ താരതമ്യേന ചെറുപ്പക്കാരായ വെള്ളാരപ്പിള്ളി A പകച്ചുനിൽക്കുന്നതാണ് കണ്ടത്. മത്സരത്തിനൊടുവിൽ 3-0 എന്ന സ്കോറിന് കോഴിക്കോട് വിജയികളായി ട്രോഫി കരസ്ഥമാക്കി. ഒരിക്കൽക്കൂടി ആദർശ് തന്റെ സ്കോറിംഗ് മികവ് പുറത്തെടുത്തു. വൈഷ്ണവും ഗോളടിയിൽ പങ്കാളിയായി.

വിജയികൾക്കുള്ള ട്രോഫി ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ.എം. ലളിതാംബികയും ജന. സെക്രട്ടറി വി.കെ. മധുകുമാർ വർമ്മയും സംയുക്തമായി സമ്മാനിച്ചു. ടൂർണ്ണമെന്റിലെ ഏറ്റവും മികച്ച താരവും കൂടുതൽ ഗോൾ സ്കോർ ചെയ്ത താരവുമായി കോഴിക്കോട് ടീമിലെ ആദർശ് തിരഞ്ഞെടുക്കപ്പെടുകയും ട്രോഫികൾ യഥാക്രമം പി.കെ. രഘുവർമ്മ (REACT സെക്രട്ടറി), ജയകുമാർ വർമ്മ (സെക്രട്ടറി, തിരുവല്ല സഭ) എന്നിവരിൽ നിന്ന് ഏറ്റുവാങ്ങുകയും ചെയ്തു. ഏറ്റവും നല്ല ഗോൾകീപ്പറിനുള്ള അവാർഡ് നേടിയ വെള്ളാരപ്പിള്ളി A ടീമിലെ ദേവസൂര്യ (കുറ്റിലഞ്ഞി യൂണിറ്റ്) സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി. തിരുവല്ല ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിങ് സെക്രട്ടറി ഹൃഷികേശ് വർമ്മ നന്ദിപ്രകാശനം നടത്തി.

## എവർറോളിംഗ് ട്രോഫി

അടുത്ത വർഷം മുതൽ ഈ ടൂർണ്ണമെന്റ് കേരളത്തിന്റെ കായിക-ടൂറിസം രംഗത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന കേണൽ ജി.വി. രാജയുടെ പേരിൽ എവർറോളിംഗ് ട്രോഫിയായി നാമകരണം ചെയ്യും എന്ന് സംസ്ഥാന ജന. സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ പ്രഖ്യാപിച്ചു.




*മികച്ച താരം ആദർശ് വർമ്മ (കോഴിക്കോട്)*




*മികച്ച ഗോൾ കീപ്പർ ദേവസൂര്യ (വെള്ളാരപ്പിള്ളി)*



*ഏക വനിതാ സാന്നിദ്ധ്യം പാർവ്വതി (ഇരിങ്ങാലക്കുട)*

## ബാലവേദി/വളരുന്ന പ്രതിഭകൾ

# The Two Tigers



**Gouri Varma**
Chemprol Kottaram, Haripad

Inside the iron bars, the lonesome tiger paces
Eyes dulled by the same view.
Having to see the same old faces,
Nothing that is anew

In the wild, he strides,
then rests under the starry nights.
The tiger, oh so free,
Roams, hunting to feed.

In the zoo, he roars,
But is always ignored.
Taken away from his environment,
Stuck in here for our entertainment.

The jungle, oh so wide,
In there he likes to hide.
Stalking down his prey,
To God they should pray.

So contrast the cage with the wild expanse,
Where one is limited, the other can dance.
In the zoo, a shadow of what it could be,
In the wild, the tiger who is truly free.


## അഭിനന്ദനങ്ങൾ



കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (CUSAT) നിന്ന് മറൈൻ ജിയോ ഫിസിക്സിൽ ഒന്നാം റാങ്കോടെ M.Sc. പാസ്സായ **തൂലിക വർമ്മ** പന്തളം കൊട്ടാരം 'ചിന്മയ'യിൽ അഡ്വ. രശ്മി – അശോക് കുമാർ ദമ്പതികളുടെ മൂത്ത പുത്രിയാണ്.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ. സോഷ്യോളജിയിൽ 8.05 ഗ്രേഡിൽ വിജയം കൈവരിച്ച **ജി. കീർത്തന വർമ്മ**. കൈപ്പുഴ നെയ്തല്ലൂർ കോയിക്കൽ ദേവപ്രയാഗിൽ ഗിരീഷ് കുമാറിന്റെയും സന്ധ്യാവർമ്മയുടെയും മകളാണ്.





**ശിവനന്ദന വർമ്മ ടി.എം.**
Std. IX
D/o മഹേഷ് വർമ്മ, കൃഷ്ണപുരം





# അഭിനന്ദനങ്ങൾ



**പൂർണ്ണശ്രീ വർമ്മ**

ഇക്കഴിഞ്ഞ CBSE പന്തണ്ടാം ക്ലാസ് പരീക്ഷയിൽ (Senior School Certificate Examination) 500 ൽ 497 മാർക്ക് വാങ്ങി പ്രശസ്ത വിജയം കരസ്ഥമാക്കിയ പൂർണശ്രീ വർമ്മ. തിരുവല്ല പാലിയേക്കര കിഴേക്കേ കൊട്ടാരത്തിൽ ധന്യ വർമ്മയുടെയും പന്തളം കൊട്ടാരത്തിൽ പ്രമോദ് ബി. വർമ്മയുടെയും മകളാണ്.



**ആദർശ് കൃഷ്ണ കെ.**

ഇക്കഴിഞ്ഞ പ്ലസ് ടു പരീക്ഷയിൽ 99 ശതമാനം മാർക്കോടെ എല്ലാ വിഷയങ്ങൾക്കും A+ നേടി വിജയിച്ച ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർഥി ആദർശ് കൃഷ്ണ. ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപിക കെ. ശ്രീവിദ്യയുടെയും ഇരിട്ടി താലൂക്ക് ഹോസ്പിറ്റലിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 എം.പി. അനിൽകുമാറിന്റെയും മകനാണ്. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാറിന്റെ ചെറുമകനാണ്.



**വിനയ ജി.കെ.**

ഇക്കഴിഞ്ഞ പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി വിജയിച്ച മയ്യിൽ ഗവ. ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനി വിനയ ജി.കെ. കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ഇ.എം. ഗോവിന്ദന്റെയും സുധാമണിയുടെയും മകളാണ്.



**കൃഷ്ണജിത്ത് എൻ.പി.**

ഈ വർഷത്തെ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നത വിജയം കരസ്ഥമാക്കിയ ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർഥി കൃഷ്ണജിത്ത് എൻ.പി. കരിവെള്ളൂർ യൂണിറ്റ് അംഗമായ എൻ.പി. രാജശ്രീയുടെയും സുഭാഷ് വർമ്മയുടെയും മകനാണ്.



**നിർമ്മൽ കെ.**

ഈ വർഷത്തെ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നത വിജയം കരസ്ഥമാക്കിയ നിർമ്മൽ കെ. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥയായ ശൈലജ കീഴൂരിടത്തിന്റെയും റിട്ട. അദ്ധ്യാപകനായ സി.കെ. ശശിധരൻ മാസ്റ്ററുടെയും മകനാണ്.

# അഭിനന്ദനങ്ങൾ



**പൂർണ്ണിമ**

ഇക്കഴിഞ്ഞ CBSE പന്തണ്ടാം ക്ലാസ് പരീക്ഷയിൽ 96 ശതമാനം മാർക്കോടെ പ്രശസ്ത വിജയം കരസ്ഥമാക്കിയ പൂർണ്ണിമ. ബാംഗ്ലൂർ ക്ഷത്രിയ ക്ഷേമസഭ (സംഗമം) യിലെ സ്മിത വിവേകിന്റെ മകളാണ്.



**അമൻ വർമ്മ**

ഇക്കഴിഞ്ഞ CBSE പന്തണ്ടാം ക്ലാസ് പരീക്ഷയിൽ 92 ശതമാനം മാർക്കോടെ വിജയം കരസ്ഥമാക്കിയ അമൻ വർമ്മ. ബാംഗ്ലൂർ ക്ഷത്രിയ ക്ഷേമസഭ (സംഗമം) യിലെ സന്തോഷ് വർമ്മ-സുചിത്ര വർമ്മ ദമ്പതികളുടെ മകനാണ്.



**സായി മാധവ് വർമ്മ**

ഇക്കഴിഞ്ഞ ICSE പത്താം ക്ലാസ് പരീക്ഷയിൽ 96.6 ശതമാനം മാർക്കോടെ വിജയം കൈവരിച്ച സായി മാധവ് വർമ്മ. ബാംഗ്ലൂർ ക്ഷത്രിയ ക്ഷേമസഭ (സംഗമം) യിലെ രാഹുൽ വർമ്മയുടെയും ദിവ്യ വർമ്മയുടെയും മകനാണ്.



**പാർത്ഥ് പ്രസാദ്**

ഇക്കഴിഞ്ഞ CBSE പത്താം ക്ലാസ് പരീക്ഷയിൽ 92 ശതമാനം മാർക്കോടെ വിജയം കൈവരിച്ച പാർത്ഥ് പ്രസാദ്. ബാംഗ്ലൂർ ക്ഷത്രിയ ക്ഷേമസഭ (സംഗമം) യിലെ പ്രസാദിന്റെയും ജയശ്രീയുടെയും മകനാണ്.



**വൈഷ്ണവ് വർമ്മ**

ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നതവിജയം കരസ്ഥമാക്കിയ വൈഷ്ണവ് വർമ്മ. വൈക്കം ഉദയനാപുരം പനമിറ്റത്തു മഠത്തിൽ ഹരിത വർമ്മയുടെയും കോഴിക്കോട് തിരുവണ്ണൂർ പുതിയ കോവിലകം രമാ മന്ദിരത്തിൽ സുമേഷ് വർമ്മയുടെയും മകനാണ്.

# അഭിനന്ദനങ്ങൾ



**രേവതി വർമ്മ**

ഇക്കഴിഞ്ഞ പ്ലസ്സ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ നേടിയ രേവതി വർമ്മ. വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ രവിവർമ്മയുടെയും ശ്രീകല യുടെയും മകളാണ്.



**നിരഞ്ജന വർമ്മ**

ഇക്കഴിഞ്ഞ CBSE പ്ലസ്സ് ടു പരീക്ഷയിൽ 97.8% മാർക്ക് നേടിയ നിരഞ്ജന വർമ്മ. വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ സ്മിത കെ.ആർ. ന്റെയും രാജേഷ് ആർ. ന്റെയും മകളാണ്.



**നികിത വർമ്മ എസ്.**

ഇക്കഴിഞ്ഞ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ നേടിയ നികിത വർമ്മ എസ്. വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ സുരേഷ് വർമ്മ യുടെയും മഞ്ജുളയുടെയും മകളാണ്.



സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് മികച്ച സേവനത്തിനുള്ള ഗവർണ്ണറുടെ 'രാജ്യപുരസ്കാർ' അവാർഡിന് **ശ്രീപ്രഭ വർമ്മ**യും (വെള്ളാരപ്പിള്ളി വടക്കേ കോവിലകത്ത് പ്രഭേഷ് വർമ്മയുടെയും ശ്രീജ വർമ്മയുടെയും മകൾ), **അമേയ എ. വർമ്മ**യും (വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ അമൃത കെ. ആറിന്റെയും കാർത്തിക് വർമ്മയുടെയും മകൾ) അർഹരായി.



# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ പ്രതിമാസ ഭരണസമിതി യോഗങ്ങൾ ഏപ്രിൽ 6, 28 ജൂൺ 2 ജൂലൈ 7 തീയതികളിൽ സഭാ ഓഫീസിൽ വച്ച് കൂടി. അംഗങ്ങളുടെ കുടുംബ വിവരങ്ങളും മേൽവിലാസവും ഫോൺനമ്പരും അടങ്ങിയ ഡാറ്റാ 75 ശതമാനവും പൂർത്തിയായി. മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പരിപാടികളുടെ കരടുരേഖ തയ്യാറാക്കി. മെയ് 12 ന് തിരുവനന്തപുരം ഭജനപ്പുര കൊട്ടാരത്തിൽ വച്ച് നടന്ന ചടങ്ങിൽ പ്രസിദ്ധ കർണ്ണാടക സംഗീതജ്ഞനും സ്വാതി പുരസ്കാര ജേതാവും തിരുവനന്തപുരം സഭയിലെ മുതിർന്ന അംഗവുമായ പ്രൊഫ. കുമാര കേരളവർമ്മയെ ആദരിച്ചു. കേന്ദ്രസഭാ പ്രസിഡന്റ് ഡോ. എം. ലളിതാംബിക, ജന. സെക്രട്ടറി മധുകുമാർ വർമ്മ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. സഭാംഗം കൃഷ്ണകുമാർ വർമ്മ പ്രൊഫ. കുമാര കേരളവർമ്മയുടെ സംഗീത വഴികളെക്കുറിച്ച് ആമുഖ വിവരണം നൽകി. മുതിർന്ന അംഗം ടി.എൻ. ആദിത്യവർമ്മയുടെ 'പദ്യം ഹൃദ്യം' എന്ന കവിതാ സമാഹാരത്തിന്റെ പ്രകാശന കർമ്മമാണ് തുടർന്ന് നടന്നത്. സഭയുടെ മുതിർന്ന ഉപദേശക സമിതി അംഗമായ കെ.എൽ. ശ്രീകൃഷ്ണദാസ് പ്രൊഫ. കുമാര കേരളവർമ്മയ്ക്ക് ഒരു പ്രതി നൽകി പ്രകാശനം നിർവ്വഹിച്ചു. ആദിത്യവർമ്മയുടെ കവിതകളെയും ശൈലികളെക്കുറിച്ചും കെ.എൽ. ശ്രീകൃഷ്ണദാസ് വിശദമായി സംസാരിച്ചു. അക്ഷരശ്ലോകം എന്ന കലയെ ജനകീയമാക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. തുടർന്ന് പുസ്തകത്തിലെ രണ്ടു കവിതകൾ നിവേദിത വർമ്മ ആലപിച്ചു. സഭാ പ്രസിഡന്റ് കിഷോർകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വനിതാ വിഭാഗം പ്രസിഡന്റ് രമണി വർമ്മ സ്വാഗതം ആശംസിച്ചു. സെക്രട്ടറി പി.കെ. ജയചന്ദ്ര വർമ്മ നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് വനിതാവിഭാഗം മുൻ പ്രസിഡന്റും മുതിർന്ന അംഗവും കലാകാരിയുമായ ഉഷ രാമവർമ്മയുടെ 'പൂതനാ മോക്ഷം' കഥകളി അരങ്ങേറി. മുതിർന്ന വനിതാ അംഗം ഡോ. അംബിക ബാലചന്ദ്രൻ ഉഷ രാമവർമ്മയ്ക്ക് സഭയുടെ പുരസ്ക്കാരം നൽകി ആദരിച്ചു.



ജൂലൈ 13 ന് സഭയുടെ മുതിർന്ന അംഗവും പന്തളം കൊട്ടാരാംഗവുമായ പി. കേരളവർമ്മയുടെ 'ശ്രീമദ് ശ്രീഭൂതനാഥ ഗീത' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നടന്നു. പ്രശസ്ത സാഹിത്യകാരനും ഐ.എം.ജി. ഡയറക്ടറും മുൻ ചീഫ് സെക്രട്ടറിയും ഗാനരചയിതാവുമായ കെ. ജയകുമാർ, പ്രശസ്ത ചരിത്രകാരൻ പ്രൊഫ. വി. കാർത്തികേയൻ നായർക്ക് നൽകി പുസ്തകപ്രകാശനം നടത്തി. സഭാ പ്രസിഡന്റ് ആർ. കിഷോർകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പോത്തൻകോട് ശാന്തിഗിരി ആശ്രമം ജന. സെക്ര



ട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ചരിത്ര കാരൻ അജിത് എസ്.ആർ., കൊല്ലം കലാ സാസ്ക്കാരിക കൂട്ടായ്മയായ 'വയമ്പി'ന്റെ ചെയർമാൻ വി.പി. രാജീവൻ, കവി ശ്രീകുമാർ പ്ലാക്കാട് എന്നിവർ സംസാരിച്ചു. വർഷ പി. വർമ്മ യുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ സെക്രട്ടറി ജയചന്ദ്രവർമ്മ സ്വാഗതവും ജോ. സെക്രട്ടറി കൃഷ്ണ ജയകുമാർ വർമ്മ കൃത ജ്ഞതയും പ്രകാശിപ്പിച്ചു. തുടർന്ന് അയ്യപ്പ ഭക്തി ഗാനങ്ങൾ കോർത്തിണക്കി തിരുവനന്തപുരം സഭ യിലെ ഗായകരായ ഡോ. സി.കെ. കൃഷ്ണദാസ്, എസ്. അജയകുമാർ വർമ്മ, കിഷോർകുമാർ വർമ്മ, ശ്രീകല വർമ്മ, കൃഷ്ണ ജയകുമാർ, ശ്രീകല വിജിത്ത് വർമ്മ, ശ്രീജിത ആർ. വർമ്മ എന്നിവരും സിനിമാ നിർമ്മാതാവ് ശോഭൻ പുതു പ്പാടിയും ഗാനങ്ങളാലപിച്ചു. സഭയുടെ വാർത്ത കളും വിശേഷങ്ങളും കോർത്തിണക്കി ഈ വർഷത്തെ മൂന്നാമത്തെ ബുള്ളറ്റിൻ ആഗസ്റ്റ് മാസം പ്രസിദ്ധീകരിക്കാനും ആഗസ്റ്റ് 15 ന് മുതിർന്ന അംഗം കെ.എൽ. ശ്രീകൃഷ്ണദാസിനെ ആദരിക്കൽ, വാർഷിക പൊതുയോഗം, രാമായണ പാരായണ മത്സരം, രാമായണ ക്വിസ് മത്സരം എന്നിവ നടത്തുവാനും സെപ്തംബർ അവസാന ആഴ്ച ഓണാഘോഷം നടത്തുവാനും തീരുമാനിച്ചു.

## തിരുവല്ല

ഈ കാലയളവിൽ 2 കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. മീറ്റിംഗുകളിൽ ഭൂരിപക്ഷം കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു. സഭയുടെ 2023-24 ലെ പൊതുയോഗം, പൊതുസമ്മേളനം, ഓണാഘോഷം എന്നിവ സെപ്റ്റംബർ മാസത്തിൽ കൂടണമെന്നു തീരുമാനിച്ചു. പൊതുയോഗത്തിനു മുമ്പായി സഭ യുടെ കെട്ടിടത്തിന്റെ അറ്റകുറ്റപണികളും പുനരു ദ്ധാരണവും നടത്തണമെന്നു തീരുമാനിച്ചു. തിരു വല്ല ക്ഷത്രിയ ക്ഷേമ സഭയുടെ കാരുണ്യ ഫണ്ടിൽ നിന്നും ഒരു അംഗത്തിനു കൂടി കുടുംബ പെൻഷൻ കൊടുക്കുവാൻ തീരുമാനിച്ചു 1000 രൂപയാണ് ഒരു മാസം നൽകുന്നത്. ഇപ്പോൾ 9 അംഗങ്ങൾക്ക് ഇപ്രകാരം 1000 രൂപ വീതം, മാസംതോറും നൽകി വരുന്നുണ്ട്. കേന്ദ്രസഭയുടെ യൂത്ത് വിങ്ങിന്റെ ആഭിമുഖ്യത്തിൽ നടന്ന ഫുട്ബോൾ ടൂർണ്ണ മെന്റിന്റെ ആതിഥേയത്വം വഹിച്ചത് തിരുവല്ല സഭയായിരുന്നു. വിവിധ പ്രാദേശിക യൂണി റ്റുകളിൽ നിന്ന് 6 ടീമുകൾ പങ്കെടുത്തു. ഇതിന്റെ ചിലവിലേക്കായി കൂടുതൽ സ്പോൺസർമാരെ കണ്ടെത്തിയതിനാൽ സഭയ്ക്ക് അധികബാദ്ധ്യത ഉണ്ടായില്ല. ഇതിന്റെ നേതൃത്വം വഹിച്ചത് സഭയുടെ യൂത്ത്വിങ് പ്രതിനിധി ഋഷികേശ് വർമ്മയായിരുന്നു. സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, റിയാക്ട് സെക്രട്ടറി, സഭയുടെ അംഗങ്ങൾ മറ്റു യൂണിറ്റുകളിൽ നിന്നു എത്തി യവർ എന്നിവർ കാണികളായി ടീം അംഗങ്ങളെ പ്രോത്സാഹിപ്പിച്ചു.

സഭയുടെ സെക്രട്ടറിയായ ജയകുമാരവർമ്മക്ക് അത്യാവശ്യമായി തിരുവല്ലയിൽ നിന്ന് മാറി നിൽക്കേണ്ടതുകൊണ്ട് അടുത്ത പൊതുയോഗം



വരെ മോഹനവർമ്മയെ (കീഴ്വായ്പ്പൂർ) സെക്രട്ട റിയായി തെരെഞ്ഞെടുത്തു. കേന്ദ്രസഭയുടെ യൂത്ത്വിങ്ങിന്റെ സ്റ്റേറ്റ് കമ്മിറ്റിയിലേക്ക് തിരുവല്ല സഭയുടെ പ്രതിനിധികളായി ഋഷികേശ് വർമ്മ യെയും ഡോ. ജയദേവനെയും തെരെഞ്ഞെടുത്തു. 'ക്ഷാത്രസ്പന്ദന'ത്തിന്റെ 2024 വർഷത്തെ വരി സംഖ്യയായ 36,000 രൂപ കേന്ദ്രസഭയ്ക്ക് നൽകു വാൻ തീരുമാനിച്ചു.

## കോട്ടയം യൂണിറ്റ് വാർത്തകൾ

**ക്ഷേത്രാവശ്യങ്ങൾക്കായി പൂജാപുഷ്പ തോട്ടങ്ങൾ വച്ച് പിടിപ്പിക്കണം:**

ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ നിത്യപൂജയ്ക്കായി പൂജാപുഷ്പ തോട്ടങ്ങൾ നട്ടു പിടിപ്പിക്കണമെന്നു ക്ഷത്രിയ ക്ഷേമസഭ കോട്ടയം യൂണിറ്റ് വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. വിവിധ ക്ഷേത്രങ്ങളും ഏജൻസികളുമായി സഹ കരിച്ച് പ്രമുഖ ക്ഷേത്രനഗരങ്ങളിൽ പദ്ധതി നടപ്പാ




ക്കണമെന്ന പ്രമേയം യോഗം അംഗീകരിച്ചു. സമ്മേളനം അനശ്വര കവി ചങ്ങമ്പുഴയുടെ കൊച്ചു മകനും എം.ജി. സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് അസോഷ്യേറ്റ് പ്രൊഫസറുമായ ഹരി കുമാർ ചങ്ങമ്പുഴ ഉദ്ഘാടനം ചെയ്തു. വിവര സാങ്കേതിക വിദ്യയിലൂടെ പുതുതലമുറ മുന്നേറു മ്പോൾ പരസ്പരമുള്ള ആത്മബന്ധങ്ങൾക്ക് വിള്ളൽ ഉണ്ടാകാതെ സൂക്ഷിക്കണമെന്നു അദ്ദേഹം ആവ ശ്യപ്പെട്ടു.

രക്ഷാധികാരി യു. അജിത്ത് വർമ്മ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ.എം. ലളി താംബിക, ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, ട്രഷറർ എം.കെ. സൂര്യകുമാർ വർമ്മ, മേഖല സെക്രട്ടറി പി.കെ. സഞ്ജയ് വർമ്മ, റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ, ടി.എം. രാംജി വർമ്മ, ആത്മജ വർമ്മ തമ്പുരാൻ എന്നിവർ പ്രസംഗിച്ചു.

കോട്ടയം യൂണിറ്റിന്റെ പുതിയ പ്രസിഡന്റായി ആത്മജ വർമ്മ തമ്പുരാനെയും സെക്രട്ടറിയായി ടി.എം. രാംജി വർമ്മയെയും തിരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ: ആർ. ദീപേഷ് വർമ്മ (വൈസ് പ്രസിഡന്റ്), ടി.എൻ. വിനോദ് വർമ്മ, ആർ. മധു കുമാർ വർമ്മ (ജോ. സെക്രട്ടറി), എം. മുരളീധര വർമ്മ (ട്രഷറർ).

## വൈക്കം

23-6-2024 ഞായറാഴ്ച വൈക്കം ക്ഷത്രിയ ക്ഷേമസഭയുടെ പൊതുയോഗം ചേർന്നു. യോഗ ത്തിൽ 40 അംഗങ്ങൾ പങ്കെടുത്തു. ഈ വർഷത്തെ, മികച്ച വിജയിക്കുള്ള തങ്കത്തമ്പാട്ടി കേരളവർമ്മ മെമ്മോറിയൽ വിദ്യാഭ്യാസ പുരസ്ക്കാരമായ 5001 രൂപ ക്യാഷ് അവാർഡും ഫലകവും +2വിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഗായത്രി കൃഷ്ണ കരസ്ഥമാക്കി. ക്യാഷ് അവാർഡ് മുരളീകൃഷ്ണൻ



തമ്പാനും, ഫലകം ലളിതാ വർമ്മയും സമ്മാനിച്ചു. വൈക്കം ക്ഷത്രിയ ക്ഷേമസഭ നൽകുന്ന ക്യാഷ് അവാർഡ് ഗോവിന്ദ് വർമ്മ, രഞ്ജിത് വർമ്മ എന്നിവർക്ക് രവിവർമ്മ, (സൗപർണ്ണിക, കല്ലറ) നൽകി. സഭയുടെ യൂത്ത് വിങ്ങിലേക്ക് പ്രതിനി ധികളായി രഞ്ജിത്ത് വർമ്മ, ഗോവിന്ദ് വർമ്മ എന്നിവരെ തിരഞ്ഞെടുത്തു. രവിവർമ്മയുടെ ദേഹവിയോഗം മൂലമുണ്ടായ ഭരണസമിതി അംഗ ത്തിന്റെ ഒഴിവിലേക്ക് രവിവർമ്മയെ (സൗപർണ്ണിക, കല്ലറ) തിരഞ്ഞെടുത്തു. ഓണാഘോഷ പരിപാടി കൾ നടത്തുന്നതിന് തീരുമാനമായി.

## കരപ്പുറം

ഫെബ്രുവരി-ജൂൺ 2024

കരപ്പുറം ക്ഷത്രിയസഭയുടെ നിർവ്വാഹക സമിതിയോഗം 03/03/2024 വ്യാഴാഴ്ച വൈകിട്ട് 5.00 മണിക്ക് സഭാ മന്ദിരത്തിൽ വച്ച് പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടി. പുതുതായി അംഗത്വത്തിനു അപേക്ഷ സമർപ്പി ച്ചിരുന്ന കൃഷ്ണകുമാർ വർമ്മ, ലതികാ വർമ്മ, ശിവഹരി വർമ്മ, ആദിത്യ വർമ്മ, ഗീതാ വർമ്മ, വർഷാ വി വർമ്മ, സിന്ധുജാ വർമ്മ, ശിവപ്രസാദ് വർമ്മ, മാളവികാ വർമ്മ എന്നിവരുടെ അപേക്ഷ കൾ അംഗീകരിച്ചു. കരപ്പുറം ക്ഷത്രിയ സഭയുടെ കലാപരവും സാംസ്കാരികവുമായ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമാ ക്കുന്നതിനും നാലു പേർ അടങ്ങുന്ന ഒരു സാംസ്കാരിക സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ദേവീ മനോജ് വർമ്മ കൺവീനറും എം.ആർ.വേണുഗോപാൽ, ശൈലജാ വർമ്മ,

ശൈലജാ ധനേഷ് വർമ്മ എന്നിവർ അംഗങ്ങളുമായ ഒരു സമിതിയെ തെരഞ്ഞെടുത്തു.

സഭാമന്ദിരത്തിന്റെ നവീകരണത്തിനായി അന്നത്തെ സെക്രട്ടറി സതീഷ്ചന്ദ്ര വർമ്മ ചെലവാക്കിയ ഒരു ലക്ഷത്തോളം രൂപയും അന്നത്തെ പ്രസിഡന്റ് മുടക്കിയ 35,000 രൂപയും കണക്കുകൾ അപ്ഡേറ്റ് ആകുന്നതോടെ തിരികെ കൊടുക്കുന്നതിനു തീരുമാനിച്ചു. കരപ്പുറം ക്ഷത്രിയ സഭയുടെ മാർച്ച് മാസത്തിലെ കുടുംബ സംഗമം 2024 മാർച്ച് 3 ഞായറാഴ്ച ആരംഭിച്ചു. പ്രബന്ധാവതാരകനായി എത്തിയ മുഖ്യാതിഥി ആലപ്പുഴ എസ്.ഡി. കോളേജ് മലയാളം വിഭാഗം അസി. പ്രൊഫസർ ഡോ. സജിത് ഏവൂരേത്തിനെ ദേവീ മനോജ് വർമ്മ സദസ്സിനു പരിചയപ്പെടുത്തി. ആലപ്പുഴ ജില്ലയിൽ മുതുകുളം സ്വദേശിയാണ്. മലയാളത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുള്ള ഡോ. സജിത്ത് സമാന്തരമായി സംഗീതത്തിൽ ഗാനഭൂഷണവും നേടിയിട്ടുള്ള പ്രതിഭയാണ്. 'പാട്ടു വഴിയിലെ ലാവണ്യാനുഭവങ്ങൾ' എന്ന വിഷയമാണ് അദ്ദേഹം പ്രഭാഷണത്തിനു തെരഞ്ഞെടുത്ത വിഷയം. മലയാള ചലച്ചിത്ര ഗാനശാഖയുടെ 1956 മുതലുള്ള ചരിത്ര പഠനത്തോടൊപ്പം നല്ല ഗാനങ്ങളും ആലപിക്കുകയും ഓരോന്നിന്റെയും രാഗവിശേഷങ്ങൾ മനസ്സിലാക്കിത്തരികയും ചെയ്തു.

സതീഷ്ചന്ദ്ര വർമ്മ, പാർവ്വതി വർമ്മ, മായാ വർമ്മ, മധു വർമ്മ തുടങ്ങിയവർ ആശംസകൾ നേർന്നു. മുഖ്യാതിഥിയായ ഡോ. സജിത്ത് ഏവൂരേത്തിനെ ബാലരാമ വർമ്മ ആദരിച്ചു. ഇക്കഴിഞ്ഞ കാലഘട്ടത്തിൽ സെക്രട്ടറി ആയിരുന്ന കേണൽ സതീഷ്ചന്ദ്ര വർമ്മയെ, സഭയുടെ സർവ്വതോമുഖമായ ഉയർച്ചയ്ക്കു വേണ്ടി നൽകിയ സേവനങ്ങളെ മാനിച്ച് ആദരിച്ചു.

അതിനുശേഷം, പെരുമ്പാവൂരിൽ ക്ഷത്രിയ ക്ഷേമസഭയുടെ കുടക്കീഴിൽ നടന്ന സ്മാഷ് മാസ്റ്റേഴ്സ് ബാറ്റ്മിന്റൺ മത്സരത്തിൽ ചാമ്പ്യൻ ആയ മനോജ് വർമ്മയേയും റണ്ണറപ്പ് ആയ പ്രദീപ് വർമ്മയേയും മുതിർന്ന അംഗമായ ബാലാദിത്യ വർമ്മയും ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന സെക്രട്ടറി മധുകുമാർ വർമ്മയും ചേർന്നു പൊന്നാടയും ഫലകവും നൽകി അനുമോദിച്ചു.

കരപ്പുറത്തെ ക്ഷത്രിയ ബാലന്മാരിൽ കായികവും വിനോദപരവുമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു കായികവേദി രൂപീകരിച്ചു. പ്രദീപ് കെ. വർമ്മ കൺവീനറായ വേദിയിൽ മറ്റ് അംഗങ്ങളായി സന്ദീപ് വർമ്മ, മനോജ് വർമ്മ എന്നിവരെയും തീരുമാനിച്ചു.

കരപ്പുറം ക്ഷത്രിയസഭയുടെ നിർവ്വാഹക സമിതിയോഗം 24/03/2024 ഞായറാഴ്ച വൈകിട്ട് 5.00 മണിക്ക് സഭാ മന്ദിരത്തിൽ വച്ച് പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടി. മദ്ധ്യവേനൽ അവധിക്കാലത്ത് കരപ്പുറത്തെ കുടുംബാംഗങ്ങൾക്ക് വിനോദങ്ങളുടെ ഒരു പുതിയ വാതിൽ തുറക്കുന്നതിനായി ഏപ്രിൽ 14 വിഷുദിനത്തിൽ വിശേഷാൽ പരിപാടി നടത്താൻ തീരുമാനിച്ചു. കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുക്കുന്ന കലാ-കായിക വിനോദങ്ങൾ ആണ് ഉദ്ദേശിച്ചത്.

കായിക-സാംസ്കാരിക വേദികൾ സംയുക്തമായാണു പരിപാടികൾ നടത്തുന്നത്. ഈ വേദികളിലേക്ക് പ്രത്യേക ക്ഷണിതാവായി സതീഷ്ചന്ദ്ര വർമ്മയെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

2024 ഏപ്രിൽ 14 വിഷുദിനത്തിൽ കരപ്പുറം ക്ഷത്രിയസഭ നൂതനമായ ഒരു കലാപരിപാടി പരീക്ഷിച്ചു.

മദ്ധ്യവേനൽ അവധിക്കാലം ആഘോഷമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരീക്ഷണം നടന്നത്. സാംസ്കാരിക വേദിയും കായിക വേദിയും കൂടാതെ അംഗങ്ങളിൽ ചിലരെയും കൂടി ചേർത്ത് സഭയുടെ നേതൃത്വത്തിൽ ആണ് ഇത് അവതരിപ്പിച്ചത്.

ഉച്ച കഴിഞ്ഞ് 4 മണിക്ക് ദീപശ്രീ വർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ കലാവിരുന്ന് ആരംഭിച്ചു. അരുന്ധതി വർമ്മ, നീരജാ വർമ്മ എന്നിവരുടെ നൃത്തനൃത്യങ്ങൾ, കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുത്ത 'പാസ്സിങ് ദ ബോൾ' മത്സരം, അംഗങ്ങളുടെ വിവിധ കലാപ്രകടനങ്ങൾ, വിവിധ മത്സരങ്ങൾ, ഗാനങ്ങൾ എന്നിവ കൊണ്ട് പരിപാടി സമ്പന്നമായിരുന്നു. സുന്ദരിക്കൊരു പൊട്ട്, ദംഷാർട്സ് തുടങ്ങിയവ വളരെ ആസ്വാദ്യകരമായിരുന്നു. അവസാന ഇനമായി പ്രദീപ് വർമ്മയുടെ നേതൃത്വത്തിൽ നടന്ന തമ്പോല വളരെ

പുതുമയുള്ളതായിരുന്നു. സ്വാദിഷ്ടമായ അത്താഴ വിരുന്നോടെ 8.30 ന് മധുരവേനൽ ആഘോഷം അവസാനിച്ചു. കരപ്പുറം ക്ഷത്രിയ സഭയുടെ എഴുപത്തി ഒന്നാം വാർഷിക സമ്മേളനം 2024 ജൂൺ 16 ഞായറാഴ്ച സഭാമന്ദിരത്തിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. രാവിലെ 10 മണിക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന അദ്ധ്യക്ഷ ഡോ. എം. ലളിതാംബിക (മണിച്ചേച്ചി) പതാക ഉയർത്തിയതോടെ പരിപാടികൾ ആരംഭിച്ചു. 10.30 നു ആരംഭിച്ച വാർഷിക സമ്മേളനത്തിൽ കരപ്പുറം ക്ഷത്രിയ സഭാ പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മ അദ്ധ്യക്ഷത വഹിച്ചു. പാർവ്വതി വർമ്മയുടെ ഈശ്വരപ്രാർത്ഥനക്കു ശേഷം സഭാ സെക്രട്ടറി അനൂപ് വർമ്മ സ്വാഗതമോതി. സംസ്ഥാന പ്രസിഡന്റ് ഭദ്രദീപം കൊളുത്തി ഉൽഘാടന പ്രസംഗത്തി ലേക്കു കടന്നു. കരപ്പുറത്തെ പഴയകാല സഭാപ്ര വർത്തനങ്ങളിൽ പങ്കെടുക്കാൻ സാധിച്ചതിന്റെ ഓർമ്മകൾ പങ്കുവെച്ച് മണിച്ചേച്ചി ഇപ്പോഴത്തെ പ്രവർത്തനങ്ങളെ ശ്ലാഘിക്കാനും മറന്നില്ല. അതിനു ശേഷം മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ വിശാലമാക്കേണ്ട തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. തുടർന്ന് സംസാരിച്ച റിയാക്ട് സെക്രട്ടറി രഘു വർമ്മ, റിയാക്ടിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ച് വിശദീക രിച്ചു. പിന്നീട് സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ ആശംസകൾ നേർന്നു സംസാരിച്ചു. ഇതിനു ശേഷം സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബി കയുടെ കൊച്ചുമകൾ മാളവികയുടെ ഒരു ഗാനവും കൊച്ചുമകൻ മാധവിന്റെ ഒരു കവിതാലാപനവും വാർഷികസമ്മേളനത്തിനു മാറ്റുകൂട്ടി.

അസി. സെക്രട്ടറി ഹരീഷ് വർമ്മയുടെ കൃത ജ്ഞതക്കു ശേഷം ദേശീയഗാനത്തോടെ എഴുപത്തി ഒന്നാം വാർഷിക സമ്മേളനം അവസാനിച്ചു.

തുടർന്ന് ബിസിനസ് സെഷൻ ആരംഭിച്ചു. 2023-24 ലെ റിപ്പോർട്ടും കണക്കുകളും പൊതു യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

ദാമ്പത്യത്തിന്റെ അൻപതു വർഷം പൂർത്തി യാക്കിയ മധു വർമ്മ-ഉഷാ വർമ്മ ദമ്പതികളെ വേദിയിൽ ആദരിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും മധു വർമ്മയുടെ ആരോഗ്യ പ്രശ്നങ്ങൾ മൂലം അവർക്ക് വാർഷികാഘോഷങ്ങളിൽ പങ്കെടുക്കാൻ സാധിച്ചില്ല. അതുകൊണ്ട് അവരെ അടുത്ത ദിവസം വസതിയിലെത്തി ആദരിക്കാൻ തീരുമാ നിച്ചു.

1-ാം ക്ലാസ്സിൽ ഏറ്റവും അധികം മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് കരപ്പുറം ക്ഷത്രിയ സഭ നൽകുന്ന പ്രോത്സാഹനം 501 രൂപ, 4-ാം ക്ലാസ്സിൽ ഏറ്റവും അധികം മാർക്ക് വാങ്ങുന്ന, കോപ്പുഴ കോവിലകത്തു ആനന്ദ് വർമ്മ നൽകുന്ന പ്രോത്സാ ഹനം 501 രൂപ, 10-ാം ക്ലാസ്സിൽ മലയാളത്തിനു ഏറ്റവും അധികം മാർക്ക് വാങ്ങുന്ന, നൈഷധ ത്തിൽ ശാന്താ വർമ്മയുടെ ഓർമ്മക്കായി പുത്രൻ ധനേഷ് വർമ്മ നൽകുന്ന പ്രോത്സാഹനം 1000 രൂപ, 10-ാം ക്ലാസ്സിൽ ഏറ്റവും അധികം മാർക്ക് വാങ്ങുന്ന, പുത്തൻ കോവിലകത്തു പി.കെ. ശശീന്ദ്ര വർമ്മ നൽകുന്ന പ്രോത്സാഹനം 1500 രൂപ, 12-ാം ക്ലാസ്സിൽ ഏറ്റവും അധികം മാർക്ക് വാങ്ങുന്ന, കേരളവിലാസം കോവിലകത്തു രവി വർമ്മ രാജാ നൽകുന്ന പ്രോത്സാഹനം 1500 രൂപ എന്നിവയായിരുന്നു സ്കോളർഷിപ്പുകൾ. നാലാം ക്ലാസ്സ് വിദ്യാർത്ഥി ഇല്ലാതിരുന്നതിനാൽ അതൊഴികെ എല്ലാവർക്കും സ്കോളർഷിപ്പ് വിതരണം ചെയ്തു. തിരുവല്ലയിൽ ക്ഷത്രിയ ക്ഷേമസഭയുടെ കുടക്കീ ഴിൽ നടന്ന ഫുട്ബോൾ ടൂർണ്ണമെന്റിൽ അഭിമാനാർ ഹമായ പ്രകടനം കാഴ്ചവെച്ച നമ്മുടെ കൊച്ചു മിടുക്കന്മാർക്ക് സഭയുടെ വക സമ്മാനങ്ങൾ നൽകി. മുതിർന്ന അംഗമായ ബാലരാമ വർമ്മ യാണ് സമ്മാനങ്ങൾ നൽകിയത്. നമ്മുടെ കുട്ടിക ളിലെ കായികമായ താൽപര്യം കണ്ടെത്തി വളർ ത്തിയെടുക്കാൻ പ്രയത്നിക്കുന്ന യുവപ്രതിഭ സന്ദീപ് വർമ്മയെ സഭ അനുമോദിച്ചു. മുതിർന്ന അംഗം ബാലകേരള വർമ്മയാണ് സന്ദീപിനു ഒരു ഫുട്ബോൾ സമ്മാനിച്ച് അനുമോദിച്ചത്.

അടുത്തത് തെരഞ്ഞെടുപ്പായിരുന്നു. നിയമാ വലി പ്രകാരം തെരഞ്ഞെടുപ്പ് ആവശ്യം ആയതി നാൽ ആണ് നടത്തുന്നതെന്നും പുതിയ ഭാര വാഹികൾ വന്നിട്ട് അഞ്ചു മാസം മാത്രമേ ആയി ട്ടുള്ളു എന്നതിനാൽ ഈ ഭരണ സമിതി ഒരു ടേം കൂടി തുടരുന്നത് അനുവദിക്കണമെന്നുമുള്ള പ്രസിഡന്റിന്റെ ആഹ്വാനം പൊതുയോഗം ഏക കണ്ഠമായി അംഗീകരിച്ചു. സതീഷ്ചന്ദ്ര വർമ്മ, ശൈലജാ വർമ്മ എന്നിവരെ നിർവ്വാഹക സമിതി യിലേക്ക് തെരഞ്ഞെടുക്കുന്നതിനും പൂർണ്ണാനുമതി നൽകി.

ഉച്ചക്ക് 12.30 മുതൽ മാളികയിൽ കോവിലകത്ത് ശാരദാമണി വർമ്മ സ്പോൺസർ ചെയ്ത സദ്യ നടന്നു. ആ സമയത്തു തന്നെ ദിനേശ് വർമ്മ, സുലേഖാ വർമ്മ, പ്രണവ് എസ്. വർമ്മ എന്നിവർ ചേർന്ന് ഒരു സംഗീത സദസ്സും നടത്തി.

ഉച്ച കഴിഞ്ഞ് കലാപരിപാടികൾ ആയിരുന്നു. പ്രദീപ് കെ. വർമ്മ നയിച്ച തമ്പോല ആയിരുന്നു ആദ്യ ഇനം. ഗാനങ്ങളും കവിതകളും നൃത്തങ്ങളും എല്ലാം ചേർന്ന് നല്ല പ്രകടനങ്ങളാണ് അംഗങ്ങൾ കാഴ്ചവെച്ചത്. ലഘുഭക്ഷണത്തോടെ വൈകിട്ട് 5.30 ഓടെ വാർഷിക പരിപാടികൾ അവസാനിച്ചു.

## പന്തളം

യൂണിറ്റിന്റെ ഭരണസമിതി യോഗം 9-6-2024 ൽ മുണ്ടക്കൽ കൊട്ടാരത്തിൽ വച്ച് നടന്നു. പന്തളം കൊട്ടാരം കുടുംബാംഗം ഏലപ്പള്ളിൽ മഠത്തിൽ സർവ്വമംഗള തമ്പുരാട്ടിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. യൂണിറ്റ് വാർഷികം സെപ്തംബർ 29 ന് നടത്തുവാൻ തീരുമാനിച്ചു. 31-8-2024 ൽ കാലാവധി പൂർത്തിയാകുന്ന സഭയുടെ അത്തച്ചിട്ടി വിതരണം, പ്രദോഷപൂജ എന്നീ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. കർക്കടക മാസ രാമായണ പാരായണം, യൂണിറ്റ് വാർഷികം, ഓണാഘോഷ പരിപാടികൾ, വിജയികൾക്കുള്ള പ്രോൽസാഹന സമ്മാന വിതരണം എന്നീ വിഷയങ്ങൾ ചർച്ചചെയ്തു.

**അനുമോദനങ്ങൾ**

**ജി. കീർത്തന വർമ്മ** (ദേവപ്രയാഗ്), B.A. സോഷ്യോളജിയിൽ 8.05 ഗ്രേഡിൽ വിജയിച്ചു.

**ശിശിര പി. വർമ്മ** (വടക്കേടം പാലസ്) ഹയർ സെക്കന്ററി ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 1085/ 1200 മാർക്ക് വാങ്ങി വിജയിച്ചു.

**കൗശിക് കെ. വർമ്മ** (നാലുകെട്ട് കൊട്ടാരം - സാകേതം), SSLC പരീക്ഷയിൽ മികച്ച് വിജയം നേടി.

**ഹൃദ്യാ വർമ്മ** (തെക്കേടത്ത് കൊട്ടാരം) SSLC പരീക്ഷയിൽ മികച്ച വിജയം നേടി.

പന്തളം കൊട്ടാരം വക ക്ഷേത്രമായ കൈപ്പുഴ ശിവക്ഷേത്രത്തിലെ ഒൻപതുദിവസം നീണ്ടു നിന്ന പുനഃപ്രതിഷ്ഠാ ചടങ്ങുകൾ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ അക്കീരമൺ കാളിദാസ ഭട്ടതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. കൊട്ടാരം കുടുംബാംഗങ്ങളും, ക്ഷത്രിയ സഭാംഗങ്ങളും പങ്കെടുത്തു.

**രാമായണപാരായണം**

രാമായണം വായിക്കുകയും, കേൾക്കുകയും ചെയ്യുന്ന പുണ്യനാളുകളാണ് ഇനിയുള്ള ഒരു മാസക്കാലം. ആത്മജ്ഞാനത്തിന്റെ തിരികൊളുത്തി, അഹംഭാവത്തിന്റെ അന്ധകാരമകറ്റാൻ രാമായണം വായിക്കുന്നതിലൂടേയും, കേൾക്കുന്നതിലൂടെയും സാധിക്കട്ടെ. എന്ന പ്രാർത്ഥനയോടെ ക്ഷത്രിയ ക്ഷേമസഭ പന്തളം ശാഖയുടെ നേതൃത്വത്തിൽ വൈകുന്നേരം 4 മണി മുതൽ 5 മണി വരെ കൊട്ടാരംവക കുടുംബ തേവാരങ്ങളിൽ രാമായണ പാരായണം നടന്നു വരുന്നു.

## ഇരിട്ടി

യൂണിറ്റ് ഭരണസമിതി യോഗം 13-7-2024 ന് ശനിയാഴ്ച വൈകുന്നേരം നാലുമണിക്ക് കീഴൂർ ശ്രീ വൈരീഘാതകൻ ഭഗവതി ക്ഷേത്രത്തിൽ വെച്ച് നടന്നു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം സെക്രട്ടറി കെ. ഉണ്ണികൃഷ്ണൻ സ്വാഗതം പറഞ്ഞു. യോഗത്തിൽ യൂണിറ്റ് പ്രസിഡണ്ട് ജവഹർ കനകത്തിടം അധ്യക്ഷത വഹിച്ചു. അധ്യക്ഷന്റെ ആമുഖപ്രസംഗത്തിനുശേഷം 2024 വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി ഉന്നത വിജയം കരസ്ഥമാക്കിയ കെ. നിർമ്മൽ എന്ന കുട്ടിയെയും, പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി ഉന്നത വിജയം കരസ്ഥമാക്കിയ ആദർശ് കൃഷ്ണ കെ. എന്ന കുട്ടിയെയും യൂണിറ്റ് മുൻ പ്രസിഡന്റും സീനിയർ മെമ്പറുമായ കെ. ഭുവനദാസൻ വാഴുന്നവർ മെമെന്റോയും



ക്യാഷ് അവാർഡും നൽകി അനുമോദിച്ചു. തുടർന്ന് സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.എം. ശ്രീകുമാർ 28-7-2024 ന് ചേർത്തല വെച്ച് നടക്കുന്ന സംസ്ഥാന കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുന്ന തിനെക്കുറിച്ചും, 2024ലെ 'ക്ഷാത്രസ്പന്ദനം' മാസികയുടെ വരിസംഖ്യ സംസ്ഥാന കമ്മിറ്റിക്ക് അയച്ചു കൊടുക്കുന്നതിനെപ്പറ്റിയും സംസാരിച്ചു. 2023-2024 വർഷങ്ങളിലെ വരിസംഖ്യ ജൂലൈ 31 നകം പൂർണ്ണമായും പിരിച്ചെടുക്കാൻ തീരുമാനിച്ചു. ഇതിനായി കെ. ജഗൻമയൻ, കെ. വിക്രമൻ, സെക്രട്ടറി കെ. ഉണ്ണികൃഷ്ണൻ എന്നിവരെ ചുമത ലപ്പെടുത്തി. യോഗത്തിൽ അശോക് ബാബു, ക്ഷേമചന്ദ്രൻ, നാരായണൻ കനകത്തിടം, കെ.ഇ. കമലകുമാരി, കെ. സതീദേവി, കെ. ശൈലജ എന്നിവരും പങ്കെടുത്തു. വി.ടി. സുജാത നന്ദി പ്രകാശിപ്പിച്ചു. യോഗം അഞ്ചര മണിക്ക് അവസാനിച്ചു.

## കുറ്റിലഞ്ഞി

**കഴിഞ്ഞ മൂന്നു മാസത്തെ പ്രവർത്തനങ്ങൾ**

എല്ലാ മാസവും നടത്തിവരുന്ന കുടുംബസംഗ മങ്ങൾ വർദ്ധിച്ച പങ്കാളിത്തത്തോടെ മുന്നോട്ട് പോകുന്നു അംഗങ്ങളുടെ സഹകരണവും സഭയി ലുള്ള വിശ്വാസവും വളർത്തിയെടുക്കുന്നതിന് കുടുംബ സംഗമങ്ങൾ വളരെയധികം പങ്കുവഹി ക്കുന്നു. മെയ് മാസത്തിൽ സഭയുടെ നേതൃത്വ ത്തിൽ അമൃതാനന്ദമയി മഠത്തിലേക്ക് തീർത്ഥ യാത്ര നടത്തി. അംഗങ്ങളുടെ പങ്കാളിത്തം



കൊണ്ടും, ലാളിത്യം കൊണ്ടും ഈ യാത്ര വളരെ ഭംഗിയായി അവസാനിച്ചു.

സംസ്ഥാനതലത്തിൽ യൂത്ത് വിങ്ങിന്റെ നേതൃ ത്വത്തിൽ നടന്ന ഫുട്ബോൾ ടൂർണ്ണമെന്റിൽ ഒരു ടീമിനെ അയക്കാൻ സാധിച്ചില്ലെങ്കിലും വെള്ളാര പ്പിള്ളി യൂത്ത് ടീമിന്റെ കൂടെ കുറ്റിലഞ്ഞിയിലെ മൂന്ന് ചുണക്കുട്ടന്മാർ പങ്കെടുത്തു രണ്ടാംസ്ഥാനം കരസ്ഥമാക്കി. യൂണിറ്റിന്റെ വക ആദരവും സമ്മാ നവും അവർക്ക് കൈമാറി. യൂത്ത് അംഗം ദേവ സൂര്യ വർമ്മയ്ക്ക് ഏറ്റവും നല്ല ഗോൾകീപ്പർ അവാർഡും കിട്ടി.

സഭയിലെ യൂത്ത് വിങ്ങിന്റെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാൻ തീരുമാനിച്ചു. സംസ്ഥാന യൂത്ത് കമ്മിറ്റിയിലേക്ക് രണ്ട് പേരെയും തിരഞ്ഞെടുത്തു. ചെമ്പ്രോൽ കൊട്ടാരത്തിലെ ഗ്രന്ഥശാലയിലേക്ക് സഭയുടെ വക കുറച്ചു പുസ്തകങ്ങൾ ശേഖരിച്ച് ചെയ്ത് ജനറൽ സെക്ര ട്ടറിക്ക് അയച്ചുകൊടുത്തു. ഇത്തവണയും കർക്കിട കമാസത്തിൽ നാലമ്പല ദർശനം സഭയുടെ നേതൃ ത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു. സഭയുടെ വാർഷികവും ഓണാഘോഷവും ഇത്തവണയും വളരെ ഭംഗിയായി ആഘോഷിക്കുവാൻ തീരുമാ നിച്ചു.

## കോഴിക്കോട്

കോഴിക്കോട് യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ഓൺലൈനായി 12-6-2024 വൈകിട്ട് 6.30 ന് കൂടു കയുണ്ടായി. യോഗത്തിൽ 9 പേർ പങ്കെടുത്തു.

താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

- മെമ്പർഷിപ്പ് ക്യാംപയിൻ ജൂലായ് 31നു മുമ്പായി പൂർണ്ണമായി തീർക്കുക.
- ചാത്തമംഗലം ഏരിയയിലുള്ള മെമ്പർഷിപ്പ് ക്യാംപയിൻ സുജിത്ത് വർമ്മയെ ഏൽപ്പിക്കുക.
- മാങ്കാവ് ഏരിയയിലുള്ള മെമ്പർഷിപ്പ് ക്യാംപ യിൻ കൃഷ്ണ വർമ്മ, മോഹൻ രാജ് തുടങ്ങിയവർ നോക്കണം, കൂടാതെ ബാക്കി അംഗങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടാവണം.
- തിരുവണ്ണൂർ ഏരിയയിൽ ബാക്കിയുള്ള ഏതാനും മെമ്പർഷിപ്പുകൾ തീർക്കുവാൻ ഹരിപ്രസാദ് രാജ, അഭിഷേക് വർമ്മ, ഹൃഷികേശ് രാജ തുടങ്ങി യവരെ ചുമതലപ്പെടുത്തി.

● KKSY സ്റ്റേറ്റ് കമ്മിറ്റിയിലേക്ക് നമ്മുടെ യൂണിറ്റിൽ നിന്നും 2 പ്രതിനിധികളെ നൽകേണ്ടതായിട്ടുണ്ട്. താത്പര്യമുള്ള യുവാക്കൾക്ക് സ്വമേധയാ നാമനിർദ്ദേശം എക്സിക്യൂട്ടിവ് കമ്മിറ്റിയെ അറിയിക്കാം അല്ലാത്തപക്ഷം ജൂൺ 29ന് മുമ്പായി എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് 2 പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യാം.

● ക്ഷത്രിയ ക്ഷേമ സഭ യുവജന വിഭാഗം (KKSY) സംസ്ഥാന തലത്തിൽ തിരുവല്ലയിൽ വെച്ചു നടത്തിയ ഫുട്ബോൾ ടൂർണമെന്റിൽ ട്രോഫി കരസ്ഥമാക്കിയ കോഴിക്കോട് ടീമിനെ എക്സിക്യൂട്ടിവ് കമ്മിറ്റി അനുമോദിച്ചു. അത് ഒരു പരിപാടി ആയി തിരുവണ്ണൂർ സൊസൈറ്റി ഹാളിൽ വെച്ച് നടത്തുവാനും, വിശിഷ്ടാതിഥികളായി അമ്പാടികോവിലകം വലിയ തമ്പുരാട്ടി/പുതിയ കോവിലകം വലിയ തമ്പുരാട്ടി എന്നിവരെ ക്ഷണിക്കുവാനും തീരുമാനിച്ചു. ഈ വിഷയം സൊസൈറ്റി ഭാരവാഹികളുമായി സംസാരിക്കുവാൻ സുജിത്ത് വർമ്മ,മോഹൻ രാജ്, രഘു ഇ.കെ. എന്നിവരെ ചുമതലപ്പെടുത്തി.

● അഭിഷേക് വർമ്മ സ്വാഗതം ആശംസിച്ചു. ഹരിപ്രസാദ് രാജ അധ്യക്ഷത വഹിച്ചു. മോഹൻ രാജ് നന്ദി പ്രകാശിപ്പിച്ചു.

## കരിവെള്ളൂർ

**യൂണിറ്റ് പ്രവർത്തന റിപ്പോർട്ട്, മെയ്–ജൂൺ 2024**

യൂണിറ്റ് ഭരണസമിതി യോഗം 12-06-2024 ഞായറാഴ്ച്ച വൈകുന്നേരം 3 മണിക്ക് ട്രഷറർ എൻ.കെ.കെ. ഉണിത്തിരിയുടെ മണക്കാട്ടുള്ള വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ സി.കെ. രാഘവൻ സ്വാഗതം പറഞ്ഞു. യൂണിറ്റ് മുൻ വൈസ് പ്രസിഡണ്ടും, ഭരണസമിതി അംഗവുമായ സി. മാധവേട്ടന്റെ ആകസ്മിക നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും, പരേതത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച യൂണിറ്റ് പ്രസിഡണ്ട് പി.എം. സുബ്രഹ്മണ്യൻ ആമുഖപ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ പ്രവർത്തന റിപ്പോർട്ടും വരവ്-ചിലവ് കണക്കും അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വി.എം. ദാമോദരൻ, സി.കെ. രാഘവൻ, എൻ.എം. പവിത്രചന്ദ്രൻ, സി.കെ. മധു, പി.എം. രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു സംസാരിച്ചു. REACT ൽ നിന്നും ചികിത്സാ ധന സഹായമായി അനുവദിച്ച 15,000 രൂപയുടെ ചെക്ക് യൂണിറ്റ് പ്രസിഡണ്ട് പി.എം. സുബ്രഹ്മണ്യൻ കെ. രാഘവന് കൈമാറി. ചികിത്സാ ധനസഹായമായി പി.എം. രാധാകൃഷ്ണന്



അനുവദിച്ച 25,000 രൂപയുടെ ചെക്ക് സംസ്ഥാന വൈസ് പ്രസിഡണ്ട് കൂടിയായ യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ, പി.എം. രാധാകൃഷ്ണന് വിതരണം ചെയ്തു. തുടർന്ന് സംഘടനാ ചർച്ച നടന്നു. ചർച്ചയിൽ നമ്മുടെ സഭയുടെ അധീനതയിൽ കൂക്കാനം എന്ന സ്ഥലത്ത് നിർമ്മിച്ച സമുദായ ശ്മശാനത്തിനെക്കുറിച്ച് ചർച്ച ചെയ്തു. സമുദായ ശ്മശാനം, സമുദായാംഗങ്ങൾ അവരവരുടെ കുടുംബത്തിൽ നടക്കുന്ന മരണസമയത്ത് ഉപയോഗിക്കാതെ പൊതുശ്മശാനത്തിൽ ശവശരീരം മറവ് ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നതിനാൽ നമ്മുടെ ശ്മശാനം പുറമെ വില്പന നടത്തുന്നതാണ് നല്ലതെന്ന അഭിപ്രായം യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ വികാരാധീനനായി യോഗത്തിൽ പറയുകയുണ്ടായി. ഈ വിഷയത്തിൽ തുടർന്ന് വിശദമായ ചർച്ച നടന്നു. അംഗങ്ങളിൽ നിന്നും പണം സ്വരൂപിച്ച് ജില്ലാ കളക്ടറിൽ നിന്നുള്ള അനുമതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സമ്മതപത്രം എന്നിവ ലഭിച്ച്, ലക്ഷത്തോളം രൂപ ചിലവഴിച്ച് സ്ഥലം വിലയ്ക്കെടുക്കുകയും, 8 അടി ഉയരത്തിലുള്ള ചുറ്റുമതിലും, സർക്കാർ നിർദേശിച്ച പ്രകാരമുള്ള പുകക്കുഴലും, സാധനങ്ങൾ സൂക്ഷിക്കാനുള്ള കെട്ടിടവും നിർമ്മിക്കുകയും, ജനങ്ങ

ളുടെ കുടുംബാംഗങ്ങളായ പ്രസന്ന പടിഞ്ഞാറെ കോവിലകം W/o സി.കെ. രാഘവൻ, സി.കെ. രാജൻ മതിരതോട്, വത്സല സുബ്രഹ്മണ്യൻ, എൻ.എം. സരളടീച്ചർ എന്നിവർ അന്ത്യവിശ്രമം കൊള്ളുകയും ചെയ്യുന്ന സമുദായ ശ്മശാനം ഒരു കാരണവശാലും വില്പന നടത്താൻ പാടില്ലെന്നും അത് സംരക്ഷിച്ചു നിർത്തേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയും ഉത്തരവാദിത്വവുമാണെന്നും സെക്രട്ടറി ടി.എം. ശ്രീകുമാർ അഭിപ്രായപ്പെട്ടു. ഇനിമുതൽ നമ്മുടെ കുടുംബങ്ങളിൽ മരണം സംഭവിച്ചാൽ സമുദായ ശ്മശാനത്തിൽ മാത്രമേ സംസ്കരിക്കുകയുള്ളുവെന്ന് നമ്മൾ ഓരോരുത്തരും ദൃഢ പ്രതിജ്ഞയെടുക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു. എൻ.കെ.കെ. ഉണിത്തിരി, സി.കെ. രാഘവൻ, എൻ.എം. പവിത്രചന്ദ്രൻ, ഇ.എം. കൃഷ്ണകുമാർ എന്നിവർ ഈ തീരുമാനത്തെ സ്വാഗതം ചെയ്തു. അതോടെ ഈ വിഷയത്തിന്മേലുള്ള ചർച്ച അവസാനിപ്പിച്ചു. തുടർന്ന് താഴെ കാണിച്ച തീരുമാനങ്ങൾ എടുത്തു.

- 2024 ഓഗസ്റ്റ് 15-ന് ജനറൽ ബോഡി യോഗവും കുടുംബസംഗമവും നടത്താൻ തീരുമാനിച്ചു. യോഗം നടക്കുന്ന സ്ഥലം പിന്നീട് തീരുമാനിക്കുന്നതാണ്.

- SSLC / PLUS TWO പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടി വിജയിച്ച യൂണിറ്റ് അംഗങ്ങളുടെ മക്കളെ അനുമോദിക്കാൻ തീരുമാനിച്ചു.

- ഈ വർഷത്തെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കരിവെള്ളൂർ AV സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ 8, 9, 10, +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പഠനത്തിൽ സമർത്ഥരുമായ ഓരോ കുട്ടിയെ വീതം ക്യാഷ് അവാർഡ് നൽകി ആദരിക്കാൻ തീരുമാനിച്ചു. കുട്ടികളെ തെരഞ്ഞെടുത്ത് ലിസ്റ്റ് തയ്യാറാക്കിത്തരുവാൻ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ എന്നിവർക്ക് കത്ത് നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. യൂണിറ്റ് വനിതാ വിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത നന്ദി പ്രകാശിപ്പിച്ചു. യോഗം 5 മണിക്ക് അവസാനിച്ചു.

യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും SSLC/PLUSTWO പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളെ അനുമോദിക്കുന്നതുമായ ചടങ്ങ് 17-06-2024-ന് തിങ്കളാഴ്ച്ച ഉച്ചക്ക് 3 മണിക്ക് യൂണിറ്റ് പ്രസിഡണ്ട് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ ഇ.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് വായിച്ചു. തുടർന്ന് ഈ വർഷത്തെ SSLC/PLUS TWO പരീക്ഷകളിൽ A+ നേടി വിജയിച്ച കുട്ടികളെയും USS, സംസ്കൃതം സ്കോളർഷിപ്പ് ലഭിച്ച കുട്ടികളെയും ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ ഉന്നതവിജയം കരസ്ഥമാക്കിയ കൃഷ്ണജിത്ത് S/o രാജശ്രീ സുഭാഷ് മതിരതോട്, SSLC പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ നിരഞ്ജന എൻ. വർമ്മ D/o എൻ.കെ. നന്ദകുമാർ മണക്കാട്ട്, PLUSTWO പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നതവിജയം കരസ്ഥമാക്കിയ ആദർശ് കൃഷ്ണ S/o ശ്രീവിദ്യ അനിൽകുമാർ ഇരിട്ടി, വിനയ ജി.കെ. D/o ഇ.എം. ഗോവിന്ദൻ കണ്ടക്കൈ എന്നീ കുട്ടികളെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി അനുമോദിച്ചു. കൂടാതെ USS സംസ്കൃതം - സ്കോളർഷിപ്പുകൾ നേടിയ അനുവർമ്മ D/o ഗിരിജ വർമ്മ കാലിക്കടവ്, സംസ്കൃതം സ്കോളർഷിപ്പ് ലഭിച്ച അഭിരാമി പി.എം. D/o ടി.എം. ഉണ്ണികൃഷ്ണൻ മണക്കാട്ട് എന്നീ കുട്ടികളെ ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. തുടർന്ന് സംഘടന കാര്യങ്ങൾ ചർച്ചചെയ്തു. ക്ഷത്രിയ ക്ഷേമസഭയുടെ യൂത്ത്‌വിംഗ് സംസ്ഥാന കമ്മിറ്റിയിലേക്ക് യൂണിറ്റ് യൂത്ത്‌വിംഗ് പ്രസിഡണ്ട് അഖിൽവർമ്മ S/o എൻ.പി. ഉണ്ണികൃഷ്ണൻ, സെക്രട്ടറി സി.എം. ജയേഷ് S/o ഇ.എം. കൃഷ്ണകുമാർ എന്നിവരെ നാമനിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു. 2004 ലെ വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' - ത്രൈമാസിക വരിസംഖ്യ എന്നിവ ജൂലൈ 31 നകം പിരിച്ചെടുക്കാൻ തീരുമാനിച്ചു. വനിതാ വിഭാഗം വൈസ് പ്രസിഡണ്ട് എൻ.പി. കാമാക്ഷിവർമ്മ നന്ദി പറഞ്ഞു. യോഗം വൈകുന്നേരം 5.30 മണിക്ക് അവസാനിച്ചു.

## നീലേശ്വരം

**പത്മശ്രീ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി തമ്പുരാട്ടിക്ക് പ്രൗഢ സ്വീകരണം**



നീലേശ്വരം രാജകുടുംബാംഗങ്ങളുടെയും ക്ഷത്രിയ ക്ഷേമസഭയുടെയും നീലേശ്വരം പൗരാവലിയുടെയും നേതൃത്വത്തിൽ തളിയിൽ നീലകണ്ഠേശ്വര ക്ഷേത്രത്തിൽ എത്തിയ തമ്പുരാട്ടിയെ പൂർണ്ണ കുംഭത്തോടെ എതിരേറ്റ് ക്ഷേത്രത്തിലേക്ക് ആനയിച്ചു. ക്ഷേത്രദർശനത്തിനുശേഷം ക്ഷേത്രം അഗ്രശാലയിൽ അനുമോദന യോഗവും ചേർന്നു. സംഘാടകസമിതി ചെയർമാൻ കെ.സി. മാനവർമ്മ രാജാ അധ്യക്ഷത വഹിച്ചു. പത്മശ്രീ പുരസ്കാരം ലഭിച്ച തമ്പുരാട്ടിയെ അള്ളട സ്വരൂപം ഇളയ തമ്പുരാട്ടിയും തെക്കേ കോവിലകത്ത് ഭാഗീരഥി തമ്പുരാട്ടിയും കെ.സി. മാനവർമ്മരാജാ, കെ.സി. കേരളവർമ്മ രാജ എന്നിവരും ചേർന്ന് ഉപഹാരം സമ്മാനിച്ച് അനുമോദിച്ചു. ക്ഷത്രിയ ക്ഷേമസഭ നീലേശ്വരം യൂണിറ്റിനു വേണ്ടി യൂണിറ്റ് പ്രസിഡന്റ് ശ്രീവിസി കൃഷ്ണ രാജാ പൊന്നാട അണിയിച്ചു ആദരിച്ചു. തുടർന്ന് വിവിധ ക്ഷേത്രങ്ങളുടെയും സാമുദായിക സാംസ്കാരിക സംഘടനകളുടെയും പ്രതിനിധികൾ പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് തമ്പുരാട്ടി അനുഗ്രഹ പ്രഭാഷണം നടത്തി.

## കൊരട്ടി

കൊരട്ടി സ്വരൂപം ട്രസ്റ്റിന്റെ ഊരായ്മയിലുള്ള, ശിതികണ്ഠപുരം മഹാദേവ ക്ഷേത്രത്തിലെ, പ്രതിഷ്ഠാദിനം പൂർവ്വാധികം ഭംഗിയായി ഈ വർഷം, ജൂലൈ പത്താം തിയ്യതി ബുധനാഴ്ച കൊണ്ടാടുകയുണ്ടായി. കാലത്ത് നിർമ്മാല്യ ദർശനം, തുടർന്ന്, കാവനാട് തിരുമേനിയുടെ നേതൃത്വത്തിൽ മഹാഗണപതിഹോമം, മഹാമൃത്യുഞ്ജയ ഹോമം എന്നിവ നടത്തുകയുണ്ടായി. അതിനു ശേഷം മഹാദേവന് ക്ഷീരധാര കൂടാതെ വിവിധ തരത്തിലുള്ള അഭിഷേകങ്ങൾ നടത്തി. മുപ്പതിൽ പരം കലാകാരന്മാർ പങ്കെടുത്ത പഞ്ചാരിമേളം, വളരെ ഭംഗിയായി കൊട്ടിക്കലാശിക്കുകയുണ്ടായി.. തുടർന്ന് ഉച്ചക്ക് പിറന്നാൾ സദ്യ, വൈകുന്നേരം നിറമാല, തുടർന്ന് വാദ്യരത്നം അന്നമനട മുരളീധരമാരാരുടെ പ്രമാണത്തിൽ 50 ൽ പരം കലാകാരന്മാർ പങ്കെടുത്ത ഗംഭീര മേജർസെറ്റ് പഞ്ചവാദ്യം എന്നിവയും നടന്നു. കാവിൽ ഉണ്ണികൃഷ്ണവാര്യരുടെ ഇടയ്ക്കയിലുള്ള 'ചെത്തിമന്ദാരം' എന്ന ഗാനം പഞ്ചവാദ്യത്തിന് മാറ്റുകൂട്ടി.

## തൃശൂർ

സഭ ഏപ്രിലിനു ശേഷം 3 (മൂന്ന്) ഭരണ സമിതി യോഗങ്ങൾ പ്രസിഡന്റ് പി.സി. സുധീരന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. അതിൽ താഴെ പറയുന്ന തിരുമാനങ്ങൾ കൈക്കൊണ്ടു.

1. നമ്മുടെ വരും തലമുറകൾക്ക് ക്ഷേത്രാചാരങ്ങളെക്കുറിച്ചും ക്ഷേത്രകലകളെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കാൻ ഒരു expert നെ വെച്ച് പ്രഭാഷണം നടത്താൻ തിരുമാനിച്ചു.

2. നമ്മുടെ കുട്ടികൾക്ക് goal setting എങ്ങനെയായിരിക്കണം എന്ന വിഷയത്തിനു ഒരു ക്ലാസ്സു കൊടുക്കാൻ തീരുമാനിച്ചു

3. 2024 സെപ്റ്റംബർ 29 ന് ഓണാഘോഷവും ജനറൽ ബോഡിയും നടത്താൻ തീരുമാനിച്ചു

## ചാലക്കുടി

08-06-2024 -ാം തീയതി ചാലക്കുടി ക്ഷത്രിയ ക്ഷേമസഭ യൂണിറ്റിന്റെ അഞ്ചാമത് വാർഷിക പൊതുയോഗം പ്രസിഡന്റ് ബാലകൃഷ്ണ രാജയുടെ അദ്ധ്യക്ഷതയിൽ പരേതനായ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ വസതിയിൽ വെച്ച് നടന്നു. സഭയിലെ മുതിർന്ന അംഗമായ രാമവർമ്മ തെക്കേമഠം ദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു. കുടുംബാംഗങ്ങളുടെ സജീവ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ശ്രീലക്ഷ്മി അനീഷ് സ്വാഗതവും ടി.പി. അംബിക, കോമളം കൃഷ്ണവർമ്മ, കൃഷ്ണവർമ്മ പെരുമ്പിള്ളിശ്ശേരി എന്നിവർ ആശംസ പ്രസംഗവും നടത്തി. സെക്രട്ടറി നന്ദകു

മാർ വർമ്മ പ്രവർത്തന റിപ്പോർട്ടും കെ. മുരാരി വരവ്-ചെലവ് കണക്കുകളും അവതരിപ്പിച്ചു.

കഴിഞ്ഞ പൊതുയോഗത്തിന് ശേഷം ചാലക്കുടി യൂണിറ്റിലെ ഇന്ദിര വടക്കേമഠം, കൂടപ്പുഴ നാദധാരയിൽ പരേതയായ പത്മിനി ദേവിച്ചേച്ചിയുടെ ഭർത്താവ് നാരായണൻ നമ്പൂതിരി, ചാലക്കുടി കൊട്ടാരത്തു മഠത്തിൽ രാംകുമാർ വർമ്മയുടെ ഭാര്യാമാതാവ് ഇന്ദിരാഭായ് തമ്പുരാട്ടി, സിന്ധു ശ്രീകുമാർ, മുതിർന്ന അംഗമായിരുന്ന അവിട്ടത്തൂർ കൊട്ടാരത്തു മഠത്തിൽ രാജപ്പൻ ചേട്ടൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. യൂണിറ്റ് അംഗങ്ങളായ പരേതരുടെ ബന്ധുക്കൾക്കു മരണാനന്തര സഹായധനം നൽകുകയും ചെയ്തു.

ചാലക്കുടി യൂണിറ്റിൽ യുവതീയുവാക്കളുടെ അംഗസംഖ്യ തീരെ കുറവാണ്. എങ്കിലും മുതിർന്ന അംഗങ്ങൾ സജീവമായി സഹകരിച്ച് സഭാപ്രവർത്തനം ഒരുവിധം ഭംഗിയായി നടത്തുന്നുണ്ട്.

റിയാക്ടിലേക്കുള്ള ധനസഹായ ശേഖരണം, യൂണിറ്റിലെ മരണാനന്തര സഹായം കാരുണ്യ ചികിത്സാ പദ്ധതി, ധനസമ്പാദ്യ പദ്ധതി എന്നീ ക്ഷേമ പദ്ധതികൾ നടത്തിവരുന്നുണ്ട്. റിയാക്ടിലേക്ക് യൂണിറ്റ് അംഗങ്ങൾ നേരിട്ടും അല്ലാതെയുമായി ഏകദേശം 42200/- രൂപ ഇതുവരെ നൽകാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ പേർ റിയാക്ടിലേക്ക് ധനസഹായം നൽകാമെന്നും അറിയിച്ചിട്ടുണ്ട്.

2024-2026 കാലയളവിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി കെ. ആർ. നന്ദകുമാർ വർമ്മയെയും സെക്രട്ടറിയായി ആർ. കൃഷ്ണകുമാറിനെയും ട്രഷററായി കെ. മുരാരിയെയും തുടരുവാനും നിശ്ചയിച്ചു. കമ്മിറ്റി അംഗങ്ങളായി അജിത് കുമാർ, എസ്. ശ്രീകുമാർ, ബാലകൃഷ്ണരാജ, അംബിക ടി.പി., ബിന്ദു സുദർശൻ, ഗിരിജ മുകുന്ദൻ, ശ്രീലക്ഷ്മി അനീഷ് എന്നിവരെയും തിരഞ്ഞെടുത്തു.

ചാലക്കുടി യൂണിറ്റിലെ അംഗങ്ങളായ ടി. അജിത് കുമാറിന്റെ ചികിത്സയ്ക്കായി റിയാക്ടിൽ നിന്നും 30,000 രൂപയും ശ്രീകുമാറിന്റെ ചികിത്സയ്ക്കായി 50,000 രൂപയും അനുവദിച്ചു നൽകിയ റിയാക്ട് ഭാരവാഹികൾക്കും ക്ഷത്രിയ ക്ഷേമസഭ കേന്ദ്രസഭാ ഭാരവാഹികൾക്കും ചാലക്കുടി യൂണിറ്റിന്റെ നന്ദി അറിയിച്ചുകൊള്ളുന്നു.


## 'അദ്വൈത്' പ്രകാശിപ്പിച്ചു

എം. ജയദേവ വർമ്മയുടെ ഈ കൃതിക്ക് സാഹിത്യകൃതികൾക്ക് കല്പിക്കപ്പെടുന്ന വ്യവസ്ഥാപിതമായ ഒരു ഘടനയില്ല. പക്ഷേ, ഇതിന്റെ ആഖ്യാനരൂപത്തിന് കൃത്യമായ ഭാഷാരൂപമുണ്ട്. ആ രൂപത്തിലൂടെ നിങ്ങൾ നിങ്ങളെ തന്നെ കാണുന്നു. വായിക്കുന്നു. അനുഭവിക്കുന്നു. മനുഷ്യന്റെ ജീവിതത്തിന്റെ മൂന്നു ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു രചനയാണിത്. അദ്വൈത്, ചുമ്മാ ഒരു പ്രണയകഥ, ഒരിക്കൽക്കൂടി എന്ന സ്വതന്ത്രകൃതികൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഭാവചരട് ഇതിനുണ്ട്. മനുഷ്യന്റെ വ്യത്യസ്തമായ ഭാവങ്ങളെ, കാലങ്ങളെ ഇത് അടയാളപ്പെടുത്തുന്നു. തന്റെ തന്നെ ജീവിതത്തിന്റെ ആത്മകഥാംശം ഇത് വായിക്കുമ്പോൾ തോന്നാമെങ്കിലും സാങ്കല്പികമായ ഒരു ഭാവനാലോകത്ത് അനുഭവിക്കുന്നതാണ് ഇതെല്ലാം, യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന ഒരു സാങ്കല്പികകഥ.




ORDER NOW !
Price : Rs. 215, AMAZON - https://t.ly/aHl_s
CURRENT BOOKS ONLINE - https://shorturl.at/quCMU
'flat20' എന്ന ഈ കോഡ് ഉപയോഗിച്ച് എല്ലാ പുസ്തകങ്ങൾക്കും 20% ഡിസ്കൗണ്ട് നേടൂ...
https://currentbooksonline.in/, FOR ENQUIRIES ( WHATSAPP OR CALL ) +91 8593013939

## കോട്ടയം യൂണിറ്റ് ഭാരവാഹികൾ



**ആത്മജ വർമ്മ തമ്പുരാൻ**
പ്രസിഡന്റ്



**ടി.എം. രാംജി വർമ്മ**
സെക്രട്ടറി



**എം. മുരളീധര വർമ്മ**
ട്രഷറർ

## ചാലക്കുടി യൂണിറ്റ് ഭാരവാഹികൾ



**നന്ദകുമാർവർമ്മ**
പ്രസിഡന്റ്



**കൃഷ്ണകുമാർ**
സെക്രട്ടറി



**മുരാരി**
ട്രഷറർ

*കത്തുകൾ തുടർച്ച ...*

ങ്ങൾ വേറെ. അതൊക്കെ നീയും അറിയുന്നുണ്ടല്ലോ.” ശശി പറഞ്ഞു. നിർവ്വാഹക സംഘത്തിന് പുതിയ ഭാരവാഹികൾ വന്നു ശശി നിർവ്വാഹക സംഘം പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞു.


“ഇനി കാസർകോടു മുതൽ തിരുവനന്തപുരം വരെയുള്ള കൊട്ടാരങ്ങളിൽ സൗഹൃദ സന്ദർശനം നടത്തി തിരക്കുകളിൽ നിന്നൊക്കെ ഒഴിഞ്ഞ് ടെൻഷൻ ഒന്നും കൂടാതെ സ്വസ്ഥമായി കഴിയണം എന്നൊരാഗ്രഹമുണ്ട്.”

ആ ഫോൺ സംഭാഷണം അവസാനത്തേതാണെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. അധികം താമസിക്കാതെ അദ്ദേഹം ഞങ്ങളെ വിട്ടുപോയി. കുടുംബസ്നേഹിയായ, മനുഷ്യസ്നേഹിയായ നാട്ടുകാരുടെ പ്രിയപ്പെട്ടവനായ, സമൂഹസ്നേഹിയായ ആ പുണ്യാത്മാവിന് എന്റെ പ്രിയ സുഹൃത്തിന് എന്റെ കണ്ണീർ പ്രണാമം. സ്വാമിയേ ശരണമയ്യപ്പാ...

**മുരളീധര രവിവർമ്മ**
ഹരിപ്പാട്

## ശ്രദ്ധാഞ്ജലി

### കെ.സി.കെ.ഇ. രാജ



സാമൂതിരി സ്വരൂപം രണ്ടാം സ്ഥാനി ഏറാൾപ്പാട് രാജ കെ.സി.കെ.ഇ. രാജ (ചാർട്ടേഡ് അക്കൗണ്ടന്റ് - 94) അന്തരിച്ചു. കോട്ടക്കൽ കിഴക്കെ കോവിലകം അംഗമാണ്. അഴകപ്പുറം കുബേരൻ നമ്പൂതിരിയുടെയും കിഴക്കെ കോവിലകം കുഞ്ഞുമ്പാട്ടി തമ്പുരാട്ടിയുടേയും മകനാണ്. ഭാര്യ: മങ്കട കോവിലകത്ത് സുഭദ്ര തമ്പുരാട്ടി. മക്കൾ: വിനോദ് രാജ (ഫിലിം മേക്കർ), ശൈലജ വർമ്മ. കോഴിക്കോട് സാമൂതിരി കെ.സി. ഉണ്ണിയനുജൻ രാജയുടെ ഇളയ സഹോദരനാണ്.

### മാധവൻ ചിറ്റോത്തിടം



അടുത്തിലയിലെ മാധവൻ ചിറ്റോത്തിടം (79) അന്തരിച്ചു. BSNL റിട്ട. അസിസ്റ്റന്റ് ജനറൽ മാനേജർ ആയിരുന്നു. ഭാര്യ: വി.എം. ഇന്ദിര (റിട്ട. അദ്ധ്യാപിക). മക്കൾ: മനോജ് മാധവൻ (കണ്ണൂർ), വിനോദ് മാധവൻ (അമേരിക്ക), പ്രശാന്ത് മാധവൻ (ചെന്നൈ). മരുമക്കൾ: സൗമ്യ മനോജ്, സിമി വിനോദ്.

### ഇന്ദിരാഭായി തമ്പുരാട്ടി



കാരാഴ്മ കൊട്ടാരത്തിൽ പരേതനായ ഗോദവർമ്മ രാജയുടെ സഹധർമ്മിണി ആറന്മുള കൊച്ചു കോയിക്കൽ കൊട്ടാരത്തിൽ ഇന്ദിരാഭായി തമ്പുരാട്ടി (86) അന്തരിച്ചു. മക്കൾ: ബിന്ദു തമ്പുരാട്ടി (തിരുവല്ല), പരേതയായ സിന്ധു വർമ്മ (പന്തളം), സന്ധ്യാ വർമ്മ (ചാലക്കുടി). മരുമക്കൾ: പരേതനായ രവിവർമ്മ (ഹരി), ജയകൃഷ്ണൻ (പന്തളം), രാംകുമാർ വർമ്മ (ചാലക്കുടി).

### ഗോകുൽ കൃഷ്ണ



കാഞ്ഞൂർ പാറപ്പുറം വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ കെ.ജി. രഘുവിന്റെയും വിജയലക്ഷ്മിയുടെയും മകൻ ഗോകുൽ കൃഷ്ണ (26) അന്തരിച്ചു. സഹോദരൻ: ഗോപാൽ കൃഷ്ണ

### സർവമംഗള തമ്പുരാട്ടി



പന്തളം കൊട്ടാരം കുടുംബാംഗം തോന്നല്ലൂർ ഏലപ്പള്ളിൽ മഠത്തിൽ സർവമംഗള തമ്പുരാട്ടി (88) അന്തരിച്ചു. ഭർത്താവ്: കൊയ്പ്പള്ളിൽ മഠത്തിൽ പരേതനായ വാസുദേവൻ ഭട്ടതിരി. മക്കൾ: എ.ആർ. പ്രദീപ് വർമ്മ, അനിത വർമ്മ, ദിലീപ് കുമാർ (സി.ഐ. എസ്.എഫ്., നെടുമ്പാശ്ശേരി വിമാനത്താവളം). മരുമക്കൾ: വത്സലാദേവി, രവീന്ദ്ര ശർമ്മ, സിന്ധു ഭായി.

### യു. രാമവർമ്മ തമ്പുരാൻ



തിരുവല്ല തുകലശ്ശേരി കൊട്ടാരത്തിൽ യു. രാമവർമ്മ തമ്പുരാൻ (86 – റിട്ട. ONGC എഞ്ചിനീയർ) അന്തരിച്ചു. ഭാര്യ: തൃപ്പൂണിത്തുറ കണ്ണാടി കോവിലകത്തു കെ. മായാദേവി. മക്കൾ: വ്യാസ് വർമ്മ, ലാവണ്യാ വർമ്മ. മരുമക്കൾ: കവിത വർമ്മ, സഞ്ജയ് വർമ്മ.

### രഘുനന്ദൻ വർമ്മ



കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്തെ രഘുനന്ദൻ വർമ്മ (75) അന്തരിച്ചു. ഭാര്യ: കിളിമാനൂർ കോവിലകത്തെ സരളാ ബായി. മകൾ: സൗമിനി. മരുമകൻ: വിഷ്ണു.

## വേണു വർമ്മ



ഇടപ്പള്ളി വടക്കേ കോശ്ശേരിയിൽ പരേതനായ വിജയ വർമ്മയുടെയും എളങ്കുന്നപ്പുഴ നടക്കൽ കോവിലകത്ത് പരേതയായ ഇക്കാവ് തമ്പുരാട്ടിയുടെയും മകൻ വേണു വർമ്മ (63) നിര്യാതനായി. മക്കൾ: ലക്ഷ്മി വർമ്മ, ഹരികൃഷ്ണവർമ്മ.

## സരസ്വതി പിള്ളയാതിരിയമ്മ



ചെറുതാഴം നടക്കൽ റോഡിൽ നന്ദനത്തിലെ വടക്കെ മഠത്തിൽ സരസ്വതി പിള്ളയാതിരിയമ്മ (92) അന്തരിച്ചു. ഭർത്താവ്: പരേതനായ എൻ. നാരായണൻ ഉണ്ണിത്തിരി മാസ്റ്റർ. മക്കൾ: ലീലാഭായി (റിട്ട. അധ്യാപിക നെരുവമ്പ്രം യു.പി. സ്കൂൾ), ഭാർഗ്ഗവി (ചെന്നൈ), ലളിത, ഭാനുമതി. മരുമക്കൾ: പി.എം. രാധാകൃഷ്ണൻ ഉണ്ണിത്തിരി (അമ്പലത്തറ), പി.കെ. ജയരാജൻ (മണ്ടൂർ), പരേതരായ ദേശമംഗലം രാമവർമ്മ, ഇ.ആർ. രാമവർമ്മ (ചെന്നൈ).

## രാമവർമ്മ രാജാ



ബാലുശ്ശേരി കുളപ്പുറത്ത് കോവിലകത്തെ രാമവർമ്മ രാജാ (91) അന്തരിച്ചു. ബാലുശേരി കോട്ടയിലെ സ്ഥാനീയനും കുറുമ്പ്രനാട് രാജയുമായിരുന്നു. ഭാര്യ: മനോരമ തമ്പുരാട്ടി (തിരുവണ്ണൂർ കോവിലകം). മക്കൾ: പി.കെ. രമേഷ്, പരേതയായ പി.കെ. അപർണ്ണ. മരുമക്കൾ : ഡോ. സുവർണ്ണ ദേവി, ഉല്ലാസ് വർമ്മ (പൂഞ്ഞാർ).

## സരോജിനി തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ പാലസ് നമ്പർ 4 ൽ സരോജിനി തമ്പുരാൻ (87) അന്തരിച്ചു. ഗവ. ഹൈസ്കൂൾ റിട്ട. അധ്യാപികയാണ്. മക്കൾ: ശോഭ, ശാന്തി, ശുഭ.

മരുമക്കൾ: രമേശ് വർമ്മ (എഞ്ചിനീയർ), പരേതനായ രാജീവ് വർമ്മ (ദേശാഭിമാനി), ഡോ. കിഷോർ പതിയൽ (യു.എസ്.)

## ഇന്ദിര വർമ്മ



മാവേലിക്കര മണ്ണൂർമഠത്തിൽ ഇന്ദിര വർമ്മ (78) നിര്യാതയായി. ഭർത്താവ്: പരേതനായ ആർ. ആർ. വർമ്മ. മകൾ: സന്ധ്യ വർമ്മ, മരുമകൻ: കെ.സി. പ്രദീപ്.

## ശാരദ കെ.പി.



അധ്യാപകനും കവിയുമായിരുന്ന വി.ടി. മധുസൂദനൻ നായനാരുടെ ഭാര്യ കൊഴുക്കൽ പൊള്ളോലിടത്തിൽ ശാരദ കെ.പി. (69) അന്തരിച്ചു. മക്കൾ: കെ.പി. അനിൽ കുമാർ (ബിസിനസ് തളിപ്പറമ്പ്), കെ.പി. സുനിൽകുമാർ (ഗവ. ഹയർ സെക്കന്ററി സ്കൂൾ ഇരിക്കൂർ), കെ.പി. ശ്രീജ (കരിവെള്ളൂർ). മരുമക്കൾ: വി.ടി. മഞ്ജുള (പടപ്പേങ്ങാട് ഗവ. എൽ.പി. സ്കൂൾ), പി. പ്രിയ (ദേശമിത്രം യു.പി. സ്കൂൾ ചേടിച്ചേരി), സി.കെ. മുരളീധരൻ (സബ് ഇൻസ്പെക്ടർ, ചന്തേര).

## ജയരാജ് വർമ്മ



ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ ജയരാജ് വർമ്മ (73) അന്തരിച്ചു. കൊടുങ്ങല്ലൂർ പുത്തൻ കോവിലകം കുടുംബാംഗം ഭാമയാണ് പത്നി. മക്കൾ: ലേഖ വർമ്മ, രാജേഷ് വർമ്മ. മരുമക്കൾ: രാജേഷ് വർമ്മ (നിലമ്പൂർ കോവിലകം), അപർണ്ണ ശശി.

## ഉദയ വർമ്മ



തൃപ്പൂണിത്തുറ വടക്കേ കോട്ടയിലുള്ള 'മണിദീപ'ത്തിൽ ഉദയ വർമ്മ (75) അന്തരിച്ചു. പഴയന്നൂർ വലവൂർ കോവിലകം കുടുംബാംഗമാണ്. ഭാര്യ:

സുധാമണി. മകൾ: രാധിക. മരുമകൻ: ഡോ. ബിലഹരി.

### മുകുന്ദ രാജ



മണക്കുളം പാലസിലെ മുകുന്ദ രാജ (86) അന്തരിച്ചു. ഭാര്യ: പന്തളം വടക്കേമുറി രാജേശ്വരിത്തമ്പുരാട്ടി. മക്കൾ: സന്ധ്യ വർമ്മ, സുധീർ വർമ്മ. മരുമക്കൾ: രാമഭദ്രൻ തമ്പുരാൻ (തൃപ്പൂണിത്തുറ കോവിലകം), സുചിത്ര വർമ്മ (മുംബൈ).

### ശാന്ത തമ്പുരാട്ടി



തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരത്തിൽ പടിഞ്ഞാറേപ്പുരയിൽ ശാന്ത തമ്പുരാട്ടി (84) അന്തരിച്ചു. ഭർത്താവ്: തൃപ്പൂണിത്തുറ കുരുമല കോയിക്കൽ മഠത്തിലെ പരേതനായ ഭദ്രവർമ്മ. മകൻ: ശ്രീനാഥ് വർമ്മ. മരുമകൾ: ഐശ്വര്യ വർമ്മ.

### എ. സരളാ ഭായി തമ്പാട്ടി



ചെന്നിത്തല 'അജിനി നിവാസി'ലെ എ. സരളാ ഭായി തമ്പാട്ടി (84) (റിട്ട. എൽ.ഐ.സി. മാവേലിക്കര) അന്തരിച്ചു. ഭർത്താവ്: പരേതനായ എം.ജി. യൂണിവേഴ്സിറ്റി റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ വി.കെ. രാമവർമ്മ. മക്കൾ: വി.ആർ. അജിത് കുമാർ, വി.ആർ. അനിൽകുമാർ, അനിത വർമ്മ. മരുമക്കൾ: ടി. അപർണ്ണ, എസ്. ശാലിനി, ദിനേശ് വർമ്മ.

### ബാലകൃഷ്ണൻ നായനാർ



പെരിയാട്ട് താമസിക്കുന്ന വെള്ളിക്കൊത്തിടത്തിൽ ബാലകൃഷ്ണൻ നായനാർ (83) അന്തരിച്ചു. ഭാര്യ ചിറ്റോത്തിടത്തിൽ ജയലക്ഷ്മി അക്കമ്മ. മക്കൾ: വിനോദ്കുമാർ, സന്തോഷ് കുമാർ, ആശാലത. മരുമക്കൾ: മഞ്ജുള (കരിവെള്ളൂർ), സീമ (കാങ്കോൽ), കൃഷ്ണകുമാർ കീഴൂരിടം (ബഹറിൻ).

### രാധാ നമ്പിഷ്ടാതിരി



ആനമങ്ങാട് ചെറിയേടത്ത് കളം രാധാ നമ്പിഷ്ടാതിരി (84) അന്തരിച്ചു. തൃശൂർ ഒല്ലൂർക്കര 'നീലകണ്ഠി'ൽ TNG വർമ്മയുടെ പത്നിയാണ്. മക്കൾ: സുധ വർമ്മ (ആദർശ BVM കാക്കനാട്), ഇന്ദു വർമ്മ (കാനഡ), ജ്യോതി വർമ്മ (തിരുപ്പൂർ). മരുമക്കൾ ഡോ. മുരളി കെ., പ്രദീപ് വർമ്മ (കാനഡ), രാജേഷ് വർമ്മ (തിരുപ്പൂർ).

### പി.കെ. രാമവർമ്മ



തൃപ്പുണിത്തുറ പാറക്കടത്തു കോയിക്കൽ (സരയു) പി.കെ. രാമവർമ്മ (89) അന്തരിച്ചു. ഭാര്യ: ശ്രീദേവി വർമ്മ (കോതമംഗലം കുറ്റിലഞ്ഞി, പുത്തൻ മഠം). മക്കൾ: മാലിനി വർമ്മ, രഞ്ജിനി വർമ്മ. മരുമക്കൾ: ശ്രീകുമാർ വർമ്മ, കിഷോർ വർമ്മ.

### പി.ആർ. രാജരാജ വർമ്മ തിരുമുൽപ്പാട്



ചേർത്തല കുറുന്തോടത്ത് മഠത്തിൽ പി.ആർ. രാജരാജ വർമ്മ തിരുമുൽപ്പാട് (85) അന്തരിച്ചു. ഭാര്യ: ചേർത്തല കോപ്പുഴ കോവിലകത്ത് രാജമണി തമ്പുരാട്ടി, മക്കൾ: പരേതരായ രാജശ്രീ, ശ്രീരഞ്ജിനി. മരുമകൻ: കൊട്ടാരക്കര ചിറ്റൂർ മഠത്തിൽ സി.ആർ. രാമവർമ്മ.

### രഞ്ജിത്ത് വർമ്മ സി. കെ.



കണ്ണൂർ ചിറക്കൽ കോവിലകത്ത് രഞ്ജിത്ത് വർമ്മ സി. കെ. (54) അന്തരിച്ചു. ഭാര്യ: ബിന്ദു വർമ്മ (തിരുവണ്ണൂർ കോവിലകം). മക്കൾ: കാവ്യ വർമ്മ പി.കെ., വർഷ വർമ്മ പി. കെ. പ്രസിദ്ധ കർണ്ണാടക സംഗീതജ്ഞൻ പ്രൊഫ. കുമാരകേരള വർമ്മയുടെ ജാമാതാവാണ്.

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2431

| | | | |
|---|---|---|---|
| മ ശി | | | ല |
| | ഗ്രഹനില | | മാ |
| | | | കു |
| ബു ഗു | ര | ച ശു | സ |

| | | | |
|---|---|---|---|
| | സ | ച ശു | ല |
| | നവാംശം | | ബു |
| ര മാ | | | |
| | കു ഗു | ശി | മ |

ജന്മശിഷ്ടം: 8 വർഷം 11 മാസം 23 ദിവസം ഗുരുദശ

Kshatriya girl, 27 years (8th Dec 1996; 23 Vrischikam 1172), Vishakham star, B.Tech., MBA (NMIMS, Mumbai). Presently working in Bangalore. Seeking alliance from Kshatriya boys with Engineering and or Management background and employed in reputed organizations having respectable family background.

**Contact No: 9739293220, 9739293202**

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2432

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 34 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

### BOX No. 2433

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗു |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| | നവാംശം | | ഗു |
| ല ര | | | ശ ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant; Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri/ Ambalavasi community. The parent eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

## BOX No. 2434

| | | | |
|---|---|---|---|
| മ ശി | | | |
| ല | ഗ്രഹനില | | കു |
| | | | ശു |
| ച ഗു | മാ | ര | ബു സ |

| | | | |
|---|---|---|---|
| കു | സ | | |
| | നവാംശം | | ബു |
| | | | ച മാ |
| | | ര ശു ല ശി | ഗു മ |

ജന്മശിഷ്ടം: 19 വർഷം 11 മാസം 8 ദിവസം ശുക്രദശ

Kshatriya boy, 28 years (18.10.96), Pooradam star, 6 feet, Graduate. Working in managerial level at Bangalore. Seeks suitable alliance from Kshatriya, Nambudiri, Ambalavasi family.

**Contact No: 9448772007, 9964639685**

## BOX No. 2435

| | | | |
|---|---|---|---|
| മ ശി മാ | | | |
| | ഗ്രഹനില | | |
| ല | | | കു |
| ഗു | | ര ച ബു | ശു സ |

| | | | |
|---|---|---|---|
| മാ | സ | ര | ബു |
| | നവാംശം | | കു ശു |
| ല ച | | | |
| | | ഗു ശി | മ |

ജന്മശിഷ്ടം: 9 വർഷം 11 മാസം 26 ദിവസം രാഹുർദശ

Kshatriya boy, 27 years (10 November 1996; 25 Thulam 1172), Chothi star, 5ft. 6.in., Medium complexion, Bachelors in Computer Science. Working as Software Developer. Seeks suitable alliance from parents of Kshatriya girls.

**Contact No: 944611746 / 9447254245**

# മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് Google Pay/ Bank transfer ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**

**A/c. No. 40052010052603**

**IFSC: CNRB0014005**

**CANARA BANK, Fort, Thiruvananthapuram**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- | വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |

# വേർപാടിന്റെ ഒരു വർഷം

(8 ജൂലൈ 2024)

# രാജാ ദേവീദാസൻ പണ്ടാല



സന്തപ്ത കുടുംബാംഗങ്ങൾ

ഭാര്യ : രാജേശ്വരി

മക്കൾ : ഹരീഷ്, ശ്രീദേവി

മരുമക്കൾ : ലക്ഷ്മി, രാം വി. ഗോപാൽ

കൊച്ചുമക്കൾ :

സിദ്ധാർത്ഥ്, മാധവ്

മാളവിക, ശങ്കർ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

July 2024
Annual Subscription ₹ 200







# വിവാഹ മംഗളാശംസകൾ

കണ്ണൂർ ചെറുതാഴം പദ്മവിലാസിൽ പാർവതി വർമ്മയുടെയും (മഞ്ചേരി കോവിലകം) മോഹന വർമ്മയുടെയും (എഴുമറ്റൂർ പുതുപ്പറമ്പ് കോവിലകം) മകൻ **ഗണേഷ് മോഹൻ വർമ്മയും** തൃശ്ശൂർ വരന്തരപ്പള്ളിയിലെ രഞ്ജിനി വർമ്മയുടെയും (പുത്തൻ കോവിലകം അമ്പലപ്പുഴ) സന്തോഷ് വർമ്മയുടെയും (രാമവില്ല കോവിലകം, ചേർത്തല) മകൾ **കീർത്തന വർമ്മയും** തമ്മിലുള്ള വിവാഹം 5/5/2024 ന് ഗുരുവായൂർ ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org